പ്രദേശത്ത് ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഇപ്പോഴുള്ള റോഡിന്റെ അലൈൻമെന്റ് മാറി, വടക്കുഭാഗത്തോട്ടുനീക്കി, സൗകര്യപ്രദമായ രീതിയിൽ ഓവർബ്രിഡ്ജ് പണിതെങ്കിൽ മാത്രമേ ഈ ബുദ്ധിമുട്ട് ഒഴിവാക്കുവാൻ കഴിയുകയുള്ളൂ. ധാരാളം ബസ്സുകളും കാറുകളുമൊക്കെ സഞ്ചരിക്കുന്ന ഒരു റോഡാണിത്. അവിടെ ഒരു ഓവർബ്രിഡ്ജ് പണിത്, അവിടെയുള്ള ഗതാഗതതടസ്സം ഒഴിവാക്കണമെന്ന ആവശ്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്, പുതിയകാവ് പള്ളിക്കൽ റോഡിലുള്ള ഓവർബ്രിഡ്ജിന്റെ കാര്യമാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: പുതിയകാവ് പള്ളിക്കൽ റോഡ് അല്ല. അതുതെറ്റാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇവിടെ വന്നിരിക്കുന്ന വിഷമം എന്താണെന്നു വച്ചാൽ ഈ റെയിൽവേ ഓവർബ്രിഡ്ജുകളുടെ കാര്യം സംബന്ധിച്ചുള്ള ശ്രദ്ധക്ഷണിക്കലുകൾ എനിക്ക് കിട്ടുന്നത് അന്നേ ദിവസം രാവിലെയാണ്. ഇപ്പോൾ ഇതെല്ലാം ഉപമുഖ്യമന്ത്രിക്കാണ് അയച്ചുകൊടുക്കുന്നത്. അതുകൊണ്ട് ദയവായി ഈ സഭയിൽ റെയിൽവേയെ സംബന്ധിച്ചുള്ള കാര്യങ്ങൾ എനിക്ക് അയച്ചുതരുവാനുള്ള ഏർപ്പാട് അങ്ങ് ചെയ്തുതരണം. ഈ സബ്മിഷനുള്ള മറുപടി നാളെ പറയാം.

(2) തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ അസൗകര്യങ്ങൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശ്ശിവപ്പേരൂർ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ പൊതുവേയും, ഇലക്ട്രോണിക്സ് കമ്മ്യൂണിക്കേഷൻസ് വിദ്യാർത്ഥികൾ വിശേഷിച്ചും അനുഭവിക്കുന്ന ദുരവസ്ഥയിലേക്ക് വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

മാനവരാശിയുടെ ആധുനികതയ്ക്ക് കമ്പ്യൂട്ടർ സയൻസും, ഇലക്ട്രോണിക്സും രണ്ടു പ്രധാനപ്പെട്ട ഘടകങ്ങളാണെന്നു പറഞ്ഞാൽ അതിൽത്തീരെ അതിശയോക്തിയില്ല. ഏറ്റവും കൂടുതൽ മാർക്ക് കിട്ടിയവരെ കമ്പ്യൂട്ടർ സയൻസിനും, അതിന്റെ തൊട്ടടുത്ത മാർക്കു കിട്ടിയവരെ ഇലക്ട്രോണിക്സിനും ചേർക്കുന്നതിന്റെ അർത്ഥം അതാണല്ലോ? പക്ഷേ ഇലക്ട്രോണിക്സിന് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ഇന്ന് കടുത്ത ശിക്ഷയനുഭവിക്കുകയാണ്. ഇപ്പോൾ അവിടെയുള്ള 3 ബാച്ചുകൾക്ക് ഒരു പ്രൊഫസറും രണ്ടു അസിസ്റ്റന്റ് പ്രൊഫസർമാരും 6 ലക്ചറർമാരും ആവശ്യമാണ്. എന്നാൽ അവിടെ ഇപ്പോഴുള്ളത്, ഒരു പ്രൊഫസറും 2 ലക്ചറർമാരും മാത്രമാണ്. ഒരാഴ്ചയിൽ പരമാവധി 16 മണിക്കൂർ മാത്രം ജോലി ചെയ്യാൻ ബാദ്ധ്യതയുള്ള അദ്ധ്യാപകർ ഇന്ന് 27 മണിക്കൂർ വരെ ജോലി ചെയ്യേണ്ടിവരുന്നു. എന്നാൽ പോലും അവർക്ക് വിഷയങ്ങൾ എടുത്തുതീർക്കാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ അടുത്ത ബാച്ചുകൂടി വന്നുകഴിഞ്ഞാലുള്ള സ്ഥിതി ആലോചിക്കാൻകൂടി കഴിയുകയില്ല. സാങ്കേതിക വിഷയങ്ങളുടെ പഠനത്തിൽ ലക്ചർ ക്ലാസ്സുകൾക്കുള്ളതുപോലെതന്നെ പ്രാധാന്യം പ്രാക്ടിക്കൽ ക്ലാസ്സുകൾക്കുമുണ്ട്. പക്ഷേ ഒരു ഒന്നാം ഗ്രേഡ് അസിസ്റ്റന്റുമാരും ഒരു രണ്ടാം ഗ്രേഡ് അസിസ്റ്റന്റും 4 സ്കിൽഡ് അസിസ്റ്റന്റുമാരും

LIBRARY ARCHIVES Kerala Legislative Assembly

വേണ്ട ലബോറട്ടറിയിൽ ഒരൊറ്റ ആളിനെപ്പോലും നിയമിച്ചിട്ടില്ല. സ്ഥലപരിമിതിയും സ്റ്റാഫിന്റെ അപര്യാപ്തതയും, ലൈബ്രറിയുടെ അഭാവവും മൂലം കോളേജിന്റെ പ്രവർത്തനം ആകെ തടസ്സപ്പെട്ടു വരികയാണ്. അതിനെപ്പറ്റി നടത്തിയ നിവേദനങ്ങൾ എല്ലാം തന്നെ ഡസ്റോടനെങ്ങളായി മാറിയിരിക്കുകയാണ്. കോടിക്കണക്കിന് രൂപ ചെലവഴിക്കുന്ന വിദ്യാഭ്യാസവകുപ്പിന്, പുരോഗതിയുടെ താക്കോൽ എന്ന് വിശേഷിപ്പിക്കാവുന്ന ഇലക്ട്രോണിക്സ് വകുപ്പിന് അത്യാവശ്യമായ നിസ്സാര സംഖ്യപോലും ചെലവഴിക്കാൻ ഇല്ല എന്നത് വളരെ ദുഃഖകരമാണ്.

ഇവിടെ ഒഴിവുള്ള തസ്തികകളിലേയ്ക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുത്തവരുടെ ലിസ്റ്റ് പ്രാബല്യത്തിലുണ്ട്. പക്ഷേ സാമ്പത്തിക ബാദ്ധ്യതയെന്നും പറഞ്ഞ് ഈ തസ്തികകളിൽ നിയമനം നടത്താതിരിക്കുകയാണ്. ആദ്യത്തെ ബാച്ചിൽ 15 പേരാണ് ഉണ്ടായിരുന്നത്. രണ്ടാമത്തെ ബാച്ചിലും 15 പേരാണ് ഉണ്ടായിരുന്നത്. എന്നാൽ 3–ാമത്തെ ബാച്ചിൽ അവരുടെ എണ്ണം 30 ആയി ഗവൺമെന്റ് വർദ്ധിപ്പിച്ചു. ഇങ്ങനെ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുമ്പോൾ അവർക്കു വേണ്ട സ്ഥലസൗകര്യവും സ്റ്റാഫിനേയും ഏർപ്പെടുത്തുവാനുള്ള സംവിധാനം ഗവൺമെന്റ് സ്വീകരിക്കണം. അതിനുവേണ്ടി ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇവിടെ രണ്ടു കാര്യങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. ഒന്നാമത്തേത് സ്റ്റാഫും ലബോറട്ടറി സൗകര്യങ്ങളും ഇല്ല എന്നുള്ളതും രണ്ടാമത്തേത് കെട്ടിടങ്ങളുടെ കുറവുമാണ്. ഈ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. അവിടത്തെ ആവശ്യങ്ങൾക്കുള്ള പണം ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അവിടെ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏറെടുക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയും ഇപ്പോൾ നടന്നുവരുന്ന നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ കമ്പ്യൂട്ടർ എഞ്ചിനീയറിംഗിലും ഇലക്ട്രോണിക്സ് ആൻറ് കമ്മ്യൂണിക്കേഷൻസ്, കമ്പ്യൂട്ടർ സയൻസ് എന്നീ ഡിപ്പാർട്ടുമെന്റുകളിൽ സ്റ്റാഫിന്റെ കുറവിനെക്കുറിച്ചും അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ആ പോസ്റ്റുകൾ ഫില്ലപ്പ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവിടെ ചില തസ്തികകളിൽ നമുക്ക് ആവശ്യമുള്ള ആളുകളെ കിട്ടാനുള്ള ബുദ്ധിമുട്ടുണ്ട്. നമ്മുടെ കോളേജുകളിൽ ജോലി ചെയ്താൽ അവർക്കു ലഭിക്കുന്ന ശമ്പളവും അവർ പുറത്തുപോയാൽ അവർക്കു ലഭിക്കുന്ന ശമ്പളവും തമ്മിലുള്ള അന്തരം കൊണ്ടാണ് പലപ്പോഴും കമ്പ്യൂട്ടർ സയൻസിലും ഇലക്ട്രോണിക്സിലും അതുപോലെതന്നെ കമ്മ്യൂണിക്കേഷൻസിലും വേണ്ട അദ്ധ്യാപകരെ കിട്ടുന്നതിനുള്ള കുറവ് നമുക്ക് അനുഭവപ്പെട്ടിട്ടുള്ളത്. ഇത് പരിഹരിക്കുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിച്ചുവരികയാണ്. നമ്മുടെ പ്രൊഫസർമാർക്ക് ഒരു സ്പ്രെണ്ടിംഗ് എഞ്ചിനീയറുടെ സ്കെയിൽ എങ്കിലും കൊടുക്കണമെന്നുള്ള നിർദ്ദേശം ഗവൺമെന്റ് സജീവമായി പരിഗണിച്ചു വരികയാണ്. കാതലായ ഒരു മാറ്റം ഉണ്ടാകണമെങ്കിൽ ആ നടപടി സ്വീകരിച്ചേ മതിയാകൂ. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ ഈ കാര്യം പല പ്രാവശ്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അവിടെ വേക്കൻറായി കിടക്കുന്ന പോസ്റ്റുകൾ ഫില്ലപ്പ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(3) കോഴിക്കോട് ജില്ലയിലെ കോളറ രോഗബാധ

ശ്രീ. എ. കെ. പത്മനാഭൻ: സർ, കോഴിക്കോടുജില്ലയിൽ കോളറ രോഗം മൂലം രണ്ടുപേർ മരണപ്പെട്ടതായ വാർത്ത ജില്ലയിലെ മുഴുവൻ ജനങ്ങളിലും ഭീതിയുളവാക്കിയിരിക്കുകയാണ്. കോഴിക്കോടുജില്ലയിലെ വിവിധ ആശുപത്രികളിൽ പ്രത്യേകിച്ചും കോഴിക്കോട് മെഡിക്കൽ കോളേജ്, ബീച്ച് ആശുപത്രി, കോട്ടപ്പറമ്പ് ആശുപത്രി എന്നിവിടങ്ങളിലായി, 54 പേരെ ഈ രോഗബാധമൂലം പ്രവേശിപ്പിക്കപ്പെട്ടതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇക്കാര്യത്തിൽ ഗവൺമെൻറിന്റെ ശ്രദ്ധപതിയണമെന്നും കൂടുതലായി രോഗം പടർന്നു പിടിക്കാതിരിക്കുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കോഴിക്കോടും പരിസര പ്രദേശങ്ങളിലും ഉണ്ടായിട്ടുള്ള വയറിളക്കം തുടങ്ങിയ രോഗം മൂലം രണ്ടു പേർ മരിച്ചു. 5 പേരെയാണ് ഹോസ്പിറ്റലൈസ് ചെയ്തിരിക്കുന്നത്. അവരുടെ രോഗം കോളറയാണോ എന്ന് സംശയിക്കപ്പെടുന്നു. ഇനാകുലേഷൻ ഉൾപ്പെടെയുള്ള പ്രിവൻറീവ് മെഷേഴ്സ് എല്ലാം എടുത്തിട്ടുണ്ട്. രോഗബാധയുണ്ടായ പ്രദേശങ്ങളിൽ മരുന്നു തളിക്കുകയും, വീടുകളിൽ നഴ്സുമാരെ അയച്ച് ഇൻസ്ട്രക്ഷൻ കൊടുക്കുകയും ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. രോഗം കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിക്കാതിരിക്കുന്നതിനുള്ള എല്ലാ കരുതൽ നടപടികളും സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

(4) പെരിന്തൽമണ്ണ ഗവൺമെൻറ് കോളേജിന്റെ പണി

ശ്രീ. നാലകത്തു സൂപ്പി: സർ, പെരിന്തൽമണ്ണ ഗവൺമെൻറ് കോളേജിന്റെ കെട്ടിടനിർമ്മാണത്തിൽ ഉണ്ടാവുന്ന കാലതാമസത്തെക്കുറിച്ച് ഇതിനുമുൻപും ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. 1975-ലാണ് കൃത്യമായി പറഞ്ഞാൽ രണ്ട് പഞ്ചവത്സരപദ്ധതിക്കാലത്തിന് മുൻപ് ആരംഭിച്ച പെരിന്തൽമണ്ണ ഗവൺമെൻറ് കോളേജ് കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതിനുവേണ്ടി ഒരു അഞ്ച്കൊല്ലം കൂടി കാത്തിരിക്കേണ്ടിവന്നു. 1980-ൽ അതിന്റെ എസ്റ്റിമേറ്റ് ഉണ്ടാക്കിയെങ്കിലും 1983-ലാണ് അത് ടെൻഡർ ചെയ്തതും വർക്ക് തുടങ്ങിയതും. 1983-ൽ പരേതനായ ശ്രീ. സി. എച്ച്. മുഹമ്മദ് കോയ സാഹിബ് തറക്കല്ലിട്ട് കെട്ടിടത്തിന്റെ പണി തുടങ്ങി. വീണ്ടും 3 കൊല്ലം കൂടികഴിഞ്ഞിട്ടും കോളേജ് കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. എന്നുള്ള ദുഃഖസത്യം ഞാൻ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ഈ കോളേജ് ഇപ്പോഴും നടക്കുന്നത് നിലവിലുള്ള ഒരു പോളിടെക്നിക്കിന്റെ വരാന്തയിലാണ്. ഇത് ആ പോളിടെക്നിക്കിന്റെ പ്രവർത്തനത്തെപ്പോലും സാരമായി ബാധിക്കുന്നതുകൊണ്ട്, കോളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടർക്ക് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ കത്ത് അയച്ചിരുന്നു. പ്രസ്തുത കോളേജ് അവിടെ നിന്നും അടിയന്തിരമായി മാറണമെന്നും അത് പോളിടെക്നിക്കിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുവെന്നും കാണിച്ച് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ കത്ത് അയച്ചിട്ടുണ്ടായിരുന്നു. എന്തൊക്കെയായാലും 1975-ൽ ഈ കോളേജിനോടൊപ്പം അനുവദിച്ച പല കോളേജുകളും ഇന്ന് അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. പുതിയ കെട്ടിടങ്ങളും നിലവിൽ വന്നിട്ടുണ്ട്. പെരിന്തൽമണ്ണ

LIBRARY ARCHIVES Kerala Legislative Assembly

കോളേജിനെ സംബന്ധിച്ചിടത്തോളം ഈ ദുഃഖാവസ്ഥ ഇതുവരെയും പരിഹരിച്ചിട്ടില്ല. അത് ഉടനെ പരിഹരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, പെരിന്തൽമണ്ണ കോളേജു കെട്ടിടത്തിന്റെ നിർമ്മാണത്തിൽ ഏകദേശം 60 ശതമാനത്തോളം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. കമ്പിയുടെയും സിമന്റിന്റെയും ദൗർലഭ്യം കൊണ്ടാണ് ബാക്കിയുള്ള പണികൾ പൂർത്തിയാക്കാൻ കാലതാമസം ഉണ്ടായത്. എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതിന്റെ ആവശ്യത്തിനുള്ള പണം ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്തായാലും ഈ വർഷം അവസാനത്തോടുകൂടി കോളേജ് കെട്ടിടത്തിന്റെ ബാക്കി പണിയും പൂർത്തിയാക്കി അത് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ട്. ആ നിലയ്ക്ക് പണികൾ വേഗത്തിൽ പൂർത്തിയാക്കാൻ കഴിയും എന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

(5) നാട്ടികയിലെ റോഡു പുറമ്പോക്കിലുള്ള കുടിയേറ്റക്കാരെ പുനരധിവസിപ്പിക്കൽ—

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: സർ, മലബാറിന്റെ ഭാഗമായിരുന്നതും തൃശ്ശൂർ ജില്ലയുടെ തീരപ്രദേശത്ത് സ്ഥിതിചെയ്യുന്നതുമായ എന്റെ നിയോജകമണ്ഡലം വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ്. അവിടെ പി. ഡബ്ലിയു. ഡി. റോഡുകളൊന്നുംതന്നെ ഇല്ല. എം. എൽ. എ. റോഡുകളായി ഞാനും എന്റെ മുൻഗാമികളും എഴുതിക്കൊടുക്കാറുള്ളത് ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡാണ്. അവിടെ ഏകദേശം 300—ഓളം കുടികിടപ്പുകാർ റോഡുപുറമ്പോക്കുകളിൽ കയറിത്താമസിക്കുകയാണ്. അതീവഗുരുതരമായ കടൽക്ഷോഭവും അതുമൂലമുണ്ടാകുന്ന പ്രളയവുംമൂലം വീടുനഷ്ടപ്പെട്ടിട്ടുള്ളവരാണ്. അവിടെ കുടിയേറിത്താമസിക്കുന്നത്. ഈ 300—ഓളം വരുന്ന കുടികിടപ്പുകാരെ പുനരധിവസിപ്പിക്കുന്നതിന് 12 ഹെക്ടർ ഭൂമിയെങ്കിലുമാവശ്യമാണ്. ഏകദേശം 25 ലക്ഷം രൂപയെങ്കിലും ഇതിനാവശ്യമായിവരും. നാട്ടികയിൽ ഒരിഞ്ച് പുറമ്പോക്കുഭൂമിയും ഇല്ല. 'മിനി ഗൾഫ്' എന്നറിയപ്പെടുന്ന പ്രദേശമായതുകൊണ്ട് ഭൂമിക്ക് വലിയവിലയുമാണ്. അതുകൊണ്ട് ഗവൺമെന്റ് ഒരു പ്രത്യേകപരിഗണനവച്ചുകൊണ്ട് ഈ നിയോജകമണ്ഡലത്തിന്റെ വികസനത്തിന് ഏറ്റവും അനുപേക്ഷണീയമായ ഈ റോഡ് പി. ഡബ്ലിയു. ഡി. ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 300—ഓളംവരുന്ന കുടികിടപ്പുകാരെ പുനരധിവസിപ്പിക്കുന്നതിന് 25 ലക്ഷം രൂപ അനുവദിക്കുകയോ അല്ലെങ്കിൽ അതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, നമ്മുടെ വഴിയരുകിൽ പതിനായിരക്കണക്കിനാളുകൾ താമസിക്കുന്നുണ്ട്. അവരെയെല്ലാംതന്നെ പുനരധിവസിപ്പിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ഒരു റോഡിലെ മാത്രം ആളുകളെ പുനരധിവസിപ്പിക്കുന്നതിന് 25 ലക്ഷം രൂപവേണമെന്ന് അദ്ദേഹം ഇവിടെ പറയുകയുണ്ടായി. ബഡ്ജറ്റിൽ ആകെ ഈയിനത്തിനുവേണ്ടി ഒന്നരക്കോടിരൂപയേ ഉള്ളൂ. അപ്പോൾ 25 ലക്ഷം രൂപ ആ സ്ഥലത്തിനുമാത്രം കൊടുക്കുന്നതെങ്ങനെയാണ്? ഒരു ജില്ലയ്ക്കുപോലും 25 ലക്ഷം രൂപ കൊടുക്കാൻകഴിയാത്ത സ്ഥിതിയാണുള്ളത്. ഘട്ടംഘട്ടമായി ഇവരെ പുനരധിവസിപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(6) ബധിരരുടേയും ഊമകളുടേയും ദുരവസ്ഥ

ശ്രീ. എം. എം. ഹസ്സൻ: സർ, നമ്മുടെ സമൂഹത്തിലെ വികലാംഗരിൽ വലിയൊരുവിഭാഗംവരുന്ന ആളുകളാണ് ബധിരരും ഊമകളും. ശബ്ദിക്കാൻകഴിയാത്ത നിർഭാഗ്യരായ ആളുകളുടെ ദുരവസ്ഥയിലേക്കാണ് ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. വികലാംഗർക്ക് വേണ്ടത്ര ആശ്വാസം നൽകാനും അവരെ പുനരധിവസിപ്പിക്കാനും ഗവൺമെന്റ് പല തരത്തിലുള്ള സ്കീമുകളും പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ശാരീരികമായി അംഗവൈകല്യം സംഭവിച്ചവർക്കും അന്ധത ബാധിച്ചവർക്കുംമാത്രമേ ഇത്തരം ആനുകൂല്യങ്ങളും ലഭിക്കുന്നുള്ളു. ബുദ്ധിസ്ഥിരതയില്ലാത്ത ആളുകൾക്കുവേണ്ടി, മെൻറലി റിറ്റാർഡെട്ടായിട്ടുള്ള ആളുകൾക്കുവേണ്ടി അവരെ സംരക്ഷിക്കാനും പുനരധിവസിപ്പിക്കാനും വേണ്ടി പ്രത്യേക ഹോമുകളും ഉണ്ട്. എന്നാൽ ഡെഫ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ബധിരരും മൂകരുമായിട്ടുള്ള ആളുകൾക്ക് സ്വാതന്ത്ര്യലബ്ധിക്കുമുമ്പുണ്ടായിരുന്ന വിദ്യാഭ്യാസസൗകര്യങ്ങളും തൊഴിൽ സൗകര്യങ്ങളും മാത്രമേയുള്ളു. അവർക്ക് ഇന്നും വളരെ ശോചനീയമായൊരവസ്ഥയാണുള്ളത്. ഉദ്യോഗനിയമനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലുമൊക്കെ ശാരീരികമായി അംഗവൈകല്യം സംഭവിച്ചവരെമാത്രമാണ് പരിഗണിക്കുന്നത്. Blind—നേയും പരിഗണിക്കുന്നുണ്ട്. അതുകൊണ്ട് ഉദ്യോഗനിയമനത്തിൽ സംവരണത്തത്വത്തിന്റെ അടിസ്ഥാനത്തിൽ ഒരു നിശ്ചിതശതമാനം സംവരണം അവർക്കുമേർപ്പെടുത്തണം. അതുപോലെതന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അവർക്കൊരു പരിഗണന കൊടുക്കണം. ഇവർക്കുവേണ്ടി ഒരു ജില്ലയിൽ ഒരു വിദ്യാലയമെന്നുള്ള നിലയിൽ, ടെക്നിക്കൽ കോഴ്സുകൾ പഠിപ്പിക്കുന്നതിന്, അവരെ പുനരധിവസിപ്പിക്കുന്നതിന് ജൂനിയർ ടെക്നിക്കൽ കോഴ്സുകൾ ഉണ്ടാക്കണമെന്നഭ്യർത്ഥിക്കുന്നു. ശബ്ദിക്കാൻ കഴിയാത്തവരുടെ കാര്യമാണ് പറയുന്നത്. നിർഭാഗ്യരായിട്ടുള്ള ഇവർക്ക് വീടുവയ്ക്കാൻ സ്ഥലമോ സാമ്പത്തിക സഹായമോ ചെയ്ത് അവരെ പുനരധിവസിപ്പിക്കണം. ഗവൺമെന്റ് ഓർഡർ എന്തുതന്നെയായാലും ശരി അത് നടപ്പിലാക്കിവരുമ്പോൾ ഫിസിക്കലി ഹാൻഡിക്യാപ്ഡിനും ബ്ലൈൻഡിനും മാത്രമേ ഗുണം കിട്ടുന്നുള്ളൂ. ഡെഫ് എന്നുപറയുന്ന വിഭാഗത്തെ പൂർണ്ണമായും അവഗണിക്കപ്പെടുകയാണ്. നിർഭാഗ്യരായ അവരെ സംരക്ഷിക്കണം. ശബ്ദിക്കാൻകഴിയാത്ത നിർഭാഗ്യരായവർക്കുവേണ്ടി ഗവൺമെന്റ് അടിയന്തിരനടപടികളും കൈക്കൊള്ളണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, വികലാംഗരെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് വളരെ സഹതാപകരമായ, അനുകൂലമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽത്തന്നെ അവർക്ക് നിയമനത്തിൽ പത്തുവയസ്സ് കൂടുതലായി അനുവദിച്ചിട്ടുണ്ട്. അതുപോലെതന്നെ ഗ്രേസ് മാർക്ക് പത്തുശതമാനം അനുവദിച്ചിട്ടുണ്ട്. ഓരോ ഡിസ്ട്രിക്ടിലും ഒരാണ്ടിൽ 50 പേരെ മൊത്തം റിക്രൂട്ട് ചെയ്യുന്നുണ്ട്. ഡിസ്ട്രിക്ട് കളക്ടർ അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റിയാണ് റിക്രൂട്ട് ചെയ്യുന്നത്. അങ്ങനെ പല ആനുകൂല്യങ്ങളും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ബധിരരും ഊമകളുമായിട്ടുള്ള ആളുകളും ഉണ്ട്. ഇക്കാര്യത്തിൽ പ്രത്യേകമായിട്ടെന്തെങ്കിലും ചെയ്യാൻ സാധിക്കുമോയെന്ന് നിശ്ചയമില്ല. ഈ വിഭാഗത്തോട് അനുഭാവപൂർവ്വമാണ് ഗവൺമെന്റ് പെരുമാറുന്നത്. ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

(7) ഐസ്പ്ലാന്റ്, കോമ്പ് സ്റ്റോറേജ്, ഫ്രീസിംഗ് പ്ലാന്റ് എന്നിവയ്ക്ക് പവ്വർകട്ട് ഏർപ്പെടുത്തിയതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. വി. ദിനകരൻ: സർ, വ്യവസായസ്ഥാപനങ്ങളായ ഐസ്പ്ലാന്റ്, കോമ്പ് സ്റ്റോറേജ്, ഫ്രീസിംഗ് പ്ലാന്റ് എന്നിവയ്ക്കെല്ലാം പവർ കട്ട് ഏർപ്പെടുത്തിയിരിക്കുന്നതുമൂലം കോടിക്കണക്കിനുരൂപയുടെ വിദേശനാണ്യം നമുക്ക് നഷ്ടപ്പെടുന്ന ഒരു സ്ഥിതിയാണിന്നുള്ളത്. വിദേശത്തേക്കയയ്ക്കാനുള്ള നൂറുകോടി രൂപയിലധികം രൂപയുടെ ചെമ്മീൻ ചീഞ്ഞുകൊണ്ടിരിക്കുന്ന ഒരു ദയനീയാവസ്ഥയാണുള്ളത്. ഐസ് കിട്ടാത്തതുമൂലം മത്സ്യം നശിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിയാണ്. ഒരു ടൺ ഐസിന് 80 രൂപയുണ്ടായിരുന്ന സ്ഥാനത്ത് 1600 രൂപവരെയായിരിക്കുകയാണ്. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇപ്പോഴാ ചാകര സീസൺ ആണ്. ഇപ്പോഴാണവർക്ക് എന്തെങ്കിലും പ്രയോജനം കിട്ടുന്നത്. ആ സമയത്ത് ഐസ് കിട്ടാത്തതുമൂലം അത് ദുരുപയോഗം ചെയ്യാനുള്ള സാഹചര്യം ഉണ്ടായിരിക്കുന്നു. 18 രൂപ ഉണ്ടായിരുന്ന ഒരു കിലോ ചെമ്മീനിന്റെ ഇപ്പോഴത്തെ വില രണ്ടു രൂപയാണ്. മലയാളമനോരമ പത്രത്തിൽവരെ എഴുതിയിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾ കൊണ്ടുവരുന്ന മത്സ്യം വാങ്ങാനാളില്ലെന്നുള്ളതിന്റെ പേരിൽ, ഐസ് കിട്ടാത്തതിന്റെ പേരിൽ മത്സ്യം കടലിൽത്തന്നെ ഇട്ടിരിക്കുന്നുവെന്നാണ് പറയുന്നത്. ഈ സാഹചര്യത്തിൽ ഐസ് പ്ലാന്റിനും കോമ്പ് സ്റ്റോറേജിനും ഫ്രീസിംഗ് പ്ലാന്റിനുമേർപ്പെടുത്തിയിട്ടുള്ള പവർ കട്ട് പൂർണ്ണമായി ഒഴിവാക്കി മത്സ്യത്തൊഴിലാളികളെയും മത്സ്യ വ്യവസായത്തെയും സംരക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, രണ്ടുതരത്തിലുള്ള ഐസ് പ്ലാന്റാണുള്ളത്. ഒന്ന് പവർകട്ടിൽനിന്ന് പൂർണ്ണമായി ഒഴിവായിത്തന്നെ നിൽക്കുകയാണ്. അത് വേർതിരിച്ചു പറഞ്ഞില്ല. അതായത് എൽ. ടി. കണക്ഷനുകളുള്ള ഐസ് പ്ലാന്റുകളെ ഇപ്പോഴത്തെന്നെ പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. വൻകിട ഐസ് പ്ലാന്റുകളിലാണ് ഇന്ന് പവർ കട്ട് കുറെ ബാധിച്ചിട്ടുള്ളത്. ചെറുകിട പ്ലാന്റ് എന്നുപറയുന്നത് എത്രയുണ്ടെന്നോ എന്നോടു ചോദിച്ചാൽ ഇപ്പോഴാ എനിക്ക് പറയാൻ നിവൃത്തിയില്ല. നമ്മുടെ സംസ്ഥാനത്തെ പവർ പൊസിഷൻ പ്രിക്കേറിയസ് ആണ്. വളരെ ബുദ്ധിമുട്ടാണ്. മഴ കുറയുമെന്നു കരുതി നമ്മാം ഒരിക്കലും പ്ലാൻ ചെയ്തിട്ടില്ല. രണ്ടു കാലവർഷമുണ്ടാകുമെന്നു കരുതിയാണ് നമ്മാം നമ്മുടെ പവർ മുഴുവൻ പ്ലാൻ ചെയ്തിട്ടുള്ളത്. അതുകൊണ്ട് നമുക്ക് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പവർ കൊടുക്കാൻ ഇല്ല. ലൈറ്റ് തുടങ്ങിയ അത്യാവശ്യ ഉപയോഗത്തിനുവേണ്ടി. ഉപയോഗിക്കാനുള്ള 35 ദിവസത്തേക്കുള്ള പവറിനുള്ള വെള്ളമേ നമ്മുടെ സംസ്ഥാനത്തെ ഡാമുകളിലുള്ളു. ഗവൺമെന്റിന്റെ അത്യദ്ധ്വാനത്തിന്റെ ഫലമായി പുറത്തുനിന്നും വരുന്ന പവറിന്റെ 30 ശതമാനം എല്ലാ വ്യവസായങ്ങൾക്കും ഇന്നു മുതൽ കൊടുത്തുതുടങ്ങുകയാണ്. നേരത്തേ അഞ്ചു ശതമാനം കൊടുത്തിരുന്നു. ഇപ്പോഴാ 30 ശതമാനം കൊടുക്കുന്നു. നേരത്തേ കൊടുത്തിരുന്ന അഞ്ചുശതമാനവും ചേർത്ത് 35 ശതമാനം കഴിഞ്ഞാൽ ഒരു 15 ശതമാനം കൂടി ഈ ആഴ്ചയ്ക്കുള്ളിൽ നമ്മുടെ വ്യവസായങ്ങൾക്കും കൊടുക്കാൻ കഴിയും. അതിനുവേണ്ടി ഗവൺമെന്റ് അത്യദ്ധ്വാനം ചെയ്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മഹാരാഷ്ട്ര, കൽപ്പാക്കം, നെയ്വേലി, രാമഗുണ്ടം എന്നീ സ്ഥലങ്ങളിൽ നിന്ന് ലൈനുകൾ ലഭ്യമാക്കി വിദ്യുച്ഛക്തി ഇവിടെകൊണ്ടു വരാനുള്ള ശ്രമമാണ് നടക്കുന്നത്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒരു കാര്യം ചെയ്യാം. പുറത്തു നിന്നു കൊണ്ടുവരുന്ന വൈദ്യുതി ഉപയോഗിച്ച് 50 ശതമാനമായി ഇവിടത്തെ ഐസ് പ്ലാന്റുകൾക്ക് വർദ്ധിപ്പിച്ചുകൊടുക്കുന്നതിന് ഗവൺമെന്റ് ഇന്നുതന്നെ ഓർഡർ നൽകാം. അതുമാത്രമേ തൽക്കാലം ഇപ്പോൾ ചെയ്യാൻ കഴിയുകയുള്ളൂ. കൂടുതൽ വരുമ്പോൾ കൂടുതൽ കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കാം.

(8) കണ്ണൂർ നഴ്സിംഗ് സ്കൂൾ വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. കെ. പി. പ്രഭാകരൻ: സർ, കണ്ണൂർ ഗവൺമെന്റ് നഴ്സിംഗ് സ്കൂളിലെ വിദ്യാർത്ഥിനികളുടെ ഒരു നിയമാവസ്ഥയിലേയ്ക്ക് ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. വർഷങ്ങളായിട്ട് പ്രസ്തുത നഴ്സിംഗ് സ്കൂൾ നടത്തുന്നതിന് കെട്ടിടമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. രണ്ടുമൂന്നു മുറികളിലായി വളരെ ക്ലേശിച്ചാണ് ക്ലാസ്സുകൾ നടത്തുന്നത്. അവിടെയുള്ള അസൗകര്യംമൂലം ഒരു ബാച്ചിനെ കോട്ടയത്ത് പ്രൊവൈഡ് ചെയ്തിരിക്കുകയാണ്. അതിനുംപുറമേ ഈ നഴ്സിംഗ് സ്കൂളുകളിലെ വിദ്യാർത്ഥിനികൾ ഹോസ്റ്റലിൽത്തന്നെ താമസിക്കണമെന്നുള്ളതും വളരെ നിർബന്ധമാണ്. പക്ഷേ അവിടെ ഹോസ്റ്റൽ സൗകര്യമില്ല. ആറുകിലോമീറ്റർ ദൂരെ ഗവൺമെന്റ് വാടകയ്ക്കെടുത്ത ഒരു കെട്ടിടത്തിൽ അനാരോഗ്യകരമായ സാഹചര്യത്തിലാണ് ഇപ്പോൾ വിദ്യാർത്ഥിനികൾ കഴിഞ്ഞുകൂടുന്നത്. കഴിഞ്ഞ കുറെക്കാലമായിട്ടുള്ള അവരുടെ അവശതയാണിത്. ആ വാടക കെട്ടിടവും അതിന്റെ ഉടമസ്ഥൻ നിർബന്ധമായും ഒഴിപ്പിക്കുന്ന സ്ഥിതിയിലാണ്. ഏതുനിമിഷവും അവിടെനിന്ന് ഇറങ്ങിപ്പോകേണ്ടിവരുമെന്ന ഒരാശങ്ക ഇന്ന് ആ വിദ്യാർത്ഥിനികളെ വല്ലാതെ വിഷമിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കണ്ണൂർ, കാസർകോട്, വയനാട് എന്നീ പ്രദേശങ്ങളൊട്ടാകെ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നതാണ് ഈ ഡിസ്ട്രിക്ട് ഹോസ്പിറ്റലിനോടനുബന്ധിച്ചുള്ള ഈ നഴ്സിംഗ് സ്കൂൾ. കേരളത്തിലെ ഒൻപതു നഴ്സിംഗ് സ്കൂളുകളിൽ ഇത്രയേറെ അസൗകര്യമുള്ള സ്വന്തമായി കെട്ടിടമില്ലാത്ത, ഹോസ്റ്റൽ സൗകര്യമില്ലാത്ത ഒരു നഴ്സിംഗ് സ്കൂളും കാണുകയില്ല, ഇതല്ലാതെ. കണ്ണൂർ–വയനാടു മേഖലയോടുള്ള ഒരു അവഗണനയാണിത്. ആ പ്രദേശത്തുള്ള വിദ്യാർത്ഥിനികളുടെ ഇടയിൽമാത്രമല്ല ജനങ്ങളുടെയിടയിലും വളരെ ആക്ഷേപമുളവാക്കിയിട്ടുള്ള ഒരു കാര്യമാണിത്. ഇതിനെന്തെങ്കിലുമൊരു പരിഹാരം അടിയന്തിരമായിട്ടുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ കണ്ണൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് അനുവദിച്ചിട്ടുള്ള നേഴ്സിംഗ് സ്കൂൾ ഒരു വാടക കെട്ടിടത്തിലാണ് നടക്കുന്നത്. ആ കെട്ടിടത്തിന്റെ ഉടമസ്ഥൻ ഒഴിഞ്ഞുകൊടുക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതിയതായി സ്ഥലം അന്വേഷിച്ചു. രണ്ടു കെട്ടിടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഒരു കെട്ടിടത്തിലേക്ക് ഉടനെ മാറുന്നതാണ്. അടുത്ത കെട്ടിടം കൂടി കിട്ടിക്കഴിഞ്ഞാൽ അവിടേയും സൗകര്യങ്ങൾ ചെയ്യാൻ കഴിയും. കെട്ടിടം സ്വന്ത

LIBRARY, ARCHIVES Kerala Legislative Assembly

തായി പണിയുന്നതിന് സാമ്പത്തികമായ ബുദ്ധിമുട്ടുകളുണ്ടെങ്കിലും ശരി, പണത്തിന്റെ ലഭ്യത അനുസരിച്ച് കെട്ടിടങ്ങൾ കെട്ടിതുടങ്ങുന്നതാണ്.

(9) കൊല്ലം ജില്ലയിൽ നിലനിൽക്കുന്ന സംഘർഷാവസ്ഥ

ശ്രീ. തോപ്പിൽ രവി: സർ, ആർ. എസ്. പി. കാരും മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകൻമാരും തമ്മിൽ കഴിഞ്ഞ 5–ാം തീയതി കൊട്ടാരക്കരയിൽ വച്ചുണ്ടായ സംഘട്ടനത്തെ തുടർന്ന് കൊട്ടാരക്കര ചന്തമുക്കിലും പരിസരപ്രദേശങ്ങളിലും, സി. പി. ഐ. നിയന്ത്രണത്തിലുള്ള എ. ഐ. എസ്. എഫ്. നേറയും ശ്രീ. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള മാർക്സിസ്റ്റ് പാർട്ടി പിൻതാങ്ങുന്ന എസ്. എഫ്. ഐ. യുടേയും പ്രവർത്തകൻമാർ തമ്മിൽ കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയിൽ വിദ്യാലയങ്ങൾക്കകത്തും പുറത്തും നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്ന സംഘട്ടനം മൂലം അവിടെയും ഉണ്ടായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ നിൽക്കുന്നത്. കൊട്ടാരക്കരയിൽ, മരിച്ചുപോയ ഒരു മാർക്സിസ്റ്റു സഖാവിന്റെ പാർട്ടി കൂറുസംബന്ധിച്ച അവകാശവാദമാണ് അവിടെ ഈ കുഴപ്പങ്ങളൊക്കെ ഉണ്ടാക്കിയിട്ടുള്ളത്. 7 വർഷങ്ങൾക്കുമുൻപ് മരിച്ചുപോയ തങ്കൻകുഞ്ഞ് എന്ന മാർക്സിസ്റ്റു പാർട്ടിയുടെ ലോക്കൽ കമ്മിറ്റി മെമ്പറായിരുന്ന സഖാവിന്റെ 7–ാം ചരമവാർഷികം ഈ കഴിഞ്ഞ 5–ാം തീയതി ആയിരുന്നു. ശ്രീ. തങ്കൻകുഞ്ഞ് ജീവിച്ചിരുന്നു എങ്കിൽ അദ്ദേഹം മാർക്സിസ്റ്റു പാർട്ടിയിൽനിന്ന് രാജിവച്ച് ഈയിടെ ആർ. എസ്. പി. യിൽ ചേർന്ന തങ്ങളോടൊപ്പം ആർ. എസ്. പി. യിൽ ചേരുമായിരുന്നു (ശ്രീ. ബേബി ജോണിന്റെ നേതൃത്വത്തിലുള്ള ആർ. എസ്. പി. ആണ്) എന്നാണ് ചിലരുടെ വാദം. അവിടെ 6 മാസങ്ങൾക്കുമുമ്പ് മാർക്സിസ്റ്റ് പാർട്ടിയിൽ നിന്ന് പുറത്താക്കിയ ഏതാനും സഖാക്കൻമാരെ ആർ. എസ്. പി. സ്വീകരിക്കുകയുണ്ടായി. ഇപ്പോൾ ആർ. എസ്. പി. യിൽ വന്ന സഖാക്കൾ പറയുന്നത് ശ്രീ. തങ്കൻകുഞ്ഞ് ജീവിച്ചിരുന്നുവെങ്കിൽ ഞങ്ങളുടെ കൂടെ ആർ. എസ്. പി. യിൽ ചേരുമായിരുന്നു എന്നാണ്. ശ്രീ. അച്യുതാനന്ദന്റെ ഗ്രൂപ്പിലുള്ള മാർക്സിസ്റ്റുകാർ പറയുന്നത് ഞങ്ങളുടെ കൂടെ നിൽക്കുമെന്നായിരുന്നു എന്നാണ്. എന്നാൽ ശ്രീ. രാഘവന്റെ ഗ്രൂപ്പുകാർ പറയുന്നത് ശ്രീ. രാഘവനോടൊപ്പം നിൽക്കുമായിരുന്നു എന്നാണ്. അങ്ങനെ പരേതാത്മാക്കളുടെ പാർട്ടി സംബന്ധിച്ചുള്ള അവകാശവാദമാണ് ഇപ്പോൾ ഈ കുഴപ്പങ്ങൾക്കൊക്കെ കാരണമായിത്തീർന്നിരിക്കുന്നത്. ഇവർ തമ്മിൽ തല്ലുന്നതിൽ എനിക്ക് വിരോധമൊന്നുമില്ല. എന്നാൽ ചന്തമുക്ക് എന്നു പറയുന്നത് അവിടത്തെ പ്രധാനപ്പെട്ട ഒരു വ്യാപാരകേന്ദ്രമാണ്. അവിടെ കടകമ്പോളങ്ങൾ തുറക്കുവാനോ ആളുകൾക്ക് വരാനോ സാധിക്കുന്നില്ല. അവിടെ നിലവിലുണ്ടായിരുന്ന അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. സി. പി. ഐ. യുടെ പഴയ എം. എൽ. എ. യായ ശ്രീ. പി. കെ. ശ്രീനിവാസന്റെ മകനെ എസ്. എഫ്. ഐ. ക്കാർ മർദ്ദിച്ചു എന്നും എസ്. എഫ്. ഐ. ജില്ലാ ജാഥയെ ശ്രീ. ശ്രീനിവാസൻ തടഞ്ഞുനിറുത്തിയെന്നുമൊക്കെ ആക്ഷേപങ്ങൾ ഉണ്ട്. അതുകൊണ്ട് മനുഷ്യർക്ക് ജീവഭയംമൂലം പുറത്തിറങ്ങി നടക്കാൻ സാധിക്കുന്നില്ല. ഈ സാഹചര്യം മനസ്സിലാക്കി അവിടെ ജനങ്ങളുടെ സൈരജീവിതം ഉറപ്പു വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കൊട്ടാരക്കരയിലെ സി. പി. ഐ. പ്രവർത്തകനായിരുന്ന ശ്രീ. തങ്കപ്പൻകുഞ്ഞിന്റെ 7–ാം പരമവാർഷിക ദിനം കഴിഞ്ഞ 5–ാം തീയതിയായിരുന്നു. അന്നേ ദിവസം മാർക്സിസ്റ്റ് പാർട്ടിയും അതുപോലെ ആർ. എസ്. പി. യും (ശ്രീ. ബേബി ജോണിന്റെ വിഭാഗവും) ആ ദിനാചരണത്തിന്റെ ഭാഗമായിട്ട്....

ശ്രീ. ബേബി ജോൺ: സർ, കോൺഗ്രസ്സ് (ഐ) മുഖ്യമന്ത്രിയുടെ വിഭാഗവും കോൺഗ്രസ്സ് (ഐ) ശ്രീ. ഉമ്മൻ ചാണ്ടിയുടെ വിഭാഗവും പോലെയാണെന്നാണോ നിങ്ങൾ പറയുന്നത്? അങ്ങ് ഒരു മുഖ്യമന്ത്രിയാണെന്ന് ഓർക്കണം.

ശ്രീ. കെ. കരുണാകരൻ: ഞാൻ ഉള്ള വിവരമാണ് പറഞ്ഞത്. ആളുകൾക്ക് തിരിച്ചറിയാൻവേണ്ടി ഒന്ന് മെൻഷൻ ചെയ്തതാണ്. ഇവിടെ ആർ. എസ്. പി. ഈ സഭയിൽത്തന്നെ ശ്രീ. ബേബി ജോൺ പ്രതിനിധീകരിക്കുന്നതും ശ്രീ. ശിവദാസൻ പ്രതിനിധീകരിക്കുന്നതുമുണ്ട്. അതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. ഈ രണ്ടു വിഭാഗക്കാരും പാർട്ടി ഓഫീസിന്റെ മുമ്പിൽ കൊടികെട്ടിയിരുന്നു. ആർ. എസ്. പി. കാർ കെട്ടിയിരുന്ന കൊടി മാർക്സിസ്റ്റുകാർ അഴിച്ചു. ഇതിനെ തുടർന്നാണ് ഇരു പ്രവർത്തകരും തമ്മിൽ സംഘട്ടനമുണ്ടായത്. രണ്ടു പാർട്ടിക്കാരും തമ്മിൽ കല്ലേറും ഏറുമുട്ടലുമുണ്ടായി. അതിന്റെ ഫലമായി ഇരു വിഭാഗക്കാർക്കും പരിക്ക് പറ്റി. അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. രണ്ടു പാർട്ടിക്കാരുടെയും പേരിൽ നടപടി എടുത്തിട്ടുണ്ട്. അവിടെ സംഘർഷാവസ്ഥ ഉണ്ടാകാതിരിക്കാൻ വേണ്ടി കൂടുതൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോഴും രണ്ടു വിഭാഗക്കാരുടെയും പേരിൽ കേസ്സുണ്ട്.

(10) യൂണിവേഴ്സിറ്റി ജീവനക്കാരുടെ സമരം

ശ്രീ. ഇ. കെ. നായനാർ: സർ, ഇത്തരത്തിൽ പാർട്ടികളെ കുറിച്ച് പത്രങ്ങളിൽ വരുന്ന വാർത്തകളും സംബന്ധിച്ച് സഭയിൽ പറയുന്നതിനെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഇതിൽ യാതൊരു ശ്രദ്ധക്കുറവുമില്ല. ചെയറിനെ സംബന്ധിച്ചിടത്തോളം സമാനമായ പ്രശ്നങ്ങളും നേരത്തെയും അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് തീർച്ചയായിട്ടും അത് അനുവദിക്കാതിരിക്കാൻ നിവർത്തിയില്ല.

ശ്രീ. ഇ. കെ. നായനാർ: സർ, കഴിഞ്ഞ 2–ാം തീയതി യൂണിവേഴ്സിറ്റി ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും സമരത്തെ സംബന്ധിച്ച് സഭയ്ക്കകത്ത് ധർണ്ണ നടത്തുകയുണ്ടായി. അതിനെതുടർന്ന് മി. സ്പീക്കർ പ്രതിപക്ഷ ഭരണകക്ഷി നേതാക്കളെ വിളിച്ചു ഇതിനെപ്പറ്റി ചർച്ച നടത്തി. തീർച്ചയായിട്ടും അത് നല്ല രീതിയിൽ സമാപിച്ചു. അതിനുശേഷം അന്ന് ഉണ്ടായിട്ടുള്ള ഒത്തു തീർപ്പിനെ സംബന്ധിച്ച് അതിനുമുൻപുതന്നെ മുഖ്യമന്ത്രിയുമായി ഞങ്ങൾ പ്രതിപക്ഷ നേതാക്കൻമാർ സംസാരിക്കുകയുണ്ടായി. ഏകദേശം 50 ദിവസം നീണ്ടുനിന്ന സമരം ഒരു ഒത്തുതീർപ്പിൽ എത്തത്തക്ക വിധത്തിലുള്ള ഒരു സമീപനമാണ് ഉണ്ടായത്. മുഖ്യമന്ത്രിയും അതിലേക്കാണ് നീങ്ങുന്നതെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

സംസാരത്തിൽനിന്ന് ഞങ്ങൾക്ക് മനസ്സിലായത്. അന്ന് വിദ്യാഭ്യാസമന്ത്രി ഇവിടെ ഇല്ലായിരുന്നു. അദ്ദേഹം ഡൽഹിയിൽ ആയിരുന്നു. ആ അടിസ്ഥാനത്തിലാണ് രണ്ടു പേരും വന്നതിനുശേഷം സ്പീക്കറുടെ നേതൃത്വത്തിൽ ചർച്ച നടത്തിയത്. ആയിരത്തിലധികം യൂണിവേഴ്സിറ്റി ജീവനക്കാർ സസ്പെൻഷനു വിധേയമായിട്ടുണ്ട്, നടപടിക്ക് വിധേയമായിട്ടുണ്ട്, മർദ്ദനത്തിന് വിധേയമായിട്ടുണ്ട്, കേസ്സുകളും ഉണ്ട്. ഈ കാര്യങ്ങളെപ്പറ്റിയെല്ലാം ചർച്ച ചെയ്തത് ഈ പ്രശ്നം ഒത്തു തീർപ്പിൽ എത്തിക്കാൻ ഞങ്ങളും മുഖ്യമന്ത്രിയുമായി സംസാരിച്ചു. അക്രമ സ്വഭാവമുള്ള കേസ്സുകളും മാറ്റിവച്ചു ബാക്കിയുള്ള പ്രശ്നങ്ങളൊക്കെ പരിഹരിക്കപ്പെടുമെന്ന ധാരണയിലാണ് അന്ന് എത്തിയത്. 5–ാം തീയതി ഇതെ സംബന്ധിച്ച് ചർച്ച ചെയ്യാൻ ഞങ്ങളുടെ ഭാഗത്തുനിന്നും കക്ഷി നേതാക്കൻമാരെ നിയോഗിച്ചു. മി. സ്പീക്കർ, മുഖ്യമന്ത്രി, വിദ്യാഭ്യാസമന്ത്രി, ശ്രീ. ഉമ്മൻ ചാണ്ടി, ഡോ. കെ. സി. ജോസഫ്, ശ്രീമതി കെ. ആർ. ഗൗരി, ശ്രീ. ഷൺമുഖദാസ്, ശ്രീ. കെ. പങ്കജാക്ഷൻ തുടങ്ങിയവരെല്ലാം അന്ന് ഉണ്ടായിരുന്നു. ഇവർ ഈ പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കണമെന്നുള്ള നിലയ്ക്കാണ് ഞങ്ങൾ അന്ന് ധാരണയിൽ എത്തിയത്. ഞാൻ ഇന്നലെ ഡൽഹിയിൽനിന്ന് വന്നപ്പോൾ ജീവനക്കാരുടെ പ്രതിനിധികൾ പറഞ്ഞു അവരെ ജോലിക്ക് കയറ്റുന്നില്ലായെന്ന്. കേരളത്തിലെ 1000–ത്തോളം വരുന്ന യൂണിവേഴ്സിറ്റി ജീവനക്കാർ പ്രവർത്തനത്തിൽ ഏർപ്പെടാനും യൂണിവേഴ്സിറ്റിയിലേക്ക് പോകാനും തയ്യാറായി നിൽക്കുകയാണ്. എന്നാൽ അവരെ പോലീസ് തടഞ്ഞുനിറുത്തിയിരിക്കുകയാണ്. മുഖ്യമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇതിന്റെ ഉത്തരവാദിത്വം വിദ്യാഭ്യാസമന്ത്രി എടുക്കണം. അല്ലെങ്കിൽ രണ്ടു പേരും ഒന്നിച്ചെടുക്കണം. ഇത് എന്താണെന്ന് അറിയില്ല. അന്ന് മുഖ്യമന്ത്രിയുമായി സംസാരിച്ച് ഒരു ധാരണയിൽ എത്തിയതാണ്. ഇപ്പോൾ വിദ്യാഭ്യാസമന്ത്രി അതിന്റെ പിന്നിൽ നിന്ന് ചരടു വലിച്ചിരിക്കണം. എഗ്രിമെന്റ് ഉണ്ടായി, പ്രസ്സ് റിലീസ് ഉണ്ടായി, പത്രങ്ങളിൽ വന്നു, എല്ലാവരും വായിച്ചു. യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാർക്ക് നിർദ്ദേശം കൊടുത്തിട്ടില്ലെന്നാണ് മനസ്സിലാകുന്നത്. വിദ്യാഭ്യാസമന്ത്രി അതിന്റെ പിന്നിൽ ഒരു ചരടു വലിച്ചിട്ടുണ്ടെന്നാണ് ഞങ്ങൾ ഊഹിക്കുന്നത്. ഇത്തരം തെറ്റായ ധാരണ ഞങ്ങൾക്ക് തന്ന്, ഒരു ഒത്തുതീർപ്പിൽ എത്തിച്ചതിനുശേഷം ഇത്തരത്തിലാണ് ചെയ്യുന്നതെങ്കിൽ ആ സമരം പിൻവലിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. പിൻവലിക്കുകയും ചെയ്യുമായിരുന്നില്ല. ഇത്തരത്തിലൊരു സമരം മുന്നോട്ടു കൊണ്ടു പോകണമെന്ന് ഞങ്ങൾക്കില്ല. അതുകൊണ്ടാണ് ഒത്തുതീർപ്പിൽ എത്തി ഈ പ്രശ്നം പരിഹരിക്കുന്നതിന് ഞാൻ ശ്രമിച്ചത്. ബഹുമാനപ്പെട്ട സ്പീക്കറുടെ നേതൃത്വത്തിൽ ചർച്ച നടത്തി ഒരു പൊതു ധാരണയിൽ എത്തിയത് അങ്ങനെയാണ്. പിന്നിൽനിന്ന് ചരടുവലിച്ച് സമരം പൊളിക്കത്തക്കവിധത്തിൽ വഞ്ചനാപരമായ നിലപാട് സ്വീകരിച്ചതിൽ തീർച്ചയായിട്ടും ശക്തമായ പ്രതിഷേധമുണ്ട്. പ്രസ്സ് റിലീസിന്റെ അടിസ്ഥാനത്തിൽ, ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ സമാധാനപരമായ അന്തരീക്ഷം നിലനിറുത്തുക്കവിധത്തിൽ ജോലിക്ക് തയ്യാറായി നിൽക്കുന്ന ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിക്കാൻ അനുവദിക്കണം.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇവിടെ പ്രതിപക്ഷ നേതാവ് കഴിഞ്ഞ രണ്ടാം തീയതിയിൽ നടന്ന കാര്യങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. രണ്ടാം തീയതി അങ്ങയുടെ ചേമ്പറിൽ വച്ച് ഇതിന്റെ വിശദാംശങ്ങളെക്കുറിച്ച് ഒന്നും ചർച്ച ചെയ്യപ്പെട്ടിട്ടില്ല. അന്ന് പ്രതിപക്ഷ മെമ്പർമാർ ഈ സഭയിൽ ഒരു ധർണ്ണ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയ അവസരത്തിൽ സഭാനടപടികളും സുഗമമായി മുന്നോട്ടുകൊണ്ടു പോകുന്നതിനെ സംബന്ധിച്ചാണ് അങ്ങയുടെ ചേമ്പറിൽ ആലോചന നടന്നത്. ഈ സമരവുമായി ബന്ധപ്പെട്ട കാര്യങ്ങളും ഇതിനുമുൻപ് തന്നെ ബഹുമാനപ്പെട്ട കെ. പങ്കജാക്ഷൻ, ഡോക്ടർ കെ. സി. ജോസഫ് എന്നിവർ സംസാരിക്കുകയുണ്ടായി. അങ്ങനെ ചർച്ചകളും നടന്നുകൊണ്ടിരുന്ന അവസരത്തിലാണ്, അല്ലെങ്കിൽ ചർച്ചകളും എന്നുള്ളതിനേക്കാളും കുറച്ച് അപ്പുറത്തേക്ക് കടന്നുപറയുകയാണെങ്കിൽ, അഞ്ചാം തീയതി പുറപ്പെടുവിച്ച പ്രസ്സ് റിലീസിനെ സംബന്ധിച്ച് ഇവിടെ സംസാരിക്കുകയും പ്രസ്സ് റിലീസ് ഇറക്കാമെന്നുള്ള ഒരു ധാരണ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷമാണ് ധർണ്ണ നടന്നത്. അങ്ങയുടെ ചേമ്പറിൽ അങ്ങ് നേതാക്കൻമാരെ വിളിച്ചുകൂട്ടുകയും സഭാനടപടികളും സുഗമമായി കൊണ്ടുപോകുന്നതിനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യണമെന്നുമാണ് പറഞ്ഞത്. ബാക്കി ചർച്ചകളും പുറത്ത് നടക്കട്ടെ എന്ന് അന്ന് പറഞ്ഞു. അതുതന്നെയാണ് വീണ്ടും നടന്നത്. സമരം നടത്തിയ ജീവനക്കാരുടെ പ്രതിനിധികളുമായി ഗവൺമെൻറ് ചർച്ച നടത്തിയിട്ടില്ല. പക്ഷേ ഇവിടെ സൂചിപ്പിച്ചതുപോലെ ശ്രീ. കെ. പങ്കജാക്ഷൻ, എ. സി. ഷൺമുഖദാസ്, ബഹുമാനപ്പെട്ട ഗൗരിയമ്മ, ഡോക്ടർ കെ. സി. ജോസഫ്

.....

ശ്രീമതി കെ. ആർ. ഗൗരി: സർ, പ്രതിനിധികളുമായി ചർച്ച നടത്തിയെന്ന് പ്രസ്സ് റിലീസ് ഇറക്കിയ ശേഷം ഈ നിയമസഭയിൽ വന്ന് ചർച്ച നടത്തിയില്ല എന്നു പറയുന്നു. അങ്ങനെ പരസ്പരവിരുദ്ധമായി പറയാമോ?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ സത്യവിരുദ്ധമായി ഒന്നും പറഞ്ഞില്ല. പ്രസ്സ് റിലീസ് എന്റെ കയ്യിലുണ്ട്. ബഹുമാനപ്പെട്ട കെ. പങ്കജാക്ഷൻ, കെ. ആർ. ഗൗരി, എ. സി. ഷൺമുഖദാസ്, ഉമ്മൻ ചാണ്ടി, ഡോക്ടർ കെ. സി. ജോസഫ് എന്നിവരുമായി മുഖ്യമന്ത്രിയും ഞാനും മുഖ്യമന്ത്രിയുടെ ചേമ്പറിൽ വച്ചും എന്റെ ചേമ്പറിൽ വച്ചും ചർച്ചകളും നടത്തി. അതിനെത്തുടർന്ന് ഗവൺമെൻറ് അഞ്ചാം തീയതി പ്രസ്സ് റിലീസ് പുറത്തിറക്കിയിട്ടുണ്ട്. ഇതിൽ പറയുന്നത് ഇങ്ങനെയാണ്: ''പ്രീ-ഡിഗ്രി ബോർഡിന്റെ വിശദാംശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ വൈസ് ചാൻസലർമാരുടെ കമ്മിറ്റി അവരുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനു മുൻപ് അതുമായി ബന്ധപ്പെട്ട ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്യുന്നതായിരിക്കും. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെൻറിന് ലഭിക്കുന്ന മുറയ്ക്ക് രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമായും ജീവനക്കാരുടെ പ്രതിനിധികളുമായും ചർച്ച ചെയ്തതിനുശേഷം യുക്തമായ തീരുമാനം ഗവൺമെൻറ് എടുക്കുന്നതാണ്. അതുവരെ റിപ്പോർട്ടിൻമേൽ യാതൊരു നടപടിയും സ്വീകരിക്കുന്നതല്ല. പ്രതികാരനടപടികളും സ്വീകരിക്കുന്നതല്ല, അക്രമസ്വഭാവമുള്ള കേസുകളും നടപടികളും പിൻവലിക്കുന്നതല്ല, അതൊഴികെയുള്ള കേസുകളും നടപടികളും പിൻവലിക്കുന്നതാണ്''. അതാണ് അഞ്ചാം തീയതി പുറപ്പെടുവിച്ച പ്രസ്സ് റിലീസ്. ഈ പ്രസ്സ് റിലീസിൽ പറയുന്നതിന് വിരുദ്ധമായിട്ട് ഒന്നും ചെയ്യാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. കഴിഞ്ഞ ജൂൺമാസം 6-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചകൾക്കു ശേഷം കഴിഞ്ഞ പത്താം തീയതി ഞങ്ങൾ ഒരു പ്രസ്സ് റിലീസ് പുറപ്പെടുവിച്ചിരുന്നു. ഇതിലെ അവസാനത്തെ പാരഗ്രാഫിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ പത്താം തീയതിയിലെ പ്രസ്സ് റിലീസിൽ പറയുകയും ഗവൺമെന്റ് അക്കാര്യത്തിൽ നല്ല സമീപനം സ്വീകരിക്കുകയും ചെയ്തതാണ്. അതിനുശേഷം അഞ്ചാം തീയതി രാവിലെ കേരളത്തിലെ വൈസ് ചാൻസലർമാരും പ്രോ-വൈസ് ചാൻസലർമാരുമായിട്ട് ഞാനും മുഖ്യമന്ത്രിയും സംസാരിക്കുകയുണ്ടായി. ഗവൺമെന്റ് ഇറക്കുന്ന വിശദീകരണ പ്രസ്സ് റിലീസിനെ സംബന്ധിച്ച കാര്യങ്ങൾ അവരുടെ ശ്രദ്ധയിലും പെടുത്തിയിട്ടുണ്ട്. അതിൽ അക്രമസ്വഭാവമുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള ആളുകളുടെ പേരിലുള്ള നടപടികൾ പിൻവലിക്കുന്നതല്ല എന്ന് പറഞ്ഞിട്ടുണ്ട്. അക്രമസ്വഭാവമുള്ള കേസുകളും പിൻവലിക്കുന്നതല്ല. അതൊഴികെയുള്ള കേസുകളും നടപടികളും പിൻവലിക്കുന്നതാണെന്ന് ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കണമെന്ന് വൈസ് ചാൻസലർമാരോട് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: സർ, അങ്ങും കൂടി പറഞ്ഞിട്ടാണ് ഇതിൽ ഇടപെട്ടത്. അതിനുശേഷം ചർച്ച നടന്നു. അതിനുശേഷം ഒരുഭാഗത്ത് ഗവൺമെന്റുമായിട്ടും മറുഭാഗത്ത് ജീവനക്കാരുടെ പ്രതിനിധികളുമായും ഞങ്ങൾ ചർച്ച ചെയ്തു. ഒടുവിൽ ഇതിനെ സംബന്ധിച്ച് ഗവൺമെന്റും ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്യണമെന്നു പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ മുറിയിൽ അവർ വന്നു. മുഖ്യമന്ത്രി ഈ നിർദ്ദേശം അവരുടെ മുൻപിൽവച്ച് വായിച്ചു. അതിനുശേഷം ജീവനക്കാർ, ഞങ്ങൾ ആലോചിച്ചതിനുശേഷം വിവരം അറിയിക്കാമെന്നു പറഞ്ഞ് പോയി. അതിന്റെ അടിസ്ഥാനത്തിൽ അവർ സമരം പിൻവലിക്കുന്നുവെന്ന് പറഞ്ഞു. കേരള യൂണിവേഴ്സിറ്റിയിൽ അക്രമപരമായിട്ടുള്ള ഒരുകേസും ജീവനക്കാർക്കെതിരായി ചാർജ് ചെയ്തിട്ടില്ലായെന്നാണ് ഞങ്ങൾ മനസ്സിലാക്കിയത്. ഇന്ന് യൂണിവേഴ്സിറ്റിയിൽ ഒരൊറ്റ ജീവനക്കാരനെ പോലും കയറ്റിയിട്ടില്ല. അവിടെയുള്ള മുഴുവൻ കേസുകളും 'എസ്മ' അനുസരിച്ചുള്ള കേസുകളാണ്. അക്രമം കാണിച്ചതിന്റെ പേരിൽ ഒറ്റ കേസുമില്ല. ഇന്നലെ ഞാൻ മുഖ്യമന്ത്രിയുമായിട്ട് രാത്രിയിലും പകലും സംസാരിച്ചു. വിദ്യാഭ്യാസ മന്ത്രിയും കൂടി വന്നതിനുശേഷം വൈസ് ചാൻസലർമാരോട് സംസാരിച്ചതിനുശേഷം വിവരം അറിയിക്കാം എന്ന് മുഖ്യമന്ത്രി എന്നോട് പറഞ്ഞു. അതനുസരിച്ച് ഇന്നലെ രാത്രിയിൽ ഞാൻ അദ്ദേഹവുമായി ബന്ധപ്പെട്ടു. അപ്പോഴാ എന്നോട് പറഞ്ഞത്, ഇന്ന് തിക്കുവാറുമുള്ള ജീവനക്കാരെ കയറ്റും, എന്തെങ്കിലും തരത്തിൽ ഉള്ള തർക്കമോ വഴക്കോ, ഉണ്ടാകുകയാണെങ്കിൽ 24 മണിക്കൂറിനകം തീർക്കുമെന്നാണ്. ഞങ്ങൾ വക്കീലിന്റെ അടുത്തുപോയി കേസുകൾ നോക്കി. 'എസ്മ' അനുസരിച്ചുള്ള കേസുകൾ മാത്രമേയുള്ളൂ. കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ മാത്രം അങ്ങനെ അല്ലാത്ത ഒരു കേസുണ്ട്. വെറുതെയിരുന്ന ആളുകളെ വിളിച്ചുവരുത്തിയിട്ട് അവരുടെ മുഖത്തുനോക്കി അസത്യം പറയുവാനും ഈ വിധത്തിലുള്ള ധിക്കാരപരമായ നടപടിയെടുക്കാനും ഈ നിയമസഭയിൽ സാധിക്കുകയില്ല, അത് അനുവദിക്കാനും പാടില്ല.

മി. സ്പീക്കർ: ഏതായാലും ഇതൊരു സബ്മിഷനാണ്. ചർച്ചയാക്കിക്കൊണ്ടു പോകാൻ ചെയർ ഉദ്ദേശിക്കുന്നില്ല. ബന്ധപ്പെട്ടവരുമായി ചെയർ വിശദാംശങ്ങൾ അന്വേഷിച്ചിട്ട് സംസാരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, ഒരുകാര്യം അങ്ങയുടെ ശ്രദ്ധയിൽ പെടുത്താനുണ്ട്. ഞാൻ അസത്യം പറഞ്ഞുവെന്ന് ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞതു ശരിയല്ല. ഞാൻ യാതൊരു അസത്യവും പറഞ്ഞിട്ടില്ല. നടന്ന കാര്യങ്ങൾ സത്യസന്ധമായി മാത്രമേ ഞാൻ സഭയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ.

V. മേശപ്പുറത്തുവെച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1985 ഡിസംബർ 23-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 531/85/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 38/86)

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986 ജൂൺ 13-ാം തീയതിയിലെ വിജ്ഞാപനം നമ്പർ 47515/ജി1/85/ഐ. ഡി. (എസ്. ആർ. ഒ. നമ്പരുകൾ 927/86, 928/86)

2. കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് കോർപ്പറേഷൻ ക്ലിപ്തത്തിന്റെ 1978-79ലേക്കുള്ള മൂന്നാമത് വാർഷിക റിപ്പോർട്ടും കണക്കും റിവ്യൂ സഹിതം.

3. സ്റ്റേറ്റിൽ ഇൻഡസ്ട്രിയൽസ് കേരള ക്ലിപ്തത്തിന്റെ 1983-84 ലേക്കുള്ള പതിനാലാമത് വാർഷിക റിപ്പോർട്ട് റിവ്യൂ സഹിതം.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986 ഏപ്രിൽ 25-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 61/86 റവ. ഡി. (എസ്. ആർ. ഒ. നമ്പർ 751/86)

2. കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ കേരള ഗവൺമെന്റിനെ സംബന്ധിക്കുന്ന 1984-85-ലെ റിപ്പോർട്ട് (കൊമേഴ്സ്യൽ).

3. കേരള ഗവൺമെന്റിന്റെ 1984-85-ലെ ധനകാര്യ കണക്കു

4. കേരള ഗവൺമെന്റിന്റെ 1984-85-ലെ ധനവിനിയോഗ കണക്കു

5. കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ കേരള ഗവൺമെന്റിനെ സംബന്ധിക്കുന്ന 1984-85-ലെ റിപ്പോർട്ട് (സിവിൽ).

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ക്ലിപ്തത്തിന്റെ 1984-ലെ വാർഷിക റിപ്പോർട്ട്.

2. ഓയിൽ പാം ഇൻഡ്യാ ക്ലിപ്തത്തിന്റെ 1984-85 ലേക്കുള്ള എട്ടാമത് വാർഷിക റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly

VI. ധനകാര്യം

1986–87 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ VI—ഭൂനികുതി
ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും
ധനാഭ്യർത്ഥന നമ്പർ XXII—ഭവനനിർമ്മാണം
ധനാഭ്യർത്ഥന നമ്പർ XXVIII—സഹകരണം

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഭൂനികുതി എന്ന VI–ാം നമ്പർ ധനാഭ്യർത്ഥനയുടേയും ജില്ലാഭരണവും പലവകയും എന്ന XI–ാം നമ്പർ ധനാഭ്യർത്ഥനയുടേയും ഭവനനിർമ്മാണം എന്ന XXII–ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകളുടെ നേരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 1986–87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.‡

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.*

സഹകരണവകുപ്പു മന്ത്രി (ശ്രീമതി എം. കമലം): സർ, സഹകരണം എന്ന XXVIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986–87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.†

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ ചർച്ച നടത്തുന്നത് നിയമസഭാ ചട്ടം 143 അനുസരിച്ചാണ്. നമ്മുടെ നിയമസഭയിൽ സബ്ജക്ട് കമ്മിറ്റി ചർച്ചയ്ക്ക് അവസരം നൽകുന്നുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിൻമേലാണ് ഇവിടെ ചർച്ച നടക്കുന്നത്. സബ്ജക്ട് കമ്മിറ്റിയുടെ മുൻപിൽ എല്ലാ വിവരങ്ങളും വയ്ക്കണം. സാധാരണഗതിയിൽ അഡീഷണൽ ഇൻഫർമേഷൻ സഭയിൽ വയ്ക്കുന്നതിന് ഞാൻ എതിരല്ല. അത് സ്വാഗതാർഹമാണ്. എന്നാൽ ഇവിടെ തന്നിട്ടുള്ള വിവരങ്ങൾ എല്ലാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കാവുന്നതാണ്. സബ്ജക്ട് കമ്മിറ്റിക്ക് ശേഷം പുതുതായി ഗവൺമെന്റിന് എന്തെങ്കിലും ഇൻഫർമേഷനുണ്ടെങ്കിൽ അത് ഈ സഭയിൽ വയ്ക്കുന്നതിൽ തെറ്റില്ല. പക്ഷേ ഇവിടെ വന്നിരിക്കുന്നത് സബ്ജക്ട് കമ്മിറ്റി യോഗം ചേരുന്നതിന് മുൻപുള്ള വിവരങ്ങളാണ്. ആ വിവരങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ വച്ചിട്ട് അതിന്റെ അടിസ്ഥാനത്തിൽ റെക്കമെന്റേഷനോടുകൂടി നിയമസഭയിൽ വരുന്നതാണ്. ആരോഗ്യകരമായ കീഴ്വഴക്കം. സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശകളിൽ തീർച്ചയായിട്ടും മാറ്റം വരുത്താൻ കഴിയുമായിരുന്നു.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ സബ്ജക്ട് കമ്മിറിയുടെ ശുപാർശകൾക്ക് ശേഷം ഈ ബുക്ക് ലെറ്റ് അച്ചടിച്ചത് ഒഴിവാക്കണമെന്നാണ് എന്റെ അഭിപ്രായം.

Some false claims have been made. ഇത് ഒഴിവാക്കണമെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: അങ്ങ് പറഞ്ഞ പോയിന്റ് ഓഫ് ഓർഡർ പരിശോധിച്ചു. ഇതിനകത്ത് യാതൊരു പോയിന്റ് ഓഫ് ഓർഡറുമില്ല. കാരണം അഡീഷണൽ ഇൻഫർമേഷൻ തരികയെന്നുള്ളത് സഭയ്ക്ക് സഹായകമായിട്ടുള്ള കാര്യമാണ്. അതിൽ യാതൊരു അപാകതയുമില്ല.

ധനാഭ്യർത്ഥന നമ്പർ VI—ഭൂനികുതി

ശ്രീ. വി. കെ. രാജൻ: സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. ഭൂനികുതി എന്ന ആറാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 11,23,79,100 രൂപയിൽനിന്ന് ഒരു നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. കാനം രാജേന്ദ്രൻ: സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. ഭൂനികുതി എന്ന ആറാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 11,23,79,100 രൂപയിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. വി. സി. കബീർ: സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. ഭൂനികുതി എന്ന ആറാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 11,23,79,100 രൂപയിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. എ. കെ. പത്മനാഭൻ: സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. ഭൂനികുതി എന്ന ആറാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 11,23,79,100 രൂപയിൽ നിന്ന് ഒരു നൂറു രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. ഭൂനികുതി എന്ന 6-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 11,23,79,100 രൂപയിൽ നിന്ന് ഒരു 100 രൂപ കുറവ് ചെയ്യേണ്ടതാണ്.

Shri Cyriac John: Sir, I move that the amount of Rs. 11,23,79,100 under Demand VI-Land Revenue be reduced by Rs. 100.

(To discuss generally)

Shri T. P. Peethambaran Master: Sir, I move that the amount of Rs. 11,23,79,100 under Demand VI-Land Revenue be reduced by Rs. 100.

(To discuss generally)

ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

ശ്രീ. വി. കെ. രാജൻ: സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. ജില്ലാഭരണവും പലവകയുമെന്ന 11-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 6,39,51,600 രൂപയിൽനിന്നും ഒരു നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ: സർ, താഴെ പറയുന്ന ഡിമാന്റിനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. ജില്ലാഭരണവും പലവകയും എന്ന 11–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 6,39,51,600 രൂപയിൽനിന്ന് ഒരു നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. വി. സി. കബീർ: സർ, താഴെ പറയുന്ന ഡിമാന്റിനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. ജില്ലാഭരണവും പലവകയും എന്ന 11–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 6,39,51,600 രൂപയിൽ നിന്ന് ഒരു നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, താഴെ പറയുന്ന ഡിമാന്റിനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. ജില്ലാഭരണവും പലവകയുമെന്ന 11–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,39,51,600 രൂപയിൽനിന്ന് ഒരു നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

Shri V. S. Chandrasekharan Pillai: Sir, I move that the amount of Rs. 6,39,51,600 under Demand XI-District Administration and Miscellaneous be reduced by Rs. 100.

(To discuss generally)

Shri G. Varadan: Sir, I move that the amount of Rs. 6,39,51,600 under Demand XI-District Administration and Miscellaneous be reduced by Rs. 100.

(To discuss in general)

ധനാഭ്യർത്ഥന നമ്പർ XXII—ഭവന നിർമ്മാണം

ശ്രീ. വി. കെ. രാജൻ: സർ, താഴെ പറയുന്ന ഡിമാന്റിനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. ഭവനനിർമ്മാണം എന്ന 22–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 7,42,27,000 രൂപയിൽ നിന്ന് ഒരു നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. വി. സി. കബീർ: സർ, താഴെ പറയുന്ന ഡിമാന്റിനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. ഭവനനിർമ്മാണം എന്ന 22–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 7,42,27,000 രൂപയിൽ നിന്ന് ഒരു നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. കാനം രാജേന്ദ്രൻ: സർ, താഴെ പറയുന്ന ഡിമാന്റിനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. ഭവനനിർമ്മാണം എന്ന 22–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,42,27,000 രൂപയിൽനിന്ന് ഒരു നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

Shri V. S. Chandrasekharan Pillai: Sir, I move that the amount of Rs. 7,42,27,000 under Demand XXII-Housing be reduced by Rs. 100.

(To discuss generally)

LIBRARY ARCHIVES Kerala Legislative Assembly

Shri K. Moossakutty: Sir, I move that the amount of Rs. 7,42,27,000 under Demand XXII-Housing be reduced by Rs. 100.

(To discuss in general)

Shri G. Varadan: Sir, I move that the amount of Rs. 7,42,27,000 under Demand XXII-Housing be reduced by Rs. 100.

(To discuss in general)

ധനാഭ്യർത്ഥന നമ്പർ XXVIII—സഹകരണം

ശ്രീ. വി. കെ. രാജൻ: സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. സഹകരണമെന്ന 28—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 18,28,24,700 രൂപയിൽനിന്ന് ഒരു നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. വി. സി. കബീർ: സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. സഹകരണം എന്ന 28—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 18,28,24,700 രൂപയിൽ നിന്ന് ഒരു നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. എ. കെ. പത്മനാഭൻ: സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. സഹകരണം എന്ന 28—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 18,28,24,700 രൂപയിൽ നിന്ന് ഒരു നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. കാനം രാജേന്ദ്രൻ: സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. സഹകരണം എന്ന 28—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 18,28,24,700 രൂപയിൽ നിന്ന് ഒരു നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. സഹകരണം എന്ന 28—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 18,28,24,700 രൂപയിൽ നിന്ന് ഒരു നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

Shri V. S. Chandrasekharan Pillai: Sir, I move that the amount of Rs. 18,28,24,700 under Demand HXVIII Co-operation be reduced by Rs. 100.

(To discuss generally)

ஸ்ரீ. ஜி. வரதன்: சார், நான் இந்த Demands for grands-ஐ எதிர்கிறேன். இந்த சர்க்கார் சாதாரண ஜனங்களுடைய சர்க்காரல்ல. இவ்வாறு நான் ஏன் கூறுகிறேன் என்றால் நமது ரவன்யூ அமைச்சர் அவர்களும் முதலமைச்சர் அவர்களும் இடுக்கி ஜில்லாவில் அடிமாலியிலும் கல்லார் குட்டியாறும்

LIBRARY ARCHIVES Kerala Legislative Assembly

ഉരുൾപൊട്ടൽ മൂലമായ നഷ്ടം ഏറ്റപ്പെട്ട ജനങ്ങളുക്കു 5 പൈസാകൂട കൊടുക്കവിൽലെ. അതുമട്ടുമല്ല മുതലമൈച്ചർ അവർകൾ നേരടിയാകച് ചൻറു പൂമി ഇല്ലാതവരകളുക്കു വീടു കെട്ടുവതർകു പൂമി കൊടുക്കലാം, നഷ്ട ഈടു കൊടുക്കലാം എൻറെല്ലാം ചൊൻനാർകൾ. ഓരു പസ് വിപത്തിൽ 10, 25 തൊഴിലാളികൾ കായമടൈന്താർകൾ, 6, 7, പേർകൾ ഇറന്തു പോനാർകൾ. കായമടൈന്തവർകളുക്കും ഇറന്തുപോനവർ കളുടൈയ കുടുമ്പങ്കളുക്കും ഉതവി ചെയ്യലാം എൻറു ഇന്തചപൈയിൽ കൂറിനാർകൾ. ആൽ ഒൻറുമ് ചെയ്യവിൽലെ. പൊതുജനങ്കളുക്കു കൊടുക്കകൂടിയ വാക്കുറുതികളൈ കാപ്പാറ്റുവതിൽലെ. അമൈച്ചർകൾ അവർകളുടൈയ വാക്കുറുതികളൈ കാറ്റിൽ പറത്തി വിടുകിറാർകൾ. എനവേതാൻ നാൻ ഇന്ത ചെലവീടു തിട്ടത്തൈ കടുമൈയാക എതിർകിറേൻ. ഹവുസിങ് സ്കീമൈ പൊറുത്തവരൈയിൽ രവൻയു അമൈച്ചർ അവർകളുടൈയ കവനത്തിർകാക ചിലവറ്റൈ നാൻ കൂറ വിരുമ്പുകിറേൻ. നമതു മാനിലത്തിൽ ഏഴൈകളുക്കു ഓരു ലട്ചമ് വീടു കട്ടുവതർകു തിട്ടമ് ഉൾളന, അതുപോൽ എൻ. ആർ. ഇ. പി-ൽ ലട്ചക് കണക്കാന വീടുകൾ കെട്ട തിട്ടമ് ഉൾളന. മേലുമ് ഉയർന്ത ഉത്തിയോകസ്തർകളുക്കു ഹവുസിങ് സ്കീമിൽ ലട്ചക് കണക്കാന രൂപായ് വീടു കട്ടുവതർക്കു ഒതുക്കപ്പട്ടുൾളതു. ആനൽ കേരളത്തൈപ് പൊറുത്തവറൈയിൽ തോട്ടത് തൊഴി ലാളികളുടൈയ നിലൈമൈ മികവുമ് കഷ്ടമ്. അതാവതു തെയിലൈ, കാപ്പി, റപ്പർ തോട്ട തൊഴിലാളികൾ, പഞ്ചാലി തൊഴി ലാളികൾ ഇവർകളുക്കു ചൊന്തമാക വീടു കിടൈയാതു. അവർകൾ 40 ആണ്ടു കാലമാക വേലൈ ചെയ്തു കടുമൈയാക ഉഴൈക്കക് കൂടിയവർകൾ. അവർകൾ വേലൈയിലിരുന്തു ഓയ്വു പെറ്റു എസ്ടേട്ടൈ വിട്ടു ചെല്ലുമ്പോതു വീട്ടൈ പൂട്ടി ചാവിയൈ എസ്ടേട്ട മേനേജരുടൈയ കൈയിൽ കൊടുക്ക വേണ്ടിയിരുക്കിറതു. ചാവിയൈ കൊടുത്ത പിൻനർ അവർകൾ വീടു ഇല്ലാമൽ കഷ്ടപ്പടുകിറാർകൾ. അവർകളുക്കു പടുക്ക ഇടമ് കിടൈയാതു. ഇന്ത തോട്ടങ്കളിൽ വേലൈ ചെയ്പവർകൾ പെരുമ്പാലാനോരുമ് തമിഴർകൾ. തമിഴ്നാട്ടൈച് ചാർന്ത വർകൾ. ഇന്ത മാനിലത്തിൽ പിറന്തു വളർന്തു 100 ആണ്ടു കളുക്കുമേൽ ഇങ്കു വേലൈ ചെയ്തവർകൾ. അന്ത തൊഴിലാളികൾ ചൊന്തമാക വീടു ഇല്ലാമൽ തവിത്തുക് കൊണ്ടിരുക് കിറാർകൾ. ആകൈയാൽ നമതു അമൈച്ചർ അവർകൾ തയവു ചെയ്തു അവർകളുക്കു വീടു കൊടുക്കുമ് തിട്ടത്തൈ കൊണ്ടുവര വേണ്ടുമ്. അവർകളുക്കു 5 ചെൻറു പൂമിയാവതു കൊടുത്തു അവർകളുക്കു വീടു വൈപ്പതർകാന നിലൈമൈയൈ ഏറ്റപ്പടുത്ത വേണ്ടിയതു അരചിയൽ കടമൈ. ഏഴൈ തൊഴിലാളികളുക്കാക കൺ തിറക്ക വേണ്ടുമ്. 5, 6, വട്ചത്തിർകു മേറ്പട്ട തൊഴിലാളികൾ ആണ്ടു മുഴുവതുമ് വേലൈ ചെയ്തു മേനേജ്

LIBRARY ARCHIVES Kerala Legislative Assembly

മെന്റ് സൊസൈറ്റിക്കാരുടെ അധിക ലാഭം ഉണ്ടാക്കി കൊടുക്കുകയാണ്. സർക്കാരിന്റെ മുതലാളിമാർ. ആകയാൽ അവർക്കുകൂടി ഹൗസിങ് സ്കീം വഴി വീടു കെട്ടിക്കൊടുക്കണമെന്നു റവന്യൂ മന്ത്രിയോടു ഞാൻ അപേക്ഷിക്കുന്നു.

നമ്മുടെ സംസ്ഥാനത്തിലുള്ള ഭാഷാന്യൂനപക്ഷങ്ങൾ വളരെ കഷ്ടപ്പെടുകയാണ്. അവർ 100 വർഷങ്ങൾക്കു മുമ്പ് ഇവിടെ വന്നു താമസമാക്കിയവരാണെങ്കിലും അവരുടെ കാര്യത്തിൽ നമ്മുടെ സർക്കാർ ശ്രദ്ധിക്കുന്നില്ല. അവരുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ല. അവർ തായ്‌വേരറ്റുപോയ കുഞ്ഞുങ്ങളെപ്പോലെ തപ്പിത്തടയുകയാണ്. തോട്ടം വച്ചുപിടിപ്പിക്കുന്നവരാണെങ്കിലും ഇതാണവരുടെ സ്ഥിതി. ഈ സർക്കാർ അവരെ ശ്രദ്ധിക്കുന്നതോ അവരുടെ കഷ്ടപ്പാടുകൾ തീർക്കുന്നതോ കാണുന്നില്ല. അതുകൊണ്ടാണ് ഞാൻ ശക്തിയായി എതിർക്കുന്നത്.

ഇടുക്കി ജില്ലയെപ്പറ്റി പറയുകയാണെങ്കിൽ എൻ. ജി. ഒ. കൾക്കു താമസിക്കാൻ സ്ഥലമില്ല. തൊടുപുഴയിൽ മാത്രമേ താമസസൗകര്യമുള്ളൂ. തിരുവനന്തപുരത്തുനിന്നും ഒരു എൻ. ജി. ഒ.-യെ ഇടുക്കിക്കു അയച്ചാൽ താമസിക്കാൻ സ്ഥലമില്ല. ആകയാൽ അവർക്കുവേണ്ടി ഒരു ഹൗസിങ് ബോർഡ് തുടങ്ങി വാടകയ്ക്കു വീടു കൊടുക്കുന്ന പദ്ധതി ഇടുക്കിയിൽ ഉണ്ടാക്കിയാൽ മാത്രമേ അവിടെ പിന്നാക്കമായ ഇടുക്കിയിൽ ഉദ്യോഗസ്ഥന്മാർക്കു ജോലി നോക്കാൻ കഴിയുകയുള്ളൂ. ഇല്ലെങ്കിൽ അവർ ലീവെടുത്തു തിരിച്ചുപോകുന്നു. 17 വർഷമായി ഇടുക്കി ജില്ലയിൽ ഉദ്യോഗസ്ഥന്മാർക്കു ജോലി നോക്കാൻ സാധിക്കുന്നില്ല.

ഇടുക്കി ജില്ലയെ സംബന്ധിച്ചിടത്തോളം സ്കൂളുകൾ കുറവാണ്, ആശുപത്രികൾ കുറവാണ്, കുടിവെള്ളം കുറവാണ്, കോളേജുകൾ കുറവാണ്. നമ്മുടെ സംസ്ഥാനത്തിനു വരുമാനം ഉണ്ടാക്കിത്തരുന്ന ഇടുക്കി ജില്ലയിൽ ഒന്നും ചെയ്തിട്ടില്ല. തൊടുപുഴ മാത്രമാണ് പുരോഗമിച്ചിട്ടുള്ളത്. പിന്നാക്കമായ സ്ഥലങ്ങളായ പീരുമേടിലും കാന്തല്ലൂരിലും കുടിവെള്ളം കിട്ടാനില്ല. കുടിവെള്ളം കൊടുക്കാൻ പദ്ധതികൾ കൊണ്ടുവന്നാൽ പണം അനുവദിക്കുന്നില്ല. മാത്രമല്ല, സ്വന്തം നാടിനുവേണ്ടി ഉഴയ്ക്കുന്ന തോട്ടം തൊഴിലാളികൾക്കു 5 സെന്റ് വീതം കമ്പനി

LIBRARY ARCHIVES Kerala Legislative Assembly

യിലിരുന്നു ഭൂമി എടുത്തു വീടു കട്ടിക്കൊടുപ്പതിനുള്ള ഒരു പദ്ധതിയെ സർക്കാർ കൊണ്ടുവരണമെന്നു റവന്യൂ മന്ത്രിയോടു ഞാൻ അഭ്യർത്ഥിക്കുന്നു.

അടുത്തതായി നമ്മുടെ സഹകരണവകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഹകരണവകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഹകരണവകുപ്പു മന്ത്രി ഇവിടെ ഇല്ലെങ്കിലും അദ്ദേഹത്തിന്റെ ഓഫീസിൽ ഇതു പറയുന്നതു നല്ലതാണെന്നു തോന്നുന്നു. ഹരിജനങ്ങൾക്കും ആദിവാസികൾക്കും വീടുവയ്ക്കുന്നതിനു വേണ്ടി സഹകരണവകുപ്പിന്റെ കീഴിൽ ഒരു പദ്ധതി ഉണ്ടാക്കണമെന്നു ഞാൻ പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇതുവരെയും അതിനുള്ള നടപടികൾ ഉണ്ടായിട്ടില്ല

നിർമ്മിക്കുന്നതിന് ഗവൺമെൻറ് പ്രതിജ്ഞാബദ്ധമാണ്. സെപ്റ്റംബർ 30—ാം തീയതിയോടുകൂടി ഒരു ലക്ഷം വീടുകളുടെ പണി പൂർത്തിയാകുമെന്നാണ് പ്രതീക്ഷ. ഗാന്ധിജയന്തി ദിനത്തിൽ ദുർബ്ബല വിഭാഗത്തിൽപ്പെട്ട ഒരു ലക്ഷം കുടുംബങ്ങൾക്ക് വീടുകൾ നൽകി ആശ്വസിപ്പിച്ചുകൊണ്ട് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് 5—ാം വർഷവും മുന്നോട്ടു പോകുകയാണ്. എനിക്ക് ഗവൺമെൻറിനോടഭ്യർത്ഥിക്കാനുള്ളത് ദുർബ്ബലവിഭാഗങ്ങൾക്ക് ഗവൺമെൻറ് കൊടുക്കുന്ന പരിഗണന ചെറിയ വരുമാനക്കാരുടെ കാര്യത്തിലും കാണിക്കണമെന്നാണ്. 4,500—നും 12,000—നും ഇടയ്ക്ക് വരുമാനമുള്ള ഒരു വലിയ വിഭാഗം ജനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. എൻെറ സ്നേഹിതൻ ശ്രീ. വരദൻ ഇവിടെ തോട്ടംതൊഴിലാളികളുടെ ഭവനനിർമ്മാണത്തെക്കുറിച്ച് പറയുകയുണ്ടായി. ഭാര്യയ്ക്കും രോഗിയായ അമ്മയ്ക്കും ജോലിയുള്ള കുടുംബങ്ങളാണ് തോട്ടം തൊഴിലാളികളുടേത്. സാധാരണ തോട്ടംതൊഴിലാളി കുടുംബങ്ങളെപ്പറ്റി പറയുന്നത് ജോഡി നിരക്കിലാണ്. അങ്ങനെ തോട്ടംതൊഴിലാളി കുടുംബങ്ങളുടെ വരുമാനം നോക്കിയാൽ പ്രതിവർഷം 9,000 രൂപയ്ക്ക് മുകളിൽ അവർക്ക് വരുമാനമുണ്ട്. കൃത്യമായി ജോലി ചെയ്തു ശമ്പളം വാങ്ങി പ്രായമാകുമ്പോൾ ഗ്രാറ്റുവിറ്റിയും വാങ്ങി പിരിഞ്ഞു പോകുന്ന തോട്ടം തൊഴിലാളികൾ കിട്ടിയ കാശ് എങ്ങനെയെങ്കിലും ചെലവഴിച്ചശേഷം വല്ല അനാഥാലയങ്ങളിലേക്ക് പോകുകയോ അല്ലെങ്കിൽ മറ്റുള്ളവർക്ക് ഒരു ഒഴിയാബാധയായി മാറുകയോ ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഞാൻ പറഞ്ഞ വരുമാനപ്പട്ടികയിൽപ്പെട്ടവരെക്കൂടി ഭവനനിർമ്മാണ വരുമാനപരിധിയിൽപ്പെടുത്തുകയാണെങ്കിൽ തോട്ടം തൊഴിലാളികളെക്കൂടി സഹായിക്കുന്നതിന് ഈ ഗവൺമെൻറിന് കഴിയും. മലയോരപ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ സ്ഥലമുള്ളത്. മലയോരപ്രദേശത്തുള്ള വിസ്തൃതമായ വിഭാഗം ഗവൺമെൻറ് അക്വയർ ചെയ്യുകയാണെങ്കിൽ വർഷംതോറും തോട്ടംതൊഴിലാളികൾക്കുവേണ്ടി നൂറോ നൂറമ്പതോ ഭവനങ്ങൾ വീതം നിർമ്മിച്ചുകൊടുക്കാൻ കഴിയും. തോട്ടം തൊഴിലാളികളിൽ ബഹുഭൂരിപക്ഷംപേരും സ്വന്തമായി സ്ഥലമുള്ളവരാണ്. ഒരേക്കറും ഒന്നരയേക്കറും 50 സെൻറും 25 സെൻറും വീതം സ്ഥലത്തിൻെറ ഉടമകളായ തോട്ടംതൊഴിലാളികൾക്ക് വീട് നിർമ്മിച്ചുകൊടുക്കുന്നതിനുള്ള ഒരു പദ്ധതിയുണ്ടാക്കണം. പാവപ്പെട്ട ജനങ്ങൾക്ക് ഭവനങ്ങൾ നിർമ്മിച്ചു കൊടുക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട റവന്യൂമന്ത്രി റിക്കാർഡ് ഭേദിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ പദ്ധതിക്കുവേണ്ടി എൽ. ഐ. സി. യിൽ നിന്നോ ലോകബാങ്ക് വായ്പാ സ്കീമിൽ നിന്നോ തുകകൾ കണ്ടെത്താൻ ശ്രമിക്കണം.

ജില്ലാഭരണത്തെപ്പറ്റി പറയുമ്പോൾ ഞാൻ വളരെ നിരാശനാണ്. ഒരിക്കലും നന്നാക്കാൻ സാധിക്കാത്ത ഒരു ജില്ലാഭരണമാണ് എൻെറ ഡിസ്ട്രിക്ടിൽ നടക്കുന്നത്.

ശ്രീ. ജി. വരദൻ: സർ, ഇന്നത്തെ ഡി.ഡി.സി. കളുടെ സ്ഥിതി എന്താണ്? ഡി. ഡി. സി. കളിൽ എം. എൽ. എ. മാർക്ക് യാതൊരു വിലയുമില്ല. അതിനെപ്പറ്റി മെമ്പറുടെ അഭിപ്രായം എന്താണ്?

ശ്രീ. കെ. കെ. തോമസ്: മെമ്പർ പറഞ്ഞത് ശരിയാണ്. കുയിൽമലയിൽ ജില്ലാ ഓഫീസിനുവേണ്ടി നിർമ്മിച്ചിട്ടുള്ള മനോഹരമായ സൗധം ധനവാൻെറ വെള്ള പൂശിയ ശവകുടീരംപോലെ നിലനിൽക്കുകയാണ്. അവിടെ ഒന്നും നടക്കുന്നില്ല. ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം ഉദ്യോഗസ്ഥൻമാരെല്ലാം വന്നുപോരും. വ്യാഴാഴ്ച അവരെല്ലാം പിരിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയിലെ മുഴുവൻ പ്രദേശങ്ങളിലും 6 ദിവസമാണ് പ്രവൃത്തിദിവസമെങ്കിൽ ഇടുക്കിയിൽ 2 ദിവസമാണ് പ്രവൃത്തിദിവസം. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. മുഖ്യമന്ത്രിയും റവന്യൂമന്ത്രിയും ജില്ലാകളക്ടറേറ്റ് ഓഫീസ് തുറന്നുകൊടുത്തയവസരത്തിൽ പറഞ്ഞത് അവിടത്തെ ജീവനക്കാരുടെ പ്രയാസങ്ങളും പരിഹരിച്ചു വേണ്ട സൗകര്യങ്ങളുണ്ടാക്കുമെന്നാണ്. പതിവായി ജില്ലാകളക്ടറേറ്റ് ഓഫീസിൽ പോകുമായിരുന്ന എനിക്ക് ഇപ്പോൾ അവിടെ പോകാൻ മടിയാണ്. കാരണം അവിടെപ്പോയാൽ ആരെയും കാണാൻ കഴിയുകയില്ല. ചൊവ്വാഴ്ച വരുമ്പോൾ വ്യാഴാഴ്ച മടങ്ങുന്നു. വെള്ളിയും ശനിയും ഇടുക്കി ജില്ലാ ഓഫീസ് ഓർഗ്ഗവീനിലയം പോലെയാകുന്നു. ഇലക്ട്രിസിറ്റി ബോർഡിന്റെ കോർട്ടേഴ്സുകൾ അനാഥാലയങ്ങളായി കിടക്കുമ്പോൾ ഏഴും എട്ടും ജീവനക്കാർ ചില കോർട്ടേഴ്സുകളിൽ ഒരുമിച്ചു താമസിക്കുന്നു. ഡെപ്യൂട്ടി കളക്ടർമാർക്കും മറ്റ് ഉയർന്ന ഉദ്യോഗസ്ഥൻമാർക്കും താമസിക്കുവാനിടമില്ല. വികസനപ്രവർത്തനരംഗത്ത് സ്തുത്യർഹമായ സേവനം നടത്തുന്ന ഒരു വിഭാഗമാണ് ഡി. ആർ. ഡി. എ. ഡി. ആർ. ഡി. എ. ഓഫീസ് പൈനാവിലെ കുയിൽമലയിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ഡി. ആർ. ഡി. എ. ഓഫീസിലെ ഉദ്യോഗസ്ഥൻമാർക്ക് താമസിക്കുവാനിടമില്ലാത്തതുകൊണ്ട് അവർ ഓഫീസിൽ തന്നെയാണ് കഴിഞ്ഞുവരുന്നത്. 'പാമ്പുകടിക്ക് മാളമുണ്ട്, പഴുതക്കടിക്ക് ആകാശമുണ്ട്, മനുഷ്യപുത്രന് തലചായ്ക്കുവാൻ ഇടമില്ല എന്നു പറഞ്ഞതുപോലെയാണ് ഇടുക്കി കളക്ടറേറ്റ് ജീവനക്കാരുടെ സ്ഥിതി. അവർക്ക് ഓഫീസിൽത്തന്നെ അന്തിയുറങ്ങേണ്ട സ്ഥിതിയുണ്ടായിരിക്കുന്നു. ധാരാളം ഇലക്ട്രിസിറ്റി ബോർഡ് കോർട്ടേഴ്സുകൾ അവിടെയുണ്ട്. അതു കളക്ടർക്ക് വിട്ടുകൊടുത്തിട്ടില്ല. അതു നന്നാക്കിയെടുക്കുകയാണെങ്കിൽ ഈ ജീവനക്കാർക്ക് താമസിക്കുവാൻ സാധിക്കും. 3 മൈൽ അകലെയുള്ള പൈനാവിൽനിന്നും പരിസരത്തുനിന്നും ജോലിക്ക് എത്തേണ്ടവർ അതിന് നിവൃത്തിയില്ലാതെ വിഷമിക്കുന്നു.

കാലാവസ്ഥ മോശമായിരുന്നാൽ ആരും തന്നെ ഓഫീസിൽ വരികയില്ല. മിനി ബസ് ഏർപ്പെടുത്തുമെന്ന് പറഞ്ഞിരുന്നു. മിനി ബസ് ഏർപ്പെടുത്തിയില്ല. എന്തായിരുന്നാലും എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇടുക്കിയിലെ കാര്യങ്ങൾ നന്നായി നടക്കണം. കാര്യക്ഷമമായി വളരെ പ്രതീക്ഷയോടുകൂടി രൂപം കൊണ്ട ജില്ലയിൽ ഓഫീസ് പ്രവർത്തിക്കണമെങ്കിൽ സത്വര നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയെ ഈ കാര്യത്തിൽ ഞാൻ പ്രത്യേകമായി ക്ഷണിച്ചുകൊള്ളുന്നു.

സർ, എനിക്ക് പറയാനുള്ള മറ്റൊരു കാര്യം ജില്ലയിലെ ദേവികുളം സബ് ഡിവിഷനെ സംബന്ധിച്ചാണ്. 19—ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അന്നത്തെ ഇടുക്കി ജില്ലയുടെ ഹൈറേഞ്ച് പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ദേവികുളം സബ് ഡിവിഷൻ രൂപം കൊണ്ടു. പീരുമേട്, ദേവികുളം എന്ന രണ്ടു താലൂക്കുകളും ആ സബ് ഡിവിഷന്റെ കീഴിൽ ചേർത്തിച്ചു. അന്ന് ഉടുമ്പൻചോല താലൂക്കില്ലായിരുന്നു. ഉടുമ്പൻചോല അന്ന് വന നിബിഡമായ ഒരു പ്രദേശമായിരുന്നു. ഏലത്തിന്റെ വിളഭൂമിയായിരുന്നു. സബ് ഡിവിഷൻ രൂപം കൊള്ളുന്നതിനുമുൻപ് ഈ ദേശം നാല് കാർഡമം ഡിവിഷനുകൾ ആയിരുന്നു. ഇത് മാറ്റിക്കൊണ്ട് തിരുവിതാംകൂർ രാജവാഴ്ച കാലത്ത് ജില്ലാ പേഷ്ക്കാർമാരുടെ അധികാരവും പദവിയും നൽകിക്കൊണ്ട് ദേവികുളം സബ് ഡിവിഷൻ രൂപീകരിച്ചു. ഏതാണ്ട് നാലായിരത്തി ഒരുനൂറിൽപ്പരം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയും മൂന്ന് താലൂക്കുകളും ഉള്ളതുമാണ് ഇന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

ദേവികുളം സബ് ഡിവിഷൻ. ഈ സബ് ഡിവിഷൻ ഏതാണ്ട് ഏഴുലക്ഷത്തോളം ജനങ്ങളെ ഉൾക്കൊള്ളുന്നു. ദേവികുളം സബ് ഡിവിഷൻ പീരുമേട് താലൂക്കിൽ നിന്ന് മാറ്റി ഇടുക്കി സബ്ഡിവിഷനോട് ചേർക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട റവന്യൂമന്ത്രിയോട് പറയാനുള്ളത്. അധികാര പരിധി ചുരുക്കി ജനങ്ങളുടെ പ്രയാസങ്ങൾ പരിഗണിക്കണം. പീരുമേട് താലൂക്ക് 1909—ൽ ആണ് ഉണ്ടായത്. അന്ന് പണിത കെട്ടിടത്തിലാണ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയും, താലൂക്കാഫീസും, പണ്ട് തഹസീൽ മജിസ്ട്രേറ്റുമാർ ഭരണം നടത്തിയതുപോലെ ഇന്നും യോജിച്ച് കഴിയുന്നു. പീരുമേട് താലൂക്ക് ആഫീസിന്റെ കെട്ടിടത്തിന് വളരെയേറെ പഴക്കമുണ്ട്. അതുകൊണ്ട് പീരുമേട് താലൂക്കാഫീസിന് പുതിയ കെട്ടിടമുണ്ടാക്കണം. അടിയന്തിരമായി പുതിയ കെട്ടിടം പണിയുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ ജീവനക്കാർക്ക് താമസിക്കാനുള്ള ക്വാർട്ടേഴ്സുകൾ ഉണ്ടാക്കണം. എനിക്ക് പ്രത്യേകമായി പറയാനുള്ളത് നമ്മുടെ വില്ലേജ് ആഫീസുകളെ സംബന്ധിച്ചാണ്. വില്ലേജ് പുനഃസംഘടന വളരെ ആവശ്യമായിരുന്നു. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനുവേണ്ടിയും വില്ലേജ് പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടിയും ഗവൺമെൻറ് എടുത്ത നടപടിയെ ഞാൻ അഭിനന്ദിക്കുന്നു. ഇന്ന് എല്ലാ വില്ലേജാഫീസുകൾക്കും കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. ഇടുക്കി ജില്ലയിലെ ഏതാണ്ട് നൽപതോളം വില്ലേജാഫീസുകൾക്ക് കെട്ടിടം ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ജനപങ്കാളിത്തത്തോടുകൂടിയും ഉദ്യോഗസ്ഥൻമാരുടെ സഹകരണത്തോടുകൂടി അതിന് വേണ്ടി പ്രത്യേകമായി ഫണ്ട് നീക്കിവച്ചു കൊണ്ട് വില്ലേജാഫീസുകളുടെ കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ആ കാര്യത്തിൽ ഗവൺമെൻറ് കൂടുതൽ ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സർ, ഇന്ന് വില്ലേജാഫീസർമാർക്ക് രാജ്യത്ത് വളരെയേറെ പ്രാധാന്യമുണ്ട്. ജീവിതത്തിന്റെ പ്രാഥമിക ആവശ്യങ്ങൾക്കുള്ള റിപ്പോർട്ട് നൽകേണ്ടത് വില്ലേജാഫീസറാണ്. പണ്ട് കാലത്ത്, പാർവ്വത്യാർമാരുടെ സ്ഥാനത്ത് ഇന്ന് വില്ലേജാഫീസർമാർ അന്ന് ചെയ്തതിനേക്കാൾ വളരെയേറെ ജോലി ഇന്ന് കൂടുതലായി ചെയ്യുന്നു. അങ്ങനെ വില്ലേജാഫീസുകളുടെ പ്രാധാന്യം കണക്കാക്കുമ്പോൾ വില്ലേജാഫീസുകൾ നന്നാക്കിക്കൊണ്ടുപോകുന്നതിനും ഗവൺമെൻറിന് താൽപ്പര്യമില്ലാ എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. പക്ഷേ ആ സ്ഥിതി ഇന്ന് മാറ്റിയെടുക്കാൻ സാധിക്കുമെന്ന് തെളിഞ്ഞിരിക്കുന്നു.

അതുപോലെതന്നെ പട്ടയം അടിയന്തിരമായ ഒരു പ്രശ്നമാണ്. ഇന്ന് ഏറ്റവും കൂടുതൽ പട്ടയം നൽകേണ്ടത് ഇടുക്കി ജില്ലയിലാണ്. സർ, ഇടുക്കി ജില്ലയിലെ പട്ടയം ഒരു സാമൂഹ്യ വിരുദ്ധൻ ഒരു സ്റ്റേ കൊടുത്തുവെന്ന കാരണത്തിന്റെ പേരിൽ തടഞ്ഞു വച്ചിരിക്കുകയാണ്. ഹൈക്കോടതിയിൽ കിടക്കുന്ന ആ സ്റ്റേ മാറ്റി എടുക്കുന്നതിന് വേണ്ടി ഗവൺമെൻറ് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നു ആക്ഷേപമുണ്ട്. സർ, ആയിരക്കണക്കിന് കൃഷിക്കാർ ഇന്ന് നിരവധി സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്ത് കൃഷി നടത്തുന്നുണ്ട്. ആയിരക്കണക്കിന് കർഷകർ സ്വന്തം ഭൂമിയ്ക്ക് പട്ടയം കിട്ടുന്നതിന് വേണ്ടി, ഭൂമിയുടെ സ്ഥിരാവകാശം അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടി വിഷമിക്കുന്ന ഒരു കാലഘട്ടമാണ്. അതുകൊണ്ട് ആ സ്റ്റേ മാറ്റുന്നതിനുവേണ്ടിയുള്ള നടപടി എടുക്കണം. അതുപോലെതന്നെ വന ഭൂമിയുടെ നിർവ്വചനത്തിൽ വരുന്ന കൈവശഭൂമിയുടെ ജോയിൻറ് വെരിഫിക്കേഷൻ പൂർത്തിയാക്കി കേന്ദ്രഗവൺമെൻറ് പരിഗണനയ്ക്ക് അയച്ച ആ ഭൂമി പട്ടയം നൽകു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് വേണ്ടി റവന്യൂവിലേയ്ക്ക് മാറ്റിയെടുക്കുന്നതിന് വേണ്ടി നടപടികളും സ്വീകരിക്കണം. പൊതുവേ തൃപ്തികരമായി ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന് ഭവന നിർമ്മാണ പ്രവർത്തന രംഗത്തും അതുപോലെ തന്നെ മറ്റ് രംഗങ്ങളിലും മുന്നോട്ടു നീങ്ങുവാൻ കഴിയുന്നുണ്ട്. ഗവൺമെന്റിന്റെ ഫലപ്രദമായ പ്രവർത്തനത്തിന്റെ നാന്ദിയാണെന്ന് കരുതിക്കൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ ഒരിക്കൽ കൂടി പിന്താങ്ങുന്നു.

ശ്രീ. കെ. ടി. കുമാരൻ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്ഥമായി കൃഷി ഭൂമി കൃഷിക്കാരന് എന്ന മുദ്രാവാക്യം സാക്ഷാൽക്കരിച്ചത് സഖാവ് അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയ ഭൂപരിഷ്കരണ നടപടിയാണ്. 1970—ൽ ജനുവരി 1—ന് നടപ്പാക്കിയിട്ടുള്ള ഈ ഭൂപരിഷ്കരണ നിയമം അതിന്റെ നിയമത്തിൽ വ്യവസ്ഥ ചെയ്തതനുസരിച്ച് മിച്ച ഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിനുവേണ്ടി ഈ ഗവൺമെന്റ് യാതൊരു താൽപ്പര്യവും കാണിക്കുന്നില്ല. ഇപ്പോഴും ഒരക്ഷരവും പറയുന്നില്ല. അവർക്കൊന്നും തന്നെ പറയാൻ സാധിക്കുകയില്ല. കാരണം കോൺഗ്രസ് ഐ യുടെ ജനറൽ സെക്രട്ടറിയായിട്ടുള്ള ശ്രീ. മൂപ്പനാർക്ക് നാലായിരത്തിലധികം ഹെക്ടർ ഭൂമി കൈവശമുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇത്രയും ഭൂമി കൈവശം വച്ചിട്ടുള്ള നിരവധി കോൺഗ്രസ്സ് നേതാക്കൻമാർ നമ്മുടെ രാജ്യത്തുണ്ട്. അവരുടെ ഭൂമിയെല്ലാം ഏറ്റെടുത്തുകൊണ്ട് പാവപ്പെട്ട കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടി ഈ കോൺഗ്രസ്സ് ഐ യുടെ ഭാഗത്തുനിന്ന് ഉണ്ടാകുകയില്ല. അതുകൊണ്ട് തന്നെ അത്തരത്തിലുള്ള ഒരു നടപടി ഇവിടെ നടപ്പിൽ വരുന്നതിനുവേണ്ടി ഇവിടത്തെ കോൺഗ്രസ്സ് ഐ ക്കാർ മുന്നോട്ട് വരികയില്ല എന്നതാണ് പരമാർത്ഥം. ഈ മൂപ്പനാരുടെ ഭൂമി തന്നെ ഞങ്ങൾ കഴിഞ്ഞ ജൂൺ 5—ാം തീയതി ദേശവ്യാപകമായി കമ്മ്യൂണിസ്റ്റ് പാർട്ടി നടത്തിയ സമരത്തിന്റെ ഭാഗമായി ഞങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. അങ്ങിനെ ദേശീയ വ്യാപകമായി നടത്തിയതിന്റെ ഫലമായിട്ട് മൂപ്പനാരുടെ ഭൂമി ഞങ്ങൾ കയ്യേറി പിടിച്ചെടുത്തതു ഭൂമിയില്ലാത്ത പാവങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്. അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മിറ്റിയുടെ സെക്രട്ടറിയായ ജി. കെ. മൂപ്പനാരെപ്പറ്റിതന്നെയാണ് പറയുന്നത്.

ശ്രീ. തോപ്പിൽ രവി: കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഖിലേന്ത്യാ സെക്രട്ടറി രാജേശ്വർ റാവുവിന് എത്ര ഏക്കർ ഭൂമിയുണ്ട്.

ശ്രീ. കെ. ടി. കുമാരൻ: അദ്ദേഹത്തിന്റെ കൈയിൽ ഉണ്ടെങ്കിൽ അതും പിടിച്ചെടുത്ത് വിതരണം ചെയ്യണം. അതാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഞങ്ങൾ ഈ ഭൂമിയെല്ലാം, കയറി പിടിച്ചെടുക്കും. ഭൂമിയെല്ലാം തന്നെ ഞങ്ങൾ പിടിച്ചെടുത്ത് . പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടിയുള്ള വമ്പിച്ച സമരവുമായി ഞങ്ങൾ മുന്നോട്ട് പോകുകയാണ്. ഇവിടെ ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത് ആരാണെന്ന് നമുക്ക് അറിയാം. ഇവിടെ റബ്ബർ മുതലാളിമാരുടെ ട്രഷ്ട്രിയ ലോബിയാണ് കേരളാ കോൺഗ്രസ്സ്. അതുപോലെ കോൺഗ്രസ്സും (ഐ) ചേർന്നുമുള്ള ഒരു ഭരണമാണ് ഇവിടെ നടക്കുന്നത്. ഞാൻ നേരത്തേ പറഞ്ഞു ലാൻഡ് ബോർഡിലെ കേസ്സിൽ തന്നെ ധാരാളം വിധി ഉണ്ടായിട്ടുണ്ടെന്ന്. ആ

LIBRARY ARCHIVES Kerala Legislative Assembly

വിധിയെല്ലാംതന്നെ കോടതിയിൽ സ്റ്റേ ചെയ്യപ്പെട്ടിരുന്നു. ആ സ്റ്റേ റദ്ദാക്കുന്നതിനുവേണ്ടി, വെക്കേറ്റ് ചെയ്യുന്നതിനുവേണ്ടി ഈ ഗവൺമെൻറ് യാതൊന്നും ചെയ്യുന്നില്ല. എന്ന് മാത്രമല്ല ഇതിന് വേണ്ടി നിശ്ചയിച്ച വക്കീലൻമാർ മുതലാളിമാർക്കും, ജൻമിമാർക്കും അനുകൂലമായ നിലപാട് ആണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത് എന്നുള്ളതാണ് പത്ര റിപ്പോർട്ടിൽ കാണാൻ സാധിക്കുന്നത്. മലയോര കൃഷിക്കാർക്ക് പട്ടയം കൊടുക്കണമെന്നുള്ള കാര്യം വളരെ കാലമായി നമ്മൾ വാദിച്ചുകൊണ്ടിരുന്നതാണ്. അവരെ സംബന്ധിച്ച് സംഘടിതമായി കോൺഗ്രസ് ഒരു ഭാഗത്തും കേരളാ കോൺഗ്രസ് മറു ഭാഗത്തും നിന്നുകൊണ്ട് വമ്പിച്ച വാദങ്ങളും നടന്നു. എന്നിട്ട് ഇന്നുവരെ കൊടുത്തോ? ഇന്ന് മലയോര കൃഷിക്കാരുടെ പട്ടയത്തെ സംബന്ധിച്ചിടത്തോളം മാതൃഭൂമിയിൽ ഒരു റിപ്പോർട്ട് വന്നിട്ടുണ്ട്. വളരെ രസകരമായ ഒരു റിപ്പോർട്ടാണത്. ''കുടിയേറക്കാർക്ക് പട്ടയം നൽകാൻ ഗവൺമെൻറ് തയ്യാറാക്കിയ ലിസ്റ്റിൽ മുപ്പത് ശതമാനത്തിലേറെ പേരും കൈയ്യേറ ഭൂമിക്ക് പുറമേ സ്വന്തമായി ഭൂമി കൈവശം ഉള്ളവരാണെന്ന് അറിയുന്നു. ഈ ലിസ്റ്റ് സംസ്ഥാന റവന്യൂ വകുപ്പ് കേന്ദ്രഗവൺമെൻറിന് സമർപ്പിച്ചു കഴിഞ്ഞു. ആകെ അൻപതിനായിരം പേർക്ക് പട്ടയം നൽകാനാണ് സംസ്ഥാന ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. മൊത്തം വന ഭൂമിയുടെ മൂന്നിലേറെ ശതമാനം സ്ഥലം ഇതിന് വേണ്ടി വരും. വീണ്ടും പത്രം പറയുന്നു''. എട്ടേക്കർ വരെ സ്വന്തമായി ഭൂമിയുള്ളവർ വരെ ഈ ലിസ്റ്റിൽ ഉണ്ട്. ചിലരുടെ കാര്യത്തിൽ ഭാര്യയുടേയോ, മക്കളുടേയോ, പേരിലാണ് ഭൂമി. 1977 ജനുവരി 1–ാം തീയതിക്ക് മുൻപ് കുടിയേറിയവരാണ് അവർ എന്ന നിലയിൽ ആണ് പട്ടയം നൽകുന്നത്. പട്ടയം നൽകാൻ സംസ്ഥാന ഗവൺമെൻറ് സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. മൊത്തം വന ഭൂമിയുടെ മൂന്ന് ശതമാനത്തിലേറെ ഭൂമിയാണ് കൈയ്യേറക്കാർക്ക് പട്ടയം നൽകാൻ തീരുമാനിച്ചിരിക്കുന്നത്''. ഇതാണ് സ്ഥിതി. സ്വന്തമായി എട്ട് ഏക്കർ ഭൂമി കൈവശമുള്ള ആളുകൾക്ക് പതിച്ച് കൊടുക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെൻറിന് ലിസ്റ്റ് സമർപ്പിച്ചിരിക്കുകയാണ്. ഇത് പരിശോധിച്ച് ആവശ്യമായ തെറ്റുകൾ തിരുത്തി പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സമയത്ത് പറയാനുള്ളത്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: കേരളാ കോൺഗ്രസ്സിലെ ആളുകളാണ് ഇതെല്ലാം ചെയ്യുന്നതെന്നറിയാമോ?

ശ്രീ. കെ. ടി. കുമാരൻ: അറിയാം. കേരള കോൺഗ്രസ്സിന്റെ ആളുകളാണ് എട്ടേക്കറും പത്തേക്കറും കൈവശം വച്ചുകൊണ്ട് വീണ്ടും വനഭൂമി കൈയ്യേറി അതിന് പട്ടയം കിട്ടുന്നതിനുവേണ്ടി ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുന്നത് എന്നെനിക്കറിയാം. അതുകൊണ്ടാണ് ഇത് പരിശോധിക്കണം എന്ന് ഞാൻ ആവശ്യപ്പെടുന്നത്. നമ്മുടെ സംസ്ഥാനത്തെ ലക്ഷക്കണക്കായ ജനങ്ങൾക്ക് കിടക്കാൻ ഇടമില്ല. ഒരു സെൻറ് ഭൂമി ഇന്ന് വേണമെന്നുണ്ടെങ്കിൽ അതിന് പതിനായിരക്കണക്കിന് രൂപ വിലകൊടുക്കേണ്ടിവരുന്നു. ഭൂപരിഷ്കരണത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ ആവശ്യമായ പഠനം നടത്തി പുതിയ ഭൂപരിഷ്കരണം നടപ്പിലാക്കുന്നതിന് സമയമായിരിക്കുന്നു; അതിനുവേണ്ടിയുള്ള സംവിധാനമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അല്ലെങ്കിൽ പാവപ്പെട്ടവർക്ക് ഒരു സെൻറു ഭൂമി വാങ്ങുന്നതിന് സാധിക്കുകയില്ല. ലക്ഷം വീട് കോളനി, മിച്ചഭൂമി കോളനി തുടങ്ങിയുള്ള സ്ഥലങ്ങളിൽ പ്രാഥ

LIBRARY ARCHIVES Kerala Legislative Assembly

മിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടിപോലും യാതൊരു സൗകര്യവും ഇല്ല. അവിടെയുള്ള ആളുകൾക്ക് പട്ടയം ഇതുവരെ കിട്ടിയിട്ടില്ല. അവർക്ക് പട്ടയം കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. നഗരസഭത്തിനെ സംബന്ധിച്ചൊക്കെ നാം വീറോടെ വാദിച്ചിട്ടുണ്ട്. നഗരസഭത്തിന്റെ പരിധി നിർണ്ണയിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. ഇന്നുവരെ അതു സംബന്ധിച്ച് യാതൊന്നും ചെയ്തിട്ടില്ല. എന്തുകൊണ്ടാണ് നഗരസഭത്തിന് പരിധി നിർണ്ണയിക്കാൻ മുന്നോട്ടു വരാത്തത്. അങ്ങനെ മുന്നോട്ടു വരുന്ന സന്ദർഭത്തിൽ കൂടെയുള്ള എൻ.ഡി.പി. തന്നെ ആദ്യം എതിർക്കും. അതുകൊണ്ടാണ് പരിധി നിർണ്ണയിക്കാത്തത്. തോട്ടം പരിധിനിർണ്ണയിയിക്കാൻ തീരുമാനിച്ചാൽ കേരളാ കോൺഗ്രസ്സ് അതിനെ എതിർക്കും. അതുകൊണ്ടാണ് തോട്ടത്തിനായും നഗരസഭത്തിനായും പരിധി നിർണ്ണയിക്കാൻ പോകുന്നില്ലായെന്ന് പറഞ്ഞത്.

ഹോസ്ദുർഗ് താലൂക്കിലെ ഗാന്ധിപുരം ഹരിജൻ കോളനിക്കുവേണ്ടി 700 ഏക്കറോളം ഭൂമി പതിച്ചു കൊടുത്തതാണ്. അവർക്ക് ഇന്നുവരെ പട്ടയം കൊടുത്തിട്ടില്ല. പട്ടയം കൊടുത്തിട്ടില്ലായെന്ന് മാത്രമല്ല അവിടെ സർവ്വേ പോലും ചെയ്തു കൊടുത്തിട്ടില്ല. അതുകൊണ്ട് എത്രയുംപെട്ടെന്ന് സർവ്വേ ചെയ്തു പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കടലാക്രമണത്തിനിരയായ നിരവധി കുടുംബങ്ങൾ ഇന്ന് മാറി താമസിക്കുന്നുണ്ട്. അവർക്ക് വീട് വച്ചുകൊടുക്കുന്നതിനും സൗജന്യറേഷനും മറ്റു സൗകര്യങ്ങളും ചെയ്തു കൊടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി എതിർക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. സഹകരണപ്രസ്ഥാനം നമ്മുടെ സംസ്ഥാനത്തു വളരെ നന്നായി എല്ലാ തലത്തിലും വിജയകരമായി മുന്നോട്ടുപോകുന്ന ഒരു സ്ഥിതിയാണുള്ളത്. സ്വാതന്ത്ര്യലബ്ധിയുടെ കാലഘട്ടത്തിൽ കാർഷികമേഖലയുടെ 3 ശതമാനം വായ്പ മാത്രം നിർവ്വഹിക്കാൻ കഴിഞ്ഞിരുന്ന സഹകരണപ്രസ്ഥാനത്തിന് ഇന്നത് 44 ശതമാനത്തോളമായി ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞുവെന്നുള്ളതുതന്നെ നമ്മുടെ രാജ്യത്തെ സഹകരണപ്രസ്ഥാനം എത്രമാത്രം വളർന്നു വന്നിട്ടുണ്ട് എന്നുള്ളതിന്റെ ചൂണ്ടുപലകയാണ്. കാർഷികമേഖലയിൽ മാത്രമല്ല ആരോഗ്യസംരക്ഷണത്തിന്റെ കാര്യത്തിലും നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിലും വിപണനത്തിലും മറ്റെല്ലാ രംഗങ്ങളിലും സഹകരണപ്രസ്ഥാനം വ്യാപിക്കുകയും അതിന്റെ ഗുണം സാധാരണക്കാർക്ക് ലഭിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. അങ്ങനെയുള്ള ഈ സഹകരണമേഖലയെ അനുദിനം നന്നാക്കിയെടുക്കാനും അതിനെ കൂടുതൽ നന്നാക്കി മുന്നോട്ടുകൊണ്ടുപോകാനും കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലത്തിനിടയ്ക്ക് ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട് എന്ന അഭിമാനബോധത്തോടുകൂടിയാണ് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നത്.

ഇന്നത്തെ സഹകരണനിയമത്തിൽ സ്വാഭാവികമായും കടന്നു കൂടിയിട്ടുള്ള അപാകതകൾ പരിഹരിച്ച് അവ പരിശോധിച്ച് സമഗ്രമായ ഒരു സഹകരണനിയമം കൊണ്ടുവരണം എന്നുള്ളതു സംബന്ധിച്ച് ഈ സഭയിൽ പലപ്രാവശ്യം നാം ചർച്ച നടത്തിയിട്ടുള്ളതാണ്. 1984-ൽ തിരുവനന്തപുരത്തുവച്ചു നടന്ന സഹകരണ കോൺഗ്രസ്സ് സഹകരണമേഖല ഇന്നനുഭവിക്കുന്ന വിഷമതകളെ സംബന്ധിച്ചും പ്രയാസങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചും അവയ്ക്കുള്ള പരിഹാരം നിർദ്ദേശങ്ങളും ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളതാണ്. നിശ്ചയമായും അവ പരിശോധിച്ച് ആവശ്യമായ നടപടികളും സ്വീകരിച്ച് സഹകരണമേഖലയിലെ പ്രശ്നങ്ങളും പരിഹരിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു സഹകരണ നിയമം ഉണ്ടാകണമെന്നാണ് എന്റെ അഭിപ്രായം. സഹകരണ നിയമത്തിലുള്ള അപാകതകളൊക്കെ പരിശോധിച്ചിട്ട് വിശദമായ ഒരു നിയമം ഗവൺമെന്റുണ്ടാക്കുകയും അത് നിയമവകുപ്പിന്റെ പരിഗണനയിലിരിക്കുകയുമാണ് എന്നാണ് എന്റെ അറിവ്. സഹകരണ നിയമത്തിൽ ഇന്നുള്ള പോരായ്മകളൊക്കെ പരിശോധിച്ച്, പരിഹരിച്ച് കഴിയുംവേഗം അത് നിയമമായി അടുത്ത നിയമസഭാ സമ്മേളനത്തിൽതന്നെ ഒരു സഹകരണനിയമം ഇവിടെ കൊണ്ടുവരണം, അത് ഈ നിയമസഭയിൽ അംഗീകരിച്ചുകൊണ്ട് പ്രാവർത്തികമാക്കാനുള്ള നടപടികളും ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി പ്രത്യേകം താൽപ്പര്യമെടുത്തു നിർവ്വഹിക്കണം അത് ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ നടപ്പിലാക്കണം എന്നാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

സഹകരണനിയമത്തിൽ ധാരാളം അപാകതകളും ഉണ്ട്. അത് പല പ്പോഴും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. സഹകരണസംഘങ്ങളിൽ തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഭരണസമിതി അധികാരമേൽക്കുന്നതിനു മുമ്പായി അതിൽ ഗവൺമെന്റ് നോമിനികളെ നിയോഗിക്കാറുണ്ട്. അപ്പോഴെല്ലാം നിരവധി പരാതികളും ഉയർന്നുവന്നിട്ടുള്ളതാണ്. നിലവിലുള്ള ഭരണസമിതികളുടെ ഭൂരിപക്ഷം തകർക്കാനും ചില ഭരണസമിതികളിൽ ഭൂരിപക്ഷം ഉണ്ടാക്കുന്നതിനുവേണ്ടിയും സഹകരണസംഘങ്ങളിലുള്ള ഇന്നത്തെ നോമിനേഷൻ സമ്പ്രദായം ദുരുപയോഗപ്പെടുത്തുന്നുവെന്നുള്ള പരാതി എല്ലാ ഗവൺമെന്റുകളുടെ കാലഘട്ടത്തിലും ഉയർന്നുവന്നിട്ടുള്ളതാണ്. ഇത് തീർച്ചയായും പുനഃപരിശോധിക്കണം. ഗവൺമെന്റ് ഇന്നത്തെ നോമിനേഷൻ സമ്പ്രദായം അവസാനിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. സഹകരണസംഘങ്ങളിലെ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട സ്ഥാനാർത്ഥികളും ഗവൺമെന്റു നോമിനികളായി ഭരണസമിതിയിലേക്ക് വരുന്ന ദുഃസ്ഥിതിയാണ് ഇവിടെയുള്ളത്. ഇത് അവസാനിപ്പിക്കുന്നതിനുള്ള നടപടികളും ഉണ്ടാകണം. അതുപോലെതന്നെ ഇന്ന് വ്യത്യസ്തമേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളെയെല്ലാം ക്രോഡീകരിച്ച് ഒരു രജിസ്ട്രാറുടെ കീഴിൽ കൊണ്ടുവരേണ്ടതാണ്. ഖാദിഗ്രാമവ്യവസായ സംഘങ്ങളും, കൈത്തറി സംഘങ്ങളും, കയർ സംഘങ്ങളും ഫിഷറീസ് സഹകരണസംഘം, ക്ഷീരോൽപ്പാദന സഹകരണസംഘങ്ങളും തുടങ്ങി എല്ലാം ഒരു രജിസ്ട്രാറുടെ നിയന്ത്രണത്തിനു കീഴിൽ കൊണ്ടുവരണം. ഈ സഹകരണസംഘങ്ങളൊക്കെ കൂട്ടായി ഒരു മന്ത്രികാര്യാലയത്തിൽ കൊണ്ടുവന്ന് സഹകരണവകുപ്പിനെ ഒരു മേജർ വകുപ്പാക്കി മാറ്റിയെടുക്കാൻവേണ്ടിയുള്ള നടപടികളെ സംബന്ധിച്ച് ബന്ധപ്പെട്ടവർ ആലോചിക്കേണ്ടതാണ്.

ഇനി ആർബിട്രേഷൻ സമ്പ്രദായത്തെക്കുറിച്ച് പറയാം. സഹകരണരംഗത്തു ആർബിട്രേഷൻ കേസുകളുടെ തീർപ്പുകൽപ്പിക്കുന്നതിനുള്ള അധികാരം രജിസ്ട്രാർക്കാണ്. രജിസ്ട്രാറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ആർബിട്രേറ്ററോ ആണ് ആർബിട്രേഷൻ കേസുകളുടെ തീർപ്പ് കൽപ്പിക്കുന്നത്. അഡ്മിനിസ്ട്രേറ്റീവ് അധികാരമുള്ള ഒരു രജിസ്ട്രാറെത്തന്നെ ആർബിട്രേഷൻ കേസുകളും തീരുമാനിക്കുന്നുവെന്നുള്ള ഉത

LIBRARY ARCHIVES Kerala Legislative Assembly

ഒരിക്കലും ഭംഗിയുള്ള കാര്യമല്ല. മഹാരാഷ്ട്രാ സംസ്ഥാനത്തു സഹകരണമേഖലയിലെ കേസുകളും സംബന്ധിച്ച് തീരുമാനം എടുക്കാൻ സഹകരണകോടതികളും പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലും ഈ രംഗത്തു സ്വതന്ത്രമായി പ്രവർത്തിക്കാവുന്ന ഒരു സ്വതന്ത്ര നീതിന്യായ ഏജൻസി ആവശ്യമാണ്. മഹാരാഷ്ട്രാ ഗവൺമെന്റു ചെയ്തതുപോലെ സഹകരണരംഗത്തെ കേസുകളും പരിശോധിക്കുന്നതിന് സഹകരണകോടതികളും കൊണ്ടുവരാനും അതിന് ആവശ്യമായ നിയമം കൊണ്ടുവന്ന് അത് നടപ്പിലാക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, സഹകരണപ്രസ്ഥാനം ഉണ്ടായതുതന്നെ സാമ്പത്തികരംഗത്തുള്ള ചൂഷണം ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടിയാണ്. ആ സഹകരണ രംഗത്തു സാമ്പത്തികമായ ചൂഷണം ഇല്ല എന്ന് പറഞ്ഞുകൂടാ. വളരെ നല്ലനിലയിൽ പ്രവർത്തിക്കുന്ന കാർഷിക സഹകരണസംഘങ്ങളുടെ സമീപം ജില്ലാ സഹകരണ ബാങ്കുകളും ബ്രാഞ്ചുകളും സ്ഥാപിച്ച് പ്രാഥമിക സംഘങ്ങളുടെ നിലനിൽപ്പിനെ തകർത്തുകൊണ്ടിരിക്കുന്ന ഒരു ദുരവസ്ഥയാണ് ഇവിടെ കാണാൻ കഴിയുന്നത്. സഹകരണസംഘങ്ങളും തമ്മിലുള്ള സഹകരണമെന്ന തത്വത്തെ അവഗണിച്ചുകൊണ്ടുള്ള ഒരു സമീപനം സ്വീകരിക്കുന്നതിന്റെ ഫലമായി നമ്മുടെ രാജ്യത്തുള്ള പ്രാഥമിക സഹകരണസംഘങ്ങളും ഇന്ന് സാമ്പത്തികമായ ബുദ്ധിമുട്ട് അനുഭവിക്കുകയാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതുകൊണ്ട് ജില്ലാ സഹകരണബാങ്കുകളായാലും സംസ്ഥാന സഹകരണബാങ്കുകളായാലും അവർ ബ്രാഞ്ചുകളും തുടങ്ങുന്ന സന്ദർഭത്തിൽ അതിന് ചില മാനദണ്ഡങ്ങളും ഉണ്ടാകണം, ചില അതിർവരമ്പുകളും നിർണ്ണയിക്കണം. പ്രാഥമിക സഹകരണ സംഘങ്ങളുടെ നിലനിൽപ്പിനെ അപകടപ്പെടുത്തുന്ന തരത്തിലുള്ള യാതൊരു നടപടികളും ഉണ്ടാകരുത്.

നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തിക്കൊണ്ട് പൊതുമേഖലാവിതരണരംഗത്തു സജീവമായി പ്രവർത്തിച്ചുവരുന്ന ഒന്നാണ് കൺസ്യൂമർ സഹകരണ സംഘങ്ങളും. അവ മിക്കതും ഇന്ന് വലിയ സാമ്പത്തിക നഷ്ടത്തിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഗവൺമെന്റു നിർദ്ദേശിക്കുന്ന അതാത് കാലഘട്ടത്തിലെ ഗവൺമെന്റിന്റെ നയങ്ങളും പരിപാടികളും നടപ്പിലാക്കാനും വിലക്കയറ്റത്തെ കാര്യമായി പിടിച്ചുനിർത്താൻ ശ്രമിക്കുന്നതിനും അളവുകളിലും തൂക്കത്തിലും കൃത്യതപാലിച്ചുകൊണ്ട് നിത്യോപയോഗസാധനങ്ങളും എത്തിച്ചുകൊടുക്കുവാനും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന കേരളത്തിലെ ഈ ഉപഭോക്തൃ സഹകരണസംഘങ്ങളും ഇന്ന് നഷ്ടത്തിലൂടെയാണ് ഓടിക്കൊണ്ടിരിക്കുന്നത് എന്നു പറയാതിരിക്കുവാൻ നിർവ്വാഹമില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ സഹകരണസംഘങ്ങൾക്കുണ്ടായിരുന്ന റേഷൻ ഹോൾസെയിൽ ചുമതലയൊക്കെ ഇപ്പോൾ എടുത്തുകളഞ്ഞ് പ്രൈവറ്റ് ഏജൻസിക്ക് അങ്ങയുടെ മന്ത്രി തന്നെ കൊടുത്തിരിക്കുന്നു. അത് തിരിച്ച് ഈ സഹകരണ സംഘങ്ങൾക്ക് കൊടുക്കുവാനുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. കെ. പി. എ. മജീദ്: സർ, ഹോൾസെയിൽ കച്ചവടം നടത്താനുള്ള സൗകര്യവും കഴിവുമുള്ള എല്ലാ സഹകരണസംഘങ്ങൾക്കും അത് നൽകണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. അത്തരത്തിൽ അതിന് അനുയോജ്യവും, കെൽപ്പും, കഴിവുമുള്ള എല്ലാ സംഘങ്ങൾക്കും ഹോൾ

LIBRARY ARCHIVES Kerala Legislative Assembly

സെയിൽ നടത്താൻ ഉള്ള അനുവാദം നൽകണമെന്നുതന്നെയാണ് ഗവൺമെൻറിൻെറ നയമെന്ന് ബഹുമാനപ്പെട്ട മന്ത്രിയും നേരത്തേ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ കൺസ്യൂമർ സംഘങ്ങളെ പുനർജീവിപ്പിക്കാനും അതിൻെറ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാനും ആവശ്യമായ നടപടികളും ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. മൊത്തവ്യാപാര സംഘങ്ങളെല്ലാം ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. പാലക്കാട്ടെ മൊത്തവ്യാപാര സംഘം, അത് ഒരു ലിക്വിഡേഷൻെറ സ്റ്റേജിലാണ്. അതുമാത്രമല്ല, തൃശ്ശൂർ മലപ്പുറത്തും മറ്റു ജില്ലകളിലും പ്രവർത്തിക്കുന്ന മൊത്തവ്യാപാരസംഘങ്ങളുടെയും വമ്പിച്ച നഷ്ടത്തിൻെറ പേരിൽ വലിയ പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. തീർച്ചയായും ഗവൺമെൻറ് അവരെ പുനരുജ്ജീവിപ്പിക്കാനും അവ നന്നാക്കി എടുക്കാനും ആവശ്യമായ നടപടിയുണ്ടാകണം. നഷ്ടത്തിന് പല കാരണങ്ങളുണ്ടാകാം. യാതൊരുവിധ തത്വദീക്ഷയും ഇല്ലാതെ ജീവനക്കാരെ ധാരാളമായി നിയമിച്ചതുകൊണ്ട് നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. അത് മറച്ചുവയ്ക്കുന്നില്ല. എന്നാലും അത്തരത്തിലുള്ള സംഘങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവരെ പിരിച്ചുവിടാനും, അവരുടെ ഭാവി ഇല്ലാതാക്കാനും ഉള്ള നീക്കങ്ങൾ ആണ് ഇവിടെ കാണുന്നത്. ഈ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് ഡിപ്പാർട്ടുമെൻറിൻെറ മുമ്പിലുള്ള ഒരു ഒറ്റമൂലിയും അവിടത്തെ ജീവനക്കാരെ പിരിച്ചുവിടുകയെന്നുള്ളതുമാത്രമാണ്. ഇങ്ങനെ ലിക്വിഡേറ്റ് ചെയ്ത് പുറത്തുപോകുന്ന തൊഴിലില്ലാത്ത ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് തൊഴിൽ നൽകാനും, അവർക്ക് പ്രൊട്ടക്ഷൻ ആനുകൂല്യങ്ങൾ നൽകി മറ്റ് സംഘങ്ങളിൽ നിയമിക്കാൻ വേണ്ട നടപടികളും ഗവൺമെൻറ് സ്വീകരിക്കണം. സഹകരണസംഘങ്ങളുടെ വിജയത്തിൽ പ്രധാന പങ്ക് വഹിക്കുന്നത് അതിലെ ജീവനക്കാരാണ്. നമ്മുടെ സംസ്ഥാനത്ത് അറുപതിനായിരത്തിൽപ്പരം വരുന്ന സഹകരണ സംഘം ജീവനക്കാർ സമരത്തിലാണ്. വിവിധ യൂണിയനുകളും സമരത്തിലാണ്. അവർ സമരത്തിലേക്ക് പോകാൻ ഉണ്ടായ സാഹചര്യത്തെക്കുറിച്ച് ഇവിടെ ഗവൺമെൻറിനും മന്ത്രിക്കും നൽകിയിട്ടുള്ള നിവേദനത്തിൽ വളരെ മിതമായും ന്യായമായും പരിഹരിക്കേണ്ട പല കാര്യങ്ങളുണ്ട്. 1968-ൽ മദ്രാസിൽ സഹകരണ മന്ത്രിമാരുടേയും മുഖ്യമന്ത്രിമാരുടേയും സമ്മേളനം നടന്നപ്പോൾ ആ സമ്മേളനത്തിൽവച്ച് കോമൺ കേഡർ സമ്പ്രദായം അഥവാ കോമൺ സർവ്വീസ് തത്വത്തിൽ അംഗീകരിച്ചു. ആന്ധ്രയിലും, ഹരിയാനയിലും, പഞ്ചാബിലും ഈ കോമൺ സർവ്വീസ് വളരെ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാന ഗവൺമെൻറ് ഈ രീതിയിൽ കോമൺ സർവ്വീസ് ഏർപ്പെടുത്താൻ ഇതുവരെയും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുപോലെതന്നെ സഹകരണരംഗത്തു പ്രവർത്തിക്കുന്ന സംഘങ്ങൾ സെക്ഷൻ 80 ബാധകമല്ലാത്ത ധാരാളം ജീവനക്കാർ സഹകരണസംഘങ്ങളിലുണ്ട്. വ്യവസായ മേഖലയിലുള്ള, ഫിഷറീസ് രംഗത്തുള്ള, അതുപോലെ പ്രവർത്തിക്കുന്ന ധാരാളം സംഘങ്ങളിലെ ജീവനക്കാർക്ക് സെക്ഷൻ 80 നടപ്പിലാക്കുന്ന കാര്യത്തിൽ ഗവൺമെൻറ് കുറ്റകരമായ അനാസ്ഥയാണ് കാണിച്ചിട്ടുള്ളത്. ജീവനക്കാരെ സംബന്ധിച്ചിടത്തോളം സർവ്വീസിൽനിന്ന് പിരിയുമ്പോൾ അവർക്ക് പെൻഷൻ നൽകുന്നതിനെ സംബന്ധിച്ചുള്ള വിവിധങ്ങളായ ആവശ്യങ്ങളുടെ നേരെ ഗവൺമെൻറ് നല്ല രീതിയിലുള്ള സമീപനം സ്വീകരിക്കുവാനും ചർച്ചകളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാനും മുന്നോട്ട് വരണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയുവാനുള്ളത്. അതുപോലെതന്നെ ഗവൺമെൻറ് സമയത്തിന് കാർഷികലോൺ തിരിച്ചടച്ച ആളുകൾക്ക് പലിശ സബ്സിഡി നൽകുമെന്നുള്ള തീരുമാനവു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായി. കഴിഞ്ഞ കുറേ വർഷങ്ങൾകൊണ്ട് ഇൻറർസ്റ്റേറ്റ് സബ്സിഡി വിതരണം ചെയ്തിട്ടില്ലാത്തതുകൊണ്ട് കൂടുതൽ ബുദ്ധിമുട്ട് സഹകരണ സംഘങ്ങൾ അനുഭവിക്കുന്നു എന്നുള്ളതാണ് എനിക്ക് ഇവിടെ ചൂണ്ടിക്കാണിക്കുവാനുള്ളത്. കുടിശ്ശിക വരുത്തിയിട്ടുള്ള പലിശ സബ്സിഡി കഴിയുന്നതും വേഗം നൽകാനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കണമെന്നുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

റവന്യൂ വകുപ്പിനെ സംബന്ധിച്ചിടത്തോളം ചെറിയ കാര്യങ്ങൾ മാത്രമേ പരാമർശിക്കുന്നുള്ളൂ. വളരെ നല്ല രീതിയിൽ കഴിഞ്ഞ മൂന്ന് നാല് വർഷക്കാലത്തിനിടയിൽ റവന്യൂ വകുപ്പിന്റെ പ്രവർത്തനം വളരെ ഊർജ്ജസ്വലതയോടുകൂടി, കർമ്മകുശലതയോടുകൂടി നടത്താൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് സാധിച്ചിട്ടുണ്ടെന്ന് നമുക്ക് അഭിമാനത്തോടുകൂടിത്തന്നെ അവകാശപ്പെടാൻ സാധിക്കും. സർ, ഒരു നിശ്ബ്ദമായ വിപ്ലവത്തോടെ വീടില്ലാത്തവർക്ക് വീടുനൽകാനും, അതുപോലെ സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം നൽകാനും, കുത്തഴിഞ്ഞു കിടന്ന നമ്മുടെ ജില്ലാ ഭരണസമ്പ്രദായത്തിൽ അഹമ്മദ് നഗർ പരിഷ്ക്കാരം ഏർപ്പെടുത്തിക്കൊണ്ട് കുറേയേറെ മാറ്റങ്ങൾ വരുത്താനും ഈ അടുത്തകാലത്തെ പ്രവർത്തനത്തിന്റെ ഫലമായി സാധിച്ചിട്ടുണ്ട്. മലബാർ പ്രദേശത്തെ വില്ലേജുകളെ സംബന്ധിച്ചിടത്തോളം മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ഈ പ്രദേശങ്ങളിൽ വളരെ പഴകി ജീർണ്ണിച്ച, പ്രവർത്തിക്കാൻപോലും സാദ്ധ്യമല്ലാത്ത രീതിയിൽ, ഇടിഞ്ഞുപൊളിഞ്ഞ് താറുമാറായിക്കിടക്കുന്ന രീതിയിലുള്ള കെട്ടിടങ്ങളിലാണ് വില്ലേജാഫീസുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പല വില്ലേജാഫീസുകളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഈ അടുത്ത കാലത്ത് പ്രഖ്യാപിച്ച വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിലെ പണം ഉപയോഗിച്ചുകൊണ്ട് കെട്ടിടങ്ങൾ ഇല്ലാത്ത വില്ലേജാഫീസുകൾക്ക് കെട്ടിടമുണ്ടാക്കാനുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ ധീരോദാത്തമായ പ്രഖ്യാപനം, അഭിനന്ദനാർഹമാണ്. ആ പ്രഖ്യാപനത്തോടനുബന്ധിച്ച് അത് പ്രാവർത്തികമാക്കാൻ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥൻമാരും ജില്ലാ കളക്ടർമാരും, മറ്റു ഉദ്യോഗസ്ഥൻമാരും നിതാന്തജാഗ്രതയോടുകൂടി പ്രവർത്തിച്ചതിന്റെ ഫലമായി കഴിഞ്ഞ ഏതാനും മാസംകൊണ്ട് മനോഹരമായ കെട്ടിടങ്ങൾ ബഹുജന പങ്കാളിത്തത്തോടുകൂടി നിർമ്മിക്കാൻ കഴിഞ്ഞത് അഭിമാനകരമായ ഒരു നേട്ടമാണ്. മലപ്പുറം ജില്ലയിൽ മാത്രമായി 91 വില്ലേജ് ഓഫീസുകൾക്ക് ഏതാനും മാസങ്ങൾകൊണ്ട് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാക്കാൻ സാധിച്ചു. ഇത് ടെൻഡർ ചെയ്ത് കോൺട്രാക്ട് എടുത്തുകഴിഞ്ഞാൽ അതു പൂർത്തിയാക്കാൻ എത്രകാലമെടുക്കുമെന്നുള്ളതിനെക്കുറിച്ച് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. എന്നാൽ കേവലം രണ്ടുമൂന്ന് മാസങ്ങൾകൊണ്ട് ഈ കെട്ടിടങ്ങൾ വളരെ ഭംഗിയായി നിർമ്മിക്കാനും ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിന് നൽകാനും കഴിഞ്ഞു എന്നുള്ളത് തീർച്ചയായും നമുക്ക് അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. അതുപോലെ തന്നെ, ദുർബലവിഭാഗങ്ങൾക്ക് വീടുകൾ നിർമ്മിച്ചു കൊടുക്കാനുള്ള പദ്ധതിയുണ്ട്. അത് നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 7,500 ഓളം വീടുകൾക്ക് രണ്ടാം ഗഡുവും വിതരണം ചെയ്തു. അത് പ്രാവർത്തികമാക്കാനും നമുക്ക് സാധിച്ചിട്ടുണ്ട് എന്നുള്ളതാണ് വസ്തുത. അതുപോലെ അഹമ്മദ് നഗർ പരിഷ്ക്കാരത്തെക്കുറിച്ചു പറഞ്ഞാൽ, ജില്ലാ ഭരണപരിഷ്ക്കാരം, അത് താലൂക്ക് തലങ്ങളിലേക്കും വില്ലേജ് തലത്തിലേക്കും നടപ്പിലാക്കേണ്ടതാണ്. കൂടുതൽ വില്ലേജുകൾ വിഭജിച്ചും അതുപോലെ വിഭജനം അത്യാവശ്യമായ താലൂക്കുകൾ ഉടനെ

LIBRARY ARCHIVES Kerala Legislative Assembly

വിജ്ഞിച്ചും കാര്യങ്ങൾ വളരെ നന്നായി മുന്നോട്ടു കൊണ്ടുപോകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീ. സിറിയക് ജോൺ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇൻഡ്യയിലെ മറ്റ് എല്ലാ സംസ്ഥാനങ്ങൾക്കും മാതൃക കാണിച്ചുകൊണ്ടാണ് നമ്മുടെ സംസ്ഥാനമാണ് ഭൂപരിഷ്ക്കരണ നിയമം കൊണ്ടുവന്നതും അത് നടപ്പിലാക്കിയതും. ശ്രീമതി കെ. ആർ. ഗൗരിയാണ് അന്ന് അതിന് നേതൃത്വം നൽകിയത്. കൃഷിഭൂമി കൃഷിക്കാർക്ക് എന്നുള്ള മുദ്രാവാക്യം പൂർണ്ണമായും അന്വർത്ഥമാക്കിയ സംസ്ഥാനമാണ് കേരളം. എന്നാൽ ഇപ്പോഴും നമ്മുടെ സംസ്ഥാനത്ത് ഭൂപരിഷ്ക്കരണ നിയമത്തിന്റെ സംരക്ഷണം കിട്ടാത്ത ഒരു വിഭാഗം ജനങ്ങളുണ്ട്. മലബാർ മദിരാശിയുടെ ഭാഗമായിരുന്ന കാലഘട്ടങ്ങളിൽ അന്ന് നിലവിലുണ്ടായിരുന്ന എം. പി. പി. എഫ്. ആക്ട് ആണ്. എം. പി. പി. എഫ്. ആക്ടിന് വിധേയമായിട്ടുതന്നെ സ്വകാര്യ ജൻമിമാരിൽനിന്നോ അല്ലെങ്കിൽ ഏതെങ്കിലും മദ്ധ്യവർത്തികളിൽനിന്നോ ന്യായമായിട്ടുള്ള പ്രതിഫലം കൊടുത്ത് ഭൂമി വാങ്ങി അത് കൈവശം വച്ച് ദേഹണ്ഡിച്ച്, നാൽപതും അൻപതും വർഷങ്ങളായി അവിടെ താമസിച്ചുകൊണ്ടിരിക്കുന്ന ആ സ്ഥലങ്ങളെ സംബന്ധിച്ച്; അവിടെ ടൗൺഷിപ്പുകളുണ്ട്. അതിനെക്കുറിച്ച് മന്ത്രിക്ക് അറിയാവുന്നതാണ് സർ. ടൗൺഷിപ്പുകൾ ഉൾപ്പെടെ അവർക്ക് ഭൂപരിഷ്ക്കരണ നിയമത്തിന്റെ സംരക്ഷണം കിട്ടുന്നില്ല. അതേയവസരത്തിൽ പഴയ മദിരാശി നിയമത്തിന്റെ എം. പി. പി. എഫ്. ആക്ടിന്റെ പരിധിയിൽ വരുന്നുമില്ല. അങ്ങനെയുള്ള ഭൂമിയിലുള്ള ആളുകളെ സംബന്ധിച്ചിടത്തോളം ഭൂമി അവരുടെ കൈവശത്തിലുണ്ട്. പള്ളികളോ, സ്കൂളുകളോ, കോളേജുകളോ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പോലും ഇതുപോലുള്ള ഭൂമിയിലുണ്ട്. ഇതിന്റെ ഫലമായിട്ട് കൈവശക്കാരെ സംബന്ധിച്ചിടത്തോളമുള്ള പ്രയാസം എന്താണെന്നുവച്ചാൽ, അവർക്ക് ഈ ഭൂമിയുടെ ഈടിൻമേൽ ബാങ്കുകളിൽനിന്നോ മറ്റേതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽനിന്നോ ഒന്നും പണം കടം കിട്ടാൻ സാദ്ധ്യതയില്ല. അതുപോലെതന്നെ അവർക്ക് വേറെ പ്രശ്നമുള്ളത് ഇപ്പോൾ ഈ വനം വകുപ്പ് ഉദ്യോഗസ്ഥൻമാർ ഇതൊക്കെ നിക്ഷിപ്ത വനഭൂമിയുടെ പരിധിയിൽ വരുന്നതാണെന്നുള്ള സാങ്കേതികാനുവാദവും പറഞ്ഞുകൊണ്ട് ആ കൃഷിക്കാരെ ഹരാസ് ചെയ്യുന്നുണ്ട്. ഇടക്കിടക്കുപോയി കുറേശ്ശെ കോഴയും വാങ്ങി കൃഷിക്കാരെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷം നിലവിലുണ്ട് എന്നുള്ളത് ഞാൻ ശ്രീ. ജോസഫിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയാണ്. ഇതിനു സമഗ്രമായിട്ടുള്ള ഒരു ഭേദഗതി നിയമം ഭൂപരിഷ്ക്കരണനിയമത്തിനു കൊണ്ടുവരേണ്ടതുണ്ട്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വ്യത്യസ്ത ഏജൻസികളിൽനിന്ന് കാർഷികാവശ്യത്തിന് കടം വാങ്ങാൻ ബുദ്ധിമുട്ടുകളുണ്ട്. അതെല്ലാം കണക്കിലെടുത്തുകൊണ്ട് അവരുടെ ആസ്തി ബാദ്ധ്യതകളെ സംബന്ധിച്ചിടത്തോളം ശ്രീ. ജോസഫ് തന്നെ ഈ നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണെന്നാണ് എന്റെ ഓർമ്മ. ഒരു സമഗ്രമായിട്ടുള്ള ഭൂപരിഷ്ക്കരണനിയമം, കാർഷിക സംരക്ഷണനിയമം തന്നെ അതുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഉള്ള ക്രെഡിറ്റ് കാർഡ് സിസ്റ്റം, അത് ഉണ്ടായിക്കഴിഞ്ഞാൽ കൃഷിക്കാരന് കാർഷികാവശ്യത്തിനുവേണ്ടി കടം എടുക്കുന്നതിനുവേണ്ടി ഓരോരോ സ്ഥാപനങ്ങളിൽ ചെല്ലുമ്പോഴും അവിടെയെല്ലാം എൻകംബ്രൻസ് സർട്ടിഫിക്കറും അതുമായി ബന്ധപ്പെട്ട മറ്റ് ആധാരങ്ങളും ആവശ്യമായിവരുന്നു. ആ ഒരു ഏടാകൂടത്തിൽനിന്ന് കൃഷിക്കാരനു രക്ഷപ്പെടാൻ സാധിക്കും. പ്രായോഗിക

LIBRARY ARCHIVES Kerala Legislative Assembly

മായിട്ട് ബുദ്ധിമുട്ടുണ്ടാകുന്ന ഒരു കാര്യമാണ് ഇതെന്ന് ഞാൻ കരുതുന്നില്ല. ഏതായാലും ആ മേഖലയിൽ കൃഷിക്കാർക്ക് പ്രയോജനം കിട്ടുന്നതിനും, സമൂഹത്തിൽ മാന്യത കിട്ടുന്നതിനുംവേണ്ടി സമഗ്രമായിട്ടുള്ള കാർഷിക സംരക്ഷണ നിയമം തന്നെ കൊണ്ടുവരണം. അതിന് ശ്രീ. ജോസഫ് മുൻകൈയെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഏതായാലും അങ്ങനെയുള്ള ഒരു സ്ഥിതി വിശേഷം നാൽപ്പത് അൻപത് വർഷങ്ങളോളമായി മലയോര കൃഷിക്കാർ അവരുടെ കൈവശം വച്ച് ദേഹണ്ഡങ്ങൾ ചെയ്യുന്ന ടൗൺഷിപ്പുകൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം നിയമത്തിന്റെ സംരക്ഷണം കിട്ടാത്ത ഒരു സ്ഥിതി വിശേഷം കണക്കിലെടുത്ത് അതിന് തക്കതായ നടപടി സ്വീകരിക്കണം.

സർ, അവിടങ്ങളിൽ സർവ്വേ ചെയ്യാത്ത ഭൂമിയുണ്ട്. റീസർവ്വേ പ്രവർത്തനങ്ങളും പുതിയ സർവ്വേ നടപടികളുമൊക്കെ ആരംഭിച്ചിട്ട് വർഷങ്ങൾ എത്രയോയായി. പതിറ്റാണ്ടുകൾ കഴിഞ്ഞു. 'കോഴിയുടെ മുലയൂട്ടു'പോലെ ഇന്നും അതിന്റെ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. അതുകൊണ്ട് കൈവശാവകാശ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ ഭൂമിയുടെ സർവ്വേനമ്പർ കിട്ടുന്നില്ല. സബ്ഡിവിഷൻ നടക്കുന്നില്ല. അതുകൊണ്ട് അതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഇന്നും അവിടത്തെ കർഷകർക്ക് നേരിടേണ്ടിവരുന്നുവെന്നാണെന്റെ അഭിപ്രായം. പട്ടയത്തെ സംബന്ധിച്ച് പറയുമ്പോൾ 1977 ജനുവരി ഒന്നിനുമുമ്പ് യഥാർത്ഥത്തിൽ ഉത്തമവിശ്വാസത്തോടുകൂടി ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്ന കൈവശക്കാർക്ക് പട്ടയം നൽകുമെന്ന് എത്രയോകാലമായി പറഞ്ഞുകൊണ്ടിരിക്കുന്നു. കേരളകോൺഗ്രസ്സ് അതിലും വിശേഷിച്ച് ശ്രീ. പി. ജെ. ജോസഫ് ആണെങ്കിൽ എത്രപ്രാവശ്യം ഇതിനെ സംബന്ധിച്ച് അന്ത്യശാസനം പുറപ്പെടുവിച്ചിട്ടുണ്ട്. കേരള കോൺഗ്രസ്സുകാരുടെ അന്ത്യശാസനമെന്നു പറഞ്ഞാൽ, അതിന് ഈ രാജ്യത്ത് ആരും ഒരു വിലയും കൽപ്പിക്കുന്നില്ല. അതൊക്കെ കേവലമൊരു രാഷ്ട്രീയ വിലപേശൽ എന്നതിനപ്പുറത്ത് ആരും ഒരു വിലയും കൽപ്പിക്കുന്നില്ല. 1977 ജനുവരി ഒന്നിനു മുമ്പ് കൈവശക്കാരായിട്ടുള്ള മലയോര കർഷകർക്ക് പട്ടയം കൊടുക്കുന്നതിനുവേണ്ടി ചില സംവിധാനങ്ങളൊക്കെ നടക്കുന്നുണ്ടെന്ന് പറയുന്നു. വനം വകുപ്പിലെ ഉദ്യോഗസ്ഥൻമാരും റവന്യൂവകുപ്പിലെ ഉദ്യോഗസ്ഥൻമാരും സംയുക്തമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ആ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് അയച്ച് അതിനെത്തുടർന്ന് പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ നടക്കുന്നുവെന്ന് പറഞ്ഞു. ഇന്ന് മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയെ സംബന്ധിച്ച് ഞാൻ ഒന്നും പറയുന്നില്ല. അതിൽ വരുന്ന ക്രമക്കേടുകളൊക്കെ വേറൊരുകാര്യമാണ്.

മലബാർ പ്രദേശത്തെ ഇത്തരത്തിലുള്ള കൈവശ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം സർവ്വേയോ, ഇത്തരത്തിലുള്ള പരിശോധനകളോ ഒന്നും നടത്തിയിട്ടുള്ളതായി എന്റെ അറിവിലില്ല. അങ്ങനെയുണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാൽ ഞാൻ സമ്മതിക്കാം. എം. പി. പി. എഫ്. ആക്ടിന്റെയും ഭൂപരിഷ്ക്കരണനിയമത്തിന്റെയും പരിധിയിൽ വരാത്തതായിട്ടുള്ള ഒരു പറ്റം കൈവശാവകാശ കൃഷിക്കാർ അവിടെയുണ്ട്. അവരുടെ ഭൂമിക്കുംകൂടി സംരക്ഷണം കിട്ടത്തക്ക വിധത്തിൽ ഈ സംവിധാനങ്ങൾ വ്യാപിപ്പിക്കാൻ അടിയന്തിരമായി എന്തെങ്കിലും ചെയ്യണം, ചെയ്തേ തീരൂ എന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അടുത്തകാലത്ത് ശ്രീ. ജോസഫിന്റെ നേതൃത്വത്തിൽ കുറെ വില്ലേജുകൾ വിഭജിക്കുകയുണ്ടായി. അങ്ങനെ 206 വില്ലേജുകൾ പുതുതായി രൂപീകരിച്ചതായി കണക്കുകളിൽ കാണുന്നു. അതൊരു നല്ലകാര്യമാണ്. ജനസംഖ്യയുടെ അടിസ്ഥാനത്തിലോ, മറ്റടിസ്ഥാനത്തിലോ വിസ്തൃതമായിട്ടുള്ള വില്ലേജുകളെ വിഭജിച്ച് ജനങ്ങൾക്ക് താരതമ്യേന എളുപ്പത്തിൽ സേവനം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാവശ്യമാണ്. അങ്ങനെയാണെങ്കിൽത്തന്നെയും വില്ലേജുകൾ വിഭജിച്ചപ്പോൾ വളരെ വിസ്തൃതവും അതേയവസരത്തിൽ ജനസംഖ്യയിൽ ഒട്ടും പിന്നിലല്ലാത്തതുമായിട്ടുള്ള മലബാർ പ്രദേശത്തുള്ള പല വില്ലേജുകളും ഇനിയും വിഭജിച്ചിട്ടില്ല. ഇതിനുള്ള മാനദണ്ഡമെന്താണെന്നു മനസ്സിലാകുന്നില്ല. അത് ജനസംഖ്യയാണോ, ഭൂമിശാസ്ത്രപരമായ വിസ്തൃതിയാണോയെന്ന് എനിക്കറിയില്ല. ഭൂമിശാസ്ത്രപരമായ വിസ്തൃതിയാണെങ്കിൽ ഇന്നും അറുപതും എഴുപതും ചതുരശ്ര കിലോമീറ്റർ വീതം വിസ്തൃതിയുള്ള വില്ലേജുകൾ മലബാർ ഭാഗത്ത് ഇപ്പോഴും അതേപടി തുടരുന്നു. അതേ സമയത്ത് വളരെ വിസ്തൃതി കുറഞ്ഞ വില്ലേജുകൾ വിഭജിച്ചിട്ടുള്ളതായി കാണുന്നു. ഇത് ശരിയല്ല. ഈ രാജ്യത്തെ ജനങ്ങളെല്ലാം ഒരുപോലെ തന്നെയാണ്. എല്ലാ പൗരൻമാർക്കും തുല്യമായ അവകാശങ്ങളുണ്ട്. ഇവിടങ്ങളിൽ ഒരു വില്ലേജാഫീസിനെ ആശ്രയിക്കണമെങ്കിൽ അവർക്ക് പത്തും പതിനഞ്ചും കി. മീ. നടന്ന്, ദുർഘടങ്ങളായ വഴികൾ താണ്ടിപോകേണ്ട സ്ഥിതിവിശേഷമാണുള്ളത്. ചിലപ്പോൾ അവിടെ ഗതാഗതസൗകര്യംപോലും കാണുകില്ല. എന്നാൽ മറ്റു ചില സ്ഥലങ്ങളിൽ ആണെങ്കിൽ വിളിച്ചാൽ കേൾക്കുന്ന സ്ഥലത്ത് പുതിയതായി രൂപീകരിക്കുകയും ചെയ്യുന്നു. ഇങ്ങനെ വിവേചനാപരമായി പ്രവർത്തിക്കുന്നതൊന്ന് അവസാനിപ്പിച്ച് വിസ്തൃതമായിട്ടുള്ള വില്ലേജുകൾ വിഭജിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അപേക്ഷിക്കുകയാണ്. അതിനെ സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ പ്രൊപ്പോസലുകളുണ്ട്. ഇത് റവന്യൂ ബോർഡിൽ ഇപ്പോഴും പരിഗണനയിലുണ്ട് എന്നാണറിവ്. റവന്യൂ ബോർഡെന്നു പറയുന്ന അജഗളസ്തനത്തെക്കുറിച്ച് എത്രയോ വർഷങ്ങളായി പറയുന്നു. റവന്യൂ ബോർഡെന്നു പറയുന്നത് ഒരു അജഗളസ്തനമാണ്. ഇതൊരു ഇടനിലക്കാരനാണ്. കാലതാമസം വരുത്തുന്നതിന് കാരണമാകുക എന്നതിനപ്പുറത്ത് അതിന്റെ ഉദ്ദേശമെന്തെന്ന് മനസ്സിലാകുന്നില്ല. ഇക്കാര്യത്തിലാർക്കും വിയോജിപ്പുണ്ടെന്നു തോന്നുന്നില്ല. കേരള കോൺഗ്രസ്സിന് ഇക്കാര്യത്തിൽ വിയോജിപ്പുണ്ടോ? പണ്ടുമുതലേ പറയാറുണ്ട് റവന്യൂ ബോർഡൊരു വെള്ളാനയാണെന്ന്. ആ വെള്ളാനയെ അവസാനിപ്പിക്കുന്നതിനെ സംബന്ധിച്ച് എല്ലാവരും ഒരേ അഭിപ്രായക്കാരാണ്. അതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ റവന്യൂബോർഡിന്റെ പരിഗണന കഴിഞ്ഞോ, ഗവൺമെന്റിന് സമർപ്പിക്കാൻ പോകണോ, സമർപ്പിച്ചിട്ടുണ്ടോ എന്താണെന്ന് എനിക്കറിയില്ല. അതുപോലെ ചില താലൂക്കുകളെ സംബന്ധിച്ച്, ശ്രീ. ജോസഫിന് ഇക്കാര്യത്തിൽ ഉണ്ടാകുന്ന ധർമ്മസങ്കടം ഞാൻ മനസ്സിലാക്കുന്നു. ഒരു താലൂക്കായിട്ട് പ്രത്യേകം രൂപീകരിക്കാൻ സാധിക്കില്ല. ഒരുപാട് താലൂക്കുകളെ സംബന്ധിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വളരെ ശക്തമായ സമ്മർദ്ദങ്ങളും ഡിമാൻറുകളുമുണ്ടെന്നുള്ളത് ഞാൻ സമ്മതിക്കുന്നു. ഇതിന്റെ സാമ്പത്തിക പരിഗണനയും കണക്കിലെടുക്കേണ്ടതാണ്. ജനസംഖ്യയുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നതും കേരളത്തിൽ വിസ്തൃതിയുടെ കാര്യത്തിൽ രണ്ടാംസ്ഥാനത്തു നിൽക്കുന്നതുമായ ഒരു താലൂക്കാണ് കോഴിക്കോട് താലൂക്ക്. അതിന്റെ കിടപ്പെങ്ങനെയാണെന്നുള്ളതിനെക്കുറിച്ച് ഞാൻ വിവരിക്കുന്നില്ല. ഒരു താലൂക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഹെഡ്കാർട്ടേഴ്സ് ആശുപത്രി അവിടെയില്ല. ഇത് വളരെ വിചിത്രമല്ലേ?

ശ്രീ. ടി. എസ്. ജോൺ: അവിടെയൊരു മെഡിക്കൽ കോളേജാശുപത്രിയുണ്ടല്ലോ?

ശ്രീ. സിറിയക് ജോൺ: മെഡിക്കൽ കോളേജ് ഒരു താലൂക്കിന്റെ പരിധിയിൽ വരുന്നതല്ലല്ലോ. ഏതായാലും കോഴിക്കോടു പോലുള്ള താലൂക്കുകൾ വിഭജിക്കണം. ടി. എസ്. ജോണിന്റെ മല്ലപ്പള്ളി താലൂക്ക് അനുവദിച്ചതിന്റെ പിന്നിൽ.....(ബഹളം)..... ഇന്നലെ പെയ്ത മഴയ്ക്ക് കുരുത്ത തകര എന്നു പറയുന്നതുപോലെ അവിടെ താലൂക്ക് രൂപീകരിച്ചതിന്റെ പിന്നിൽ ഉള്ള കാര്യങ്ങളൊക്കെ നമുക്കറിയാം. ചരിത്രാതീത കാലമായി നിലനിൽക്കുന്ന ഒരു താലൂക്കാണ് കോഴിക്കോട് താലൂക്ക്. അവിടെയൊരു താലൂക്കാശുപത്രിയില്ലായെന്നു പറയുമ്പോഴും ഇത് രണ്ടും തമ്മിൽ എങ്ങനെയാണ് താരതമ്യപ്പെടുത്തുന്നത്? ശ്രീ. ടി. എസ്. ജോണിനെപ്പോലെയുള്ള നല്ല മനുഷ്യർ ഇങ്ങനെ ക്രൂരൻമാരായിപ്പോയല്ലോ. അതുപോലെ താമരശ്ശേരി ആസ്ഥാനമാക്കി ഒരു താലൂക്ക് രൂപീകരിക്കുന്നതിനെ സംബന്ധിച്ച് റവന്യൂ ബോർഡിന്റെ പരിഗണനയിലുണ്ട്. കോഴിക്കോട് താലൂക്കിനെക്കുറിച്ച് പറയുമ്പോഴും, ഒരുപക്ഷേ കൊയിലാണ്ടി താലൂക്കും വളരെ വിസ്തൃതമാണ്, ആ താലൂക്കിലെ കിഴക്കൻമേഖലകളെ ഉൾപ്പെടുത്തിക്കൊണ്ടായിരിക്കണം താമരശ്ശേരി താലൂക്കു രൂപീകരിക്കുന്നതും. അതൊക്കെ സാങ്കേതികമായ പ്രശ്നങ്ങളാണ്. അത് ഗവൺമെന്റ് തീർച്ചയായും പരിഗണിക്കണം. പലയിടത്തുനിന്നും അതിനെക്കുറിച്ച് നിവേദനങ്ങളുണ്ട്. ഡിമാന്റുകളുണ്ട്. അതുകൊണ്ട് ഏറ്റവും ന്യായമായിട്ടുള്ള ഡിമാന്റുകളെ മാറ്റിവയ്ക്കുന്നത് ഭൂഷണമല്ലെന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്.

ഇപ്പോഴും പട്ടയം ലഭിക്കാത്ത നിരവധിയാളുകളുണ്ട്. പലയിടത്തും ട്രൈബ്യൂണലുകൾ നിറുത്തലാക്കി. ട്രൈബ്യൂണലുകൾ അതേപടി നിലനിറുത്തണമെന്ന അഭിപ്രായമെനിക്കില്ല. ഏറെക്കുറെ ജോലികൾ ചെയ്തു തീർത്തുകഴിഞ്ഞാൽ ആ ട്രൈബ്യൂണലുകൾ അബോളിഷ് ചെയ്തിട്ട് മറ്റൊരു ട്രൈബ്യൂണലിലേയ്ക്ക് ആ മേഖലയിലെ ജോലികൾ നീക്കം ചെയ്യുന്നതിൽ തെറ്റില്ല. പക്ഷേ ഇപ്പോഴും അങ്ങനെയുള്ള ചില സ്ഥലങ്ങളിൽ ഒക്കെ, ഉദാഹരണമായിപ്പറഞ്ഞാൽ, കൊടുവള്ളി, കുന്നമംഗലം എന്നിവയുടെ പരിധിക്കകത്തുള്ള പട്ടയത്തെ സംബന്ധിച്ചിടത്തോളം ഇപ്പോഴും അപേക്ഷകൾ ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകളിൽ വർഷങ്ങളായി കെട്ടിക്കിടക്കുകയാണ്. അവിടത്തെ കർഷകർ അല്ലെങ്കിൽ കൈവശാവകാശക്കാർ ലാന്റ് ട്രൈബ്യൂണലുകളിൽ കയറിയിറങ്ങി നടന്ന് തളർന്ന് ഇപ്പോഴും അവിടെ തിരിഞ്ഞുനോക്കാത്ത സ്ഥിതിവിശേഷമായിപ്പോയി. നടന്നുനടന്നു അവരുടെ കാലുതേഞ്ഞു. അതുകൊണ്ട് സമയ ബന്ധിത പരിപാടി വച്ചുകൊണ്ട് 1986 ഡിസംബർ 31-ാം തീയതിക്കകം, വളരെ വർഷങ്ങളായുള്ള അപേക്ഷകർക്ക് പട്ടയം നൽകിയിരിക്കണം, തീരുമാനമെടുത്തിരിക്കണമെന്ന് ശ്രീ. ജോസഫ് ബന്ധപ്പെട്ട ട്രൈബ്യൂണലുകൾക്ക് വളരെ കർക്കശമായിട്ടുള്ള ഒരു നിർദ്ദേശം നൽകുന്നത് നന്നായിരിക്കുമെന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്.

ലാൻറ് റവന്യൂവിനെ സംബന്ധിച്ചു പറയുമ്പോൾ 1984-85 കാലഘട്ടത്തിലാണ് എന്നാണ് എന്റെ ഓർമ്മ; എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വിവിധ സ്ഥലങ്ങളിലുണ്ടായ ഉരുൾപൊട്ടലിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

ധാരാളം നാശനഷ്ടങ്ങളുണ്ടായി. റവന്യൂവകുപ്പു മന്ത്രിയും റവന്യൂ സെക്രട്ടറിയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമൊക്കെ ഒട്ടും വൈകാതെതന്നെ ആ സ്ഥലങ്ങളിൽ വരുകയും നിരീക്ഷണങ്ങളൊക്കെ നടത്തി ചില നിർദ്ദേശങ്ങളും കൊടുക്കുകയും ചെയ്തു. അന്ന് അങ്ങനെ നാമാവശേഷമായ ചില റോഡുകളൊക്കെതന്നെ ഫ്ളഡ് റിലീഫ് ഫണ്ടിലോ മറ്റോ ഉൾപ്പെടുത്തിക്കൊണ്ട് ഗതാഗതയോഗ്യമാക്കി തീർക്കുമെന്ന് കോൺഫറൻസിൽവച്ച് മന്ത്രിയും റവന്യൂസെക്രട്ടറിയും അഷ്വറൻസ് നൽകിയിരുന്നതാണ്. പക്ഷെ അതൊന്നും ഇതുവരെ നടന്നിട്ടില്ല. അതുപോലെ അന്ന് കേടുപാടുകൾ സംഭവിച്ച വീടുകൾക്കും പരിക്കേറ്റ ആളുകൾക്കുമെല്ലാം ഗവൺമെൻറ് ധാരാളം സഹായങ്ങൾ വാഗ്ദാനം ചെയ്തിരുന്നു. ആരോ പറഞ്ഞതുപോലെ ഉറങ്ങിക്കിടന്നവരെ വിളിച്ചുണർത്തിയിട്ട് അത്താഴമില്ലായെന്നു പറയുന്നതുപോലെയാണിത്. ഒരു വർദ്ധിപ്പിച്ച റേറ് തീരുമാനിച്ചു. 750 ആയിരുന്നത് 1500 ആണെന്ന് പ്രഖ്യാപിച്ചു. ആദ്യം കൊടുത്ത ഗഡു കഴിച്ചിട്ട് ബാക്കി അവശേഷിക്കുന്ന ഗഡു കൊടുക്കാമെന്നു പറഞ്ഞു. സർ, ഇപ്പോഴും 1984–85–ൽ തന്നെയുള്ള കേസ്സുകൾ ബാക്കി കൊടുത്തു തീർക്കാതെയുണ്ടെന്നുള്ള കാര്യം ഞാൻ ഈയവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. അതിനെ സംബന്ധിച്ച് ശ്രീ. പി. ജെ. ജോസഫ് പ്രത്യേകമായി ഒന്നന്വേഷിക്കണം. അങ്ങനെ ആർക്കെങ്കിലും ബാക്കി കൊടുത്തു തീർക്കാനുണ്ടെങ്കിൽ അത് കൊടുത്തു തീർക്കാനുള്ള നിർദ്ദേശം കൊടുക്കണം. ഹൗസിംഗിൻെറ കാര്യത്തെ സംബന്ധിച്ച് ഒരുവാക്കുകൂടി പറയുകയാണ്. വോളൻറിറി ഓർഗനൈസേഷൻസ് സ്പോൺസർ ചെയ്തിട്ടുള്ള ഹൗസിംഗ് സ്കീമുണ്ട്. ശ്രീ. പി. ജെ. ജോസഫ് ഭാവനാശൂന്യനാണെന്ന് എനിക്ക് അഭിപ്രായമില്ല. അദ്ദേഹം ആ രംഗത്ത് ഭാവനാപരമായിട്ടുതന്നെ പ്രവർത്തിക്കുന്നുണ്ടെന്നുള്ള കാര്യത്തിൽ സംശയമില്ല. പക്ഷെ അവിടെയും വിവേചനമുണ്ട്. ആദ്യത്തെ ഗഡു കൊടുത്തുകഴിഞ്ഞാൽ അതിനെതുടർന്നുള്ള ജോലികൾ ഒരു നിശ്ചിത ഘട്ടംവരെ പൂർത്തിയായിക്കഴിഞ്ഞാൽ രണ്ടാമത്തെ ഗഡു കൊടുക്കണമെന്നുണ്ട്. അങ്ങനെ ഓരോന്നിനെ സംബന്ധിച്ചിടത്തോളവും ഗഡുക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴും രണ്ടാം ഘട്ടവും മൂന്നാം ഘട്ടവും പൂർത്തിയായിട്ടുപോലും രണ്ടാം ഗഡു കൊടുക്കാത്ത ധാരാളം സ്ഥലങ്ങളുണ്ട്. അങ്ങനെ കൊടുക്കാത്ത സ്ഥലങ്ങളെ പറ്റി ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ അത് ഒരുപക്ഷേ ഫണ്ടില്ലാത്തതുകൊണ്ടാണെന്നോ മറ്റും ഒക്കെയാണ് ന്യായം പറയുന്നത്. ഈ കാര്യങ്ങളെ സംബന്ധിച്ച് വേറെ ചിലയിടത്ത് വിവേചനങ്ങൾ നടന്നതായി റിപ്പോർട്ടുണ്ട്. ഉദാഹരണത്തിന് തൊടുപുഴയിൽ പണികളെല്ലാം പൂർത്തിയായശേഷം കൊടുക്കേണ്ട അവസാന ഗഡു പണി പൂർത്തിയാകുന്നതിനു മുമ്പുതന്നെ പൂർണ്ണമായി കൊടുത്തുകഴിഞ്ഞിരിക്കുന്നു. മൂവാറ്റുപുഴയിലും അതുതന്നെയാണ് സ്ഥിതി. ഇതൊക്കെ പത്രവാർത്തകളിൽ കേൾക്കുന്നതാണ്. അങ്ങനെയാണ് സംഭവിക്കുന്നതെങ്കിൽ അത് വളരെ മോശമാണ്, അല്പത്തരമാണ്, വിവേചനപരവുമാണ്. എന്താണ് പ്രതിജ്ഞ, എല്ലാവരോടും തുല്യ നീതിയെന്നല്ല? ഇവിടെ പ്രതിജ്ഞ ലംഘിച്ചവരിൽ ചിലരെ പുറത്തുനിർത്തിയിട്ടുണ്ട്. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. മൂവാറ്റുപുഴക്കാരോട് ഒരു നീതി, തൊടുപുഴക്കാരോട് ഒരു നീതി, സംസ്ഥാനങ്ങളിലെ മറ്റു ഭാഗങ്ങളിൽ താമസിക്കുന്നവരോട് വേറൊരു നീതി. ഇത് പ്രതിജ്ഞയ്ക്കു ചേർന്നതാണോ? എന്തൊക്കെ പറഞ്ഞാലും ശ്രീ. പി. ജെ. ജോസഫ് കുറെയൊക്കെ മാന്യമായി പെരുമാറുന്ന ആളാണ് എന്നാണ് ഈ രാജ്യത്തെ ജനങ്ങളും വിശ്വസിക്കുന്നത്. ഞങ്ങളുംകൊന്നും അതിൽ അഭിപ്രായവ്യത്യാസമില്ല. ഇവിടെ റവന്യൂ ഭൂമി പതിച്ചുകൊടുക്കുന്ന ഒരു ഏർപ്പാടുണ്ട്. പതിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നതെന്നു പറയുന്ന ഈ ഭൂമി തറവാടു് സ്വത്താണോ? ശ്രീ. പി. ജെ. ജോസഫ് ഇതിലൊക്കെ വശംവദനായിപ്പോകുന്നതിൽ എനിക്കു് സങ്കടമുണ്ടു്. അവസാനം വന്നുവന്നു് ഈ മന്ത്രിസഭയിലെ ഒരു മന്ത്രിയുടെ മകന്റെ പേരിൽ കൊച്ചി കോർപ്പറേഷനിലെ 15 സെന്റു് സ്ഥലം പതിച്ചെടുക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികളും തുടങ്ങിയതു്. എന്തു റോക്കറ്റു വേഗതയിലാണു്. ചുവപ്പുനാടയൊന്നും അവിടെ ബാധകമല്ല. മന്ത്രിക്കു് പെറ്റീഷൻ കൊടുക്കുന്നു, ജില്ലാ കളക്ടർക്കു് അതു് എത്തുന്നു, കളക്ടർ തഹസീൽദാർക്കു കൊടുക്കുന്നു, അവസാനം തഹസീൽദാർ ഇതുസംബന്ധിച്ചു് റിപ്പോർട്ടു കൊടുക്കുന്നു ഇതെല്ലാം രണ്ടു ദിവസം കൊണ്ടു നടക്കുന്നു. എത്ര കാര്യശേഷിയുള്ള ഒരു ഭരണ സംവിധാനമാണു്, നാണക്കേടാണു സർ. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. ഇ. ജെ. ലൂക്കോസ്: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണു്. ഈ രാജ്യത്തു് സഹകരണ രംഗത്തു് വരുത്തേണ്ട പ്രധാനപ്പെട്ട കാര്യങ്ങളെപ്പറ്റി എനിക്കു മുമ്പു സംസാരിച്ച ശ്രീ. കെ. പി. എ. മജീദു് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തു് ഭക്ഷ്യസാധനങ്ങളുൾപ്പെടെയുള്ള സാധനങ്ങളും വില കുറച്ചു വിൽക്കുന്നതിനു് സിവിൽ സപ്ലൈസു് കോർപ്പറേഷനിൽനിന്നും മാവേലി സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ടെങ്കിലും അതു് പൂർണ്ണമല്ല. നമ്മുടെ പ്രാദേശികമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വില്ലേജു് കോ—ഓപ്പറേറ്റീവു് ബാങ്കുകളും മുഖേന മാവേലി സ്റ്റോറുകളും നടത്താൻ താല്പര്യമുണ്ടെങ്കിലും സാമ്പത്തികമായ ബുദ്ധിമുട്ടുകളുംമൂലം ഉദ്യോഗസ്ഥൻമാരെ നിയമിക്കേണ്ടി വരുന്നതുകൊണ്ടു് അതു് ഫലപ്രദമായി പ്രാവർത്തികമാക്കാൻ സാധിക്കുകയില്ല. അങ്ങനെയുള്ള സഹകരണ മാവേലി സ്റ്റോറുകളും അതുപോലെ ജില്ലാ കേന്ദ്രങ്ങളിലുള്ള ഹോൾസെയിൽസു് കോ—ഓപ്പറേറ്റീവു് സ്റ്റോറുകളുമാണെങ്കിൽ അതു് ഫലപ്രദമായി പ്രവർത്തിക്കുവാൻ പ്രത്യേകിച്ചു് വില്ലേജു് കോ—ഓപ്പറേറ്റീവു് ബാങ്കിനോടനുബന്ധിച്ചുള്ള മാവേലി സ്റ്റോറുകളും ഫലപ്രദമായി നടപ്പിലാക്കാനുള്ള സാമ്പത്തിക സഹായം നൽകണം. അതുപോലെതന്നെ ആവശ്യമായ പരിഷ്കാരങ്ങളും വരുത്തിക്കൊണ്ടു് നല്ല ഒരു സഹകരണ നിയമം ഉണ്ടാക്കാനും ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം അവർക്കു് സംരക്ഷണം നൽകുന്ന 80—ാം വകുപ്പു് ഫലപ്രദമായി നടപ്പിലാക്കാനും ശ്രദ്ധിക്കണമെന്നു് അപേക്ഷിക്കുകയാണു്. ഇവിടെ നമ്മുടെ സംസ്ഥാനത്തു് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ ഭരണ പരിഷ്കാരങ്ങളും, അതിൽ പ്രത്യേകിച്ചും ജില്ലാകേന്ദ്രങ്ങളിൽ കളക്ടറേറ്റിനോടനുബന്ധിച്ചുള്ള അപര്യാപ്തതകളും ഇവിടെ സൂചിപ്പിക്കപ്പെടുകയുണ്ടായി. ഇടുക്കി കളക്ടറേറ്റിൽ ഉദ്യോഗസ്ഥൻമാർ ചൊവ്വാഴ്ച വരികയും വ്യാഴാഴ്ച തിരികെ പോകുകയും ചെയ്യുന്ന സാഹചര്യമാണുള്ളതെന്നു് ശ്രീ. കെ. കെ. തോമസ് ഇവിടെ സൂചിപ്പിച്ചു. അതിനു് പ്രധാന കാരണം അവിടെയുള്ള ഉദ്യോഗസ്ഥൻമാർക്കു് താമസിക്കാനുള്ള സൗകര്യമില്ലായെന്നുള്ളതാണു്. കുട്ടികളെ കൊണ്ടുവന്നു കഴിഞ്ഞാൽ അവരെ പഠിപ്പിക്കാനുള്ള സൗകര്യമില്ല, ഒരു സിനിമ കാണണമെങ്കിൽ അതിനുള്ള സൗകര്യമില്ല, ഭക്ഷണം ലഭിക്കാനുള്ള സൗകര്യവും കുറവാണു്. ഇന്നു് ആ പ്രദേശത്തെ ഭൂമി മുഴുവൻ ഗവൺമെന്റിന്റെ വകയാണു്. ഇതിൽ എട്ടോ പത്തോ ഏക്കർ സ്ഥലമെടുത്തു് അഞ്ചും പത്തും സെന്റു സ്ഥലംവീതം സഹകാര്യ വ്യക്തികൾക്കു് വിട്ടുകൊടുക്കുകയാണെങ്കിൽ അവിടെ കെട്ടിടങ്ങളോ ലോഡ്ജുകളോ നിർമ്മിച്ചു് താമസിക്കാനുള്ള സൗകര്യം കിട്ടും. കാർട്ടേഴ്സു് ഉണ്ടാകും, ഭക്ഷണം കഴിക്കാനുള്ള സൗകര്യമുണ്ടാകും. ആ തരത്തിലുള്ള ഒരു മാറ്റം

LIBRARY ARCHIVES Kerala Legislative Assembly

വരുത്തുകയാണെങ്കിൽ ഉദ്യോഗസ്ഥൻമാർ സ്ഥിരമായി അവിടെ താമസിച്ച് ജോലിചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ കളക്ടറേറുകളിലും താലൂക്ക് ഓഫീസുകളിലും ഇന്ന് അഹമ്മദ് നഗർ പരിഷ്കരണം ഏർപ്പെടുത്തിയതിന്റെ ഫലമായി അവിടെയെല്ലാം എൻകയറി കൗണ്ടറുകളും ഏർപ്പെടുത്തി. ഇന്ന് കളക്ടറേറുകളിൽ കാര്യങ്ങളന്വേഷിച്ചു ചെല്ലുന്ന ആളുകളെ സംബന്ധിച്ചിടത്തോളം വളരെ വേഗത്തിൽ കാര്യങ്ങൾ നടപ്പാക്കാനും അതുപോലെ ജോലികൾ നിർവ്വഹിക്കാനും സാധിക്കുന്നുണ്ട്. ഈ അഹമ്മദ്നഗർ പരിഷ്കരണം ഇനി വില്ലേജാഫീസുകളിലേയ്ക്കും ഏർപ്പെടുത്തിക്കൊണ്ട് ആ രീതിയിൽ മാറ്റം വരുത്താൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്ഥാനത്ത് ഇരുനൂറിൽപ്പരം പുതിയ വില്ലേജുകൾ ആരംഭിച്ചിട്ടുണ്ട്. ശ്രീ. സിറിയക് ജോൺ സൂചിപ്പിച്ചതുപോലെ വിസ്തൃതമായ ചില പ്രദേശങ്ങളിൽ ഇനിയും വില്ലേജുകൾ വിഭജിക്കേണ്ടതുണ്ട്. അങ്ങനെയുള്ള പ്രദേശങ്ങൾ വിഭജിക്കണം. അതുപോലെ നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ ചരിത്രത്തിൽ ഇതുവരെ 600 വില്ലേജാഫീസുകൾ മാത്രമേ പണി കഴിപ്പിച്ചിട്ടുള്ളൂ. ഈയടുത്തകാലത്ത് ജനപങ്കാളിത്തത്തോടുകൂടി പുതിയ വില്ലേജാഫീസുകൾ പണിതുകൊണ്ടിരിക്കുകയാണ്. വില്ലേജാഫീസുകളെ സംബന്ധിച്ചിടത്തോളം ഇന്ന് എല്ലാ കാര്യങ്ങൾക്കും ജനങ്ങൾ സമീപിക്കേണ്ട ഒരു സ്ഥാപനമാണ്. റിക്കോർഡുകൾ സൂക്ഷിക്കണം, വരുമാന സർട്ടിഫിക്കറ് ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങൾക്കും ആശ്രയിക്കേണ്ട ഒരു സ്ഥാപനമെന്നുള്ള നിലയിൽ സൗകര്യമുള്ള കെട്ടിടങ്ങളിൽ അവശേഷിക്കുന്ന എല്ലാ പ്രദേശങ്ങളിലും ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാനുള്ള ബഹുമാന്യനായ മന്ത്രിയുടെ ശ്രമം തുടരട്ടെയെന്ന് ഞാൻ ആശംസിക്കുകയാണ്. അതുപോലെതന്നെ ഇന്ന് വില്ലേജാഫീസുകളിൽ ജോലി വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് അവിടേയും ആവശ്യമായ കൂടുതൽ സ്റ്റാഫിനെ നിയമിച്ച് അവരുടെ ജോലികൾ കൃത്യമായി നടത്തുന്നതിനുള്ള ക്രമീകരണമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റ് ആളുകൾ സൂചിപ്പിച്ചതുപോലെ ഈ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവനനിർമ്മാണ പദ്ധതികൾക്ക് ആദ്യം 25,000 വീടുകൾ എന്ന് ഉദ്ദേശിച്ചു. നമ്മുടെ ഇൻഡ്യൻ പ്രസിഡൻറുതന്നെ വന്ന് അങ്കമാലിയിൽവച്ച് അതിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചു. ഇന്ന് സന്നദ്ധ സംഘടനകൾ മുന്നോട്ടു വന്ന് ഈ പദ്ധതികൾ വിജയപ്രദമാക്കുന്നതിന് സഹകരിക്കുന്നു. അതുപോലെതന്നെ വീടുകൾ ലഭിക്കുന്ന വ്യക്തികളുടെ സഹകരണത്തോടുകൂടി ഈ വീടുകൾ നിർമ്മിക്കുന്നതുകൊണ്ട് ലക്ഷംവീടു പദ്ധതിയനുസരിച്ച് നിർമ്മിച്ചതിനേക്കാൾ ബലവത്തായ വീടുകൾ ഇന്ന് നിർമ്മിക്കാൻ സാധിക്കുന്നുണ്ട്. ആദ്യം നമ്മുടെ സംസ്ഥാനത്തെ സന്നദ്ധ സംഘടനകൾക്ക് 1,000 രൂപ അന്ന് മുടക്കേണ്ടിയിരുന്നെങ്കിൽ ഇന്ന് 250 രൂപ മാത്രം സന്നദ്ധ സംഘടനകൾ മുടക്കി 1,500 രൂപ സബ്സിഡി ലഭിച്ച് 4,500 രൂപ വർഷങ്ങൾകൊണ്ട് തിരിച്ചടയ്ക്കേണ്ട ഈ സ്കീം, കഴിഞ്ഞ ജനുവരി 31—ാം തീയതി തുടങ്ങിയ ഈ പദ്ധതിപ്രകാരം സെപ്റ്റംബർ മാസത്തിന്റെ അവസാനത്തോടുകൂടി ഈ സംസ്ഥാനത്ത് ഒരുലക്ഷത്തിൽപരം വീടുകൾ ഒരു വർഷംകൊണ്ട് നിർമ്മിക്കാൻ സാധിച്ചുവെന്നുള്ളതും ഹൗസിംഗ് ഡിപ്പാർട്ടുമെന്റിന്റെതന്നെ മേൽനോട്ടം വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെയുള്ള ആളുകൾ കൂട്ടായി ശ്രമിച്ചതിന്റെ ഒരു വിജയമായി നമുക്ക് കാണാൻ സാധിക്കും.

ശ്രീ. സി. ടി. കൃഷ്ണൻ: ഹൗസിംഗിന്റെ സന്നദ്ധസംഘടനകളുടെ വീടുകളെപ്പറ്റി പറഞ്ഞല്ലോ? ആയിരക്കണക്കിന് ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും തല ചായ്ക്കാൻ ഇടമില്ലാതെ മരച്ചുവട്ടിലാണ് മഴയത്ത് കിടക്കുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ജെ. ലൂക്കോസ്: സർ, ഇതിനെപ്പറ്റി കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി തന്നെ ഒരു ചോദ്യത്തിനുത്തരമായി ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഏതെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് മന്ത്രിയോട് സൂചിപ്പിച്ചാൽ മതി. കഴിഞ്ഞ ദിവസം മന്ത്രി പാലക്കാട് ജില്ലയിൽ വന്ന് അതിനനുസരിച്ച് വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്.

വനം വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ബഹുമാനപ്പെട്ട മെമ്പർ കഴിഞ്ഞ ദിവസം പറഞ്ഞപ്പോഴും ഞാൻ പറഞ്ഞതാണ്, പാലക്കാട് ജില്ലയിൽ സർട്ടിഫിക്കറ്റ് കിട്ടിയിട്ടുള്ള എല്ലാ കേസുകളിലും ഗഡുക്കം കൊടുത്തിട്ടുണ്ട്; കൊടുത്തു കഴിഞ്ഞു.

ശ്രീ. ഇ. ജെ. ലൂക്കോസ്: ഏതായാലും നമ്മുടെ സംസ്ഥാനത്ത് ഒരു വർഷം കൊണ്ട് ഒരു ലക്ഷത്തിൽപ്പരം വീടുകളും നിർമ്മിക്കുവാൻ സന്നദ്ധ സംഘടനകളും മറ്റ് ഏജൻസികളും മുന്നോട്ട് വന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു, പദ്ധതി തുടരണം. നമ്മുടെ സംസ്ഥാനത്ത് ഇന്ന് മറ്റു പല വിഭാഗത്തിലുള്ള ഹൗസിംഗ് സ്കീമുകളുണ്ട്. ഫിഷറീസ് ഡിപ്പാർട്ടുമെന്റ്, ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി., ഹരിജനങ്ങൾക്കുള്ള പദ്ധതി ഈ തരത്തിൽ വിവിധ പദ്ധതികളും ഫലപ്രദമായി നടപ്പിലാക്കാനും അങ്ങനെ പാവപ്പെട്ടവർക്ക് തല ചായ്ക്കാനുള്ള സൗകര്യം ഉണ്ടാക്കാനും കഴിയണം. ശ്രീ. കെ. കെ. തോമസ് ഇവിടെ സൂചിപ്പിച്ചതുപോലെ ഇടത്തരവരുമാനക്കാരായിട്ടുള്ളവരുടെ ഭവന നിർമ്മാണപദ്ധതിയെ സംബന്ധിച്ച് പ്രത്യേകമായി ശ്രദ്ധിക്കണം. അതുപോലെ വീടുകളോടനുബന്ധിച്ച് സാനിറേഷൻ സൗകര്യങ്ങൾ—കക്കൂസ്, കുളിമുറി—തുടങ്ങിയവ കൂടി ഇവിടെ നിർമ്മിച്ചുകൊടുക്കുവാൻ പ്രത്യേകമായി ശ്രദ്ധിക്കണം. ഇന്ന് അവർക്ക് ആവശ്യമായിട്ടുള്ള കെട്ടിട നിർമ്മാണത്തിനാവശ്യമായിട്ടുള്ള വില കുറഞ്ഞ ഉപകരണങ്ങൾ, ഇഷ്ടിക തുടങ്ങിയ മെറ്റീരിയൽസ് നിർമ്മിക്കുവാനുള്ള പദ്ധതികൂടി നടപ്പിലാക്കണം.

സർ, റീസർവ്വേയുടെ ഫലമായി ഇന്ന് പട്ടയം പാസ് ബുക്ക് കോട്ടയം ജില്ലയിലെ അകലക്കുന്നം വില്ലേജിൽ വിതരണം ചെയ്തു. റീ സർവ്വേയിലൂടെ പട്ടയം പാസ് ബുക്ക് നൽകി കൂടുതൽ ആളുകൾക്ക് അവരുടെ വസ്തുവിനെ സംബന്ധിച്ചുള്ള രേഖയും അതിൽ അവരുടെ ബാങ്കിൽ നിന്നുള്ള വായ്പയും ഉൾപ്പെടെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തുന്ന സമ്പ്രദായം കൂടി തുടങ്ങണം. കഴിഞ്ഞ വർഷം വെള്ളപ്പൊക്ക ദുരിതത്തിന്റെ ഫലമായി നമ്മുടെ റോഡുകളും നാശപ്പെട്ടുപോയ അവസരത്തിലെ കണക്കു പറഞ്ഞ് കേന്ദ്രത്തിൽ നിന്ന് ധനം വാങ്ങിക്കാനും അത് ഫലപ്രദമായി ഉപയോഗിക്കുവാനും സാധിച്ചിട്ടുണ്ട്. ഇന്ന് തിരുവനന്തപുരം മുതൽ അങ്കമാലിവരെ സഞ്ചരിക്കുന്ന യാത്രക്കാരെ സംബന്ധിച്ചിടത്തോളവും നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ സഞ്ചരിക്കുന്നവരെ സംബന്ധിച്ചിടത്തോളവും ഈ റോഡുകളുടെ പുനരുദ്ധാരണം നടത്തിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുന്നതാണ്.

സർ, അതുപോലെതന്നെ ഇവിടെ താലൂക്കു പുനർവിഭജനത്തെ സംബന്ധിച്ചും പുതിയ താലൂക്കുകൾ ആരംഭിക്കുന്നതിനെക്കുറിച്ചും

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചു. അങ്ങനെ വരുമ്പോൾ പണ്ട് നിർത്തലാക്കിയ ഏറ്റുമാനൂർ താലൂക്ക് ഉൾപ്പെടെയുള്ള താലൂക്കുകൾ പുനരാരംഭിക്കണം. സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

ശ്രീ. കെ. പങ്കജാക്ഷൻ: സർ, താലൂക്ക്, വില്ലേജ് പുനർവിഭജനത്തെ സംബന്ധിച്ച് ഇവിടെ പരാമർശനങ്ങൾ വരികയുണ്ടായി. ഞാൻ തന്നെ എന്റെ നിയോജകമണ്ഡലത്തിലെ കാട്ടാക്കട കേന്ദ്രമാക്കി ഒരു താലൂക്ക് രൂപീകരിക്കുന്നതിന്റെ അനിവാര്യതയെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. അതുപോലെതന്നെ വിതുര കേന്ദ്രമാക്കി ഒരു താലൂക്ക് വേണമെന്ന നിർദ്ദേശവും അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. വില്ലേജ് പുനർവിഭജനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ അതിന്റെ മാനദണ്ഡങ്ങളെ സംബന്ധിച്ച് ഇന്നും വ്യക്തമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് പല ശുപാർശകളും ഉണ്ടായിട്ടുള്ളതാണ്. വില്ലേജുകളും പഞ്ചായത്തുകളും കോ—ടെർമിനൽ ആയിരിക്കണമെന്ന വളരെ ഫലപ്രദമായ നിർദ്ദേശം പല കാലഘട്ടങ്ങളിലായി ഉയർന്നു വന്നിട്ടുള്ളതാണ്. അത് കൂടുതൽ സൗകര്യപ്രദമായിരിക്കുമെന്നതുകൊണ്ട് അത് പരിഗണിക്കണം. പല കമ്മീഷനുകളും ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ളതാണ്. അതുകൊണ്ട് വില്ലേജുകളും പഞ്ചായത്തുകളും, പുനർ വിഭജനം നടക്കുന്ന സന്ദർഭത്തിൽ കോ—ടെർമിനൽ ആക്കുന്ന കാര്യം പരിഗണിക്കണം. സർ, വില്ലേജ് ആഫീസ് കെട്ടിടങ്ങളുടെ ദുർഗതിയെ സംബന്ധിച്ചുകൂടി ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. നാലഞ്ചു കൊല്ലങ്ങൾക്കു മുമ്പ് വില്ലേജ് ആഫീസിന്റെ പഴയ കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമുള്ള ഒരു തീവ്രയത്നം നടന്നിരുന്നു. ഇപ്പോൾ ആ പരിപാടി ഫലപ്രദമായി മുന്നോട്ടു പോകുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ വിതുരയിലെ വില്ലേജ് ആഫീസ് അങ്ങ് പോയി കണ്ടാൽ അപ്പോൾത്തന്നെ അത് ഇടിച്ച് പൊളിച്ച് മാറ്റാൻ നിർദ്ദേശം നൽകും. അത്തരം വളരെ പഴകി ദ്രവിച്ച കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കണം. അത്രയേറെ ആളുകൾ ഓടിഞ്ഞുകൂടുന്ന ഒരു ആഫീസ് എന്ന നിലയിൽ അവിടെ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് പ്രത്യേകമായി പണം ഉപയോഗിച്ചുതന്നെ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർ, ഇവിടെ കുടിയേറ്റക്കാർക്ക് പട്ടയം നൽകുന്ന പ്രശ്നത്തെപ്പറ്റി ധാരാളം ചർച്ചകളും വിവാദങ്ങളും നടന്നിട്ടുണ്ട്. അങ്ങയുടെ ശ്രദ്ധയിൽ ഇന്നോ ഇന്നലെയോ പത്രങ്ങളിൽ വന്നിട്ടുള്ള വാർത്തകൾ പെട്ടിട്ടുള്ളതാണ്. വനം വകുപ്പും അങ്ങയുടെ റവന്യൂ വകുപ്പും കൂടി പരിശോധനകൾ നടത്തി, കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്കായി അയച്ചുകൊടുത്തിട്ടുള്ള ലിസ്റ്റിൽ തന്നെ കുടിയേറ്റക്കാരായി ഉൾപ്പെടുത്തിയിട്ടുള്ളതിൽ എതാണ്ട് 30 ശതമാനത്തോളം സ്വന്തമായി ഭൂമിയുള്ള ആളുകളാണെന്ന് പത്ര വാർത്ത പറയുന്നു. എനിക്ക് അതു സംബന്ധിച്ച് അറിയില്ല. പക്ഷേ അങ്ങനെയാണെങ്കിൽ തീർച്ചയായും അത് അനുവദിക്കരുത്. ഈ വനഭൂമിയിൽ സമ്പന്നരായിട്ടുള്ള ആളുകൾ, മറ്റു ഭൂമിയുള്ളവർ, അനധികൃതമായി ഉദ്യോഗസ്ഥൻമാരെ സ്വാധീനിച്ച് കയ്യേറി ആ ഭൂമി സ്വായത്തമാക്കാൻ ശ്രമിക്കുന്നുവെങ്കിൽ അവർക്ക് ആ ഭൂമിയിൽ പട്ടയം അനുവദിക്കരുത്.. അവരെ അവിടെ നിന്നും ഇറക്കി വിടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. തോട്ടങ്ങളിലും മറ്റും പണിയെടുക്കുന്ന.....

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വ്യക്തികളുടെ ലിസ്റ്റല്ല ഏറിയായാണ് ഒന്നാമത്തേത്. രണ്ടാമത്, ലാൻഡ് അസൈൻമെൻറ് റൂൾ അനുസരിച്ച് മാത്രമേ പതിച്ചു കൊടുക്കുകയുള്ളു എന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അത് വിട്ട് അർഹതയില്ലാത്ത ആർക്കും പതിച്ചു കൊടുക്കുകയില്ല. അതുതന്നെയായിരിക്കും ഗവൺമെൻറിൻെറ നയം.

ശ്രീ. കെ. പങ്കജാക്ഷൻ: സർ, ഞാൻ ഉന്നയിച്ച മറെറാരു പ്രശ്നം തോട്ടങ്ങളിലും മറും പണിയെടുക്കുന്ന തൊഴിലാളികളുണ്ട്. സ്വന്തമായി കിടപ്പാടമില്ലാത്തവർ, തമിഴ്നാട്ടിൽ നിന്ന് ഇവിടെ തലമുറയായി വന്ന് താമസിക്കുന്നവരുണ്ട്; റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്നവർ ഇനിയും പട്ടയം കിട്ടിയിട്ടില്ലെന്ന് പരിദേവനം നടത്തുന്ന അവസരത്തിൽ ആണ് സബ്ബന്മാർക്കും സ്വന്തമായി ഭൂമിയുള്ള ആളുകൾക്കും ഭൂമി പതിച്ചു കൊടുക്കുവാൻ പോകുന്നുയെന്ന പരാതി ഉണ്ടാകുന്നത്. അത് അങ്ങ് പരിശോധിക്കേണ്ടതാണ്. വണ്ടിപ്പെരിയാറിലെ മിച്ചഭൂമി കുറെ പ്രമാണിമാർ, രാഷ്ട്രീയ സ്വാധീനമുള്ളവർ ഇവരൊക്കെ തഹസീൽദാർമാരെയും മറും സ്വാധീനിച്ച് കണ്ണടച്ചു തുറക്കും മുമ്പ് പതിച്ച് വാങ്ങിയ സംഭവം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. കഴിഞ്ഞ നിയമസഭയിൽ അടിയന്തിരമായ നടപടികൾ സ്വീകരിക്കുമെന്ന് അങ്ങു പ്രസ്താവിച്ചതാണ്. എന്തു നടപടി സ്വീകരിച്ചുവെന്ന് ഇനിയും വ്യക്തമാക്കിയിട്ടില്ല. അങ്ങ് ഇന്ന് മറുപടി പറയുന്ന അവസരത്തിൽ അതിൻെറ ഇന്നത്തെ അവസ്ഥ എന്താണെന്ന് സൂചിപ്പിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

സർ, ഇവിടെ ഹൗസിംഗ് പദ്ധതിയുണ്ട്. അങ്ങ് അതിൻെറ പോളിസിയെ സംബന്ധിച്ചും നേട്ടങ്ങളെ സംബന്ധിച്ചും നോട്ട് സർക്കുലേറ്റ് ചെയ്തു. ഇതിൽനിന്നുതന്നെ മനസ്സിലാക്കാൻ കഴിയുന്നത്, ഭൂമിയില്ലാത്ത ഗ്രാമങ്ങളിലെ തൊഴിലാളികൾക്കും വില്ലേജ് ഹൗസിംഗ് പ്രോജക്ടുകൾക്കുമൊക്കെ തുകകൾ നീക്കി വച്ചിട്ടുണ്ടെങ്കിലും എന്തു നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞുവെന്ന് ഇതിനകത്ത് ഇനിയും സൂചിപ്പിച്ചിട്ടില്ല. പേജ് 2-ൽ നോക്കിയാൽ, Schemes of the Board of Revenue: (1) House sites to Landless Rural Workers-Number of Houses in Progress—Nil; (2) Huts/Houses for Rural Workers—Nil; (3) Village Housing Project—Nil; Subsidised Housing Scheme for Traditional Fishermen—Nil എന്നാണ് പറഞ്ഞിരിക്കുന്നത്. ദുർബലവിഭാഗങ്ങൾക്കുവേണ്ടി, ഹരിജനങ്ങൾക്കും ആദിവാസികൾക്കും വേണ്ടി നീക്കി വച്ചിട്ടുള്ള തുക വിനിയോഗിക്കുന്നതിനെ വേണ്ടത്ര ഗൗരവത്തിൽ നമ്മുടെ ഉദ്യോഗസ്ഥൻമാർ കാണുന്നില്ല. അക്കാര്യത്തിൽ അടിയന്തിരമായി അങ്ങയുടെ ശ്രദ്ധ പതിയണമെന്ന് ഞാൻ ഓർമ്മപ്പെടുത്തുന്നു. മറെറാരു കാര്യം എനിക്കു പറയുവാനുള്ളത്, പല പദ്ധതികളിലും കൂടി നാം അനുവദിക്കുന്ന തുക സബ്സിഡിയുൾപ്പെടെ ആറായിരം രൂപയാണ്. ഈ ആറായിരം രൂപകൊണ്ട് ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുവാൻ കഴിയുകയില്ലെന്നുള്ള വസ്തുതയുടെ മുൻപിൽ നാം കണ്ണടച്ചിട്ട് കാര്യമില്ല. കുറഞ്ഞത്, 11,000 രൂപയെങ്കിലും ഇല്ലാതെ നമ്മുടെ രീതിയിൽ ചെലവുകുറഞ്ഞ ഒരു വീട് വയ്ക്കുവാൻ കഴിയുകയില്ല എന്നുള്ള യാഥാർത്ഥ്യം മുൻപിലിരിക്കെ 6,000 രൂപയിൽ പരിമിതപ്പെടുത്തി ധനസഹായം നൽകുന്നതും സബ്സിഡി നൽകുന്നതും, പ്രയോജനശൂന്യമാണ്. അത് തികയാതെ വരുന്നതുകൊണ്ട് ആ തുകകൾ ദുർവിനിയോഗം ചെയ്യപ്പെടുന്നു എന്നതാണ് സത്യം.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ തവണകളായി സംഖ്യ കൊടുക്കുന്നതിനെക്കുറിച്ച് പരാതികളുണ്ടായി. എന്റെ നിയോജകമണ്ഡലത്തിൽ അങ്ങുകൂടി വന്ന് ആദ്യത്തെ തവണകളും കൊടുത്തവരിൽ കുറേ ആളുകൾ വീടിന്റെ പണി തുടങ്ങി, അവർ അടിത്തറയും മറ്റും കെട്ടിയിട്ടു. എന്നാൽ ഇപ്പോൾ അത് വെള്ളത്തിൽ ഒലിച്ചു പോകുന്ന അവസ്ഥയാണുള്ളത്. നൽകിയ തുക പ്രയോജനകരമല്ലാതെ പാഴായിപ്പോകുന്നു. രണ്ടാമത്തേയോ മൂന്നാമത്തേയോ ഗഡുക്കൾ കൂടിശ്ശികയായത് നൽകുന്നതിന് തുകകൾ കൊള്ളിച്ചിട്ടുണ്ട്. കൂടിശ്ശികകൾ വരാതെ അതാത് സമയത്ത് ധനസഹായം എത്തിച്ചില്ലെങ്കിൽ ഇതിന്റെ പ്രയോജനം അവർക്ക് ലഭിക്കുകയില്ല. നമ്മുടെ ലക്ഷംവീടു പദ്ധതിയിൽ വീടുകളുടെ അറ്റകുറ്റപ്പണികൾക്കും മറ്റും ധനസഹായം കൊടുക്കുന്ന ഒരു പദ്ധതിയുണ്ടായിരുന്നു. എന്റെ നിയോജകമണ്ഡലത്തിൽ ഒരു 'വിഷ്ണുനഗർ' കോളനിയുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിന്റെ വാതിലുകളെല്ലാം പൊളിഞ്ഞു പോയി, അവിടെ ഇപ്പോൾ നായ് നിരങ്ങുന്ന ഒരു സ്ഥിതിയാണുള്ളത്. അവിടത്തെ വീടുകളുടെ അലോട്ടീസ് പരിദേവനങ്ങളുമായി അങ്ങയെ സമീപിച്ചിട്ടുണ്ടായിരുന്നു. ഇക്കാര്യങ്ങളിൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഞാൻ, സഹകരണത്തെപ്പറ്റി രണ്ടുവാക്കുകൂടി പറഞ്ഞിട്ട് അവസാനിപ്പിക്കാം. സഹകരണസംഘങ്ങളിലെ ഓഡിറ്റിംഗിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ അത് അപ് ടു ഡേറ്റ് ആക്കുവാൻ ഇന്നുവരെ കഴിഞ്ഞിട്ടില്ല. അതിന് ആവശ്യമുള്ളതായ ഉദ്യോഗസ്ഥൻമാരില്ല. ഓഡിറ്റിംഗ് നടന്നിട്ടുള്ള സ്ഥലങ്ങളിൽ അപഹരണങ്ങൾ കണ്ടുപിടിച്ച സ്ഥലങ്ങളിൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരുകൾ എടുത്തു പറഞ്ഞിട്ടുള്ള കേസ്സുകളിൽപ്പോലും ആ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കാത്ത എത്രയോ കേസ്സുകൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ ഇത്തരത്തിൽ പ്രവർത്തനശൂന്യമായിപ്പോയ ഒരു സഹകരണസംഘമുണ്ട്. അതിന്റെ നമ്പർ ടി. 806 (തൊളിക്കോട്) ആണെന്നാണ് തോന്നുന്നത്. അഴിമതിയുടെ പേരിൽ ബോർഡ് സൂപ്പർസീഡ് ചെയ്ത് ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി വന്നു. പഴയ പ്രസിഡന്റുതന്നെയാണ് ഇപ്പോഴും പ്രസിഡന്റ്. പക്ഷേ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കുറേക്കാലമായി പ്രവർത്തിച്ചിട്ട്, അവിടെയുള്ള കൺസ്യൂമർ സ്റ്റോറിന്റെ പ്രവർത്തനവും നടക്കുന്നില്ല. അതുകൊണ്ട് ജനങ്ങൾക്ക് അതിൽ നിന്ന് ലഭിക്കേണ്ട പ്രയോജനം ലഭിക്കുന്നില്ല. ആരോപണവിധേയനായ മുൻ സെക്രട്ടറിയെ കാണാനില്ല. കുറ്റക്കാരെ കണ്ടെത്തിയിട്ടില്ല. അതിനുവേണ്ടി ഒരു നടപടിയും ഉണ്ടാക്കുന്നില്ല. അതുപോലുള്ള പരാതികൾ ഉണ്ടാകാതെ ശ്രദ്ധിക്കണം. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. വി. ദിനകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. പട്ടയത്തിന്റെ വിതരണത്തിൽ വളരെയേറെ മുന്നോട്ടു പോകാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണ് ഈ സംസ്ഥാനം ഭരിക്കുന്നതെന്ന് എനിക്കറിയാം. എങ്കിലും മൽസ്യത്തൊഴിലാളി മേഖലയിൽ അത് ആശാവഹമായി നീങ്ങിയിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ എനിക്ക് തന്ന ഒരു ഉത്തരത്തിൽ പതിനയ്യായിരത്തോളം മൽസ്യത്തൊഴിലാളികൾക്ക് പട്ടയം കൊടുത്തുവെന്നാണ് സൂചിപ്പിച്ചിരുന്നത്. ഒരു സമയബന്ധിത പരിപാടിയെന്നുള്ള നിലയിൽ മൽസ്യത്തൊഴിലാളികൾക്ക് പട്ടയം കൊടുക്കാനുള്ള നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്. അതുപോലെതന്നെ ഉംനാടൻ മേഖലയെ സംബന്ധിച്ചിടത്തോളം മത്സ്യത്തൊഴിലാളികൾക്ക് യഥാർത്ഥത്തിൽ കിട്ടേണ്ട പട്ടയം മറ്റ് സമ്പന്ന വർഗ്ഗം കയ്യിലാക്കുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. അതിന് ഒരു മാറ്റം വരുത്തിക്കൊണ്ട് അർഹമായ പരിഗണന അവർക്ക് നൽകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഫലഭൂയിഷ്ടമല്ലാത്ത ഭൂമികളുടെ കാര്യത്തിൽ, ആലപ്പുഴ ജില്ലയിൽ കരിനിലമേഖലകളുണ്ട്. ഫലഭൂയിഷ്ടമല്ലാത്ത പ്രദേശങ്ങളെ ലാൻറ് യൂട്ടിലൈസേഷൻ ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്. കൂടാതെ ഈ കുടികിടപ്പിന്, തക്കസമയത്ത് അപേക്ഷിക്കാതിരുന്നതിന്റെ പേരിൽ ആനുകൂല്യം കിട്ടാതെയിരിക്കുന്നവരുണ്ട്. ഇന്ന് ഹൈക്കോടതിയുടെ വിധിപോലും അവർക്കെതിരായി വന്നിരിക്കുകയാണ്. അതിന്റെ പശ്ചാത്തലത്തിൽ നിയമനിർമ്മാണം നടത്തി, തക്കസമയത്ത് കുടികിടപ്പിനുള്ള അവകാശത്തിന് അപേക്ഷിക്കുവാനും, അവർക്ക് അതിനുള്ള ആനുകൂല്യം കിട്ടുവാനും ഉള്ള നടപടി സ്വീകരിക്കുകയും വേണമെന്നാണ് എനിക്ക് പറയുവാനുള്ളത്. കൂടാതെ റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്നവരുണ്ട്. ആലപ്പുഴ ചങ്ങനാശ്ശേരി റോഡിന്റെ ഇരുവശത്തും നൂറുകണക്കിനാളുകൾ തിങ്ങിപ്പാർക്കുകയാണ്. ഇപ്പോൾ അത്തരക്കാരെ മാറ്റി പാർപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇത്തരക്കാരെ മാറ്റി താമസിപ്പിക്കുന്ന അവസരത്തിൽ അവർക്ക് സ്ഥലം എടുത്തുകൊടുക്കുവാനും വീട് വച്ചു കൊടുക്കുവാനുമുള്ള നടപടി സ്വീകരിക്കണം. പ്രകൃതിക്ഷോഭം മൂലം നഷ്ടം സംഭവിച്ചവർക്ക് ആനുകൂല്യങ്ങൾ നൽകുമ്പോൾ അത് തക്കസമയത്തുതന്നെ നൽകുവാനുള്ള സംവിധാനമുണ്ടാക്കണം. ഇക്കഴിഞ്ഞ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന അവസരത്തിൽ വിവിധവകുപ്പുകളുടെ കിടമൽസരങ്ങൾമൂലം തക്കസമയത്ത് ആനുകൂല്യം കിട്ടാതെ വന്ന സാഹചര്യമുണ്ട്. തക്കസമയത്ത് ഏ. എസ്. കിട്ടണമെങ്കിൽ, സെക്രട്ടറിയേറ്റിൽ നിന്നും സെക്രട്ടറിയുടെ അനുവാദം കിട്ടേണ്ട സാഹചര്യമുണ്ടായിരിക്കുന്നു. ജില്ലാ കളക്ടർമാർക്ക് ആ അധികാരം കൊടുത്തിരുന്നുവെങ്കിൽ, ആ കാര്യത്തിൽ ഉണ്ടാകാവുന്ന കിടമൽസരം ഒഴിവാക്കിക്കൊണ്ട് തക്കസമയത്ത്, ആനുകൂല്യം കൊടുക്കാനുള്ള സാഹചര്യമുണ്ടാകുമായിരുന്നു. ഇനിയെങ്കിലും ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കുവാൻ അധികാര വികേന്ദ്രീകരണം നടത്തുവാനുള്ള നടപടി സ്വീകരിക്കണം. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന്റെ കാര്യത്തിൽ വളരെയേറെ അപാകതകളുണ്ട്. പരാതികളുണ്ട്. അതുകൊണ്ട് മേലിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. അതുപോലെതന്നെ വിവിധ വികസനപ്രവർത്തനങ്ങൾ നടത്തുന്ന കാര്യത്തിൽ ഭരണാനുമതി നൽകുന്ന കാര്യത്തിലും കാലതാമസം നേരിടുന്നുണ്ട്. ആ കാലതാമസം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. അതുപോലെതന്നെ പ്രകൃതിക്ഷോഭംമൂലം വീടുകൾ നഷ്ടപ്പെട്ടവരുണ്ട്. 16,000 വീടുകൾ ആലപ്പുഴ ജില്ലയിൽ തന്നെ നശിച്ചുപോയിട്ടുണ്ട്. ഈ വരുന്ന ആഗസ്റ്റ് മാസത്തിനുമുൻപ് അതിന്റെ പണി പൂർത്തീകരിക്കണം എന്നഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ വീട് നഷ്ടപ്പെട്ടവർക്ക് കൊടുക്കുന്ന 6,000 രൂപയുടെ ധനസഹായം തീരെ അപര്യാപ്തമാണ്. അത് 10,000 രൂപയായി വർദ്ധിപ്പിക്കണം. എന്റെ നിയോജകമണ്ഡലത്തിലുള്ള 2 പുതിയ വില്ലേജ് ഓഫീസുകളുടെ പണി ഇനിയും പൂർത്തീകരിച്ചിട്ടില്ല. അത് പൂർത്തീകരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജി. ആർ. കർത്താ: സർ, മനസ്സാക്ഷിക്ക് യാതൊരു പോറലും സംഭവിക്കാതെ പിൻതാങ്ങാവുന്ന രണ്ടു ധനാഭ്യർത്ഥനകളാണ് ഇന്ന് സഭയിൽ വന്നിട്ടുള്ളത്. റവന്യൂ ഭരണസമ്പ്രദായത്തിൽ തന്നെ കാലോചിതമായ മാറ്റങ്ങൾ വരുത്തിക്കഴിഞ്ഞു. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും താലൂക്കുതലത്തിലും വില്ലേജുതലങ്ങളിലും ഇന്ന് ഉത്തരവുകൾ വേഗം നടപ്പിലാക്കുന്ന ഒരു കാലഘട്ടമാണ്. ഇവിടെ പറഞ്ഞതുപോലെ ഭവനനിർമ്മാണത്തിനുള്ള 3—ാമത്തെ ഗഡു കിട്ടിയിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. മിക്കവാറുമുള്ള പ്രദേശങ്ങളിൽ 3—ാമത്തെ ഗഡുവും കൊടുത്തുകഴിഞ്ഞു. അത് പ്രത്യേക ആനുകൂല്യമായിട്ടൊന്നുമല്ല കൊടുത്തിട്ടുള്ളത്. ഒരു പ്രത്യേക സാഹചര്യത്തിലും കൊടുത്തതുമല്ല. ധാരാളം വീടുകൾക്ക് അപേക്ഷിക്കുമ്പോൾ ഒരു ജില്ലയിൽ തന്നെ പണം വീതിക്കുമ്പോൾ അൽപ്പം ചില കുറവുകളൊക്കെ വരും. പക്ഷേ അത് വളരെ ശ്രദ്ധയോടുകൂടി ചെയ്യേണ്ട ഒരു കാര്യമാണ്. ഇവിടെ പട്ടയം കൊടുക്കുന്ന കാര്യങ്ങളെപ്പറ്റി പറഞ്ഞു. ഞാൻ അനുഭവസ്ഥനായതുകൊണ്ട് പറയുകയാണ്, അനധികൃതമായിട്ട് യാതൊരു പട്ടയവും എറണാകുളം ജില്ലയിൽ കൊടുത്തിട്ടില്ലെന്ന് ഉറക്കെ പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. അവിടെ 2 സെൻറ്, 3 സെൻറ്, 5 സെൻറ്, എന്നിങ്ങനെ ദീർഘകാലമായി കൈയിൽ വച്ചുകൊണ്ടിരുന്ന പാവപ്പെട്ടവരിലും പാവപ്പെട്ടവരായ ആളുകൾക്കാണ് പട്ടയം കൊടുത്തിട്ടുള്ളത്. ആ പ്രദേശങ്ങളിലുള്ളവർ ഇപ്പോൾ വളരെ സന്തോഷവാൻമാരാണ്. എനിക്ക് അനുഭവമുള്ളതുകൊണ്ടാണ് ഇത് പറയാൻ കഴിയുന്നത്. അവർക്ക് പട്ടയം കൊടുത്തതിനുശേഷം ആ പട്ടയത്തോടൊപ്പം തന്നെ ഭവന നിർമ്മാണത്തിനും ഉള്ള അപേക്ഷ വാങ്ങിക്കൊണ്ട് ഏറ്റവും വേഗത്തിൽ അത് എല്ലാം ചെയ്തുകൊടുക്കുന്ന ഒരു ഭരണസംവിധാനമാണ് ഇന്നുള്ളത്. അതുപോലെതന്നെ ബഹുമാനപ്പെട്ട മന്ത്രി പാസ്സാക്കുന്ന ഉത്തരവുകൾ എല്ലാം തന്നെ മണിക്കൂറുകൾക്കകം നടപ്പാക്കുന്നതിന്റെ നിരവധി, ഉദാഹരണങ്ങളുണ്ട്. ഇന്ന് കളക്ട്രേറിൽ ചെന്നാൽ ഏറ്റവും വേഗത്തിൽ ഒരു സാധാരണക്കാരനുപോലും നീതി ലഭിക്കുന്ന ഒരു സാഹചര്യമാണുള്ളത്. അപ്രകാരമുള്ള ഒരു ഭരണ സംവിധാനമാണ് ഇന്ന് കളക്ട്രേറുകളിൽ നമുക്ക് കാണുവാൻ കഴിയുന്നത്. അത് മാതൃകയെന്നുള്ള നിലയിൽ എല്ലാ സ്ഥലത്തും കൊണ്ടുവരാൻ നമുക്ക് സാധിച്ചിട്ടുണ്ട്. മറ്റൊരു കാര്യം എനിക്കു പറയുവാനുള്ളത് നമ്മുടെ ജില്ലകളെപ്പറ്റിയാണ്. ഇവിടെ നമുക്ക് ധാരാളം ജില്ലകളുണ്ട്. തിരുവനന്തപുരം ജില്ല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളുകൾ നിവസിക്കുന്ന ഒരു ജില്ലയാണ് എറണാകുളം ജില്ല. ആ ജില്ല രണ്ടായി വിഭജിക്കണമെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്. അക്കാര്യത്തിൽ മടികാണിക്കരുതെന്നാണ് എനിക്ക് പറയുവാനുള്ളത്. മൂവാറ്റുപുഴ കേന്ദ്രമാക്കി ഒരു ജില്ല കൂടി ആരംഭിച്ചാൽ നമ്മുക്ക് ഭരണം സുഗമമായി നടത്താൻ കഴിയും. തൃപ്പൂണിത്തുറ താലൂക്കിനെ രണ്ടായി വിഭജിക്കണമെന്ന് ഞാൻ പറഞ്ഞിട്ടുണ്ടായിരുന്നു. കേരളത്തിലെ ഏറ്റവും വലിയ താലൂക്കായ കണയന്നൂർ താലൂക്കിനെ രണ്ടായി വിഭജിച്ചുകൊണ്ട്, തൃപ്പൂണിത്തുറയിൽ ഒരു താലൂക്കും എറണാകുളം താലൂക്ക് നിലനിർത്തിക്കൊണ്ട് കണയന്നൂരിനെ ആസ്ഥാനമാക്കിക്കൊണ്ട് തൃപ്പൂണിത്തുറയിൽ ഒരു താലൂക്കും കണയന്നൂരിൽ എറണാകുളം ആസ്ഥാനമാക്കി മറ്റൊരു താലൂക്കും കൂടി വേണമെന്ന് ഞാൻ നേരത്തെ തന്നെ ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇതൊന്നും ഒരു പ്രത്യേക നിയോജകമണ്ഡലത്തിലെ എം. എൽ. എ. യുടെ ആവശ്യമല്ല. ജനങ്ങളുടെ ആവശ്യങ്ങളാണ് ഇവിടെ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

25 ലക്ഷത്തോളം ജനങ്ങളും വസിക്കുന്ന ജില്ലയാണ് എറണാകുളം ജില്ല. അതിനേക്കാളും അല്പം കൂടുതൽ ജനസംഖ്യയെ തിരുവനന്തപുരം ജില്ലയിലുള്ളൂ. അങ്ങനെയുള്ള വിസ്തൃതമായ ഒരു ജില്ലയുടെ ഭരണം നന്നാകണമെങ്കിൽ മൂവാറ്റുപുഴ ജില്ല രൂപീകരിക്കുന്ന കാര്യം കൂടി അങ്ങ് ആലോചിക്കണം. ഇവിടെ അവതരിപ്പിച്ചിട്ടുള്ള രണ്ട് ധനാഭ്യർത്ഥനകളെയും പിൻതാങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ: കെ. ചന്ദ്രശേഖരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഒരു സർക്കാരിന്റെ പ്രതിഛായ റവന്യൂ ഡിപ്പാർട്ടുമെന്റ് മുഖാന്തിരമാണ് പ്രതിബിംബിക്കപ്പെടുന്നത്. ഈ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർക്ക് എല്ലാവിധ പ്രവർത്തനങ്ങളുമുണ്ട്. അവർക്ക് നിശ്ചയിച്ച പ്രവൃത്തി മാത്രമല്ല കൊടുക്കുന്ന എല്ലാ പ്രവൃത്തിയും റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ ചെയ്തു തീർക്കണം. പക്ഷേ കേരളത്തിന്റെ ദുഃസ്ഥിതി, ആ ഉദ്യോഗസ്ഥൻമാരാണ് ഇന്ന് ഏറ്റവും അസംതൃപ്തരായിട്ടുള്ളത് എന്നാണ്. ഞാൻ ആരേയും കുറ്റപ്പെടുത്തുകയല്ല. അത് അങ്ങനെ ആയിത്തീരുന്ന തരത്തിലുള്ള കേസുകളാണ് നിലവിലുള്ളത്. ഇന്ന് ഈ ഡിപ്പാർട്ടുമെന്റിലെ സബോർഡിനേറ്റ് സർവ്വീസിനും സ്റ്റേറ്റ് സർവ്വീസിനും സ്ഥിരതയില്ല, അസ്ഥിരതയാണ്. കുറേക്കാലങ്ങളായിട്ട് അങ്ങനെയാണ്. അത് തീർക്കാനായിട്ട് ഹൈക്കോടതിയും, ഗവൺമെന്റും സുപ്രീംകോടതിയും ശ്രമിച്ചു. അവരെല്ലാം ശ്രമിച്ചിട്ടും അത് തീർക്കാൻ സാധിച്ചില്ല. അതു കാരണം ഇന്ന് ഈ ഡിപ്പാർട്ടുമെന്റിലെ പ്രൊമോഷനുകളെല്ലാം പ്രൊവിഷണൽ പ്രമോഷനാണ്. റെഗുലറൈസ് ചെയ്യാനും കൺഫേം ചെയ്യാനും നിവൃത്തിയില്ല. റിട്ടയർമെന്റ് ബെനിഫിറ്റ്സ് പരിപൂർണ്ണമായി കൊടുക്കാൻ നിവൃത്തിയില്ല. ഈ ദുഃസ്ഥിതി അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വന്നാൽ പോകുമെന്ന് വിചാരിക്കേണ്ട. എന്റെ അഭിപ്രായത്തിൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വന്നാൽ ഈ ദുഃസ്ഥിതി വർദ്ധിക്കുമെന്നാണ്. ഇത് ഏതെങ്കിലും തരത്തിൽ അവസാനിപ്പിക്കുവാൻ ഈ സർക്കാർ ശ്രമിക്കണം. സ്പെഷ്യൽ റൂൾസ് ഉണ്ടാക്കണം. എല്ലാവർക്കും സ്വീകാര്യമായ തരത്തിൽ സർവ്വീസ് റൂൾസ് ഉണ്ടാക്കിയാൽ മാത്രമേ ഇത് നിലനിർത്താൻ സാധിക്കുകയുള്ളുവെന്നാണ് മുൻകാല അനുഭവങ്ങൾ നമ്മളെ പഠിപ്പിക്കുന്നത്. നമ്മുടെ ജില്ലാ കളക്ടറേറ്റുകളിൽ പ്രവർത്തനം വേണ്ടത്ര മുന്നോട്ടു പോകുന്നുണ്ട് എന്ന് എനിക്ക് അഭിപ്രായമില്ല. കുടിശ്ശിക ജാസ്തിയായിരിക്കുന്നു. പല ചെറിയ കാര്യങ്ങൾക്കു പോലും കാലതാമസമുണ്ട്. കളക്ടറെ സമീപിച്ചാൽ ഡെപ്യൂട്ടി കളക്ടറേയോ തഹസീൽദാരേയോ കാണണം. തഹസീൽദാരേയോ ഡെപ്യൂട്ടി കളക്ടറേയോ സമീപിച്ചാൽ കളക്ടറുടെ അടുത്തുനിന്ന് അനുമതി കിട്ടിയാൽ മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നു പറയും. ജില്ലാ കളക്ടറെ സംബന്ധിച്ചിടത്തോളം അവർക്ക് ഇന്ന് ഒന്നും ചെയ്യാൻ സമയമില്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. രാവിലെ മുതൽ വൈകുന്നേരം വരെ കോൺഫറൻസുകളിലും മീറ്റിംഗുകളിലും പങ്കെടുക്കലാണ് അവരുടെ ജോലി. എത്രയെത്ര കമ്മിറ്റികളാണ് ഉണ്ടാക്കിയിട്ടുള്ളത്. ആ കമ്മിറ്റികളിൽ എല്ലാം ഈ കളക്ടർമാർ സംബന്ധിക്കണം. ഔദ്യോഗിക കാര്യങ്ങൾ നിർവ്വഹിക്കാൻ പല കളക്ടർമാർക്കും സമയമില്ലെന്നതാണ് സ്ഥിതി. എനിക്ക് വളരെ സീരിയസ്സായിട്ട് നിർദ്ദേശിക്കാനുള്ളത് ഈ കളക്ടർമാരെ ഇതിൽ നിന്ന് ഒഴിവാക്കണമെന്നാണ്. ഡി. ഡി. സി., ആർ. ടി. എ. മുതലായിട്ടുള്ള കമ്മിറ്റികളിൽ നിന്ന് അവരെ ഒഴിവാക്കാൻ സാധിക്കുകയില്ല. പക്ഷേ ബാക്കിയുള്ള കാര്യങ്ങൾക്കെല്ലാം പി. എ. (ജനറൽ), പി. എ. (ഇലക്ഷൻ), പി. എ. (ലാൻഡ് അക്വിസിഷൻ),

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള രീതിയിൽ ഒരു പി.എ. (കോൺഫറൻസസ് ആൻറ് മീറിംഗ്സ്) ആയി വച്ചാൽ മതിയെന്നാണ് എൻറെ അഭിപ്രായം. കോൺഫറൻസ് ആൻറ് മീറിംഗിന് ആ പി. എ. പോകട്ടെ. അദ്ദേഹം റിപ്പോർട്ട് ചെയ്തിട്ട് അവസാന തീരുമാനം വേണമെങ്കിൽ കളക്ടർ എടുത്തു കൊള്ളട്ടെ. രാവിലേയും ഉച്ചകുന്നേരവും രണ്ടുമൂന്നുമണിക്കൂർ വെച്ചു വഴിക്കാൻ അവർക്ക് എവിടെ സമയം? അതിനു പുറമെ യാത്രയിലുള്ള മന്ത്രിമാരുടെ പുറകേ പോകേണ്ടതായിട്ടുള്ള ബുദ്ധിമുട്ടുണ്ട്. അതു കഴിഞ്ഞാൽ ജില്ലാ കളക്ടർക്ക് അവരുടെ ജോലി നിർവ്വഹിക്കാൻ വളരെ കുറച്ചു സമയം മാത്രമേ കിട്ടുകയുള്ളൂ. താലൂക്ക് ഓഫീസുകളുടെ സ്ഥിതിയും അതുതന്നെയാണ്.

പല താലൂക്ക് ഓഫീസുകളിലും അണ്ടർ സ്റ്റാഫ്ഡാണ്. ആ സ്ഥിതിവിശേഷം വ്യത്യാസപ്പെടുത്താൻ ഇനിയും സാധിച്ചിട്ടില്ല. അതുകൊണ്ട് പ്രവർത്തനങ്ങളിൽ പുരോഗമനമുണ്ടാകുന്നില്ല.

നമ്മുടെ സംസ്ഥാനത്ത് റീ—സർവ്വേ തുടങ്ങിയിട്ട് 25 കൊല്ലത്തിലധികമായി; ഇന്നും അത് പൂർത്തിയായിട്ടില്ല. ഈ റീ—സർവ്വയുടെ ആവശ്യത്തിനായി 1985—86—ലെ ബഡ്ജറ്റിൽ ഒരുകോടിയിലധികം രൂപ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ചെലവാക്കിയെന്നു പറഞ്ഞു. 1986—87—ലെ ബഡ്ജറ്റിൽ 68 ലക്ഷം രൂപ മാത്രമേ ഇതിന് വച്ചിട്ടുള്ളൂ. സബ്ജക്ട് കമ്മിറ്റി റിവ്യൂ ചെയ്തിട്ട് കുറഞ്ഞത് 175 ലക്ഷം രൂപയെങ്കിലും ഇക്കൊല്ലം ചെലവാക്കേണ്ടതുണ്ട് എന്ന് അവർ കണ്ടു. എനിക്ക് ഗവൺമെൻറിനോട് നിർദ്ദേശിക്കാനുള്ളത്; സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച തുക റീ—അപ്രോപ്രിയേഷൻ മുഖേനയോ, ഡെവർഷൻ മുഖേനയോ, അല്ലെങ്കിൽ സപ്ലിമെൻറി ഡിമാൻഡ് മുഖേനയോ കൊടുക്കണമെന്നാണ്. റീ—സർവ്വേ അത്യാവശ്യമാണ്, കഴിയുന്നത്ര വേഗത്തിൽ അത് അവസാനിപ്പിക്കണം. സർവ്വേ ഡിപ്പാർട്ടുമെൻറും മറ്റ് പല ഡിപ്പാർട്ടുമെൻറും തമ്മിൽനോക്കാറ്റ് ഭരിക്കേണ്ട ഡിപ്പാർട്ടുമെൻറുകളാണ്. പക്ഷെ ടെക്നോക്രാറ്റ് ഭരിക്കേണ്ട ഡിപ്പാർട്ടുമെൻറിലിരിക്കുന്നത് മറ്റ് ഉദ്യോഗസ്ഥൻമാരാണ്. ഞാൻ ഐ. എ. എസ്. ഉദ്യോഗസ്ഥൻമാർ എന്ന പദം ഉപയോഗിക്കുന്നില്ല. ഐ. എ. എസ്സിന് എതിരായിട്ടുള്ളത് എന്തെങ്കിലും ഉണ്ടോയെന്ന് അപ്പോഴും തോന്നും. സാധാരണ ഭരണം നടത്തേണ്ട ഉദ്യോഗസ്ഥൻമാർ ഇത്തരത്തിലുള്ള ടെക്നിക്കലായിട്ടുള്ള പ്രവർത്തനങ്ങളും ഹെഡ്ഡ് ചെയ്യുന്നതും അതിൻറെ തലപ്പത്തിരിക്കുന്നതും ശരിയല്ല എന്നാണ് എൻറെ അഭിപ്രായം. ഇന്നത്തെ രീതിയിൽ പോയാൽ, പത്തുകൊല്ലത്തിനുള്ളിൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസും ചീഫ് എഞ്ചിനീയറുമെല്ലാംതന്നെ സാധാരണ ഭരണകർത്താക്കളായിട്ട് മാറും. സർവ്വേയെപ്പറ്റി അറിവുള്ളയാളായിരിക്കണം അതിൻറെ ഡയറക്ടർ. സർവ്വേ ഡിപ്പാർട്ടുമെൻറിൽ വളർന്നുമുന്നോട്ടു വന്നിട്ടുള്ള ആളായിരിക്കണം അദ്ദേഹം. എനിക്ക് അവിടെയുള്ള ആളുകളെപ്പറ്റിയൊന്നും നേരിട്ടറിയില്ല. ഇതുപോലുള്ള ഡിപ്പാർട്ടുമെൻറുകളിൽ അത്തരത്തിലുള്ള ആളുകൾ മുന്നോട്ടുവന്നാൽ മാത്രമേ പ്രവർത്തനം പ്രാപ്തിയോടുകൂടി മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കുകയുള്ളൂ. നമ്മുടെ സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമം നടപ്പിലാക്കാൻ തുടങ്ങിയിട്ട് കൊല്ലം എത്രയായി? പ്ലാനിംഗ് കമ്മീഷൻറെ കണക്കു പ്രകാരം നമ്മുടെ സംസ്ഥാനത്താണ് ഏറ്റവും കുറവ് എക്സസ് ലാൻഡ് വിതരണം ചെയ്തിട്ടുള്ളത്. ഇനിയും എക്സസ് ലാൻഡ് വിതരണം ചെയ്യാൻ ബാക്കിയുണ്ട്. ആ ലാൻഡിൻറെ വിതരണം പൂർത്തിയാക്കാൻ സാധിച്ചില്ല എന്നുള്ളതു ഈ സംസ്ഥാനത്തിനെ സംബന്ധിച്ചിടത്തോളം ഒരു ബുദ്ധിമുട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ ജില്ലകളെ സംബന്ധിച്ച് പറഞ്ഞു. എനിക്കു മുൻപ് സംസാരിച്ച ബഹുമാനപ്പെട്ട ഒരു അംഗം അതിനെപ്പറ്റി സംസാരിച്ചു. ചില കാര്യങ്ങളിലെങ്കിലും ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസം കൂടാതെ ഒന്നിച്ചിരുന്ന് ഈ സഭ തീരുമാനമെടുക്കണം. ഇനിയും ഈ സംസ്ഥാനത്ത് ജില്ലകൾ ഉണ്ടാകരുതേയെന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. ഇൻഡ്യയിൽ ഒരു സംസ്ഥാനത്തും ഇത്ര ചെറിയ ജില്ലകളില്ല. അതിന് ഓവർഹെഡ്ഡ് എക്സ്പെൻസസ് വരും. ഇനിയും ജില്ലകൾ വന്നാൽ വളരെയധികം ചെലവുകൾ ഉണ്ടാകും. അതുകൊണ്ട് അത് ഉണ്ടാകരുതേയെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. സർ, ഒരു വാക്ക്, ഹൗസിംഗിനെക്കുറിച്ച് പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഹൗസിംഗിന്റെ കാര്യത്തിൽ ധാരാളം പദ്ധതികൾ ഉണ്ട്. പക്ഷേ അപ്രായോഗികമായ വ്യവസ്ഥകൾ പല പദ്ധതികളിലും ഉണ്ട്. അതിൽ ഒന്ന് ഇവിടെ പറഞ്ഞ സന്നദ്ധ സംഘടനകളുടെ ഫ്ലർപ്പാടാണ്. ആ സന്നദ്ധസംഘടനകൾ എടുത്തിട്ടുള്ള ഓരോ സ്കീമും ഇംപ്ലിമെന്റ് ചെയ്യുന്ന സ്ഥലത്ത് പോയി നോക്കിയാൽ വസ്തുത അറിയാം. ഒന്നാം ക്ലാസ് കരാറുകാരനാണ് സർ, ലാഭം നോക്കുന്ന കരാറുകാരനാണ്. സന്നദ്ധസംഘടനകളുടെ പേരും പറഞ്ഞ്, ഈ ചില്ലാ പൈസ വേണ്ട രീതിയിൽ ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം പല സ്കീമുകളും ഇംപ്ലിമെന്റ് ചെയ്യുമ്പോൾ ഉണ്ടാകുന്നുണ്ട്. തൃക്കാക്കരയിലുള്ള 1000 വീടുകൾക്കുള്ള സാറ്റലൈറ്റിന്—തൃക്കാക്കര ഹൗസിംഗ് കോളനിക്ക്—തറക്കല്ലിട്ടത് 1978—ലാണ്. എറണാകുളം ജില്ലയിൽ വീടാവശ്യമാണെന്ന കാര്യം ഞാൻ അങ്ങയോട് പറയേണ്ടതില്ലല്ലോ. ഇവിടെയെങ്കിലും വീടുകൾ ഉണ്ടാക്കേണ്ടതാണ്. ഈ സാറ്റലൈറ്റ് ഹൗസിംഗ് കോളനിയിൽ 8 കൊല്ലമായിട്ട് 400 വീടുകൾ പൂർത്തിയായിട്ടുണ്ട്. ഇനിയും 600 വീടുകൾ പൂർത്തിയാക്കാനുണ്ട്. ആ 400 വീടുകളിൽ പോയി താമസിക്കുന്ന ആളുകളുടെ സ്ഥിതി എന്താണ്? അവിടെ റോഡ് ഇല്ല. റോഡുണ്ടാക്കാൻ, ഉണ്ടാക്കാനായിട്ട് ആരും ചുമതലപ്പെട്ടവരില്ല. ആ നിലയിൽ, അങ്ങോട്ടു പോകാനുള്ള ആളുകളെല്ലാം വാഹനങ്ങൾ മറ്റൊരു സ്ഥലത്ത് വച്ചിട്ട് നടന്നു പോകുന്നതായിട്ടുള്ള ഒരു സ്ഥിതിവിശേഷമാണ് ഇന്ന് തൃക്കാക്കരയിൽ കാണാൻ സാധിക്കുന്നത്. ഇത്തരത്തിലുള്ള കാര്യങ്ങളെല്ലാം പ്രത്യേകിച്ച് ശ്രദ്ധിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള ദുഃസ്ഥിതികൾ നമ്മുടെ ഹൗസിംഗ് കോളനികളിൽ ഉണ്ടാകാതിരിക്കുന്നതായി പ്രത്യേകം ശ്രദ്ധിക്കണം. കാസർകോട് ജില്ല രൂപീകരിച്ചു. അതിന്റെ തത്വത്തിന്റെ അടിസ്ഥാനത്തിലേക്ക് ഞാൻ പോകുന്നില്ല. അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരിക്കാം. സ്വന്തം അഭിപ്രായങ്ങൾ ഉണ്ടായിരിക്കാം. പക്ഷേ ജില്ല രൂപീകരിച്ച സ്ഥിതിക്ക് അവിടെ ഒരു രണ്ട സംവിധാനം വേണ്ടേ? അവിടെയുള്ള രണ്ടു വലിയ താലൂക്കുകളാണ് കാസർകോടും ഹോസ്ദുർഗും. താലൂക്ക് പുനർവിഭജനം എന്നുള്ള സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്ത് പല ഭാഗങ്ങളിലും നടപ്പിലാക്കുമ്പോൾ, ഈ രണ്ടു താലൂക്കുകളും മൂന്നോ നാലോ താലൂക്കുകൾ ആക്കേണ്ടതാണെന്നുള്ള കാര്യം പരിശോധിക്കേണ്ടതാണ് എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. മറ്റൊരു കാര്യം പറയാനുള്ളത് വടകര മിനി സിവിൽ സ്റ്റേഷനെക്കുറിച്ചാണ്. മിനി സിവിൽ സ്റ്റേഷൻ സർക്കാരിന്റെ പദ്ധതിയാണ്. 1977—ലെ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചപ്പോൾ അതിൽ വടകര മിനി സിവിൽ സ്റ്റേഷൻ ഉണ്ടായിരുന്നു. അന്ന് ആകെ 5 മിനി സിവിൽ സ്റ്റേഷനേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ അത് വർദ്ധിച്ചു വർദ്ധിച്ച് പതിനാറോ പതിനേഴോ മിനി സിവിൽസ്റ്റേഷനായി മാറിയിട്ടുണ്ട്. പക്ഷേ ഒരൊറ്റ മിനി സിവിൽ സ്റ്റേഷനും നമ്മുടെ സംസ്ഥാനത്ത് കെട്ടിയിട്ടില്ല. ബഡ്ജറ്റിൽ പറഞ്ഞ് ആളുകളെ പററിക്കുന്ന ഏർപ്പാടാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് ചെയ്യുന്നതും ഗവൺമെന്റുകളും തുടരെ തുടരെ ചെയ്തിട്ടുള്ളതും. അത് തെറ്റാണ്. മിനി സിവിൽ സ്റ്റേഷൻ അത്യാവശ്യമാണ്. അടിയന്തിരമായി വടകരയിൽ മിനി സിവിൽ സ്റ്റേഷൻ ഉണ്ടാക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. മന്ത്രിയുടെ സ്വന്തക്കാരും പാർട്ടിക്കാരും സാർവ്വത്രികമായി സർക്കാർ ഭൂമി കൈയ്യേറുകയും, വനം കൊള്ള ചെയ്യുകയും ചെയ്യുന്നു. മീനച്ചൽ താലൂക്കിൽ പൂഞ്ഞാർ തെക്കേക്കര വില്ലേജിൽ സർവ്വേ 25-ൽ ഈരാറ്റുപേട്ട മേനാട് പി. ഡബ്ലിയു. ഡി. റോഡ് പുറമ്പോക്ക് 24 സെന്റ് സ്ഥലം ശ്രീ. പി. സി. ജോർജ്ജ് എം. എൽ. എ. കൈയ്യേറി കെട്ടിടം നിർമ്മിക്കുകയും, ശ്രീ. പി. സി. ജോർജിന്റെ പിതാവ് പ്ലാത്തോട്ടത്തിൽ മത്തായി ചാക്കോ സ്ഥലത്തുനിന്നിരുന്ന 7,000 രൂപ വില വരുന്ന ഒരു പ്ലാവ് കളവായി വെട്ടിവിൽക്കുകയും ചെയ്തിരിക്കുന്നു. കൈയ്യേറ സ്ഥലത്തുള്ള മറ്റു ഫലവൃക്ഷങ്ങളുടെ അനുഭവങ്ങളും ഇവർ തന്നെ ഇപ്പോഴും എടുക്കുകയാണ്. കോട്ടയം വിജിലൻസ് ഡി. വൈ. എസ്. പി. ഈ കേസ്സിനെ സംബന്ധിച്ച് മീനച്ചൽ തഹസീൽദാരോട് 18-6-1984-ൽ റിപ്പോർട്ട് ആവശ്യപ്പെട്ടതനുസരിച്ച് തഹസിൽദാർ 28-6-1984-ൽ കൊടുത്ത അന്വേഷണ റിപ്പോർട്ടിന്റെ ഫോട്ടോസ്റ്റാറാണിത്. പുറമ്പോക്ക് സ്ഥലത്ത് ശ്രീ. ജോർജ്ജ് നിർമ്മിച്ച ഇ. പി. 8/299-ാം നമ്പർ കെട്ടിടത്തിന് ഈരാറ്റുപേട്ട പഞ്ചായത്തിൽ 23-6-1986-ൽ ഈ വർഷത്തെ കെട്ടിട നികുതിയായി 16 രൂപ 20 പൈസ അടച്ച ശ്രീ. പി. സി. ജോർജ്ജിന്റെ പേരിലുള്ള പഞ്ചായത്ത് രസീതിന്റെ ഫോട്ടോസ്റ്റാറും ഞാൻ മേശപ്പുറത്ത് വയ്ക്കാം. തഹസീൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടയം ഡി. വൈ. എസ്. പി. 30-6-1984-ൽ എസ്. പി. മുഖാന്തിരം വിജിലൻസ് ഡയറക്ടർക്ക് അയച്ച റിപ്പോർട്ടിന്റെ കോപ്പിയും എന്റെ കൈവശമുണ്ട്. ആ റിപ്പോർട്ടിൽ നാലു കാര്യങ്ങളുടെ മേൽ നടപടികൾ എടുക്കണമെന്ന് പ്രത്യേകം ആവശ്യപ്പെട്ടിട്ടുണ്ട്.

(1) ശ്രീ. പി. സി. ജോർജ്ജിന്റെ പിതാവ് പ്ലാത്തോട്ടത്തിൽ മത്തായി ചാക്കോവിന്റെ പേരിൽ മോഷണക്കുറ്റത്തിന് പോലീസ് കേസ് എടുക്കണം.

(2) അനധികൃതമായി കൈയ്യേറിയ പുറമ്പോക്ക് സ്ഥലത്ത് ശ്രീ. പി. സി. ജോർജ്ജ് നിർമ്മിച്ച കെട്ടിടം പൊളിച്ചു മാറ്റണം.

(3) മോഷ്ടിച്ച തടിയുടെ വിലയും മറ്റു ആദായങ്ങളുടെ തുകയും ശ്രീ. പി. സി. ജോർജ്ജിന്റെ പിതാവിൽനിന്നും ഈടാക്കണം.

(4) കൈയ്യേറ്റത്തിനും കളവിനും കൂട്ടുനിന്ന ഈരാറ്റുപേട്ട ബി ആൻഡ് ആർ. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഹസ്സൻകുട്ടിയുടെ പേരിൽ ശിക്ഷണ നടപടികൾ എടുക്കണം.

വിജിലൻസ് ഡയറക്ടർക്ക് 30-6-1984-ൽ അയച്ച റിപ്പോർട്ടിന്മേൽ രണ്ടു വർഷം കഴിഞ്ഞിട്ടും യാതൊരു നടപടിയും എടുത്തിട്ടില്ല. ഇതിനുപുറമേ അന്വേഷണം നടത്തിയ പോലീസുദ്യോഗസ്ഥൻമാരെ മലബാറിലേക്ക് സ്ഥലം മാറിയിരിക്കുകയാണ്. നടപടികൾ എടുത്താൽ ശ്രീ. കരുണാകരൻ മുഖ്യമന്ത്രിസ്ഥാനം തെറിപ്പിക്കുമെന്ന് ശ്രീ. പി. സി ജോർജ്ജ് ഭീഷണിപ്പെടുത്തിയിരിക്കുകയാണ്. ഫയൽ വിജിലൻസ്

LIBRARY ARCHIVES Kerala Legislative Assembly

ഡയറക്ടർ പ്പുഴ്ത്തി വച്ചിരിക്കുകയാണ്. പൊതുമരാമത്ത്, റവന്യൂ വകുപ്പു മന്ത്രിമാർ ഈ കളവിനും കൈയ്യേറ്റത്തിനും കൂട്ടുനിൽക്കുകയാണ്. ഈ കാര്യങ്ങളെപ്പറ്റി അന്വേഷണം നടത്താൻ മുഖ്യമന്ത്രി നടപടികൾ സ്വീകരിക്കണം. കൂടുതൽ വിവരങ്ങൾ തരാൻ ഞാൻ തയ്യാറാണ്.

ശ്രീ. റ്റി. വി. വിജയരാജൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. സാധാരണക്കാർ ദൈനംദിനം ബന്ധപ്പെടുന്ന വളരെ പ്രധാനപ്പെട്ട ആഫീസാണ് വില്ലേജാഫീസ്. ഈ സംസ്ഥാനത്ത് വില്ലേജാഫീസുകളുടെ പരിമിതി മൂലം, അവിടത്തെ സ്റ്റാഫിന്റെ കുറവു മൂലം കഷ്ടപ്പെടുന്നത് സാധാരണക്കാരാണ്. ഇന്ന് ആവശ്യമായ സ്ഥലത്തെല്ലാം തന്നെ വില്ലേജാഫീസുകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ മാത്രം 4 പുതിയ വില്ലേജാഫീസുകൾ അനുവദിച്ചിട്ടുണ്ട്. അതു മാത്രമല്ല അവക്കാവശ്യമായ കെട്ടിടങ്ങൾ നാട്ടുകാരുടെ സഹായത്തോടുകൂടി പണിതുകൊണ്ടിരിക്കുകയാണ്. സർ, റവന്യൂ മന്ത്രിയോട് ഇനിക്ക് ഒരു അപേക്ഷയുണ്ട്. ആലപ്പുഴയുടെ കനാൽ തീരത്ത് കഴിഞ്ഞ.....

ശ്രീ. പി. സീതി ഹാജി: സർ, കുറെ റിക്കാർഡുകൾ ശ്രീ. ലോനപ്പൻ നമ്പാടന്റെ കൈയ്യിലുണ്ടെന്ന് പറഞ്ഞു. അത് അദ്ദേഹത്തിന്റെ മേശപ്പുറത്തിരുന്നാൽ പോരാ, മന്ത്രിമാർക്ക് മറുപടി പറയാനുള്ളതു കൊണ്ട് അത് മേശപ്പുറത്തു വയ്ക്കണം. കുറെ കടലാസ്സുകൾ കാണിച്ചിട്ട് ഫോട്ടോസ്റ്റാറ്റ് എന്നു പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കാൻ കഴിയുകയില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ആ കടലാസ്സുകൾ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

ശ്രീ. റ്റി. വി. വിജയരാജൻ: എത്താണ്ട് 42-ഓളം കുടുംബങ്ങൾ കഴിഞ്ഞ 25 വർഷമായി ആലപ്പുഴയുടെ കനാൽ തീരത്ത് താമസിക്കുന്നുണ്ട്. ഇപ്പോൾ അവരെ കുടിയിറക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 25 വർഷമായി ആലപ്പുഴയുടെ കനാൽ തീരത്ത് താമസിക്കുന്ന ഇവരെ കുടിയിറക്കുന്നതിനുമുൻപ് അവർക്ക് ആവശ്യമായ സ്ഥലം നൽകി അവരെ മാറ്റി താമസിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഇനി ഞാൻ നമ്മുടെ സഹകരണമേഖലയിലേക്ക് കടക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം നമ്മുടെ സഹകരണ മേഖല സാധാരണക്കാരന്റെ ജീവിതത്തിന്റെ എല്ലാ തുറകളിലേക്കും കടന്നിരിക്കുകയാണ്. കാർഷിക മേഖലയിലാണെങ്കിൽ അവരെ സഹായിക്കുന്നതിന് സഹകരണ സംഘങ്ങൾ രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ സഹകരണ മാവേലി സ്റ്റോറുകൾ തുടങ്ങിക്കൊണ്ട് വിതരണ രംഗത്ത് ഒരു പുതിയ വിപ്ലവം തന്നെ നമ്മുടെ സഹകരണരംഗത്ത് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയുർവ്വേദ സഹകരണ ആശുപത്രികൾ സ്ഥാപിച്ചു എന്നു മാത്രമല്ല മരുന്നുകൾ സഹകരണ സംഘങ്ങളിൽക്കൂടി വിതരണം ചെയ്യുന്നുണ്ട്. വനിതാ സൊസൈറ്റികൾ എത്താണ്ട് 62 എണ്ണം സ്ഥാപിച്ചു. അവർക്ക് താമസിക്കാൻ ഹോസ്റ്റൽ സൗകര്യങ്ങളും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ എല്ലാം തന്നെ ഉണ്ടാക്കി കഴിഞ്ഞിരിക്കുകയാണ്. ഭവന നിർമ്മാണ രംഗത്ത് വമ്പിച്ച മുന്നേറ്റം സഹകരണസംഘങ്ങൾവഴി ഇന്നു നടത്തിക്കൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടിരിക്കുകയാണ്. ഇതിനുവേണ്ടി ഏതാണ്ട് 260-ഉധികം സംഘങ്ങളും രൂപീകരിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനം വളരെ മെച്ചപ്പെട്ട രീതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. സ്ത്രീകളെ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യൽ രംഗത്തു സഹകരണസംഘങ്ങളും രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾക്ക് സഹായകരമായ രീതിയിൽ ഇന്ന് ഗവൺമെന്റ് സഹായിക്കുന്നുണ്ട്. അതുപോലെ തന്നെ വികലാംഗരുടെ സഹകരണ സംഘങ്ങളും രൂപീകരിച്ചിട്ടുണ്ട്. അത് എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ ആകെക്കൂടി നമ്മുടെ സഹകരണ വകുപ്പുമന്ത്രി വളരെ വിപ്ലവകരമായ മാറ്റങ്ങളും തന്നെ സഹകരണ രംഗത്തു വരുത്തിയിരിക്കുകയാണ്. മാവേലി സ്റ്റോറുകളും നടത്തിയതുവഴി സഹകരണ സംഘങ്ങൾക്ക് വളരെയധികം നഷ്ടങ്ങളും സംഭവിച്ചിട്ടുണ്ട്. ഈ നഷ്ടം നികത്തുന്നതിന് . ധനകാര്യമന്ത്രിയുമായി ആലോചിച്ചുകൊണ്ട് സഹകരണവകുപ്പുമന്ത്രി വേണ്ട നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. എ. മജീദ്]

ശ്രീ. ജോസ് കുറിയാനി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് സാധാരണക്കാരന്റെ ദൈനംദിന ജീവിതപ്രശ്നങ്ങളുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മേഖലയായി സഹകരണമേഖല ഇന്ന് വളർന്നുപന്തലിച്ചു കഴിഞ്ഞിരിക്കുകയാണ്. ഈ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് കൂടുതൽ കൂടുതൽ മെച്ചപ്പെട്ട നിലയിൽ, നല്ല നിലയിൽ സഹായകരമായ നടപടികളും സ്വീകരിക്കാൻ; ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തെ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഇതിന്റെ പ്രവർത്തനത്തിൽ ചില കാതലായ മാറ്റം വരുത്തണമെന്ന നിർദ്ദേശം ഞാൻ ഇവിടെ ഉന്നയിക്കുകയാണ്. സഹകരണ മേഖലയുടെ കീഴിലുള്ള എല്ലാവിധ സംഘങ്ങളുടേയും നിയന്ത്രണം ഒറ്റ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാക്കണമെന്നാണ് ഞാൻ ആദ്യമായി ആവശ്യപ്പെടുന്നത്. ഈ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ നിരവധി സഹകരണസ്ഥാപനങ്ങളുണ്ട്. അവ വ്യത്യസ്തമായ മേഖലയിൽ പ്രവർത്തിക്കുകയാണ്. അത് വിവിധ ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണത്തിലാണ്. ഉദാഹരണമായി ഫിഷറീസ് കോ—ഓപ്പറേറീവ് സൊസൈറ്റി, ഡയറി കോ—ഓപ്പറേറീവ് സൊസൈറ്റി, കയർ കോ—ഓപ്പറേറീവ് സൊസൈറ്റി, ഹാൻഡ്ലൂം കോ—ഓപ്പറേറീവ് സൊസൈറ്റി തുടങ്ങിയവയെല്ലാം വിവിധ ഡിപ്പാർട്ടുമെന്റിന്റെ കീഴിലായി പ്രവർത്തിക്കുന്നതുകൊണ്ട് മൊത്തത്തിൽ അതിന് ഒരു നിയന്ത്രണം ഉണ്ടാക്കാൻ കഴിയാത്ത സാഹചര്യം ഇന്ന് നിലവിലുണ്ട്. അതുകൊണ്ട് ഇതിന്റെ മൊത്തത്തിലുള്ള നിയന്ത്രണം സഹകരണ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാക്കണമെന്ന നിർദ്ദേശമാണ് ഒന്നാമതായി ഞാൻ മുന്നോട്ടുവയ്ക്കുന്നത്. രണ്ടാമത്തേത് നമ്മുടെ ഈ സംസ്ഥാനത്ത് കൊടുക്കുന്ന എല്ലാ വിധത്തിലുള്ള വായ്പകളും—സാധാരണ വായ്പയും മദ്ധ്യകാലവായ്പയും ഹൃസ്വകാല വായ്പയും ദീർഘകാല വായ്പയും—ഈ നാലുവിധത്തിലുള്ള വായ്പയും ഒറ്റ സ്ഥാപനത്തിൽ നിന്നുതന്നെ ലഭ്യമാക്കുവാനാവശ്യമായ സ്ഥിതിവിശേഷമുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ്. മറ്റൊന്ന് സഹകരണ സ്ഥാപനത്തിന് സാമ്പത്തികസഹായം നൽകുന്നത് ഷെയറിന്റെ അടിസ്ഥാനത്തിലാണ്. ഈ ഷെയർലിങ്കിംഗ്, എടുത്തു കളയണമെന്ന ആവശ്യം നിരവധി വർഷങ്ങളായി സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സഹകാരികളും കൂട്ടായി ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരേയും 1:20 എന്ന അനുപാതത്തിൽ നിന്ന് വർദ്ധിപ്പിക്കാനുള്ള നടപടികളുംപോലും സ്വീകരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഷെയർലിങ്കിംഗ് എടുത്തുകളയുന്നതിന്റെ ഭാഗമായിട്ട് ആദ്യപടി എന്ന നിലയിൽ ഷെയർലിങ്കിംഗ് 1:40 എന്ന അനുപാതത്തിലേക്ക് വർദ്ധിപ്പിക്കുവാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ സഹകരണ വകുപ്പു മന്ത്രിയോട് ആവശ്യപ്പെടുകയാണ്. മറൊന്ന് സാധാരണ ആളുകൾക്കു നൽകുന്ന വായ്പാപരിധി—ഇൻഡിവിഡ്യൂൽ മാൻ ബോറോയിംഗ് പവർ പല സംഘങ്ങളിലും വ്യത്യസ്തമായ നിലയിലാണ്. ഐ. എം. ബി. പി. വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് പല നിലയിലുമുള്ള കൂടിയാലോചനകളിലും കോൺഫറൻസുകളിലും കൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നുവെങ്കിലും ഇതുവരേയും ഐ. എം. ബി. പി. വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഇന്ന് പല നില്യിലുള്ള വ്യവസായ സംരംഭങ്ങളിലേർപ്പെടാൻ സാധാരണക്കാരായ ആളുകൾ മുന്നോട്ടു വരുന്നുണ്ട്. പക്ഷേ ഐ. എം. ബി. പി. യുടെ പരിധിമൂലം പല വ്യവസായസംരംഭങ്ങളിലും ആളുകൾക്ക് ആവശ്യമായ സാമ്പത്തികസഹായം നേടി അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ കഴിയാത്ത സ്ഥിതിവിശേഷമുള്ളതുകൊണ്ട് ഇൻഡിവിഡ്യൂൽ മാൻ ബോറോയിംഗ് പവർ വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സംഘങ്ങൾ വ്യാപകമായി നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും പലവിധ ബുദ്ധിമുട്ടുകൾ കാരണം അതിന്റെ പ്രവർത്തനം നല്ല രീതിയിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ആളുകൾക്ക് കഴിയുന്നില്ല. അതിന് ഒരു കാരണം നിലവിലുള്ള ആഡിറ്റിംഗ് സമ്പ്രദായമാണ്. ആഡിറ്റർമാരെ ലഭിക്കാത്തതുമൂലം സമയത്ത് സംഘങ്ങളുടെ ആഡിറ്റിംഗ് നടക്കുന്നില്ല. അതിന്റെ ഫലമായി പല സഹകരണസ്ഥാപനങ്ങളിലും കൃത്രിമങ്ങൾ നടക്കുന്നു, അഴിമതികൾ നടക്കുന്നു. ധൂർത്തുകൾവരെ നടത്താനുള്ള സാഹചര്യം ഉണ്ടാകുന്നു. അത് നിയന്ത്രിച്ചുനിറുത്താൻ ആഡിറ്റിംഗ് സമ്പ്രദായം മെച്ചപ്പെടുത്തണം. അതുപോലെ സമയത്ത് ഇൻസ്പെക്ഷൻ നടത്താനും ആവശ്യമായ നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കേണ്ടിയിരിക്കുന്നു. അതിന് ഈ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കുവാനാവശ്യമായ നടപടികൂടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മറൊന്ന് കൊടുക്കുന്ന വായ്പയുടെ ഫലപ്രദമായ ഉപയോഗം ഇന്ന് നടക്കുന്നുണ്ടോ എന്നു പരിശോധിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തണം. അതുകൊണ്ട് ഫണ്ട്സിന്റെ ഉപയോഗം ഫലപ്രദമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. ഈ നിലയിലുള്ള വായ്പാസൗകര്യങ്ങൾ ആളുകൾ ദുരുപയോഗപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കാനാവശ്യമായ ഇൻസ്പെക്ഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. ഡിപ്പാർട്ടുമെന്റിൽനിന്ന് കൊടുക്കുന്ന വായ്പകൾ സമയത്ത് മടക്കി അടയ്ക്കുന്നില്ലെങ്കിൽ മടക്കി അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇന്ന് ഇത് മടക്കി അടയ്ക്കാനുള്ള സാഹചര്യം കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്കില്ല. അതിന് പരിഹാരമുണ്ടാകണമെങ്കിൽ ഭൂപണയ ബാങ്കിൽ വാല്യുവേഷൻ ഓഫീസർമാരെവച്ച് കുടിശ്ശികക്കാരായ ആളുകളിൽനിന്ന് സമയത്ത് പണം പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതുപോലെ സഹകരണസംഘങ്ങളിലും സ്വീകരിക്കാനുള്ള നടപടിയെടുക്കണം. വാല്യുവേഷൻ ഓഫീസർമാരെ നിയമിക്കാനുള്ള നടപടിയെടുക്കണം. ഇന്ന് ഈ സഹകരണമേഖലയുടെ പ്രവർത്തനം പ്രത്യേകിച്ചും കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളുടെ പ്രവർത്തനം നിക്ഷേപസമാഹരണവും വിവിധ പദ്ധതികൾ നടപ്പിലാക്കുവാ

LIBRARY ARCHIVES Kerala Legislative Assembly

നുള്ള പ്രവർത്തനവും ഉൾപ്പെടെയുള്ള പ്രവർത്തനത്തിന്റെ ഫലമായി ജീവനക്കാരുടെ ജോലിഭാരം വർദ്ധിച്ചിരിക്കുകയാണ്. അതുകൊണ്ട് അവരുടെ സേവന-വേതന വ്യവസ്ഥകളും മെച്ചപ്പെടുത്താനുള്ള ഏർപ്പാടുകളും സ്വീകരിക്കണം. നമ്മുടെ സംസ്ഥാനത്ത് വിവിധ ഏജൻസികൾവഴി നാട്ടിൻ പ്രദേശത്തുള്ള സാധാരണക്കാരായ ആളുകൾക്ക് സാമ്പത്തികസഹായം നൽകിക്കൊണ്ടിരിക്കുകയാണ്. കെ. എഫ്. സി. യിൽനിന്നും കൊടുക്കുന്ന വായ്പ, ടോഡി വെൽഫയർ ഫണ്ടിന്റെ കീഴിലുള്ള വായ്പ. ഹൗസിംഗ് ബോർഡിന്റെ കീഴിലുള്ള വായ്പ ഇവയെല്ലാം കൊടുക്കുന്നതിനും അതുപോലെ തിരിച്ചു ശേഖരിക്കുന്നതിനും ഇലക്ട്രിസിറ്റി ബോർഡിന്റെ ബില്ലുകൾ ശേഖരിക്കുവാനുമുള്ള ഏർപ്പാടുകളും ഈ സഹകരണമേഖലയിൽകൂടി കൊടുക്കുവാനും ശേഖരിക്കുവാനുമുള്ള നടപടികളും സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. മറ്റൊന്ന് കാലാകാലങ്ങളായി ഉയർന്നുവന്നിട്ടുള്ള ഒരു ആവശ്യമാണ് സഹകരണമേഖലയിലെ നോമിനേഷൻ സമ്പ്രദായം അവസാനിപ്പിക്കണമെന്നുള്ളത്. അനുകൂലവും പ്രതികൂലവുമായ അഭിപ്രായങ്ങൾ പല ഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുണ്ടെങ്കിലും സഹകരണമേഖലയുടെ ആരോഗ്യകരമായ പ്രവർത്തനത്തിന് നോമിനേഷൻ സമ്പ്രദായം അവസാനിപ്പിക്കണമെന്ന ആവശ്യം ഞാൻ മുന്നോട്ടു വയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ ആറേഴു വർഷക്കാലമായി നിലനിൽക്കുന്ന ഇൻറെസ്റ്റ് സബ്സിഡി സ്കീം ജനോപകാരപ്രദമായ ഒരു സ്കീമാണെങ്കിൽപ്പോലും ആ നിലയിൽ സബ്സിഡി നൽകാനുള്ള സംവിധാനം സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കാത്തതിന്റെ ഫലമായി ഇന്നു സംസ്ഥാനത്തുള്ള നിരവധി കാർഷിക സഹകരണ സംഘങ്ങളിൽ അവർ എടുത്തിട്ടുള്ള വായ്പകൾക്ക് ഇൻറെസ്റ്റ് സബ്സിഡി സമയത്തിന് കിട്ടാത്തതുകൊണ്ട് മടക്കി അടയ്ക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടാവുകയും അതിന്റെ ഫലമായി ആയിരക്കണക്കിന് സൊസൈറ്റികൾ ഇന്ന് കുടിശ്ശികസംഘങ്ങളായി മാറുകയും ചെയ്തിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് കൊടുക്കാമെന്നു പറഞ്ഞിട്ടുള്ള ഇൻറെസ്റ്റ് സബ്സിഡിയിൽ ഏതാണ്ട് നാലു കോടിയിൽപ്പരം രൂപ ഇനിയും കൊടുത്തു തീർക്കുവാനുണ്ട്. അതുകൊണ്ട് ഇൻറെസ്റ്റു സബ്സിഡി കൊടുത്തു തീർക്കുവാനുള്ള നടപടി സ്വീകരിച്ച് സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങൾക്ക് ആ രംഗത്ത് വന്നിട്ടുള്ള മാന്ദ്യം അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. നമ്മുടെ ഹൗസിംഗ് സഹകരണസംഘങ്ങളിൽകൂടി ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്ക് മൂന്നു ശതമാനം പലിശയിളവ് നൽകിയിരുന്നു. സബ്സിഡി നൽകാത്തതുകൊണ്ട് കേരളത്തിന്റെ ഹൗസിംഗ് ഫെഡറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏതാണ്ട് 204—ഓളം സഹകരണസംഘങ്ങളിൽനിന്നായി 50 ലക്ഷത്തോളം രൂപ ഈ സബ്സിഡിയിനത്തിൽ കിട്ടുവാനുള്ളതിന്റെ ഫലമായി ആ സംഘങ്ങളും ഇന്ന് കുടിശ്ശികസംഘങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി ഭവനനിർമ്മാണ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിലും ഇന്ന് കാര്യമായ ബുദ്ധിമുട്ടുകളുണ്ടായിരിക്കുകയാണ്. അതിന് പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: കോ—ഓപ്പറേറ്റീവ് അസിസ്റ്റൻറ് രജിസ്ട്രാർമാർക്ക് ആർബിട്രേഷൻ കേസുകൾ കേൾക്കാൻ അവകാശമില്ലെന്നുള്ള ഹൈക്കോടതിയുടെ വിധി,.....

ശ്രീ. ജോസ് കുറിയാനി: ഞാൻ അത് പറഞ്ഞുവരികയാണ്. ഇന്നിവിടെ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

സംസാരിച്ചപ്പോൾ സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഭവനനിർമ്മാണവായ്പ കൊടുത്തിരുന്ന സ്ഥാപനമാണ് ഹൗസിംഗ് ഫെഡറേഷൻ. എൽ. ഐ. സി. യിൽ നിന്ന് പത്തുകോടി രൂപയാണ് കഴിഞ്ഞവർഷം ആ ഫെഡറേഷന് കിട്ടിയതെങ്കിലും ഹൗസിംഗ് ഫെഡറേഷന്റെ ഫണ്ടും ഡിബഞ്ചർ ഇനത്തിൽ റെയിസ് ചെയ്ത ഫണ്ടും ഉൾപ്പെടെ 18 കോടി രൂപ ആ ഫെഡറേഷനിൽനിന്നും വായ്പ കൊടുത്തു. ഈ വർഷം കെ. എസ്. ആർ. ടി. സി. കുടിശ്ശിക അടച്ചുതീർക്കുവാനുള്ള രണ്ടുകോടി അൻപത്തെട്ടുലക്ഷം രൂപ എൽ.ഐ.സി. ക്ക് മടക്കി അടയ്ക്കാത്തതിന്റെ ഫലമായി എൽ. ഐ. സി. യിൽ നിന്നും നമ്മുടെ സംസ്ഥാനത്തു പ്രവർത്തിക്കുന്ന ഹൗസിംഗ് ഫെഡറേഷന് കഴിഞ്ഞവർഷം നൽകിയ പത്തു കോടി രൂപ പോലും നൽകാൻ തയ്യാറല്ലെന്ന നിലയിൽ ഹൗസിംഗ് ഫെഡറേഷനെ രേഖാമൂലം അറിയിച്ചിരിക്കുകയാണ്. അതിന്റെ ഫലമായി ഹൗസിംഗ് ഫെഡറേഷൻ ഇന്ന് തകർച്ചയിലേക്ക് നീങ്ങുന്ന ഒരു സ്ഥിതി ഉണ്ടായിരിക്കുകയാണ്. ഭവനനിർമ്മാണവായ്പ ആവശ്യപ്പെട്ടിരിക്കുന്ന ആളുകൾക്ക് ഒരു ഇൻസ്റ്റാൾമെന്റ് കൊടുത്തു കഴിഞ്ഞതിൽ രണ്ടാമത്തെ ഇൻസ്റ്റാൾമെന്റ് കൊടുക്കുവാൻ സാമ്പത്തികബുദ്ധിമുട്ടുണ്ടായിരിക്കുകയാണ്. അതുകൊണ്ട് സ്റ്റേറ്റ് ഗവൺമെന്റ് ഇടപെട്ട് ട്രാൻസ്പോർട്ട് കോർപ്പറേഷൻ അടയ്ക്കുവാനുള്ള ആ രണ്ടരക്കോടി രൂപ അടപ്പിച്ച് ഈ ഭവനനിർമ്മാണമേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് ഇന്ന് വന്നിരിക്കുന്ന ദുഃസ്ഥിതിക്ക് പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഇന്ന് ഹൗസിംഗ് ബോർഡ് നൽകുന്നതിനേക്കാൾ സാമ്പത്തിക സഹായം ഭവനനിർമ്മാണരംഗത്ത് നൽകിക്കൊണ്ടിരിക്കുന്ന സ്ഥാപനം ഹൗസിംഗ് ഫെഡറേഷനാണ് എന്നതുകൂടി ഞാൻ ഇവിടെ സാന്ദർഭികമായി സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്.

സർ, അതുപോലെതന്നെ കേരള ഹൈക്കോടതിയിൽനിന്നും അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർക്കും കുടിശ്ശിക പിരിക്കുവാനുള്ള അവകാശം ഇല്ലെന്ന നിലയിൽ പുറപ്പെടുവിച്ചിരിക്കുന്ന വിധി ഇന്ന് സഹകരണസ്ഥാപനങ്ങളിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് തടസ്സമുണ്ടാക്കിയിരിക്കുന്ന അവസ്ഥ സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും അത് മാറി സഹകരണ സ്ഥാപനങ്ങൾക്കുള്ള കുടിശ്ശിക പിരിച്ചെടുക്കുവാൻ ഉദ്യോഗസ്ഥൻമാർക്ക് അധികാരം നൽകുന്നതിന് ആവശ്യമായ നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണം. ശ്രീമാൻ കുറുപ്പ് ഇവിടെ സൂചിപ്പിച്ചതും അതുതന്നെയാണ്. അതുകൊണ്ട് ഏറ്റവും വേഗം ആ കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിൽ ഹൈക്കോടതിയുടെ വിധിയുടെ ഫലമായി ഉണ്ടായിട്ടുള്ള തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണമെന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന്, സഹകരണ മാനേജുമെന്റുകളെ സംബന്ധിച്ചിടത്തോളം ഒരു കേഡർ ട്രെയിനിംഗ് നടത്തുന്നതിനുള്ള നടപടി ഉണ്ടാകേണ്ടിയിരിക്കുന്നു. ഇന്ന് ആർക്ക് വേണമെങ്കിലും സഹകരണ മേഖലയിൽ കയറാം. ബന്ധപ്പെടാം, പ്രവർത്തിക്കാമെന്ന നിലയിൽ പല ഉദ്യോഗസ്ഥൻമാരെയും അതിന് അനുവദിക്കുന്ന സ്ഥിതിയിലേക്ക് മുൻകാല സംസ്ഥാനഗവൺമെന്റുകളും പ്രവർത്തിച്ച അതേ നടപടിക്ക് അംഗീകാരം കൊടുത്തുകൊണ്ട് ഈ ഗവൺമെന്റും നീങ്ങുന്നതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത്. നമ്മുടെ മാർക്കറ്റിംഗ് ഫെഡറേഷനിലാണെങ്കിലും അതുപോലെതന്നെ കൺസ്യൂമർ ഫെഡറേഷനിലാണെങ്കിലും ശരി ഈ സഹകരണമേഖലയുമായി ഒരു ബന്ധവു

LIBRARY ARCHIVES Kerala Legislative Assembly

മില്ലാത്ത, സഹകരണപ്രസ്ഥാനവുമായി ഒരു ബന്ധവുമില്ലാത്ത ഉദ്യോഗസ്ഥൻമാരെ വച്ച് അതിന്റെ പ്രവർത്തനങ്ങളും നിയന്ത്രിക്കാൻ ശ്രമിച്ചിട്ടും ആ മേഖലയെ മെച്ചപ്പെട്ട നിലയിൽ സേവനം നടത്താൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം ആ രംഗത്തുണ്ടായിരിക്കുന്നുവെന്ന് മനസ്സിലാക്കിയിട്ടും, പരിചയസമ്പന്നരായ ആളുകളെ നിയോഗിച്ചുകൊണ്ട് അവരിലൂടെ ആ പ്രസ്ഥാനത്തെ വളർത്തിയെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

അതുപോലെ റവന്യൂ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച് ഒന്നു രണ്ടു വാക്കുകൂടി പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തും അതുപോലെതന്നെ മുൻകാലഗവൺമെന്റുകളുടെ തെരഞ്ഞെടുപ്പുകാലത്തും എല്ലാം പറഞ്ഞിട്ടുള്ളതാണ്, മലയോര കർഷകരുടെ കൈവശഭൂമിക്ക് പട്ടയം നൽകുവാനുള്ള നടപടി സ്വീകരിക്കുമെന്ന്. മലയോരകർഷകരുടെ കൈവശഭൂമിക്ക് പട്ടയം നൽകുവാനാവശ്യമായ രേഖകൾ സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചുവെന്നറിയുന്നത് സന്തോഷമാണ്. എങ്കിലും ഈ ഗവൺമെന്റിന്റെ കാലാവധി തീരുന്നതിനു മുൻപായിട്ടെങ്കിലും അവർക്ക് പട്ടയം നൽകുവാനുള്ള നടപടി സ്വീകരിക്കണം. സംസ്ഥാന ഗവൺമെന്റ്, കേന്ദ്രഗവൺമെന്റിനു റിപ്പോർട്ട് നൽകിയതിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ പല ആളുകളുടെയും പേര് അതിനകത്ത് ഉൾപ്പെടുത്തിയിട്ടില്ല എന്ന വ്യാപകമായ പരാതി മലയോരകർഷകരിൽനിന്നും, എന്റെ നിയോജക മണ്ഡലത്തിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ടവർ പരാതി നൽകിയെങ്കിലും, ആ പരാതികൾ പരിഹരിച്ച് അവർക്ക് കൈവശഭൂമിക്ക് പട്ടയം നൽകുന്നത് തടഞ്ഞുവെച്ച രേഖകളാണോ കേന്ദ്രഗവൺമെന്റിലേക്ക് കൊടുത്തതെന്നറിയില്ല. അതുകൊണ്ട് ആ ആവശ്യം കൂടി കണക്കിലെടുത്തുകൊണ്ട് മലയോരകർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മലയോരപ്രദേശത്തുള്ള കർഷകരുടെ കൈവശഭൂമിക്ക് പട്ടയം ഇല്ലാത്തതുകൊണ്ട് ഹൗസിംഗ് ബോർഡിൽനിന്നും എക്കണോമിക്കലി വീക്കർ സെക്ഷൻസിന് നൽകുന്ന ഭവനനിർമ്മാണ വായ്പയുടെ പ്രയോജനം ഞങ്ങളുടെ മലയോരകർഷകർക്ക് ഭൂമി ഉണ്ടെങ്കിൽ പോലും ലഭിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം എക്കണോമിക്കലി വീക്കർസെക്ഷൻസിന് ഹൗസിംഗ് ബോർഡ് നൽകുന്ന വായ്പയുടെ പ്രയോജനം ഒരു പഞ്ചായത്തിലെ കുറെ ഭാഗത്തെ ഒഴിച്ചാൽ മറ്റു പഞ്ചായത്തുകളിൽ എത്തിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ലെന്ന മുഖ്യ സത്യംകൂടി സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുപോലെ മറ്റൊരു കാര്യം വളരെയേറെ വർഷക്കാലമായി ഭൂമി കൈമാറ്റം നടന്നിട്ടും ആ ഭൂമിക്ക് പോക്കുവരവ് നടത്താനുള്ള നടപടി റവന്യൂ ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചതായി കാണുന്നില്ല. നിരവധി പ്രദേശങ്ങളിൽനിന്നും ഇതിനെപ്പറ്റിയുള്ള ആക്ഷേപങ്ങൾ ഉയർന്നുവരുന്നുണ്ട്. സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുനിന്നും ഇത്തരം നടപടി സ്വീകരിക്കാത്തതിന്റെ ഫലമായി കൃഷിക്കാരും, കൈവശഭൂമിക്കാരും ബുദ്ധിമുട്ടനുഭവിക്കുന്നുവെന്നുള്ള പരാതികൾ ഇതിനകം നിരവധി തവണ സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആലത്തൂർ സബ് രജിസ്ട്രാർ ഓഫീസിൽ 1979 മുതൽ നടന്നിട്ടുള്ള നിരവധി രജിസ്ട്രേഷനുകൾക്ക് നാളിതുവരെ പോക്കുവരവ് നടത്തിയിട്ടില്ലെന്ന പരാതി പറയുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ബന്ധപ്പെട്ട തഹസീൽദാർമാർക്ക് പരാതികൾ കൊടുത്തിട്ടും അത് പരിഹരിക്കാൻപോലും ഉദ്യോഗസ്ഥൻമാർ നടപടി സ്വീകരിക്കാത്ത സ്ഥിതിവിശേഷമാണ് ഇന്ന് നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നാടായ തൊടുപുഴ സബ് രജിസ്ട്രാർ ഓഫീസിൽപ്പോലും 1980–ൽ രജിസ്ട്രേഷൻ നടത്തിയ ആധാരങ്ങൾക്ക് പോക്കുവരവ് നടത്തുകയെന്ന നടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ല. അതിനാവശ്യമായ അടിയന്തിര നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കുവാൻ ഗവൺമെൻറ് തയ്യാറാകണം.

സർ, 1985–ൽ നടന്ന പ്രളയ കെടുതിയുടെഫലമായി കൃഷിനാശം സംഭവിച്ച നിരവധി പഞ്ചായത്തുകളിലെ ആളുകൾക്കും എൻറെ നിയോജകമണ്ഡലത്തിൽപ്പെട്ട കഞ്ഞിക്കുഴി, അറക്കുളം, കട്ടപ്പന, കാമാക്ഷി, വാത്തുക്കുടി, രാജാക്കാട്, വാഴത്തോപ്പ്, മരിയാപുരം, കൊന്നത്തടി, എന്നീ പഞ്ചായത്തുകളിലെ നിരവധി ആളുകൾ സമയത്ത് അപേക്ഷ കൊടുത്തുവെങ്കിലും നഷ്ടപ്പെട്ട കൃഷി പുനരുദ്ധരിക്കുന്നതിനാവശ്യമായ സാമ്പത്തികസഹായമോ, മറ്റു തരത്തിലുള്ള സഹായങ്ങളോ ലഭിച്ചിട്ടില്ല. അതു ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെതന്നെ എൻറെ നിയോജകമണ്ഡലത്തിൽപ്പെട്ട പന്ത്രണ്ടോളം ആളുകൾ ആ പ്രളയക്കെടുതിയുടെ ഫലമായി മരിക്കുകയുണ്ടായി. ആ കുടുംബത്തിൽപ്പെട്ട ഓരോ ആളുകൾക്കെങ്കിലും തൊഴിൽ നൽകുവാനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് സംഘടനാ സന്ദർശിച്ച മുഖ്യമന്ത്രിയും റവന്യൂവകുപ്പുമന്ത്രിയും അന്ന് സമ്മതിച്ചതായി ഞാൻ മനസ്സിലാക്കുന്നു. എന്തായാലും ആ കുടുംബത്തിൽപെട്ട ഒരാൾക്കെങ്കിലും ജോലി നൽകി എല്ലാം നഷ്ടപ്പെട്ട ആ കുടുംബങ്ങളെ സാമ്പത്തികമായി നിലനിറുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി പിൻതാങ്ങുകയാണ്.

ശ്രീ. കെ. പുരുഷോത്തമൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. റവന്യൂ വകുപ്പിനെക്കുറിച്ച് ഇവിടെ കുറെ പറഞ്ഞുകഴിഞ്ഞു. വില്ലേജ് തൊട്ട് ജില്ലാ നിലവാരം വരെയുള്ള റവന്യൂ ഓഫീസുകൾ ജനജീവിതവുമായി നിരന്തരം ബന്ധമുള്ളവയാണ്. നികുതി പിരിവും ഭൂമി സംബന്ധമായ റെക്കാർഡുകൾ സൂക്ഷിക്കുക എന്നീ കടമകളിൽമാത്രം ഇന്ന് ഈ റവന്യൂ ഓഫീസുകൾ ഒതുങ്ങിനിൽക്കുന്നില്ല. ക്ഷേമ വികസന പ്രവർത്തനങ്ങളുടെ സിരാകേന്ദ്രങ്ങളായി ഈ ഓഫീസുകൾ മാറിയിട്ടുണ്ട്. എന്നാൽ വിപുലമായ പ്രവർത്തനങ്ങൾ നടത്താൻ ഇന്ന് ഈ ഓഫീസുകൾ സജ്ജമല്ല. ഇന്നുള്ള സംവിധാനം തീരെ പര്യാപ്തമല്ല. ജനസംഖ്യയും വിസ്തീർണ്ണവുമടിസ്ഥാനമാക്കി വില്ലേജുകളും താലൂക്കുകളും പുനഃസംവിധാനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ ഇതൊക്കെ നടക്കുന്നില്ല. ചില വില്ലേജുകൾ വിഭജിച്ചിട്ടുണ്ടെന്നേ കാര്യം ശരിയാണ്. എന്നാൽ താലൂക്കുകൾ വിഭജിക്കാൻ യാതൊരു നീക്കവും കാണുന്നില്ല. ഈ ഓഫീസുകളിൽ കേരള ഭൂപരിഷ്ക്കരണ നിയമ നടപടികൾ ഇന്നും പൂർത്തിയായിട്ടില്ല. ലാൻഡ് ട്രൈബ്യൂണലുകളിൽ കേസുകൾ ഇന്നും കെട്ടിക്കിടക്കുകയാണ്. അപ്പലേറ്റ് ട്രൈബ്യൂണലുകളാണെങ്കിൽ ഇതിലും ദയനീയമാണ്. ആയിരക്കണക്കിന് അപ്പീലുകൾ ഓരോ അപ്പലേറ്റ് ട്രൈബ്യൂണലുകളിലും കെട്ടിക്കിടക്കുന്നു. ഇവയൊക്ക സത്വരമായി തീർക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്. ഇവിടെ സ്റ്റാഫിൻറേയും മറ്റു സൗകര്യങ്ങളുടെയും അപര്യാപ്തതയാണ് ഈ കേസുകൾ തീർക്കാൻ സാധിക്കാതെ വരുന്നത്. ഭൂപരിഷ്ക്കരണനിയമം നടപ്പിലാക്കാത്തതുകൊണ്ട് ലക്ഷക്കണക്കിന് ഭൂമി കൈവശക്കാർക്ക് ലാൻഡ് ട്രൈബ്യൂണലുകളിൽനിന്നും ഉടമകളായതിൻറെ പർച്ചേസ് സർട്ടിഫിക്കറ്റ് കിട്ടിയിട്ടുണ്ട്. എങ്കിലും കൈവശഭൂമി അളന്ന് അതിർത്തി നിർണ്ണയിച്ചു കിട്ടാത്തതുകൊണ്ട് ഓരോ

LIBRARY ARCHIVES Kerala Legislative Assembly

പ്രയാസങ്ങളും ഉണ്ടാകുന്നു. കോടതി വ്യവഹാരങ്ങൾക്ക് കാരണമാകുന്നു. ഒരേ ഭൂമിക്കുതന്നെ രണ്ടും മൂന്നും വ്യത്യസ്ത ആളുകൾക്ക് പട്ടയം കിട്ടിയ സംഭവമുണ്ട്: അടിയന്തിരാവസ്ഥക്കാലത്ത് ചുരുങ്ങിയത് 300 കേസുകളെങ്കിലും. തീർക്കണമെന്ന് ജില്ലാ കളക്ടർമാർ ഈ പാട്ടക്കോടതികളോട് നിർദ്ദേശിച്ചതിന്റെ ഫലമായി, ആതൊരൈസ്ഡ് ഓഫീസർമാർ സ്ഥലത്തുചെന്ന് അന്വേഷണവും പരിശോധനയുമില്ലാതെ കണ്ണുമടച്ച് റിപ്പോർട്ട് ചെയ്തതിന്റെ ഫലമായി ഒരേ സ്ഥലത്തിനുതന്നെ മൂന്നും നാലും പേർക്ക് പർച്ചേസ് സർട്ടിഫിക്കറുകളും നൽകിയ സംഭവങ്ങളുമുണ്ട്. വിസ്തൃതമായ മലയോര പഞ്ചായത്തുകളിൽ ഒരു സർവ്വേ നമ്പറിന് രണ്ടായിരം മൂവായിരം ഏക്കർ വിസ്തീർണ്ണമുണ്ട്. ഈ സ്ഥലങ്ങളിലെല്ലാം ആയിരക്കണക്കിന് കൈവശക്കാരുമുണ്ട്. ഇവർക്കെല്ലാം പട്ടയം കിട്ടിയിട്ടുമുണ്ട്. എന്നാൽ പർച്ചേസ് സർട്ടിഫിക്കറുകളുടെ മൊത്തം കണക്കെടുത്താൽ നിലവിലുള്ള ഏക്കറിനേക്കാളും എത്രയോ ഇരട്ടി ഭൂമിക്ക് പട്ടയം കൊടുത്തതായി കാണാം. ഈ പർച്ചേസ് സർട്ടിഫിക്കറുകളുടെ മൊത്തം വിസ്തീർണ്ണത്തിന്റെ കണക്ക് എടുത്താൽ റിക്കാർഡ് പ്രകാരമുള്ള ഭൂമിയുടെ ഇരട്ടിവരുമെന്നാണ് പറയപ്പെടുന്നത്. കൈവശഭൂമി അളന്ന് വിസ്തീർണ്ണം തിട്ടപ്പെടുത്താത്തതുകൊണ്ട് വേറെയും കുഴപ്പങ്ങളുണ്ടാകുന്നു. താലൂക്ക് തലത്തിൽ റീസർവ്വേ നടത്തി കൈവശ അതിർത്തികൾ നിർണ്ണയിച്ച് കല്ലിടുന്നതിനുള്ള നിർദ്ദേശം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ വഴിക്കുള്ള പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. ആയിരക്കണക്കിന് ഭൂരഹിതരായ കർഷക തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും മിച്ചഭൂമി അനുവദിച്ചിട്ടുണ്ട്. അവർക്ക് പട്ടയവും കിട്ടിയിട്ടുണ്ട്. എന്നാൽ ഭൂമി അളന്ന് പതിച്ച് തിട്ടപ്പെടുത്തി കൈവശക്കാർക്ക് കൊടുക്കാനുള്ള നടപടി റവന്യൂ അധികൃതർ സ്വീകരിക്കാത്തതിന്റെ ഫലമായി അവർക്ക് ഭൂമി കൈവശം കിട്ടിയിട്ടില്ല എന്നുള്ള സ്ഥിതിവിശേഷമുണ്ട്. സംസ്ഥാനത്ത് ആരംഭിച്ചുവെന്നു പറയപ്പെടുന്ന റീസർവ്വേ പ്രവർത്തനങ്ങളും എങ്ങും എത്തിയിട്ടില്ല. ആവശ്യത്തിനുള്ള സ്റ്റാഫും ഫണ്ടും അനുവദിക്കാത്തതാണ് ഇതിന് കാരണമെന്ന് പറയപ്പെടുന്നു. റീസർവ്വേ പ്രവർത്തനങ്ങളും ത്വരിതപ്പെടുത്തുന്നതിന് നടപടി എടുക്കേണ്ടതാണ്. റീ സർവ്വേ പൂർത്തിയാക്കി, രേഖകളും തയ്യാറാക്കി ഭൂ ഉടമകൾക്ക് അവരുടെ കൈവശമുള്ള ഭൂമിയുടെ സർവ്വേ നമ്പർ, വിസ്തീർണ്ണം, കരം എന്നിവ നിശ്ചയിച്ച് പാസ് ബുക്കുകളും നൽകാനുള്ള പരിപാടികളും ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും ആ നിലയിൽ യാതൊരു നടപടിയും എടുത്തുകാണുന്നില്ല. കേരള ഭൂപരിഷ്കരണനിയമം അനുസരിച്ച് കണക്കാക്കപ്പെട്ട മിച്ചഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിൽ കുറ്റകരമായ അനാസ്ഥയാണ് ഈ സർക്കാർ കാണിക്കുന്നത് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ലാൻഡ് ബോർഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. 1977-നു മുൻപ് വനഭൂമികളും കൈവശപ്പെടുത്തിയവർക്ക് പട്ടയം നൽകാൻ തീരുമാനമായിട്ടുണ്ട്. തിരു-കൊച്ചിയിൽ മാത്രമാണ് ഇത്തരം കൈവശക്കാർ ഉള്ളതെന്ന ധാരണ ഈ സർക്കാരിനുള്ളതെന്നു് എനിക്ക് തോന്നുന്നു. മലബാർ ഭാഗത്ത് ആയിരക്കണക്കിന് പാവപ്പെട്ട കർഷകത്തൊഴിലാളികളും അതുപോലെതന്നെ ഹരിജനങ്ങളും വനഭൂമി വളരെക്കാലമായി കൈവശം വച്ചുവരുന്നു, സർക്കാർ മനസ്സിലാർവ്വം ഇക്കാര്യം അവഗണിക്കുകയാണ്. ഇത് വിവേചനപരമാണെന്ന് ഞാൻ ആരോപിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് രണ്ട് പുതിയ ജില്ലകളും അനുവദിച്ചിട്ടുണ്ട്. പത്തനംതിട്ടയും കാസർകോടും. കാസർകോട് ജില്ലയെക്കുറിച്ച് അൽപ്പം പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. റവന്യൂ മന്ത്രിയുടെ മാത്രം പരിധിയിൽപ്പെടുന്നത് അല്ലെങ്കിൽപ്പോലും 1984 മേയ

LIBRARY ARCHIVES Kerala Legislative Assembly

മാസത്തിലാണ് കാസർകോട് ജില്ല നിലവിൽ വന്നത്. പുതിയ ജില്ലകൾ രൂപീകരിക്കുന്നത് ഭരണ സൗകര്യത്തിനും അതിലേറെ പിന്നോക്കം കിടക്കുന്ന പ്രദേശങ്ങൾ എന്ന നിലയിൽ അവയെ വികസിപ്പിക്കുന്നതിനും ഉദ്ധരിക്കുന്നതിനുമാണ്. പിന്നോക്ക ജില്ലകളെ പുരോഗമിപ്പിച്ച് മറ്റു ജില്ലകളുടെ നിലവാരത്തിലേക്ക് വളർത്തിക്കൊണ്ട് വരുന്നതിനുള്ള നയ പരിപാടികൾ ഈ ഗവൺമെന്റിന് ഇല്ലെന്നാണ് എനിക്ക് പറയാനുള്ളത്. വിഭവ വിതരണത്തിൽ ഈ പിന്നോക്കം കിടക്കുന്ന ജില്ലകളെ ഉദ്ധരിക്കുന്നതിന് യാതൊരു കാഴ്ചപ്പാടുമില്ല.

കാസർകോട് ജില്ല, വികസനപ്രക്രിയയിൽ കാലാകാലങ്ങളായി പുറം തള്ളപ്പെട്ടുപോയ ജില്ലയാണ്. ആധുനികജീവിതത്തിന് അത്യന്താപേക്ഷിതമായ റോഡ്, പാലം, വ്യവസായം, വിദ്യാലയങ്ങൾ, വെള്ളം, വെളിച്ചം തുടങ്ങിയ പലതിന്റേയും കാര്യത്തിൽ കാസർകോഡ് ജില്ല വളരെ പിന്നോക്കമാണ്. കാസർകോട് ജില്ലയുടെ പിന്നോക്കാവസ്ഥ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് 1970-ൽ ചന്ദ്രഭാനു കമ്മീഷനെ നിയമിച്ചു. 1971-ൽ 22 കോടിരൂപയുടെ സമഗ്രമായ പദ്ധതികൾക്ക് നിർദ്ദേശം കൊടുത്തു. അതിൽ 156 കിലോമീറ്റർ വരുന്ന കാസർകോട് താലൂക്കിലെ 19 റോഡുകളും 166 കിലോമീറ്റർ നീളംവരുന്ന ഹോസ്ദുർഗ് താലൂക്കിലെ 20 റോഡുകളും അടിയന്തിരമായി പണിയാരംഭിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഒട്ടേറെ വ്യവസായങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും ആശുപത്രികളും സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നു. എന്നാൽ ഈ കാലയളവുവരെ ആ നിർദ്ദേശങ്ങളൊന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല. കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്നതിനുവേണ്ടി 1980-ൽ സർക്കാർ ഒരു അതോറിറ്റി രൂപീകരിക്കുകയുണ്ടായി. ആ അതോറിറ്റിയുടെ പ്രവർത്തനവും ഇന്നു നിലച്ചിരിക്കുകയാണ്. ഇത്രയും കാലമായിട്ടും കമ്മീഷൻ നിശ്ചയിച്ചതിൽ മൂന്നു റോഡുകൾ മാത്രമാണ് പണി പൂർത്തിയാക്കിയത്. അതുപോലെതന്നെ ഫണ്ട് അനുവദിക്കുന്ന കാര്യത്തിലും കാസർകോട് ജില്ലയോട് അവഗണന കാണിക്കുകയാണ്. അതിന് ഒരു ഉദാഹരണംമാത്രം ഞാൻ പറയാം. കഴിഞ്ഞ അതിവർഷക്കെടുതികളിൽ അനുവദിച്ച ഫണ്ടിന്റെ കാര്യത്തിൽ കാസർകോട് ജില്ല തീർത്തും അവഗണിക്കപ്പെട്ടിരിക്കുകയാണ്; വിവേചനം കാണിച്ചിരിക്കുകയാണ്. കാസർകോട് ജില്ലയ്ക്ക് മൊത്തം അനുവദിച്ചത് 40 ലക്ഷം രൂപ മാത്രമാണ്. മറ്റ് ജില്ലകൾക്കൊക്കെ ഒന്നരകോടിരൂപയോളം അനുവദിച്ച സ്ഥാനത്ത് കാസർകോട് ജില്ലയ്ക്ക് കേവലം 40 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്. ഈ വർഷത്തെ ബഡ്ജറ്റ് പരിശോധിച്ചാൽ പി. ഡബ്ലിയു. ഡി. വകുപ്പിൽ അവിടെയുള്ള എല്ലാത്തരം റോഡുകളും നന്നാക്കുന്നതിനുവേണ്ടി അനുവദിച്ചത് കേവലം 18 ലക്ഷം രൂപയാണെന്നു കാണാം. അതേസമയം മറ്റ് ജില്ലകൾക്ക് അനുവദിച്ചിട്ടുള്ളത് ഒരു കോടിയും ഒന്നരക്കോടിയും രൂപയാണ്. ഞാൻ അവരെ കുറ്റം പറയുകയല്ല, വിവേചനം കാണിച്ചുവെന്ന് സൂചിപ്പിക്കുകയാണ്. കാസർകോട് ജില്ലയ്ക്ക് കേവലം 18 ലക്ഷം രൂപമാത്രമാണ് അനുവദിച്ചത്. പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ കൂടുതൽ ഫണ്ട് അനുവദിച്ച് അവിടത്തെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി മറ്റ് മുന്നോക്ക ജില്ലകളോടൊപ്പമെങ്കിലുമെത്തിക്കാനുള്ള കാഴ്ചപ്പാട് ഈ ഗവൺമെന്റിനില്ലെന്ന് ആരോപിക്കാൻ ഞാനാഗ്രഹിക്കുന്നു.

സഹകരണ മേഖലയെക്കുറിച്ച് ഒരുകാര്യം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കേന്ദ്രഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ കേരളത്തിന് ന്യായമായ വിഹിതം കിട്ടുന്നില്ലെന്ന വിമർശനമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അത് ഇന്നും നിലനിൽക്കുകയാണ്. ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥൻമാർ സമയത്തിന് പദ്ധതികളും ആവിഷ്ക്കരിച്ച് കേന്ദ്ര ഗവൺമെൻറിന് സമർപ്പിക്കാത്തതാണ് കാരണമെന്നാണ് പറയുന്നത്. ഞാൻ അതിനെക്കുറിച്ച് വിശദമായിട്ടൊന്നും പറയുന്നില്ല. ഒരുകാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. സംസ്ഥാനത്ത് ആയിരക്കണക്കിന് ഉപഭോക്തൃ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സഹകരണ സംഘങ്ങളെല്ലാം ഇന്ന് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇക്കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടതുമാണ്. അവശ്യസാധനങ്ങൾ മായവും കൃത്രിമവും കൂടാതെ ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിൽ ഈ സ്ഥാപനങ്ങൾ എൻറെ പങ്കു വഹിക്കുന്നുണ്ടെന്നുള്ള വസ്തുത നമുക്കറിയാം. പ്രാഥമിക സഹകരണ സംഘങ്ങൾതൊട്ട് ഹോൾസെയിൽ സംഘങ്ങൾ വരെ ഇന്ന് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സംഘങ്ങൾ ഇന്ന് തകർച്ചയുടെ വക്കിലാണ്. ഈ ഉപഭോക്തൃ സഹകരണസംഘങ്ങളെ രക്ഷിക്കുന്നതിനുവേണ്ടിയും സഹായിക്കുന്നതിനുവേണ്ടിയും കേന്ദ്രസഹായങ്ങൾ സ്വീകരിക്കുകയും കേന്ദ്രം നടപ്പിലാക്കുന്ന പദ്ധതികളിൽനിന്ന് ന്യായമായ വിഹിതം നേടുന്നതിനു നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു. ഈ ധനാഭ്യർത്ഥനയെ ഞാൻ ഒന്നുകൂടി എതിർക്കുന്നു.

ശ്രീ. സി. എഫ്. തോമസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ വളരെ അഭിമാനത്തോടുകൂടി പിന്താങ്ങുന്നു. ഭവനനിർമ്മാണ വകുപ്പിൻറെ കീഴിലുള്ള വകുപ്പുകൾക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനകളാണിന്നിവിടെ അവതരിപ്പിച്ചിരിക്കുന്നത്. വാസ്തവത്തിൽ എട്ടുമാസംകൊണ്ട് ഒരു ലക്ഷം ഭവനങ്ങൾ തീർക്കുക എന്ന ഒരു പുതിയ റിക്കാർഡ് നമ്മുടെ സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ടിരിക്കുകയാണ്. ജനുവരി ഒന്നിന് അപേക്ഷ സ്വീകരിച്ചു പൂർത്തിയാക്കിയശേഷം എട്ടുമാസംകൊണ്ട് ഒരുലക്ഷം ഭവനങ്ങൾ പാവപ്പെട്ടവനുവേണ്ടി പൂർത്തിയാക്കിയ പദ്ധതിയെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷത്തുനിന്നും ആരോപണങ്ങൾ വരാത്തത് നന്നായി. അങ്ങനെ ഒരു ചരിത്രം കേരളത്തിൽ ഉണ്ടായിട്ടില്ല. ഒരുലക്ഷം ഭവനങ്ങൾ ഈ സെപ്റ്റംബർ മാസം പൂർത്തിയാകുകയാണ്. എൻറെ സ്നേഹിതൻ ശ്രീ. സി. ടി. കൃഷ്ണൻ കഴിഞ്ഞ ദിവസം പറഞ്ഞു, അവിടെ എവിടെയോ തവണകൾ കൊടുത്തില്ല, കയറിക്കിടക്കാൻ സ്ഥലമില്ല, പുരമേഞ്ഞില്ല എന്നൊക്കെ. അദ്ദേഹം അതേക്കുറിച്ചൊന്ന് അന്വേഷിക്കേണ്ടതായിരുന്നുവെന്നാണെൻറെ അഭിപ്രായം. ഞാൻ അതിനെക്കുറിച്ച് തിരക്കി. കഴിഞ്ഞ ദിവസം മന്ത്രി അതിനെക്കുറിച്ച് വിശദമായ മറുപടി പറയുകയുണ്ടായി. ഇന്നും ഇവിടെ വ്യക്തമായി മറുപടി പറഞ്ഞു. അങ്ങയുടെ ജില്ലയിലും കാസർകോട് ജില്ലയിലുമാണ് ഈ കാര്യങ്ങൾ അപ്പടു ഡോറായിട്ട് നീങ്ങിയിരിക്കുന്നത്. കേരളത്തിലെ റവന്യൂവകുപ്പു മന്ത്രി ഇക്കാര്യത്തിൽ ഒരു വിവേചനവും കാണിച്ചിട്ടില്ല. അദ്ദേഹത്തിന് വിവേചനം കാണിച്ചിട്ടെന്താണ് കാര്യം? അദ്ദേഹം എല്ലാ ജില്ലകളെയും ഒരുപോലെ വീക്ഷിക്കുന്ന ആളാണ്. ഒരു സമയബന്ധിത പരിപാടിവച്ച് ഒരു നിശ്ചിത ഡോറിൽ വായ്പാവിതരണത്തിനായി സ്കീമിട്ട് എല്ലാ ജില്ലകളിലും വായ്പ സമയത്തിന് വിതരണം ചെയ്തതു കൊണ്ടാണ് ഇത്രയും വേഗം ഭവനങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞത്. 45,000 ഭവനങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. മൂന്നു സ്റ്റേജും കഴിഞ്ഞു. ഈ സെപ്റ്റംബർ ഒന്നാംതീയതിയാകുമ്പോൾ ഒരു ലക്ഷം വീടുകൾ തീരുകയാണ്. അവിടംകൊണ്ടും തീരുന്നില്ല. ഒക്ടോബർ രണ്ടാംതീയതി നമ്മുടെ രാഷ്ട്രപിതാവിൻറെ ജൻമദിനത്തിൽ പുതിയ സ്കീം വരുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. ഇതൊന്നും കടലാസുപദ്ധതികളല്ല. പൊള്ളയായ വാഗ്ദാനങ്ങളല്ല. കേരളത്തിന്റെ കൺമുമ്പിൽ യാഥാർത്ഥ്യമാകുന്ന പദ്ധതികളാണ് കേരളത്തിന്റെ പ്രിയങ്കരനായ ഭവനനിർമ്മാണ വകുപ്പുമന്ത്രി വരച്ചുകാട്ടുകയാണ്.

ഇവിടെ ശ്രീമാൻ കെ. പങ്കജാക്ഷൻ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു വേണ്ടിയൊന്നും പദ്ധതികളില്ലെന്ന് പറയുകയുണ്ടായി. ഈ വകുപ്പിനെക്കുറിച്ചുള്ള പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന പല ഭാഗങ്ങളും ശ്രീ. പങ്കജാക്ഷൻ മനഃപൂർവ്വം വിട്ടുകളഞ്ഞിരിക്കുകയാണ്. ഇവിടെ പറഞ്ഞിരിക്കുന്ന ഓരോ സ്കീമുകളെപ്പറ്റിയും അതിൽ പറഞ്ഞിട്ടുണ്ട്. ഷെഡ്യൂൾഡ് കാസ്റ്റിനു പ്രത്യേകമായിട്ട് ഹൗസിംഗ് ഗ്രാന്റ് സ്കീം പറയുന്നുണ്ട്. 20,918 എണ്ണം സാങ്ഷൻ ചെയ്തു. ഷെഡ്യൂൾഡ് കാസ്റ്റിനുവേണ്ടി 17,926 വീടുകൾ പൂർത്തിയായിക്കഴിഞ്ഞു. ഷെഡ്യൂൾഡ് ട്രൈബ്സിനുവേണ്ടി 3,715 സാങ്ഷൻ ചെയ്തു. അവിടെയും ആയിരത്തോളം പൂർത്തിയായി. അതുപോലെതന്നെ ഷെഡ്യൂൾഡ് കാസ്റ്റിനുവേണ്ടി വേറൊരു സ്കീമിൽ 1500 വീടുകൾ ഉണ്ട്. വേറൊരു സ്കീമിൽ 1045 ഉണ്ട്. മറ്റൊരു സ്കീമിൽ 20,000 ആണുള്ളത്. അതിൽ 16,931 എണ്ണം പൂർത്തിയായി. അങ്ങനെ പൂർത്തിയാക്കിയതൊന്നും നോക്കാതെ എവിടെയോ ഒന്നോരണ്ടോ നടന്നില്ലെന്ന് പറഞ്ഞ് പാവപ്പെട്ടവനുവേണ്ടി, ഹരിജനങ്ങൾക്കുവേണ്ടി നടപ്പിലാക്കിയ സ്കീമുകളൊന്നും നടപ്പിലായിട്ടില്ലെന്ന് പറയുന്നത് വളരെയേറെ ഖേദകരമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ജനങ്ങൾ ഏറ്റവുംകൂടുതൽ പ്രശ്നങ്ങൾ അനുഭവിച്ച ഒരു മേഖലയാണിത്. പാവപ്പെട്ടവനുവേണ്ടി, അന്തിയുറങ്ങാൻ ഇടമില്ലാത്ത സാധാരണക്കാർക്കുവേണ്ടി ഭവനം ഉണ്ടാക്കുകയെന്ന ഒരു പരിപാടി ഗവൺമെന്റ് ഏറ്റെടുത്തു. 2,40,000 ഭവനങ്ങളാണ് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് വിവിധ സ്കീമുകളിലായി ഇതുവരെ പൂർത്തിയാക്കിയിരിക്കുന്നതെന്നുള്ള വസ്തുത പ്രതിപക്ഷം മനസ്സിലാക്കണമെന്ന് ഞാൻ വിനീതമായിട്ടഭ്യർത്ഥിക്കുന്നു. ഇതൊന്നും രാഷ്ട്രീയപ്രചരണത്തിനുവേണ്ടി നടത്തുന്നതല്ല. പരിപാടികൾ പറയുന്നു, ആ പരിപാടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നു. ആരോടും ഒരു വിവേചനവുമില്ല. പ്രതിപക്ഷങ്ങളെന്നോ ആരുടെ നിയോജകമണ്ഡലങ്ങളെന്നോ ഒരു വിവേചനവുമിക്കാര്യത്തിലില്ല. എല്ലാ ജില്ലകളോടും തുല്യമായ പരിഗണനവച്ചുകൊണ്ട് സമയബന്ധിതമായി വായ്പാവിതരണം നടത്തുകയാണ്. ഇതിൽ ആരോപണങ്ങളുന്നയിക്കുന്നതിന്റെ ഉദ്ദേശമെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ശ്രീ. സി. ടി. കൃഷ്ണന്റെ ജില്ലയിൽ സ്റ്റേറേജ് സർട്ടിഫിക്കറ്റുകൾ കൊടുത്ത മുഴുവൻ വീടുകൾക്കും അടുത്ത ഗഡു കൊടുത്തുകഴിഞ്ഞു. ഭവനനിർമ്മാണ വകുപ്പുമന്ത്രിയോടെനിക്ക് ഒരു കാര്യം പറയാനുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഒരു വീടുവയ്ക്കുന്നതിന് ഇന്ന് ആറായിരം രൂപ വളരെ അപര്യാപ്തമാണെന്നുള്ളതാണത്. ആ ആറായിരം രൂപ വളരെ അപര്യാപ്തമാണെന്നുള്ള ആക്ഷേപമുണ്ട്. പക്ഷേ കേന്ദ്ര ഗവൺമെന്റ് ആറായിരം രൂപയേ ഈ സ്കീം പ്രകാരം നമുക്കനുവദിക്കുന്നുള്ളു. ഈ ഭവനങ്ങളോട് ചേർന്ന് കക്കൂസും കുളിമുറിയുംകൂടി നിർമ്മിക്കുന്നതിനുള്ള ഒരു സ്കീം കൂടി അനുവദിക്കുന്നത് നന്നായിരിക്കുമെന്നാണെന്റെ അഭിപ്രായം. അതിനെക്കുറിച്ച് ഗൗരവമായി പരിഗണിക്കണമെന്നഭ്യർത്ഥിക്കുന്നു.

അതുപോലെയാണ് കെട്ടിടനിർമ്മാണത്തിനു വേണ്ടിവരുന്ന ഉപകരണങ്ങളുടെ നിർമ്മാണം. കെട്ടിടങ്ങൾക്കാവശ്യമായിട്ടുള്ള ഉപകരണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിക്കുന്നതിനുവേണ്ടി ഒരു പരിപാടി കേരളത്തിൽ നടപ്പിലാക്കാമെന്ന് പറഞ്ഞിട്ടുണ്ട്. കഴുക്കോൽ, ഉത്തരം, കട്ടള തുടങ്ങിയ ഉപകരണങ്ങൾക്കു വേണ്ടി തടിമില്ലിൽപ്പോയി ഉരുപ്പടി വാങ്ങിച്ച് പണിചെയ്യിക്കുകയെന്നു പറഞ്ഞാൽ പാവപ്പെട്ടവനെ സംബന്ധിച്ചിടത്തോളം വളരെയേറെ ചെലവ് വരുന്നതും ക്ലേശകരവുമായ കാര്യമാണ്. ഇതിനുവേണ്ടി നമ്മുടെ ഭവന നിർമ്മാണവകുപ്പ് കേരളത്തിൽ ഇന്ത്യയിൽ മറെറാരു സംസ്ഥാനത്തുമി ല്ലാത്ത തരത്തിൽ എല്ലാ ജില്ലകളിലും അത്തരം നിർമ്മാണശാലകൾ ഉണ്ടാ ക്കണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടൊരഭ്യർത്ഥനയുണ്ട്. അത് താലൂക്കുകളിലേയ്ക്കു കൂടി വ്യാപിപ്പിക്കണം. ഇത് പാവപ്പെട്ടവനുവേണ്ടിയുള്ള സ്കീമാണ്. എല്ലാവർക്കും ജില്ലയിൽപ്പോയി വാങ്ങിക്കാൻ സാധിക്കുകയില്ല. അതു കൊണ്ട് അങ്ങ് ഉദ്ദേശിക്കുന്ന വീട്ടുപകരണങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള ഈ സ്കീം താലൂക്കുകളിൽക്കൂടി വ്യാപിപ്പിക്കുന്നത് വളരെ ഉചിതമായിരിക്കുമെന്നു ഞാൻ എടുത്തുപറയാനാഗ്രഹിക്കുന്നു.

അതുപോലെതന്നെ വില്ലേജാഫീസുകളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ശ്രീ. സിറിയക് ജോൺ അതിനെപ്പററി ഇവിടെ വിശദ മായി പറയുകയുണ്ടായി. ഏതായിരുന്നാലും ഞാൻ ഒരുകാര്യം സമ്മ തിക്കാം. ഇരുന്നൂറിൽപ്പരം വില്ലേജുകൾ ഇപ്പോൾ പുതിയതായിട്ടുണ്ടായി. വലിയ കാര്യമാണ്. കർഷകത്തൊഴിലാളി പെൻഷനുവേണ്ടിയും വാർ ദ്ധക്യകാല പെൻഷനുവേണ്ടിയും കുട്ടികളുടെ ഫീസാനുകൂല്യത്തിനു വേണ്ടിയും എത്രയോ കിലോമീററർ ദൂരം സഞ്ചരിക്കണമായിരുന്നു. എത്രയോ കിലോമീററർ സഞ്ചരിച്ചാണ് കേരളത്തിൽ അവിടെയും ഇവിടെ യുമായി ഈ കാര്യങ്ങൾക്കുവേണ്ടി പൊയ്ക്കൊണ്ടിരുന്നത്.

അവർക്ക് വേണ്ടി 200 പുതിയ വില്ലേജ് ഉണ്ടാക്കുകയും വില്ലേജു കൾക്ക് കെട്ടിടം പണിയുന്നതിനുവേണ്ടി സ്കീമുണ്ടാക്കുകയും ചെയ്തു. ഗവൺമെൻറിന്റെ സഹായത്തോടുകൂടി എത്രയോ വില്ലേജാഫീസുകൾ ഭരണപക്ഷ പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ മണ്ഡലങ്ങളിലും ദിവസം തോറും പണിതീരുന്നുവെന്നുള്ള വാർത്തകളാണ് നാം പത്രങ്ങളിൽ വായി ക്കുന്നത്. ദിവസവും ഇതിന്റെ ഉത്ഘാടനത്തിന്റെ വാർത്തകൾ നമ്മൾ വായിക്കുന്നു. ഇതൊക്കെ കേരളം എത്രയേറെ ആഗ്രഹിച്ചിരുന്ന പദ്ധതി കളാണ്. നമുക്കറിയാം, വില്ലേജാഫീസുകളുമായിട്ട് ബന്ധപ്പെടുന്നത് സാധാരണക്കാരായ ആളുകളാണ്. അവരുടെ ക്ലേശങ്ങളും കഷ്ടപ്പാടു കളും കുറയ്ക്കാൻവേണ്ടി പുതിയ വില്ലേജുകൾ തുറന്നുകൊണ്ടിരിക്കുക യാണ്. വില്ലേജാഫീസുകൾ സമയ ബന്ധിതമായി ഉണ്ടാക്കുന്ന സ്കീ മിനെ അംഗീകരിക്കുകയാണ് ചെയ്യേണ്ടത്. ഇവിടെ 200 വില്ലേജുകൾ തുറന്നത് പ്രത്യേക മണ്ഡലത്തിലാണോ? മല്ലപ്പള്ളി മാത്രമേ താലൂ ക്കുണ്ടായുള്ളോ? അല്ലെങ്കിൽ ഏതെങ്കിലും ഒരു പ്രദേശത്ത് മാത്രമാണോ 200 വില്ലേജ്? 200 വില്ലേജാഫീസുകൾ എത്രയോ സ്ഥലങ്ങളിൽ അത് മാർക്സിസ്റ്റ് പാർട്ടിയെന്നോ, സി. പി. ഐ. എന്നോ, കേരളാ കോൺ ഗ്രസ്സെന്നോ വ്യത്യാസമില്ലാതെ എല്ലായിടത്തും ആവശ്യമായ അത്തരം നല്ല പരിപാടികൾ വരുമ്പോൾ തീർച്ചയായിട്ടും അതിനെ പിന്താങ്ങണം. നല്ലതാണെങ്കിൽ നല്ലതാണെന്ന് പറയണം. ഏതായാലും നല്ല സർട്ടിഫി ക്കററുകളൊക്കെ കൊടുക്കുന്നതിൽ ഞങ്ങൾക്ക് നന്ദിയുണ്ട്. നല്ലതെന്ന് പറയുന്ന കാര്യങ്ങൾ അംഗീകരിക്കുന്നതിൽ തെറെറാന്നുമില്ല. നല്ല കാര്യ ങ്ങൾ ചെയ്യുമ്പോൾ അതിനെ സപ്പോർട്ട് ചെയ്യുന്ന ക്രിയാത്മകമായ ചുമതല കൂടി പ്രതിപക്ഷത്തിന്റേതാണ്. ആ ലെവലിലേയ്ക്ക് പ്രതി പക്ഷം ഉയരണം. അത് മാത്രമേ എനിക്ക് അഭ്യർത്ഥിക്കാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും ഇവിടെ ജോയിന്റ് വെരിഫിക്കേഷനെ സംബന്ധിച്ച് സൂചിപ്പിച്ചു. എന്റെ സ്നേഹിതൻ ശ്രീമാൻ സിറിയക് ജോൺ തന്നെ പറഞ്ഞു. കേരളാ കോൺഗ്രസ് പാർട്ടിക്ക് പട്ടയമെന്ന്. അത് ഞങ്ങളുടെ നയമാണ്. പട്ടയം കൊടുപ്പിക്കണം. അത് കൊടുക്കും. അതിന് യാതൊരു സംശയവുമില്ല. ജോയിന്റ് വെരിഫിക്കേഷനുവേണ്ടി ഞങ്ങൾ ഒരുപാട് ശബ്ദമുയർത്തി. അത് സമയത്ത് നടത്തണം. വനം വകുപ്പ് അതിന് മുന്നോട്ട് വന്നു. വനം വകുപ്പും, റവന്യൂ വകുപ്പും സംയുക്ത പ്രവർത്തനം നടത്തി അതിന്റെ ലിസ്റ്റ് വളരെ വേഗം പൂർത്തിയാക്കി കേന്ദ്ര ഗവൺമെന്റിലേക്ക് കൊടുത്തിരിക്കുകയാണ്. വളരെ വേഗത്തിൽ ചെയ്യാവുന്ന വേഗതയിൽ കാര്യങ്ങൾ കൊടുത്തിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് എത്രയും വേഗം ഈ കാര്യം പരിഗണിച്ച് പഠിച്ച് കേരളത്തിന്റെ വലുതായ ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്. മലയോര കർഷകരുടെ ഈ പ്രയാസങ്ങൾ കണക്കിലെടുത്തുകൊണ്ട് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ലിസ്റ്റ് എത്രയും വേഗം അംഗീകരിക്കണമെന്ന് പ്രത്യേകമായി ഞാൻ അപേക്ഷിക്കുകയാണ്. അതോടൊപ്പംതന്നെ ജോയിന്റ് വെരിഫിക്കേഷൻ നടക്കാത്ത സ്ഥലങ്ങളുണ്ട്. ശ്രീ. ജോസ് കുറ്റ്യാനി പറഞ്ഞു കഴിഞ്ഞ ദിവസം തോമസ് കല്ലംപള്ളി പറഞ്ഞു, അങ്ങനെയുള്ള പ്രദേശങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ നടക്കാത്ത പ്രദേശങ്ങളിൽ അത് കൂടി നടത്തിക്കൊണ്ട് ഈ കാടും മേടുമുള്ള പ്രദേശങ്ങളിൽ കയറി കൃഷിയിടങ്ങളായി ഭൂമികളെ മാറ്റിയ കർഷകർക്ക്, വിയർപ്പ് അണിയുന്ന കർഷകർക്ക് കേരളത്തിലെ നാണ്യ വിളകൾ, കാർഷിക വിളകൾ ഉൽപ്പാദിപ്പിക്കുന്ന കർഷകർക്ക് അംഗീകാരം നൽകണമെന്ന്. അതിൽ ഒരു തെറ്റുമില്ല എന്നുള്ള അഭിപ്രായമാണ് ഞങ്ങളുടേത്. പ്രതിപക്ഷം പറഞ്ഞു കേരളാ കോൺഗ്രസ് റബ്ബർ ലോബിയാണെന്ന്. ഈ ചെറുകിട കർഷകർക്കു വേണ്ടി പറയുന്നതിൽ എന്താണ് റബ്ബർ ലോബി? മുതലാളിമാർക്ക് വേണ്ടിയാണോ പറയുന്നത്? ഞങ്ങൾ അന്നും പറയും ഇന്നും പറയും. റബ്ബർ കർഷകന്റെ പ്രശ്നം പരിഹരിക്കണം. റബ്ബറിന് ഇപ്പോൾ വിലയിടിവുണ്ടായിട്ടുണ്ട് എങ്കിൽ അത് പരിഹരിക്കണം. റബ്ബറിന്റെ ഇറക്കുമതി അവസാനിപ്പിക്കണം. എസ്. ടി. സി. റബ്ബർ വാങ്ങണം. അങ്ങനെയുള്ള നയങ്ങൾ ഈ ഗവൺമെന്റ് സ്വീകരിക്കണം. ഞങ്ങൾ എപ്പോഴും ഈ കാര്യം ആവശ്യപ്പെടുന്നതാണോ കുറ്റം? കേരളത്തിലെ നാളികേര കൃഷിക്കാരെ സംബന്ധിച്ച് നാളികേര കൃഷിക്കാരുടെ പ്രശ്നം ആണെന്ന് പറയാൻ ഒരു മടിയുമില്ല. ഇവിടെ ഇരിക്കുന്നെങ്കിൽ പോലും നാളികേര കർഷകരുടെ കാര്യം പറയാൻ ധൈര്യമായി കേരളാ കോൺഗ്രസ് മുന്നോട്ട് വരും. നാളികേര കർഷകർക്കുവേണ്ടി കാര്യങ്ങൾ പറയുക മാത്രമല്ല അതിനുവേണ്ടി സമരം ചെയ്യാൻ തീരുമാനിച്ചുകൊണ്ട് സമര രംഗത്തേയ്ക്ക് ഞങ്ങൾ വന്നു. അതിന് ഫലമുണ്ടായിട്ട്, പാർലമെന്റിൽ ചർച്ച ചെയ്തു. നാളികേരം എന്ത്? കൊപ്രാ എന്ത്? നാഫെഡ് എന്ത്? എങ്ങനെ വാങ്ങും? താങ്ങുവില എന്ത്? ഇതേപ്പറ്റി പാർലമെന്റിൽ ചർച്ച നടന്നു. ഞങ്ങൾക്കൊക്കെ അതിൽ സന്തോഷമുണ്ട്. അതുപോലെ നെൽക്കൃഷിക്കാരുടെ പ്രശ്നം. അവർക്ക് സബ്സിഡി കൊടുക്കണം. നെൽ കർഷകർക്ക് പമ്പിംഗ് സബ്സിഡി കൊടുക്കണം. വളം സബ്സിഡി കൊടുക്കണം. അതൊക്കെ കേരളാ കോൺഗ്രസ് പാർട്ടി എന്നും ആവശ്യപ്പെടുന്ന കാര്യങ്ങളാണ്. ഈ സംസ്ഥാനത്തെ ചെറുകിട-ഇടത്തരം കർഷകർ ഈ രാജ്യത്തിന്റെ നട്ടെല്ലാണ്. കേരളാ കോൺഗ്രസ് പാർട്ടിയുടെ നട്ടെല്ലു മാത്രമല്ല, ഈ രാജ്യത്തെ മുഴുവൻ ആളുകളുടെ, ഈ രാജ്യത്തെ സമ്പദ്ഘടനയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായ കർഷകരെ വിട്ടിട്ടുള്ള കളിക്ക് ഈ ഗവൺമെന്റ് പോകരുതെന്ന് മാത്രമേ ഞങ്ങൾക്ക് അപേക്ഷിക്കാനുള്ളൂ. റബ്ബർ

LIBRARY ARCHIVES Kerala Legislative Assembly

കർഷകർക്കുവേണ്ടി സംസാരിക്കുന്നത് മുതലാളിമാർക്കുവേണ്ടി സംസാരിക്കുകയല്ല. 92% റബ്ബർ ഈ സംസ്ഥാനത്ത് ഉണ്ടാക്കുന്നത് മുഴുവനും ഇടത്തരം—ചെറുകിട കർഷകരാണ്. ഇങ്ങനെയുള്ള കാര്യങ്ങളിൽ യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള സമീപനം തീർച്ചയായിട്ടും സ്വീകരിക്കണമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. നമ്പാടൻ മാസ്റ്ററുടെ ആരോപണത്തെപ്പറ്റി എന്ത് പറയാനാണ്? നമ്പാടൻ മാസ്റ്റർ ഇന്നും പറഞ്ഞു, ശ്രീമാൻ ജോർജ് നിയമപരമായി അദ്ദേഹത്തിന്റെ കൈവശം വച്ചിരിക്കുന്ന ഭൂമിയെ സംബന്ധിച്ച്. അതെല്ലാം തെറ്റാണെന്നൊക്കെ പറഞ്ഞു. നമ്പാടൻ മാസ്റ്റർ എല്ലാ ദിവസവും കഥയുണ്ടാക്കും. അത്തരത്തിലൊരു കഥ ഇന്നും അവതരിപ്പിച്ചു. അതിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഈ കാര്യങ്ങളിൽ ഒരു യാഥാർത്ഥ്യ വീക്ഷണ ബുദ്ധിയോടുകൂടി കാര്യങ്ങളെ കണ്ടുകൊണ്ട് കേരളത്തിൽ ക്രിയാത്മകമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഡിപ്പാർട്ടുമെന്റ് എന്നുള്ള നിലയിൽ ഈ ധനാഭ്യർത്ഥനകളെ ഞാൻ സന്തോഷത്തോടുകൂടി പിന്താങ്ങുന്നു.

ശ്രീ. എം. കെ. കേശവൻ: ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു. അധികാര വികേന്ദ്രീകരണത്തെ മുന്നിൽ കണ്ടുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് പാസ്സാക്കി കേന്ദ്ര അനുമതി കിട്ടിയ ഒരു നിയമം ഉണ്ട്, ജില്ലാ ഭരണ ബിൽ. ഈ ജില്ലാ ഭരണ ബിൽ നമ്മുടെ രാജ്യത്ത് നടപ്പിലാക്കി കാസർകോടു മുതൽ പാറശ്ശാല വരെയുള്ള ആളുകളെ തിരുവനന്തപുരത്ത് വരുത്തി കഷ്ടപ്പെടുത്തുന്ന സ്ഥിതി വിശേഷം അവസാനിപ്പിക്കണമെന്ന് ആഗ്രഹം ഉണ്ടായിരുന്നതാണ്. സർ, ജില്ലാഭരണ ബിൽ നടപ്പിലാക്കുവാൻ ഇന്നത്തെ ഗവൺമെന്റിനും മുഖ്യമന്ത്രി കരുണാകരനടക്കമുള്ള ആളുകൾക്കും താൽപ്പര്യമില്ല. കാരണം, അധികാര വികേന്ദ്രീകരണം എന്ന് പറയുമ്പോൾ തങ്ങളുടെ കൈവശം ഇരിക്കുന്ന കുറെ അധികാരം നഷ്ടപ്പെട്ടു പോകുമെന്നാണ്. അതുകൊണ്ട് അവർ തയ്യാറാകുന്നില്ല. ധൈര്യമുണ്ടെങ്കിൽ അധികാര വികേന്ദ്രീകരണം നടപ്പിലാക്കാൻ തയ്യാറാകേണ്ടതാണ്. അത് പറഞ്ഞിട്ട് വലിയ കാര്യമൊന്നുമില്ല. 16 കൊല്ലമായി സ്വന്തം പാർട്ടിയുടെ അകത്ത് തെരഞ്ഞെടുപ്പുപോലും നടത്താൻ കഴിയാത്ത മുഖ്യമന്ത്രിയുടെ പാർട്ടിക്ക് ഈ രാജ്യത്ത് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായിട്ടുള്ള ജില്ലാ ഭരണ ബിൽ നടപ്പിലാക്കണമെന്ന് പറഞ്ഞാൽ നടപ്പിലാക്കാൻ ആവുകയില്ല. അവർക്ക് അതിന് താൽപ്പര്യമുണ്ടാകുകയില്ല. കഴിഞ്ഞ ദിവസം ആലപ്പുഴയിൽ ചേർന്ന ഭരണ മുന്നണിയുടെ സമ്മേളനത്തിൽ മുഖ്യമന്ത്രി കരുണാകരൻ ചെയ്ത പ്രസ്താവന പത്രങ്ങളിൽ വായിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് പ്രതിപക്ഷ മുന്നണിയെന്ന് പറയുന്നത് തുപ്പിയാൽ ഒഴുകിപ്പോകുന്ന ഒരു സാധനമെന്നാണ്. സർ, അദ്ദേഹത്തിന് അങ്ങനെ പറയാനുള്ള ധൈര്യം എവിടുന്ന് കിട്ടിയെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഞാൻ കണക്കുകളും കാര്യങ്ങളും വോട്ടിന്റെ ശതമാനവുമൊന്നും ഇവിടെ അവതരിപ്പിക്കുന്നില്ല. മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ പാർട്ടിക്കും തുപ്പിയാൽ ഒഴുകിപ്പോകാൻ ഈ പ്രതിപക്ഷത്തെ നോക്കുംപോൾ വായിലെ നീര് വറ്റിപ്പോകും എന്നുള്ളതു വസ്തുതയല്ലേ സർ? അങ്ങനെ വായിൽ വെള്ളം ഇല്ലാത്ത ആളുകൾക്ക് എവിടെ തുപ്പാൻ കഴിയും? തുപ്പാൻ കഴിയുമോ ഇല്ലയോയെന്നുള്ള ധൈര്യം ഒന്ന് കാണണമെങ്കിൽ ജില്ലാ ഭരണ ബിൽ നടപ്പിലാക്കി നോക്കണം. അല്ലെങ്കിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് നോക്കണം. ഇതൊന്നും കഴിയാത്ത ആളുകൾ പറയുകയാണ് തുപ്പിയാൽ ഒഴുകുന്ന പ്രതിപക്ഷമാണെന്ന്. അത് നമ്മുടെ രാജ്യത്ത് ജനങ്ങൾ വിശ്വസിക്കുമെന്ന പ്രതീക്ഷയൊന്നും വേണ്ട. ഭരണ മുന്നണിയെ സംബന്ധിച്ച് ഞാൻ ഒന്നും പറയു

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ല. കഴിഞ്ഞ ദിവസം കോട്ടയത്ത് ചേർന്ന ഭരണ മുന്നണി സമ്മേളനത്തിൽ, നമ്മുടെ കേരളത്തിന്റെ മുൻ ധനകാര്യമന്ത്രിയും, ഇപ്പോഴത്തെ ഇറിഗേഷൻ വകുപ്പുമന്ത്രിയുമായ ശ്രീമാൻ മാണി പറഞ്ഞ ഒരു വാചകമുണ്ട്. അത് മാതൃഭൂമിയിൽ റിപ്പോർട്ട് ചെയ്തു വന്നിട്ടുണ്ട്. അദ്ദേഹം ശ്രാദ്ധമൂണിന്റെ കാര്യമാണ് പറഞ്ഞിരിക്കുന്നത്. ശ്രാദ്ധമൂണിന്റെ കഥ എന്താണെന്നറിയാമോ? ഞാൻ ആ കഥ പറഞ്ഞ് സമയം കളയുന്നില്ല. ഈ ശ്രാദ്ധമൂണെന്ന് പറയുന്നത് ആര് ഭരിച്ചാലും എന്ന് മന്ത്രിസഭയുണ്ടായാലും പ്രധാനപ്പെട്ട വകുപ്പെല്ലാം എന്റെ കൈവശം ഇരിക്കണമെന്ന കരുണാകരന്റെ സിദ്ധാന്തമാണ് മാണി ഊന്നിപ്പറഞ്ഞത്. സത്യത്തിൽ മാണിയെ അവിടെക്കൊണ്ട് എത്തിച്ച് കഴിഞ്ഞിട്ടുണ്ട്. എത്തിച്ച് കഴിഞ്ഞതിൽ കരുണാകരനും കരുണാകരന്റെ പാർട്ടിക്കും മാത്രമല്ല പങ്കുള്ളത്. മാണിയുടെ പാർട്ടിയെന്ന് പറയുന്ന കേരളാ കോൺഗ്രസ്സുകാർ തന്നെയാണ് മാണിയെ ഈ മൂലയിൽ ഒതുക്കിയിട്ടുള്ളത്. കഴിഞ്ഞ ദിവസം നമ്മുടെ ധനകാര്യമന്ത്രി തച്ചടി പ്രഭാകരൻ ബഡ്ജറ്റിനെ സംബന്ധിച്ചുള്ള വിശദീകരണം ഈ സഭയിൽ വായിച്ചപ്പോൾ നമ്മുടെ റവന്യൂ വകുപ്പുമന്ത്രി പി. ജെ. ജോസഫും വിദ്യാഭ്യാസവകുപ്പുമന്ത്രി ടി. എം. ജേക്കബും പത്രം വായിക്കുകയായിരുന്നു. സ്വന്തം കക്ഷി നേതാവിനെ രക്ഷിക്കാൻപ്പോലും, ഒന്ന് തിരിഞ്ഞുനോക്കാൻ പോലും കഴിയാത്ത ആളുകളാണ്.

മറ്റൊരു കാര്യം ഞാൻ പറയട്ടെ. എറണാകുളത്ത് ഒരു ജില്ലാ കളക്ടറുണ്ട്. ശ്രീമാൻ എം. പി. ജോസഫ്. ഒരു ചെറുപ്പക്കാരനായിട്ടുള്ള ഐ.എ.എസ്. ഓഫീസർ. അദ്ദേഹം ശ്രീമാൻ മാണിയുടെ സഹോദരീപുത്രൻ കൂടിയാണ്. അദ്ദേഹത്തെ അധികാരസ്ഥാനത്ത് നിന്ന് മാറ്റി. മാറ്റരുതെന്ന് ശ്രീമാൻ പി. ജെ. ജോസഫിനോട് അദ്ദേഹത്തിന്റെ കാല് പിടിച്ച് മാണി ആവശ്യപ്പെട്ടതാണ്. മൂന്നു മാസം കൂടി അവിടെ വയ്ക്കണമെന്ന്. എന്ത് കൊണ്ടാണ് മാറ്റിയതെന്നറിയാമോ? മാണിയുടെ ആരാധകനായ ശ്രീമാൻ എം. പി. മാണി അടുത്തകാലത്ത് കൂറുമാറി ജോസഫിനോട് കൂടിയായി. അതുകൊണ്ടാണ് എം. പി. മാണിയെ ഒന്ന് രക്ഷിക്കാൻവേണ്ടി അദ്ദേഹത്തെ ഒന്ന് പിടിച്ച് നിർത്താൻ ശ്രീമാൻ പി. ജെ. ജോസഫ് നടത്തിയ ഒരു പ്രവർത്തനം കൂടി ആയിരുന്നില്ലേ എറണാകുളം കളക്ടർ കൂടി ആയിരുന്ന എം. പി. ജോസഫിനെ ആ സ്ഥാനത്തുനിന്ന് മാറ്റിക്കൊണ്ട് ശ്രീമാൻ മാണിയെ ഒരിക്കൽകൂടി നിലനിർത്താനുള്ള നടപടി ജോസഫ് സ്വീകരിച്ചത്. ഭരണമുന്നണിക്കാർ പറയുമ്പോൾ ഞങ്ങൾ ഒറ്റക്കെട്ടായി ഒരുമിച്ച് ഈ കാര്യങ്ങളൊക്കെ നീക്കിക്കൊണ്ട് പോകുന്നുവെന്ന്. കാര്യത്തിന്റെ കിടപ്പ് ഇങ്ങനെയാണ്. പരസ്പരം കാലുവാരൽ, സൗകര്യം കിട്ടുമ്പോൾ കാലിൽ ചവിട്ടൽ, സൗകര്യം കിട്ടുമ്പോൾ എല്ലാം ഒപ്പുന്ന ഈ ഭരണ മുന്നണിയും അതിന്റെ ആളുകൾക്കും ജില്ലാ ഭരണ ബിൽ നടപ്പിലാക്കാൻ കഴിയുകയില്ല എന്ന് മാത്രമല്ല ഈ മുന്നണിക്ക് പോലും ഒരുമിച്ച് പോകാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമുണ്ടായിരിക്കുന്നു. ഭവന നിർമ്മാണവകുപ്പിനെ കുറിച്ച് പറയുമ്പോൾ ഒരു കാര്യം പറയണം. എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീമാൻ സി. എഫ്. തോമസ് വളരെ ആവേശപൂർവ്വം ഒരു കാര്യം പറഞ്ഞു. എട്ടു മാസം കൊണ്ട് ഒരു ലക്ഷം വീടിനെക്കുറിച്ച് എനിക്ക് അദ്ദേഹത്തിന്റെ അഭിപ്രായത്തോട് ഒന്നും തോന്നിയിട്ടില്ല. ഒരു പഴങ്കഥ പറയും. ഈ മനോരാജ്യത്തിന് എന്തിനാണ് അർദ്ധ രാജ്യം? മുഴുവൻ രാജ്യവും ആശിച്ചുകൂടേയെന്ന്. അത്തരം ഒരു ആഗ്രഹമല്ലേ അദ്ദേഹം നടത്തിയത്.. ഭവന നിർമ്മാണ പദ്ധതി മോശമാണെന്ന അഭിപ്രായം ഞങ്ങൾക്കില്ല. ചെയ്തത് അത്രയും നല്ലതാണ്. എന്നാൽ ഒരു കാര്യം മനസ്സിലാക്കണം. ഒരു ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

വീടെന്നും, രണ്ടു ലക്ഷം വീടെന്നും ആവർത്തിച്ച് ആവർത്തിച്ച് പറയുന്നുണ്ട്. നാലു കൊല്ലത്തിനുമുൻപ് കുടികിടപ്പുകാരുടെ ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് ഒന്നാം ഗഡു കൊടുത്തിട്ട് ബാക്കി കൊടുക്കാതെ എത്രയോ അപേക്ഷകൻമാർ ഇന്ന് നാട്ടിലുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻപിൽ മൂന്നു വർഷംകൊണ്ട് തുടർച്ചയായി ഈ കാര്യങ്ങളും പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. കഴിഞ്ഞ മാസവും അദ്ദേഹം പറഞ്ഞു അവർക്ക് പണം കൊടുക്കാൻ തീരുമാനിച്ചെന്ന്. കൊടുത്തിട്ടില്ലെന്ന് മാത്രമല്ല ഇനിയും അത്തരം ആളുകളെ അവശേഷിക്കുന്നു. അതുകൊണ്ട് ഭവന നിർമ്മാണ പദ്ധതി മോശമാണെന്ന് ഞങ്ങൾക്ക് അഭിപ്രായമില്ല. ഇതുമായി ബന്ധപ്പെട്ട ഒരു കാര്യം ഞാൻ പറയട്ടെ. നമ്മുടെ ബഹുമാനപ്പെട്ട മെമ്പർമാർ ഭവന നിർമ്മാണത്തിനുവേണ്ടി ലോൺ ആവശ്യപ്പെട്ടാൽ മൂന്നുലക്ഷം രൂപ വരെ കൊടുക്കാൻ ഇവിടെ ഒരു നിയമം പാസ്സാക്കിയിട്ടുണ്ട്. ഞങ്ങളാരും അതു വാങ്ങുന്നില്ല. മൂന്നു ലക്ഷം രൂപയ്ക്കു വേണ്ടി ഈ സഭയിലെ ഒരു എം. എൽ. എ. അപേക്ഷ കൊടുത്താൽ ഒരു മാസത്തിനകം കിട്ടും. ഇവിടത്തെ പാവപ്പെട്ട ആളുകൾ ലോണിനുവേണ്ടി വർഷങ്ങളോളം കാത്തു നിൽക്കേണ്ട ഗതികേട് നമ്മുടെ രാജ്യത്തുണ്ടായി എങ്കിൽ ഈ മന്ത്രിയ്ക്ക് അഭിമാനിക്കാൻ വകയില്ലെന്നു ഞാൻ പറയും. അദ്ദേഹത്തിന്റെ ഭവനനിർമ്മാണ പദ്ധതി മോശമാണെന്നു ഞാൻ പറയുകയല്ല. എം. എൽ. എ. ആണെങ്കിൽ ഒരുമാസംകൊണ്ട് ലോൺ കിട്ടുന്നു. പാവപ്പെട്ട വനാണെങ്കിൽ അവന് മൂന്നും നാലും വർഷം കാത്തിരിക്കേണ്ടി വരുന്നു. നമ്മുടെ ഭവന നിർമ്മാണ ബോർഡിന്റെ ചെയർമാൻ ഇപ്പോഴില്ല. ഹൈക്കോടതി തീരുമാനം അനുസരിച്ചാണെന്നു തോന്നുന്നു അദ്ദേഹം രാജിവച്ചത്. ഈ അടുത്ത കാലത്ത് 20 ടൺ കമ്പിയുടേയും 12 ലക്ഷം രൂപയുടേയും കണക്കിന്റെ പേരിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ നടപടി എടുക്കുകയുണ്ടായി. അദ്ദേഹം കൃത്രിമം കാണിച്ചതുകൊണ്ട് അദ്ദേഹത്തിന്റെ പേരിൽ നടപടിയെടുക്കാൻ തീരുമാനിച്ചു. ഇപ്പോൾ സോമശേഖരൻനായർ എന്ന ആ ഉദ്യോഗസ്ഥനെ പ്രൊമോട്ട് ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. ഇത്തരം ആളുകൾക്ക് നീതി നടത്താൻ കഴിയുമോ? ഇതുപോലെ അനർഹരായിട്ടുള്ള ആളുകൾ അവിടെ കടന്നുകൂടിയാൽ എങ്ങിനെയാണ്, നീതി നിർവ്വഹിക്കാൻ കഴിയുന്നത്. ജില്ലാ സഹകരണബാങ്കുകളിലും റൂറൽ ബാങ്കുകളിലും ഒക്കെ നിയമനം നടക്കണമെങ്കിൽ 25,000 മുതൽ 50,000 രൂപ വരെ കൊടുക്കണം. എത്ര രൂപ കൊടുത്താലും ഇന്നു നിലവിലുള്ള സംവരണതത്വമനുസരിച്ച് പട്ടികജാതിക്കാർക്കും പിന്നോക്ക വിഭാഗക്കാർക്കും നീക്കിവച്ചിട്ടുള്ള സംവരണതത്വമനുസരിച്ച് ഒറ്റയൊരാളെപ്പോലും നിയമിക്കുന്നില്ല. സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറയുന്നത് ഇന്നത്തെ സഹകരണ നിയമത്തിനു പകരം ഒരു പുതിയ നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുന്നു എന്നാണ്. പത്തു ശതമാനം ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും വേണ്ടി നീക്കിവച്ചിട്ടുണ്ട്. പിന്നോക്കക്കാർക്ക് മറ്റാനുകൂല്യങ്ങളുണ്ട്. എന്നാൽ നമ്മുടെ ജില്ലാ ബാങ്കുകളിലും റൂറൽ ബാങ്കുകളിലും നടക്കുന്ന ഉദ്യോഗ നിയമനങ്ങൾ അർഹതയുള്ള ആളുകൾക്ക് കിട്ടാത്ത തരത്തിൽ ന്യായമായ സംവരണ തത്വങ്ങൾ മറികടന്നുകൊണ്ട് നിയമനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് സഹകരണനിയമത്തിനകത്ത് ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന്. മാത്രമല്ല സഹകരണ സംഘങ്ങളിലേക്ക് നോമിനികളെ കൊണ്ടുവരുന്ന ഒരേർപ്പാടുണ്ട്. ഞങ്ങളുടെ നാട്ടിൽ സാധാരണ പ്രൈമറി സംഘങ്ങളിലാണെങ്കിൽ രണ്ടായിരം രൂപ കൊടുത്താൽ നോമിനികളാകാൻ കഴിയും. കുറച്ചുകൂടി ഉയർന്ന സംഘങ്ങളിലാണെങ്കിൽ നാലായിരം രൂപ. ജില്ലാ ബാങ്കുകളിലാണെങ്കിൽ ആറായിരം രൂപ വരെ കൊടുത്താൽ നോമിനികളായിവരാം. ആസമ്പ്രദായം

LIBRARY ARCHIVES Kerala Legislative Assembly

അവസാനിപ്പിച്ച് സഹകരണരംഗത്ത് ഇപ്പോഴും നടക്കുന്ന വെട്ടിപ്പും തിരിമറിയും ഒന്നവസാനിപ്പിക്കണം. നഗരസ്വത്തിനെക്കുറിച്ച് യൂത്ത് കോൺഗ്രസ് സ്നേഹിതൻമാർ വളരെ വാചാലമായി ഇവിടെ പറഞ്ഞു. സമ്പന്നരായിട്ടുള്ള ആളുകൾ ഒരു കണക്കുമില്ലാതെ ഇഷ്ടംപോലെ പട്ടണങ്ങളിൽ കെട്ടിടം വയ്ക്കുന്നു. കോട്ടയത്ത് ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ ഓഫീസ് പ്രവർത്തിക്കുന്നത് ഒരു സ്വകാര്യ ഉടമയുടെ കെട്ടിടത്തിലാണ്. അതിന് 39,000 രൂപ പ്രതിമാസം വാടകകൊടുക്കണം. നഗരസ്വത്തിന് പരിധി നിർണ്ണയിച്ചു കഴിഞ്ഞാൽ ഇതൊഴിവാക്കാൻ കഴിയും. അതു കൊണ്ട് അടിയന്തിരമായി നഗരസ്വത്തിന് പരിധി നിർണ്ണയിക്കണം. ഞാൻ സൂചിപ്പിച്ച അഴിമതിക്കളെക്കുറിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. സി. ടി. അഹമ്മദലി: സർ, ഭൂനികുതി, ജില്ലാഭരണവും പലവകയും, വേനനിർമ്മാണം, സഹകരണം എന്നീ വകുപ്പുകളിലേക്ക് ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ഡിമാൻറുകളെ ഞാൻ പൂർണ്ണമായി അനുകൂലിക്കുകയാണ്. പല പ്രഗൽഭൻമാരായ മന്ത്രിമാരും ഈ വകുപ്പുകളുടെ ചുമതല ഇതിനുമുമ്പ് ഏറെറടുത്തിരുന്നു. എന്നാൽ ആർക്കും തന്നെ ഈ വകുപ്പ് ഇത്രമാത്രം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ രണ്ടുമൂന്നു വർഷംമുമ്പ് വരൾച്ചയുണ്ടായി. കേരളത്തിൻെറ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത വിധത്തിൽ വരൾച്ചയുണ്ടായി. അതുപോലെ കഴിഞ്ഞ വർഷം ഏറെറവും രൂക്ഷമായ വെള്ളപ്പൊക്കവും ഉരുൾപൊട്ടലുംമൂലം സംസ്ഥാനത്ത് വളരെയേറെ നാശനഷ്ടങ്ങൾ ഉണ്ടായി. ഈ ഘട്ടങ്ങളിലെല്ലാം തന്നെ ആ നഷ്ടങ്ങളുടെ കണക്കുകൾ മുഴുവൻ കേന്ദ്ര ഗവൺമെൻറിൻെറ മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് സംസ്ഥാനത്തിനാവശ്യമായ വിഹിതം വാങ്ങാൻ കഴിഞ്ഞതിൽ ഞാൻ ബഹുമാന്യനായ റവന്യൂ വകുപ്പു മന്ത്രിയെ അഭിനന്ദിക്കുകയാണ്. അത് ഉപയോഗിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഒരുപാട് പാലങ്ങളും റോഡുകളും സ്കൂൾ കെട്ടിടങ്ങളും, വില്ലേജ് ഓഫീസുകളും നിർമ്മിക്കാൻ സാധിച്ചു. കേരളത്തിലെ പാവപ്പെട്ടവരും ദുർബലരുമായ ജനവിഭാഗങ്ങൾക്കുവേണ്ടി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ഡിമാൻറുകളെ പ്രതിപക്ഷത്തുനിന്നു പലരും എതിർത്ത് സംസാരിക്കുകയുണ്ടായി. പക്ഷേ അവരാരും തന്നെ തലചായ്ക്കാനിടമില്ലാത്ത പാവപ്പെട്ടവർക്കു വേണ്ടി അവതരിപ്പിച്ച ഈ ഡിമാൻറുകളെ അനുകൂലിച്ചില്ല. കർഷകർക്കു വേണ്ടി, തൊഴിലാളികൾക്കുവേണ്ടി, പാവപ്പെട്ടവർക്കുവേണ്ടി വിപ്ലവവീര്യം പ്രസംഗിച്ചു നടക്കുന്ന മാർക്സിസ്റ്റു പാർട്ടികളിൽപ്പെട്ടവർ നിർജ്ജീവമായ ചർച്ചയാണ് നടത്തിയത്. ശ്രീ. എം. വി. രാഘവൻ ഇവിടെ പറയുന്ന വാദഗതികളോട് ചിലപ്പോൾ യോജിക്കാൻ തോന്നുകയാണ്. ഇവിടെ ഒരുപാട് പ്രശ്നങ്ങളുണ്ട്. തലചായ്ക്കാൻ ഇടമില്ലാത്ത പാവപ്പെട്ട ആളുകൾ നരകയാതന അനുഭവിക്കുമ്പോൾ നിസ്സാരമായ കുവൈറിൻേറയും ശുദ്ധിയത്തിനേറയും പേരു പറഞ്ഞുകൊണ്ട് ഈ സംസ്ഥാനത്തിലെ പാവപ്പെട്ട ആളുകളെ മറന്നു കഴിഞ്ഞിരിക്കുന്നു. കാസർകോഡ് മുതൽ തിരുവനന്തപുരം വരെ രാഘവൻെറ പ്രസംഗം കേൾക്കുന്നതിന് ലക്ഷക്കണക്കിനാളുകൾ തടിച്ചുകൂടുന്നു. വേനനിർമ്മാണ രംഗത്ത് നമ്മുടെ റവന്യൂ വകുപ്പുമന്ത്രി വളരെ ശ്ലാഘനീയമായ ഒരു നിലപാടാണ് കാഴ്ചവച്ചത്. ഈ നാലു വർഷം കൊണ്ട് ഈ സംസ്ഥാനത്തെ ഏകദേശം രണ്ടരലക്ഷത്തോളം ആളുകൾക്ക് തലചായ്ക്കാൻ ഇടമുണ്ടായി. കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിന് കേരളത്തിലെ ദുർബലവിഭാഗങ്ങൾക്കുവേണ്ടി ഇനിയും ധാരാളം വീടുകൾ നിർമ്മിക്കുവാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

അതിനുള്ള വേനനിർമ്മാണ പദ്ധതിയുമായിട്ട് മുന്നോട്ടു പോവുകയാണ്. കാസർകോഡ് ജില്ലയിൽ കഴിഞ്ഞ രണ്ടാഴ്ച മുമ്പ് റവന്യൂ വകുപ്പു മന്ത്രി വരുകയും ആയിരക്കണക്കിനാളുകൾക്ക് വീടുനിർമ്മാണത്തിനുള്ള രണ്ടും മൂന്നും ഗഡുക്കൾ പണം വിതരണം ചെയ്യുകയും ചെയ്തു. കാസർകോഡു ജില്ലയിൽനിന്നു കേരളാ ഹൗസിംഗ് ബോർഡിൽ ഏകദേശം ഒന്നു രണ്ടു വർഷം മുമ്പ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതിനു ഫണ്ടില്ലെന്നുള്ള കാരണംകൊണ്ട് 261 അപേക്ഷകർക്ക് ഇന്നും സഹായം കിട്ടാതെ അപേക്ഷകർ ക്ഷ്ടപ്പെടുകയാണ്. അതുകൊണ്ട് അവർക്ക് പണം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. ജില്ലാ തലങ്ങളിൽ വേനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുവേണ്ടി അവർക്കാവശ്യമായ മെറ്റീരിയൽസ് ലഭ്യമാക്കാനുള്ള സ്റ്റോറുകൾ അടിയന്തിരമായി തുറക്കണം. കേരളത്തിലെ ഭരണപരിഷ്ക്കാരത്തിന്റെ ഭാഗമായി കേരളത്തിലെ രണ്ടുമൂന്നു ജില്ലകളൊഴിച്ച് ബാക്കി ജില്ലകളിലെല്ലാം തന്നെ അഹമ്മദ് നഗർ ഭരണപരിഷ്ക്കാരം ഏർപ്പെടുത്തിയിരിക്കുകയാണ്. നമ്മുടെ നാട്ടിലെ പാവപ്പെട്ട വിദ്യാഭ്യാസമില്ലാത്ത ആളുകൾ ഫയലുകളൊന്നും പുറത്തു വരാത്തതുകൊണ്ട് ഓഫീസുകൾ തോറും ഓടിയോടി നടക്കുകയാണ്. ആ കാഴ്ച വളരെ ദയനീയമാണ്. പലപ്പോഴും ഞങ്ങൾക്കു തന്നെ അനുഭവം ഉണ്ടായിട്ടുണ്ട്. ഏതെങ്കിലും കാര്യത്തിനുവേണ്ടി ഫോണിൽ വിളിച്ചാൽ ആരാണ് എന്ന് വളരെ ഭീഷണിപ്പെടുത്തിയാണ് ചോദിക്കുന്നത്. എം. എൽ. എ. മാരാണെന്നു പറയുമ്പോൾ മാത്രം കാര്യം അന്വേഷിക്കുന്നു. ഈയൊരവസ്ഥ അവസാനിപ്പിക്കണം. പാവപ്പെട്ട ആളുകൾക്കും, എം. എൽ. എ. മാർക്കും, മന്ത്രിമാർക്കുമെല്ലാം തുല്യമായ പരിഗണന ഗവൺമെന്റാഫീസുകളിൽ കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. വില്ലേജ് ഓഫീസുകൾ മുതൽ സെക്രട്ടേറിയറ്റ് വരെ ഭരണപരിഷ്ക്കാര രംഗത്ത് സമൂലമായ പരിവർത്തനം ഒരു സമയബന്ധിത പരിപാടി വച്ചു കൊണ്ട് ഇവിടത്തെ ഫയലുകൾ നീങ്ങാനുള്ള ഒരു സംവിധാനം ഉണ്ടാക്കണം. കാസർകോഡ് ജില്ലയിൽ സങ്കീർണ്ണമായ പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് ആ ജില്ലക്കുകൂടി അഹമ്മദ് നഗർ ഭരണപരിഷ്ക്കാരം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണം. കാസർകോഡ് ജില്ല അടുത്ത കാലത്തായി നിലവിൽ വന്ന ജില്ലയാണ്. വാടകകെട്ടിടങ്ങളിലാണ് മുഴുവൻ ഓഫീസുകളും പ്രവർത്തിക്കുന്നത്. ഭീമമായ സംഖ്യ വാടക ഇനത്തിൽത്തന്നെ ചെലവാകുന്നുണ്ട്. അതുകൊണ്ട് ഈ വർഷം തന്നെ സിവിൽ സ്റ്റേഷൻ പണിയാനുള്ള നടപടികൾ ആരംഭിക്കണം. ഓഫീസുകളിൽ ആവശ്യത്തിന് സ്റ്റാഫില്ല. ഓഫീസുകളിൽ ആവശ്യമായ സ്റ്റാഫും ഫർണീച്ചറും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്താനുള്ള നടപടികൾ ഉണ്ടാകണം. ഈ കാര്യം ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണം.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒട്ടേറെ വില്ലേജ് ഓഫീസുകളുണ്ട്. സംസ്ഥാനത്തിന്റെ മിക്ക ഭാഗങ്ങളിലും വളരെയേറെ വില്ലേജ് ഓഫീസുകൾക്ക് ഇന്ന് സ്വന്തം കെട്ടിടങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ പണി വളരെ ശ്ലാഘനീയമാണ്. ഇനിയും ബാക്കിയുള്ള വില്ലേജ് ഓഫീസുകൾക്കുകൂടി ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ചു കൊടുക്കാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ ഭരണരംഗത്ത്, വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഓഫീസുകളാണ് വില്ലേജ് ഓഫീസുകൾ. അവർക്ക് ആവശ്യമായ കെട്ടിടങ്ങൾ, അതുപോലെതന്നെ ആവശ്യമായിട്ടുള്ള അഡീഷണൽ സ്റ്റാഫുകൾ ഇതൊക്കെ ആവശ്യമാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി ശ്രദ്ധപതിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാസർകോട് ജില്ല നിലവിൽ വന്നെങ്കിലും, രണ്ടുവർഷം പിന്നിട്ടുവെങ്കിലും 32 ഓഫീസുകളും മാത്രമേ അവിടെ നിലവിൽ വന്നിട്ടുള്ളൂ. ഒരു ജില്ലാ ഓഫീസ് കൂടി അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും അത് പ്രവർത്തിച്ചിട്ടില്ല. അതുപോലെ 24 ജില്ലാ ഓഫീസുകളും ഇനി ആ ജില്ലയിൽ അനുവദിക്കാനുണ്ട്. ഈ ജില്ലാ ഓഫീസുകളുടെയെല്ലാം പ്രവർത്തനം ആരംഭിച്ചാൽ മാത്രമേ ആ ജില്ലയുടെ സുഗമമായ ഭരണം കാഴ്ചവയ്ക്കാൻ കഴിയുകയുള്ളൂ. ഈ കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഗവൺമെന്റ് ജീവനക്കാരുടെ പാർപ്പിട പ്രശ്നങ്ങളും കാസർകോട് ജില്ലയെ സംബന്ധിച്ചിടത്തോളം ഒരു വലിയ പ്രശ്നമാണ്. തിരുവനന്തപുരത്തു നിന്നും, കൊല്ലത്തു നിന്നും, എറണാകുളത്തുനിന്നും കാസർകോട്ടേയ്ക്ക് പോസ്റ്റിംഗ് ചെയ്യുന്ന ഒരാൾക്ക് എത്രവാടക കൊടുത്താലും കെട്ടിടം ലഭിക്കാതെ അവർ തെക്കൻ ജില്ലകളിലേക്കുതന്നെ തിരിച്ചുവരുന്ന അവസ്ഥയാണ് ഉണ്ടാകുന്നത്. അതുകൊണ്ട് അടിയന്തിരമായി ഗവൺമെന്റ് ജീവനക്കാരുടെ പാർപ്പിട പ്രശ്നങ്ങളും പരിഹരിക്കാനും, അദ്ധ്യാപകർക്കും മറ്റ് സ്റ്റാഫുകൾക്കുമെല്ലാം ആവശ്യമുള്ള ഹോസ്റ്റൽ സൗകര്യങ്ങളും ഏർപ്പെടുത്താനും, കോർട്ടേഴ്സുകളും നിർമ്മിക്കാനും ബഹുമാനപ്പെട്ട ഭവന നിർമ്മാണ വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

കാസർകോട് റവന്യൂ ഡിവിഷൻ, അത് ഒരു ജില്ലയോളം വലിപ്പമുള്ള ഡിവിഷനാണ്. അതുകൊണ്ട് അടിയന്തിരമായി കാസർകോഡ് റവന്യൂ ഡിവിഷണൽ ഓഫീസ് വിഭജനം നടത്തി റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികളും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 1956-ൽ ഐക്യകേരളം നിലവിൽവന്നതിനു ശേഷം ഇവിടെ പല ജില്ലകളും നിലവിൽ വന്നുവെങ്കിലും ഒരൊറ്റ പുതിയ താലൂക്കുപോലും നിലവിൽ വന്നിട്ടില്ല. താലൂക്കുകളുടെ പുനർവിഭജനം അടിയന്തിരമായി ഗവൺമെന്റ് പരിശോധിക്കേണ്ടതുണ്ട്. പുതുതായി നിലവിൽവന്ന കാസർകോട് ജില്ലയിൽ നാലോ അഞ്ചോ താലൂക്കുകൾ രൂപീകരിക്കാനും, വലിയ വില്ലേജുകൾ വിഭജനം നടത്താനുമുള്ള നടപടികളും കൂടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. മിക്ക വില്ലേജ് ഓഫീസുകളും കാര്യക്ഷമമായി പ്രവർത്തിക്കണമെങ്കിൽ ഇത് അത്യാവശ്യമാണെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പംതന്നെ നമ്മുടെ പാവപ്പെട്ട അഗതികൾക്ക് നൽകുന്ന പെൻഷനുകളും മുടുംതോറും താമസിക്കാതെ യഥാവസരത്തിൽ അവർക്ക് നൽകാനുള്ള സംവിധാനങ്ങളുംകൂടി ഏർപ്പെടുത്തണം. കാസർകോട് മുനിസിപ്പാലിറ്റിയിൽപ്പെട്ട വളരെ പാവപ്പെട്ട മുപ്പതും നാൽപ്പതും വർഷമായി അന്തിയുറങ്ങാൻ ഇടമില്ലാതെ വെറും കുടിലുകളും കെട്ടിത്താമസിക്കുന്നതായ മുപ്പതും നാൽപ്പതും വീടുകളുണ്ട്. പിന്നോക്കപ്രദേശത്തിന്റെ ഒന്നുരണ്ട് കാര്യങ്ങളുംകൂടി പറയാനുണ്ട്. ബദിര, വാകോട് കടപ്പുറം പോലുള്ള പ്രദേശങ്ങളിൽ തീർച്ചയായും അവർ കെട്ടിത്താമസിക്കുന്ന വീടുകളും ഒഴിപ്പിക്കാനുള്ള ചില നടപടികളും സ്വീകരിച്ചുകാണുന്നതിൽ ഖേദകരമാണ്. പാവപ്പെട്ട ആളുകൾക്ക് രണ്ടോ മൂന്നോ സെന്റ് ഭൂമിയോ അവരുടെ പുരയിടം സ്ഥിതിചെയ്യുന്ന സ്ഥലമോ അവർക്ക് പതിച്ചുകൊടുക്കാനുള്ള നടപടികളും സ്വീകരിക്കണം. എന്തെങ്കിലും സാങ്കേതികമായ ബുദ്ധിമുട്ടുകളും ഉണ്ടെങ്കിൽതന്നെ അവർക്ക് ഭൂമി പതിച്ചുകൊടുക്കാനുള്ള നടപടികളും സ്വീകരിക്കണം. പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്കുകൂടി അവിടെ പട്ടയം നൽകാനുള്ള നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്താങ്ങുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി: സർ, റവന്യൂ, ഭവന നിർമ്മാണം, സഹകരണം എന്ന വകുപ്പുകളിലേക്ക് ബഹുമാന്യരായ റവന്യൂവകുപ്പുമന്ത്രിയും സഹകരണവകുപ്പു മന്ത്രിയും അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ സന്തോഷപൂർവ്വം അനുകൂലിക്കുകയാണ്. സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ കാര്യത്തിലും വികസനപ്രവർത്തനങ്ങളുടെ കാര്യത്തിലും റെക്കോർഡ് പ്രവർത്തനം നമ്മുടെ സംസ്ഥാനത്ത് നടന്നുവരികയാണ്. ഈ പ്രവർത്തനങ്ങൾക്ക് അനുകരണീയമായ രീതിയിൽ നേതൃത്വം നൽകാൻ കഴിഞ്ഞിട്ടുള്ള ഓഫീസുകളുടെ, ഡിപ്പാർട്ടുമെന്റുകളുടെ ചെലവുകൾ ഉൾക്കൊള്ളുന്ന ധനാഭ്യർത്ഥനയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ടാണ് സന്തോഷപൂർവ്വം ഈ ഡിമാൻറുകളെ അനുകൂലിക്കാൻ കഴിഞ്ഞിട്ടുള്ളത്. ജില്ലാതലങ്ങളിലായാലും താലൂക്ക്തലങ്ങളിലായാലും വില്ലേജ് തലങ്ങളിലായാലും വ്യത്യസ്തമായ നല്ലപ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിഞ്ഞതുകൊണ്ടാണ് സമയബന്ധിതപരിപാടിയായി നമ്മുടെ നാട്ടിൽ വികസനപ്രവർത്തനങ്ങൾ കഴിഞ്ഞ കാലങ്ങളിൽ നടത്തുവാൻ കഴിഞ്ഞത്. ഇത് പ്രത്യേകം പരാമർശിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. വില്ലേജ് ഓഫീസുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച്, താലൂക്ക് ഓഫീസുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച്, കളക്ടറേറ്റുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് എല്ലാംതന്നെ കഴിഞ്ഞ കാലങ്ങളിലെല്ലാം പരക്കെ പരാതികളും പരിഭവങ്ങളും ആക്ഷേപങ്ങളുമുണ്ടായിരുന്നുവെങ്കിലും, ആക്ഷേപങ്ങൾ ഇപ്പോഴും ഉണ്ടാകുന്നുണ്ടെങ്കിലും കഴിഞ്ഞ കുറേ നാളുകളായി ഇവിടെ സൂചിപ്പിച്ചതുപോലെ, വരൾച്ചയുടേയും വെള്ളപ്പൊക്കത്തിൻറെയും ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത കാലഘട്ടത്തിൽ ആത്മാർത്ഥമായ പ്രവർത്തനമാണ് ഉദ്യോഗസ്ഥൻമാരും ജീവനക്കാരും നടത്തിയെന്നുള്ളത് അംഗീകരിക്കാതിരിക്കാൻ നിർവ്വാഹമില്ല. ഈ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുന്ന മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുവാനും പരിശോധിക്കുവാനും തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. സമയബന്ധിത പരിപാടികൾ നടപ്പിലാക്കുവാൻ തയ്യാറായിട്ടുള്ള റവന്യൂ വകുപ്പുമന്ത്രിയെ സംബന്ധിച്ചിടത്തോളം ഈ കാര്യങ്ങളിൽ നടപടിക്രമങ്ങളെ ലഘൂകരിച്ചുകൊണ്ട് തീരുമാനങ്ങൾ നടപ്പിലാക്കുവാനുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻവേണ്ടി സ്തുത്യർഹമായ നീക്കങ്ങൾ നടത്തുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇവിടെ ജില്ലാ ഭരണബിൽ നടപ്പിലാക്കുന്ന കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ജില്ലാഭരണ ബിൽ കഴിയുന്നതും വേഗം നടപ്പിലാക്കണമെന്നാണ് ഞങ്ങളുടെയും അഭിപ്രായം. അതിനകത്ത് ഏതെങ്കിലും നൂലാമാലകൾ ഉണ്ടെങ്കിൽ, പോരായ്മകളുണ്ടെങ്കിൽ, അപാകതകളുണ്ടെങ്കിൽ അതെല്ലാം ദൂരീകരിച്ചുകൊണ്ട് അധികാരവികേന്ദ്രീകരണം ലക്ഷ്യമാക്കിയിട്ടുള്ള ആ ബിൽ നിയമമാക്കി അത് പ്രാവർത്തികമാക്കാൻ വേണ്ടിയുള്ള മാർഗ്ഗങ്ങൾ ആരായുവാൻ ഗവൺമെൻറ് തയ്യാറാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

താലൂക്കുകളുടെ പുനർവിഭജനത്തെക്കുറിച്ച്, പുതിയ ജില്ലകൾ ഉണ്ടാക്കുന്നതിനെക്കുറിച്ച്, വില്ലേജുകൾ കൂടുതലായി ഉണ്ടാക്കുന്നതിനെക്കുറിച്ച് എല്ലാം ബഹുമാന്യരായ അംഗങ്ങൾ ഇവിടെ സംസാരിക്കുകയുണ്ടായി. കൂടുതൽ വില്ലേജുകൾ രൂപീകരിക്കുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യുന്നത് സ്വാഗതാർഹമാണ്. താലൂക്ക് പുനഃസംഘടനയെക്കുറിച്ച് സംസാരിക്കാൻ തുടങ്ങിയിട്ട് നാളുകളേറെയായി. താലൂക്ക് പുനഃസംഘടന, പുതിയ താലൂക്കുകൾ ഉണ്ടാകുന്നതിനെക്കുറിച്ച് ഊന്നിപ്പറഞ്ഞുകൊണ്ടാണ് പലപ്പോഴും സംസാരിക്കാറുള്ളത്.

അതിന് വരുന്ന ചെലവുകളും അതു മൂലം ഉണ്ടാകുന്ന പല പ്രയാസങ്ങളും പ്രശ്നങ്ങളും എല്ലാം മുന്നിൽക്കാണുമ്പോൾ, അനിവാര്യമായിട്ടുള്ളത് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിനേക്കാൾ നല്ലത് താലൂക്ക് പുനർവിഭജനമാണ്. ഭൂമി ശാസ്ത്രപരമായും മറ്റും ഉള്ള പ്രായോഗിക വൈഷമ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് താലൂക്ക് പുനഃസംഘടന നടത്തുവാനെങ്കിലും അടിയന്തിരമായി റവന്യൂ വകുപ്പുമന്ത്രിയും ഈ ഗവൺമെന്റും തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഉദാഹരണമായി എന്റെ നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന പ്രദേശം മൂന്ന് താലൂക്കുകളിലായിട്ടാണ് നിൽക്കുന്നത്; ആലുവാ താലൂക്കിലും, കണയന്നൂർ താലൂക്കിലും, പറവൂർ താലൂക്കിലും. ഭൂമിശാസ്ത്രപരമായും മറ്റു പല രീതിയിൽ നോക്കിയാലും അവിടെ താമസിക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ മൂന്ന് താലൂക്കുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയെന്നുള്ളത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അപ്പോൾ അവിടെ പുനഃസംവിധാനമാണ് ആവശ്യം.

പുനർവിഭജനംമൂലം ഗവൺമെന്റിന് അധികസാമ്പത്തിക ബാദ്ധ്യതയോ മറ്റ് പ്രശ്നങ്ങളോ ഉണ്ടാകുവാൻ പോകുന്നില്ല. സ്വാഭാവികമായും പുതിയ താലൂക്കുകൾ രൂപീകരിക്കുമ്പോഴുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിച്ചുകൊണ്ട് താലൂക്കുകൾ ഭൂമിശാസ്ത്രപരമായി പുനഃസംവിധാനം ചെയ്യണം.

നമ്മുടെ നഗരങ്ങളെ സംബന്ധിച്ചിടത്തോളം ഭൂമിയുടെ ലഭ്യത വളരെ കുറഞ്ഞുവരികയാണ്. മുനിസിപ്പാലിറ്റികളുടേയും പഞ്ചായത്തുകളുടേയും വികസനപ്രവർത്തനങ്ങൾക്കായാലും മറ്റ് പൊതു ആവശ്യങ്ങൾക്കായാലും സ്ഥലത്തിന്റെ ലഭ്യത നഗരപ്രദേശങ്ങളിൽ വളരെക്കുറവാണ്. അതുകൊണ്ട് ഗവൺമെന്റ് സ്ഥലം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കോ മുനിസിപ്പാലിറ്റികൾക്കോ കോർപ്പറേഷനുകൾക്കോ അല്ലാതെ മറ്റ് സ്ഥാപനങ്ങൾക്കും വ്യക്തികൾക്കു പതിച്ചു കൊടുക്കുന്ന പ്രവണത പൂർണ്ണമായും അവസാനിപ്പിക്കണം. നമ്മുടെ താലൂക്കാഫീസുകളുടേയും വില്ലേജാഫീസുകളുടേയും പ്രവർത്തനങ്ങൾ നമുക്കറിയാം. പെൻഷനും മറ്റും ലഭിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ കൊടുക്കുന്ന ഒരു താവളം മാത്രമായിരുന്നു വില്ലേജാഫീസുകളും താലൂക്കാഫീസുകളും. ഇന്നു ഭവനരഹിതർക്ക് ഭവനം നിർമ്മിച്ചുകൊടുക്കുകതുടങ്ങിയ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്ന ഒരു ഏജൻസിയായി ഈ ഓഫീസുകൾ മാറിയിരിക്കുകയാണ്. ജില്ലാ കളക്ടർമാർക്ക് കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുവാനുള്ള ബുദ്ധിമുട്ടുകളെക്കുറിച്ചു കൂടി പറയുവാനാഗ്രഹിക്കുന്നു അവർക്ക് കൂടുതൽ ജോലിഭാരമുള്ളതുകൊണ്ട് ജനങ്ങളെ കാണുന്നതിനും അവരുടെ പരാതികൾ കേൾക്കുന്നതിനും സമയം വളരെക്കുറയുന്നു. അവരുടെ ജോലിഭാരവും മറ്റ് ഉത്തരവാദിത്വങ്ങളും ലഘൂകരിച്ചുകൊണ്ട് അവർക്ക് ജനങ്ങളുടെ പരാതികൾ കേട്ട് അവയ്ക്ക് പരിഹാരമുണ്ടാക്കുവാനുള്ള അവസരവും സാവകാശവും ഉണ്ടാക്കണം. ഇന്നു സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം കളക്ടറേയോ ജില്ലാതല ഉദ്യോഗസ്ഥൻമാരെയോ കണ്ടു അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുകയെന്നുള്ളത് ബുദ്ധിമുട്ടുള്ള കാര്യമാണ്. ഇതിന് മാറ്റമുണ്ടാക്കുവാൻവേണ്ടി ഈ രംഗത്ത് എന്തു ചെയ്യുവാൻ കഴിയുമെന്ന് പരിശോധിക്കുകയും, ജില്ലാതലത്തിൽ ഡി. ഡി. സി. യും മറ്റും കുറച്ചുകൂടി ഫലപ്രദമായി കൊണ്ടുപോകുകയും വേണം. ഇന്നു ഡി. ഡി. സി. യിലെല്ലാം ഒരു അഡ്വൈസറി ഫംഗ്ഷൻ മാത്രമാണ് നടക്കുന്നത്. അതുമാറ്റി കുറച്ചുകൂടി കാര്യക്ഷമമായും ഫലപ്രദമായും

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ കൊണ്ടുപോകാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ബഹുമാന്യനായ റവന്യൂമന്ത്രി ഗൗരവമായി ആലോചിക്കണം.

സഹകരണമേഖലയെക്കുറിച്ചാണ് ഇനി പറയുവാനുള്ളത്. നമ്മുടെ സംസ്ഥാനത്ത സഹകരണമേഖല ഇന്നു അഭിമാനാർഹമായ നിലയിൽ വളർന്നിട്ടുണ്ട്. ദേശീയതലത്തിൽത്തന്നെ മറ്റ് പല സംസ്ഥാനങ്ങളേയും സഹകരണരംഗത്ത് പിന്നിലാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിലെല്ലാം സഹകരണരംഗത്ത് ജനാധിപത്യസ്വഭാവം ഇല്ലാതിരുന്ന സന്ദർഭങ്ങളിൽ കേരളത്തിൽ ജനാധിപത്യസ്വഭാവം കൂടുതൽ ശക്തിപ്പെടുകയും അഭിമാനാർഹമായ രീതിയിൽ മുന്നോട്ടു പോകുകയും ചെയ്തിട്ടുണ്ടെന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. ഇന്നു കേരളത്തിൽ ഏകദേശം ഏഴായിരത്തോളം സഹകരണസ്ഥാപനങ്ങളും കോ–ഓപ്പറേറീവ് രജിസ്ട്രാറുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. അതിൽത്തന്നെ 1345 പ്രാഥമിക കാർഷിക സഹകരണസംഘങ്ങളുണ്ട്. ഈ പ്രാഥമിക കാർഷിക സഹകരണസംഘങ്ങളിൽത്തന്നെ ഏകദേശം 250 കോടി രൂപയുടെ ഡെപ്പോസിറ്റുണ്ടെന്നുള്ളത് നമ്മുടെ സഹകരണസംഘങ്ങളിൽ ആളുകൾക്ക് എത്രമാത്രം താൽപ്പര്യമുളവാക്കിയിട്ടുണ്ടെന്നുള്ളതിന്റെ തെളിവാണ്. അതുപോലെതന്നെ ജില്ലാസഹകരണബാങ്കിൽ 200 കോടി രൂപയുടെ ഡെപ്പോസിറ്റുണ്ട്. സംസ്ഥാന സഹകരണ ബാങ്കിലാണെങ്കിൽ ഏകദേശം അയ്യായിരത്തിലേറെ ലക്ഷം രൂപയുടെ ഡെപ്പോസിറ്റുണ്ട്. ഇതിൽനിന്നു മനസ്സിലാക്കുവാൻ കഴിയുന്നത് ഇത്രത്തോളം വളർച്ച പ്രാപിച്ചത് ജനങ്ങളുടെ വിശ്വാസം നേടിയെടുക്കാൻ സഹകരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു എന്നുള്ളതുകൊണ്ടാണ്. ജനങ്ങളുടെ വിശ്വാസം നിലനിർത്തിയാൽ ജനാധിപത്യ സ്വഭാവത്തിന് യാതൊരു കോട്ടവും ഉണ്ടാക്കാതെ ജനാധിപത്യസ്വഭാവം കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടു പോകുവാൻ കഴിയും. ഗവൺമെന്റ് മെഷിനറിയായാലും ഡിപ്പാർട്ടുമെന്റുകളിലായാലും സഹകരണപ്രസ്ഥാനത്തിന്റെ ജനാധിപത്യസ്വഭാവം ഇല്ലാതാക്കുന്ന സമീപനമുണ്ടാകാതെ സൂക്ഷിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അങ്ങനെയൊരു സമീപനവുമായി മുന്നോട്ടുപോകുന്നതുകൊണ്ടാണ് കഴിഞ്ഞ രണ്ടുമൂന്നു കൊല്ലത്തിനുള്ളിൽ സഹകരണമേഖലയ്ക്ക് ദേശീയതലത്തിൽ ഇത്രയേറെ അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞത്; യഥാവസരം വായ്പകളും തിരിച്ചടയ്ക്കുന്ന കർഷകർക്കും സ്ഥാപനങ്ങൾക്കും പലിശയിളവ് സബ്സിഡിയായി നൽകുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. പലിശയിളവ് നൽകാനുള്ള സബ്സിഡി തുക യഥാവസരം നൽകാത്തതുമൂലം നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ഫൈനാൻസ് ലഭിക്കാൻ പല ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ട്. സംസ്ഥാന കാർഷിക വികസനബാങ്ക് കഴിഞ്ഞ 3 വർഷമായി ദേശീയതലത്തിൽ അംഗീകാരം നേടിയ ഒരു സ്ഥാപനമാണ്. ഈ സ്ഥാപനം 3 അവാർഡുകളും നേടിയിട്ടുണ്ട്. നിർഭാഗ്യവശാൽ കാർഷികവികസനബാങ്കിനും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന 31 പ്രാഥമിക ഭൂവികസനബാങ്കിനും ഗവൺമെന്റ് നാലര കോടി രൂപ പലിശ സബ്സിഡിയിനത്തിൽ നൽകാനുണ്ട്. പലിശ സബ്സിഡി ബാങ്കിന്റെ കുടിശ്ശിക എന്ന നിലക്കാണ് ഇന്നു നബാർഡ് ഇതിനെ കാണുന്നത്. നബാർഡുമായി ചർച്ചചെയ്തു ഇതു ഗവൺമെന്റിന്റെ കുടിശ്ശികയായി മാറ്റിയെടുത്തില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തിന് നാം നേടിയെടുത്ത അംഗീകാരം ഇല്ലാതായിപ്പോകും. അതുകൊണ്ട് ഒന്നുകിൽ ഈ നാലര കോടി രൂപ ഗവൺമെന്റ് അടിയന്തിരമായി ഭൂവികസനബാങ്കിന് നൽകണം. അല്ലെങ്കിൽ നബാർഡുമായി ചർച്ച ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

അതു ഗവൺമെൻറിന്റെ കൂടിശ്ശികയായി കണക്കിലെടുത്തുകൊണ്ട് കൂടിശ്ശിക അടയ്ക്കാനുള്ള ബാദ്ധ്യതയിൽ നിന്നു ബാങ്കിനെ ഒഴിവാക്കണം.

ഇന്നു കർഷകരെ സംബന്ധിച്ചിടത്തോളം ക്രോപ്പ് ഇൻഷ്വറൻസിന്റെ കാര്യത്തിലുണ്ടായിരിക്കുന്ന ബുദ്ധിമുട്ട് വളരെ ഗൗരവതരമാണ്. ദേശീയതലത്തിൽ ഒരു മാനദണ്ഡമുള്ളതുകൊണ്ടാണ് ഈ ബുദ്ധിമുട്ടുണ്ടാകുവാനുള്ള കാരണം. 3 ശതമാനം പലിശ പ്രീമിയമായി ക്രോപ്പ് ഇൻഷ്വറൻസിനുവേണ്ടി വായ്പയെടുക്കുന്ന കർഷകർ നൽകേണ്ടി വരുന്നു. താലൂക്കിൽ തലത്തിൽ കൃഷിനാശം സംഭവിച്ചതായി ഗവൺമെൻറ് പ്രഖ്യാപിച്ചാൽ മാത്രമേ കൃഷിനാശം സംഭവിച്ച കർഷകർക്ക് അതിന്റെ ആനുകൂല്യം കിട്ടുകയുള്ളൂ. കേരളത്തിലെ പ്രത്യേകസാഹചര്യം കണക്കിലെടുത്തു കൃഷിനാശമുണ്ടായാൽ കൃഷിനാശം സംഭവിച്ച ഓരോ കർഷകനും ക്രോപ്പ് ഇൻഷ്വറൻസിന്റെ ആനുകൂല്യം ലഭിക്കുവാൻ വേണ്ട നടപടി എങ്ങനെ നടപ്പിലാക്കുവാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കണം.

ജനങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമായിട്ടുള്ള സഹകരണാശുപത്രിയെക്കുറിച്ച് അൽപ്പം ചില കാര്യങ്ങൾ പറയാനുണ്ട്. ഈ സഹകരണാശുപത്രികൾ ഫലപ്രദമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. സഹകരണബാങ്കുകളിൽ നിന്നും ഭീമമായ തുക പലിശയ്ക്കെടുത്താണ് ഈ സ്ഥാപനങ്ങൾ നടത്തിവരുന്നത്. പലിശ തന്നെ അടയ്ക്കുവാൻ പറ്റാത്ത ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്. ആതുരശുശ്രൂഷാരംഗത്ത് സ്തുത്യർഹമായി പ്രവർത്തിക്കുന്ന സഹകരണാശുപത്രികൾ നിലനിർത്തുവാൻ വേണ്ടി പലിശ സബ്സിഡിയായി നൽകുവാൻ ബന്ധപ്പെട്ടവരുമായി ആലോചിച്ച് എന്തെങ്കിലും അടിയന്തിരനടപടി ഗവൺമെൻറ് സ്വീകരിക്കണം. വളരെക്കാലത്തിന് മുമ്പുള്ള സഹകരണനിയമമാണ് ഇന്നും തുടർന്നുവരുന്നത്. ഈ സഹകരണ നിയമത്തിന് ആവശ്യമായ ഭേദഗതികൾ ഒരു ഓർഡിനൻസ് വഴിയെങ്കിലും നടപ്പിലാക്കണം. ഇതിന് ബഹുമാന്യയായ സഹകരണവകുപ്പുമന്ത്രി നേതൃത്വം കൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, റവന്യൂ, വേനനിർമ്മാണം, ജില്ലാഭരണം, സഹകരണം എന്നീ വകുപ്പുകളിലേക്ക് ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ നാട്ടിൽ മാത്രമല്ല, ഈ വകുപ്പിനും വരൾച്ച ബാധിച്ചുവെന്നാണ് എനിക്ക് പറയാനുള്ളത്. മിഥുനം, കർക്കിടകമാസക്കാലത്ത് വരൾച്ചയെപ്പറ്റി പറയേണ്ട ഒരു ദുഃസ്ഥിതിയാണ് ഇന്നു വന്നുചേർന്നിട്ടുള്ളത്. മഴ കുറഞ്ഞു വരുന്നു, ഭൂമി വരണ്ടു തുടങ്ങുന്നു, കൃഷി നശിച്ചുകൊണ്ടിരിക്കുന്നു. പാലക്കാട് വരൾച്ച ഇന്നു രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഒരു സ്ഥിതിയാണുള്ളത്. റവന്യൂവകുപ്പ്, ഈ വരൾച്ച തീർക്കുന്നതിന് ആവശ്യമായ യാതൊരു നടപടിയും എടുക്കുന്നില്ലായെന്നാണ് ഇതു സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. തുടർച്ചയായി നാശംവന്നുകൊണ്ടിരിക്കുന്ന കൃഷിയെ രക്ഷിക്കാൻ, കൃഷിക്കാർക്ക് ആശ്വാസം നൽകാൻ—ഒരു നടപടിയും സ്വീകരിക്കാതെ—അനങ്ങാപ്പാറ നയം മാത്രമാണ് റവന്യൂവകുപ്പ് കൈക്കൊണ്ടിട്ടുള്ളത്. ഒരുരൂപ പോലും ഈ കൃഷിക്കാർക്ക് ആശ്വാസകരമായി കൊടുക്കുന്നതിനുള്ള ഒരു പദ്ധതിയും ഏർപ്പെടുത്തിയിട്ടില്ല. കൃഷിവകുപ്പു

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയുടേയും റവന്യൂവകുപ്പു മന്ത്രിയുടേയും പ്രസംഗം വളരെ കേമമാണ്. വരൾച്ചയെ സഹായിക്കാൻ, കൃഷിക്കാരെ സഹായിക്കാൻ എല്ലാം ഞങ്ങൾ കൊടുത്തിരിക്കുന്നുവെന്ന് പറയുമെങ്കിലും ഫലത്തിൽ യാതൊരു നടപടിയുമില്ല. ഈയടുത്തകാലത്ത് ഞങ്ങൾ ഡി. ഡി. സി. ചേർന്നപ്പോഴും കൃഷിവകുപ്പ് ഉദ്യോഗസ്ഥൻമാർ പറഞ്ഞത് തഥൈവാ എന്നാണ്. കഴിഞ്ഞ വെള്ളപ്പൊക്കകാലത്ത് കിട്ടിയ എന്തോ സഹായം കൊടുത്തുവെന്നല്ലാതെ വരൾച്ചക്കുവേണ്ടി ഒരു സഹായവും ചെയ്തില്ല. 113 വില്ലേജുകൾ പാലക്കാടു ജില്ലയിൽ വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിച്ചു. ഈയടുത്തകാലത്ത് രഹസ്യയോഗം പാലക്കാട് നടത്തിയ മന്ത്രി അത് 11 വില്ലേജുകളാക്കി ചുരുക്കിയെന്നും ആ 11 വില്ലേജുകളിലാണ് ഇപ്പോൾ സഹായം ചെയ്യാൻ പോകുന്നതെന്നുമാണ് പറഞ്ഞത്. ജില്ലയിലാകെ 113 വില്ലേജുകൾ വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ട് എന്തുകൊണ്ടാണ് 11 വില്ലേജുകളാക്കി ചുരുക്കിയതെന്ന് അറിയാൻ കഴിയില്ല? സർ, വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനു കിട്ടിയ പണംകൊണ്ടാണ് മന്ത്രി പുതിയ വില്ലേജാഫീസുകൾ കെട്ടിക്കൊണ്ടിരിക്കുന്നത്. വില്ലേജാഫീസുകൾ കെട്ടുന്നതിൽ ഞങ്ങൾക്ക് എതിർപ്പൊന്നും ഇല്ല. പക്ഷേ വകമാറി ചെലവു ചെയ്ത ഒരു മന്ത്രിയാണ്, റവന്യൂമന്ത്രി. അതുകൊണ്ട് പ്രോസിക്യൂഷൻ നടപടിയെടുക്കണം. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് കൃഷിക്കാർക്ക് കൊടുക്കാൻ തീരുമാനിച്ച പണംകൊണ്ടാണ് വില്ലേജാഫീസുകൾ കെട്ടുന്നത്. വില്ലേജാഫീസുകൾ കെട്ടാൻ വേറെ പണം കണ്ടെത്തണം. രോഗംവന്നു മരിക്കാൻ പോകുന്ന രോഗിക്ക് മരുന്നു വാങ്ങാൻ കൊടുത്ത പണം കൊണ്ട് സിനിമ കാണാൻ ചെലവഴിച്ചുവെന്നു പറഞ്ഞതുപോലെയാണ് ഈ മന്ത്രി വെള്ളപ്പൊക്ക ദുരിതം വന്നു നശിച്ച കൃഷിക്കാരെ സഹായിക്കാൻ കിട്ടിയ പണം കൊടുത്ത് ഞാനിതാ വില്ലേജാഫീസുകൾ കെട്ടിപ്പൊക്കുകയാണെന്നു പറയുന്നത് ഏതായാലും ഇതു ശരിയല്ല. കഴിഞ്ഞ ഏപ്രിൽമാസം നാലാം തീയതി റവന്യൂവകുപ്പു മന്ത്രി പാലക്കാടു ജില്ലയിൽവന്ന് എം. പി. മാരേയും എം. എൽ. എ. മാരേയും മറ്റു രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികളേയും വിളിച്ചുകൂട്ടി, ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വരൾച്ചയുടെ രൂക്ഷത മന്ത്രിയെ ബോദ്ധ്യപ്പെടുത്തി. നിങ്ങൾ പറയുന്നത് അക്ഷരംപ്രതി ശരിയാണെന്ന് അദ്ദേഹം സമ്മതിച്ചു. കോടിക്കണക്കിനു ഉറുപ്പിക തന്ന് സഹായിക്കാം, അതിന് പരിശ്രമിക്കാമെന്നും പറഞ്ഞ് പോയി. പാലക്കാട് ജില്ലയിൽ നാലരക്കോടി രൂപയുടെ നാശമുണ്ടായിട്ടുണ്ട്. പക്ഷേ 40 ലക്ഷംരൂപയാണ് അനുവദിച്ചത്. പാലക്കാടു ജില്ലയെ സംബന്ധിച്ചിടത്തോളം നാലരക്കോടി രൂപയുടെ നാശമുണ്ടായിരിക്കുന്നുവെന്ന് എല്ലാവരും സമ്മതിച്ചതാണ്. കുടിവെള്ളം കൊടുക്കുന്ന പ്രശ്നംപോലും ഇന്നും പരിഹരിക്കപ്പെട്ടിട്ടില്ല. കൃഷിയിറക്കിയത് ഇനി രക്ഷപ്പെടുമെന്നുള്ള സ്ഥിതിയിലല്ല. ഇപ്പോഴും ഭൂരിപക്ഷം സ്ഥലത്തും കൃഷിയിറക്കാൻ പററാത്ത അവസ്ഥയാണ്. ഈ സന്ദർഭത്തിൽ രാപകലില്ലാതെ മഴ പെയ്യേണ്ട ഒരു കാലമാണെങ്കിലും ഇന്നും വേണ്ടത്ര മഴ കിട്ടുന്നില്ലാ എന്നുള്ളതാണ് അവിടത്തെ സ്ഥിതി. ഈ മാസം നാലാം തീയതി മന്ത്രി പാലക്കാടു വന്നുവെന്നാണ് പറയുന്നത്. അത് ഞങ്ങളാരുമറിഞ്ഞില്ല. കളക്ടറേറ്റിൽ പോയതിനുശേഷം റസ്റ്റ് ഹൗസിൽ വന്ന് പാർട്ടിക്കാരും മന്ത്രിയുമായി ഒരു ഗൂഢാലോചന നടത്തി. ഉദ്യോഗസ്ഥൻമാരെ വിളിച്ചു കൂട്ടി യോഗം നടത്തിയെന്നാണ് പറയുന്നത്. എങ്ങനെയോ ഒരു എം. പി. യും ഒരു എം. എൽ. എ. യും അവിടെ അപ്പോൾ വന്നുപെട്ടുവെന്നാണ് അറിയുന്നത്. എന്താണ് ഇതിന്റെ അർത്ഥം? ഒരു പ്രതിപക്ഷ നേതാവും ഒരു മന്ത്രിയും കഴിഞ്ഞാൽ 9 എം. എൽ. എ. മാർ ഉണ്ട്. ആ ജില്ലയിൽ. അതിൽ ഒരാളിനെപ്പോലും ഈ മന്ത്രി വിവരമറിയിച്ചില്ല. എങ്ങനെയാണ് ഒരു എം. പി. യും ഒരു എം. എൽ. എ. യും

LIBRARY ARCHIVES Kerala Legislative Assembly

അവിടെ വന്നതെന്നുള്ളതിനെപ്പറ്റി ഞങ്ങൾക്ക് അറിയില്ല. എന്താ അവിടെ പാർട്ടിയെ വളർത്തുന്ന കാര്യമാണോ, സ്വന്തം കാര്യമാണോ, കുടുംബ കാര്യമാണോ, പാലക്കാടു ജില്ലയിൽവന്ന് ഉദ്യോഗസ്ഥൻമാരേയും ചില ആളുകളേയും പ്രത്യേകം വിളിച്ച് സംസാരിച്ചത്? കളക്ടറേറിലും റസ്റ്റ് ഹൗസിലും കേരളാ കോൺഗ്രസ്സുകാർ ഉണ്ടായിരുന്നില്ലേ? രൂക്ഷമായ വരൾച്ചയും കൃഷിക്കാരുടെ പ്രശ്നങ്ങളും ഈ ജില്ലയുടെ പ്രശ്നങ്ങളും സംബന്ധിച്ച് ഞങ്ങളുടെ കൂടി അഭിപ്രായം കേൾക്കാനുള്ള ബാദ്ധ്യത മന്ത്രിക്കില്ലേ? കഴിഞ്ഞ ഏപ്രിൽമാസം 2—ാം തീയതി മന്ത്രി വന്നപ്പോൾ ഞങ്ങൾ അവരുടെ പ്രശ്നങ്ങൾ പറഞ്ഞിരുന്നു. ആ പ്രശ്നങ്ങൾക്ക് ഇന്നേവരെ മൂന്നുമാസമായിട്ടും നിങ്ങൾ എന്തു പരിഹാരമാണ് കൊടുത്തതെന്ന് ഞങ്ങളുടെ മുമ്പിൽ പറയാനുള്ള മടി കൊണ്ടായിരിക്കും ഇത്തരത്തിൽ ഒരു ഗൂഢാലോചന നടത്തിയതെന്നാണ് എനിക്ക് പറയാനുള്ളത്. ഏതായാലും അത് ഒരു നല്ല കാര്യമല്ല. അതുപോലെതന്നെ വരൾച്ചയെസംബന്ധിച്ചും വളരെ അടിയന്തിരമായി പാലക്കാടു ജില്ലക്ക് ആവശ്യമായ നാലരക്കോടി ഉറുപ്പികയുടെ പണം കണ്ടെത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഇങ്ങനെ പറഞ്ഞതുകൊണ്ടും എല്ലാം റെഡിയായി എന്നു പറഞ്ഞതുകൊണ്ടും ഇതിന് ഒരു പരിഹാരമാർഗ്ഗവുമാവുകയില്ല.

ഇവിടെ മിച്ചഭൂമിയെപ്പറ്റി ചില കാര്യങ്ങൾ പറയാനുണ്ട്. ഒരു നിയമം പാസ്സാക്കിയിട്ട് 16 കൊല്ലം കഴിഞ്ഞു. ഈ 16 കൊല്ലത്തിനു ശേഷവും ആ നിയമം ഇന്നും പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല. അർഹത പ്പെട്ടവർക്ക് ഭൂമി ഇന്നും കൈവന്നിട്ടില്ല. ഇപ്പോഴും അങ്ങനെയുള്ള ചില കേസ്സുകൾ കോടതിയിലുണ്ട്. ഈ ഗവൺമെൻറ് ആത്മാർത്ഥമായി കോടതിയിൽ വാദിക്കുന്നില്ല. ജൻമിമാരും പ്രമാണിമാരും തിരിമറി ചെയ്ത് കള്ളക്കേസ്സുകളുണ്ടാക്കി യഥാർത്ഥമായി പാവപ്പെട്ടവർക്ക് കിട്ടേണ്ട മിച്ചഭൂമി ഇല്ലാതാക്കുന്നതിന് കോടതിയെ സമീപിച്ചിരിക്കുകയാണ്. അങ്ങനെ ആയിരക്കണക്കിന് ഏക്കർ ഭൂമി കോടതിയിലെ കേസ്സുകൊണ്ടുമാത്രം കർഷകത്തൊഴിലാളികൾക്കും ഭൂരഹിതരായിട്ടുള്ള മറ്റ് ആളുകൾക്കും കിട്ടാതിരിക്കുകയാണ്. അതിന് ആത്മാർത്ഥമായ ഒരു പരിശ്രമവും ഈ മന്ത്രിയോ ഈ വകുപ്പോ കൈകാര്യം ചെയ്യുന്നില്ല. എല്ലാ വിതരണവും പൂർത്തിയായിയെന്ന് ഒരുപക്ഷേ മന്ത്രി മറുപടി പറയുമ്പോൾ പറയുമായിരിക്കും. ഞാൻ ഒന്നു ചോദിക്കട്ടെ, 6 (സി) വകുപ്പ് ഭേദഗതി ചെയ്ത് ഈ നിയമസഭ പാസ്സാക്കി അയച്ചിട്ട് ഏഴു കൊല്ലം കഴിഞ്ഞു. ആഴ്ചയ്ക്കും മാസത്തിനും മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും, റവന്യൂവകുപ്പു മന്ത്രി ഉൾപ്പെടെ ഡൽഹിക്കു പോകുന്നുണ്ടല്ലോ? കേന്ദ്രഗവൺമെൻറിൻെറ മുമ്പിൽ ഈ കാര്യം ഒന്നുപറഞ്ഞ് സമ്മതം വാങ്ങിക്കൂടേ? പ്രസിഡൻറിൻെറ ഒപ്പ് വാങ്ങിക്കൂടേ, ഏഴുകൊല്ലം നീളമുള്ള ഒപ്പാണോ ഇൻഡ്യൻ പ്രസിഡൻറിൻേറത്? ഈ രാജ്യത്തെ പാവപ്പെട്ട ആളുകൾക്ക് കർഷകത്തൊഴിലാളികൾക്ക്, ഹരിജനങ്ങൾക്ക് ഒരുതുണ്ടു ഭൂമിയ്ക്കുവേണ്ടി ദാഹിക്കുന്നവർക്കുവേണ്ടി ഈ നിയമസഭ പാസ്സാക്കി അയച്ച കാർഷികബന്ധ നിയമത്തിൻെറ ഭാഗമായിട്ടുള്ള 6 (സി) വകുപ്പിൻെറ ഭേദഗതിക്ക് ഇന്നേവരെ അംഗീകാരം കൊടുത്തിട്ടില്ല. അത് കിട്ടുന്നതിന് ആവശ്യമായ ഒരു നടപടിയും ഈ ഗവൺമെൻറ് എടുക്കുന്നില്ല സർ. അതുമാത്രമല്ല മിച്ചഭൂമിയിൽ പ്രവേശിച്ച ആയിരക്കണക്കിനാളുകളെ ഒഴിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എന്താ കാരണം, ഭൂമി കൊടുത്തിട്ടില്ല, ഒരു കടലാസ് രേഖ കൊടുത്തിട്ടുണ്ട്, പക്ഷേ ഭൂമി അളന്നുതിരിച്ചു കൊടുക്കാത്തതുകൊണ്ട് ആ ഭൂമിയിൽ പ്രവേശിച്ച മുഴുവൻ ആളുകളേയും ഇപ്പോഴും ഒഴിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതിന് മന്ത്രിക്ക് എന്താണ് മറുപടി

LIBRARY ARCHIVES Kerala Legislative Assembly

പറയാനുള്ളത്. ആറും എട്ടും വർഷമായി അവർക്ക് പട്ടയം കിട്ടിയ ഭൂമി അളന്നു തിരിച്ചുകൊടുക്കാത്തതുകൊണ്ട്, ആ ഭൂമിയിൽ അവരെ പ്രവേശിപ്പിക്കുന്നില്ല. പ്രവേശിച്ച ഭൂമിയിൽനിന്ന് ഇപ്പോഴും ആളുകളെ ഒഴിപ്പിക്കുന്നു. അങ്ങനെ സ്ഥിരമായി മിച്ചഭൂമിയെ സംബന്ധിച്ചും അതിന്റെ വിതരണത്തെ സംബന്ധിച്ചും യാതൊരു നടപടിയുമെടുക്കുന്നതിന് ഈ ഗവൺമെന്റിനോ ഈ മന്ത്രിക്കോ യാതൊരു താൽപ്പര്യവുമില്ല.

അതുപോലെതന്നെ നമ്മുടെ റവന്യൂവകുപ്പു മന്ത്രിയുടെ ഒരു മാസ്റ്റർ പീസാണ് പട്ടയമെന്നു പറഞ്ഞാൽ. 1977—നു മുമ്പ് ഭൂമി കൈവശംവച്ച എല്ലാ ആളുകൾക്കും പട്ടയം, പട്ടയം, പട്ടയം ഇതാണ് അദ്ദേഹത്തിന്റെ മാസ്റ്റർ പീസ്. ഏതു ചോദ്യത്തിനും ഏതു ശ്രദ്ധക്ഷണിക്കലിനും ഏതു പ്രസംഗത്തിനും മറുപടി പറയും, പട്ടയം കൊടുക്കുമെന്ന്. എന്താ പട്ടയത്തിന്റെ സ്ഥിതി? ഇന്ന് മാതൃഭൂമി പത്രത്തിൽ വന്ന, ആ ജാതി പട്ടയമാണോ? കിഴക്കഞ്ചേരി വണ്ടാഴി പഞ്ചായത്തുകളിലെ ആയിരത്തിലധികം വരുന്ന മലയോര കർഷകർക്കു പട്ടയം കൊടുക്കണമെന്ന വിഷയം ഞാൻ തന്നെ പറഞ്ഞിട്ട് ഇപ്പോഴും നാലു വർഷം കഴിഞ്ഞു. എല്ലാ സന്ദർഭങ്ങളിലും പറയുന്നുണ്ട്, അതു കൊടുക്കാം, നടപടിയെടുക്കാം, നോക്കാമെന്നൊക്കെ പറയുന്നതല്ലാതെ ഒരു നടപടിയുമെടുക്കുന്നില്ല. സത്യസന്ധമായി അത് കൊടുക്കുന്നതിന് ആവശ്യമായ തകരാറുകളും തടസ്സങ്ങളും എവിടെയാണെന്ന് പരിശോധിച്ച് പാവപ്പെട്ട മലയോര കർഷകർക്കോ, മറ്റു പാവപ്പെട്ട ആളുകൾക്കോ പട്ടയം കൊടുക്കുന്നതിനുള്ള യാതൊരു നടപടിയും ഈ ഗവൺമെന്റ് എടുക്കുന്നില്ല. ഇങ്ങനെ കൊടുക്കാം കൊടുക്കാമെന്നു പറഞ്ഞാൽ നാട്ടിൽ പറയുമ്പോലെ നാക്ക് നരകത്തിൽപോകും. പട്ടയത്തിന്റെ കാര്യത്തിൽ ഈ മന്ത്രിയുടെ വാക്കും പഴയ ചാക്കും ഒരുപോലെയാണ്. ഒരു വിലയുമില്ല മന്ത്രിയുടെ വാക്കിന്. പാലക്കാടു ജില്ലയിൽ ഒരാൾക്കെങ്കിലും പട്ടയം കൊടുത്തോയെന്ന്. കളക്ടറോട് ഇപ്പോഴും അന്വേഷിച്ചിട്ട് മറുപടി പറയാൻ കഴിയുമോ? നിങ്ങൾ പട്ടയം കൊടുത്ത കാര്യമതാണ്. അതുകൊണ്ട് നിങ്ങൾ ഇങ്ങനെ നുണ പറയുന്നതുകൊണ്ട് കാര്യമില്ല. പട്ടയം കൊടുക്കാൻ എന്തെങ്കിലും ഒരു നടപടിയെടുക്കണം. ഇതിനെപ്പറ്റി സാധാരണ എന്താണ് പറയുന്നത്, ചക്കി കുത്തും, അമ്മ വയ്ക്കും, ഞാൻ ഉണ്ണും. അതുപോലെയാണ് ഈ മന്ത്രി. മന്ത്രി പറയും പട്ടയം കൊടുക്കുമെന്ന്. മലയോര കർഷകർ കൈവശം വയ്ക്കും, ഫോറസ്റ്റുകാർ ഇറക്കിവിടും. ഇത് നിർബ്ബാധം നടന്നുകൊണ്ടിരിക്കുകയാണ്. പട്ടയം കൊടുക്കുന്നില്ലായെന്നു മാത്രമല്ല പുറമ്പോക്കു ഭൂമി, സ്ഥിരമായി കൈവശം വച്ചുകൊണ്ടിരിക്കുന്നവരെ വ്യാപകമായി ഒഴിപ്പിക്കുകയുമാണ്. എവിടെയെല്ലാമാണ് ഒഴിപ്പിക്കുന്നത്? പാവപ്പെട്ട ആളുകളായ പെട്ടിക്കട വച്ചവർക്കും റോഡ് പുറമ്പോക്ക് റെയിൽവേ പുറമ്പോക്ക് തുടങ്ങിയവയിൽ താമസിക്കുന്നവർക്കും പട്ടയം കൊടുക്കുന്നതിനുപകരം അവരെ ഇപ്പോഴും പോലീസുകാരും പാർട്ടിക്കാരും കൂടി അടിച്ചിറക്കി ഒഴിപ്പിക്കുകയാണ്. നമ്മുടെ രാജ്യത്ത് റോഡരികിലുള്ള സ്ഥലത്ത് സോഡ, ബീഡി, തീപ്പെട്ടി, മുന്തിരിങ്ങ, ഓറഞ്ച് മുതലായവ വച്ചു ഉപജീവനം നടത്തുന്ന പാവപ്പെട്ട അഗതികളെ അടിച്ചിറക്കുന്ന നടപടിയാണ് ഈ ഗവൺമെന്റും ഈ മന്ത്രിയും ചെയ്തത്. അടിയന്തിരാവസ്ഥക്കാലത്ത് ചെയ്തതുപോലെയാണിത്. പാലക്കാട്, ആലത്തൂരും വടക്കഞ്ചേരിയിലുമെല്ലാം പോലീസിനേയും കൊണ്ടുവന്ന് വലിയ വലിയ കോൺക്രീറു കെട്ടിടങ്ങൾ പൊളിക്കുന്നു. കേരളാ കോൺഗ്രസ്സുകാർ ഒഴിപ്പിക്കപ്പെട്ട പെട്ടിക്കടക്കാരെയെല്ലാം കൂടി ചേർത്ത് പെട്ടി ട്രേഡേഴ്സ് അസോസിയേഷൻ എന്ന പേരിൽ ഒരു യൂണിയനുണ്ടാക്കുന്നു. എന്നിട്ട് ചില പ്രത്യേക ആളുകളെ അതായത് പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

യുടെ ആളുകളെ വീണ്ടും അവിടെ പുനരധിവസിപ്പിക്കുകയാണ്. ഇത് ഒരു സത്യസന്ധമായ വസ്തുതയാണ്. എത്ര ഉദാഹരണങ്ങളും വേണമെങ്കിലും ഈ കാര്യങ്ങൾക്ക് പറയാൻ കഴിയും. അങ്ങനെ ഒരുഭാഗത്ത് ഒഴിപ്പിക്കപ്പെടുക മറുഭാഗത്ത് കൊടുക്കുക. അത്തരം നടപടിയാണ് ഇക്കാര്യത്തിലെടുക്കുന്നത്. പാർട്ടിക്കാർക്ക് കയ്യേറിയ സ്ഥലം പതിച്ചുകൊടുത്ത എത്ര കണക്കു വേണമെങ്കിലും ഇപ്പോൾ നിങ്ങളെ സംബന്ധിച്ച് പറയാനുണ്ട്. എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷൻ മുമ്പിൽ നാലു സെന്റുസ്ഥലം കേരളാ കോൺഗ്രസ്സിന്റെ പാർട്ടി ഓഫീസിനു വേണ്ടി പതിച്ചുകൊടുത്തു. സണ്ണി മണ്ണത്തുകാരനെപ്പറ്റി നിങ്ങൾക്ക് അറിയാം, അയാൾക്ക് നിങ്ങൾ പതിച്ചുകൊടുത്തില്ലേ? ഇതിനു കൂട്ടുനിൽക്കാത്തതിനാണ് കളക്ടറെ മാറ്റിയത്. മന്ത്രി ശ്രീ. കെ. എം. മാണിയുടെ മരുമകൻ പര്യടനം കഴിഞ്ഞു വരുമ്പോഴേയ്ക്ക് എ. ഡി.എം. —നെ വശീകരിച്ചു ആ സ്ഥലം പാർട്ടിക്കാരന് പതിച്ചുകൊടുത്തു. അതിനു കൂട്ടുനിൽക്കാത്തതിനല്ലേ കലക്ടർ, ശ്രീ. എം. പി. ജോസഫിനെ സ്ഥലം മാറ്റിയത്. ഇനി വേണോ ഉദാഹരണങ്ങൾ. കോഴഞ്ചേരി പുല്ലാട്ടു ജംഗ്ഷനിൽ 10 സെന്റു ഭൂമി പുന്നപ്പുഴ പടിഞ്ഞാറേതിൽ തങ്കമ്മ കയ്യേറി. അവർ ഇന്ദിരാ കോൺഗ്രസ്സുകാരി ആയിരുന്നു. അത് ഒഴിപ്പിക്കാൻ നടപടിയെടുത്തപ്പോൾ അവർ കേരളാ കോൺഗ്രസ്സുകാരിയായി മാറുകയും ഉടനെ മന്ത്രി സ്റ്റേ കൊടുത്ത് ഒഴിപ്പിക്കാൻ പാടില്ലെന്നു നിർദ്ദേശം കൊടുക്കുകയും ചെയ്തു. അപ്പോൾ ഇന്ദിരാ കോൺഗ്രസ്സുകാരി കേരളാ കോൺഗ്രസ്സുകാരിയായി മാറിയപ്പോൾ ഭൂമി ഒഴിപ്പിക്കപ്പെടുന്നില്ല. ലീഗ് ഓഫീസിനുവേണ്ടി പെരുമ്പടത്ത് പൂക്കോയ തങ്ങളുടെ സ്മാരക മന്ദിരം നിർമ്മിച്ചത് പമ്പരംകുന്നിലെ കയ്യേറിയ 18 സെന്റ് സ്ഥലത്താണ്. ഇതിനും മന്ത്രി പട്ടയം കൊടുത്തു. അങ്ങനെ നിരവധി കേസ്സുകളുണ്ട്. പാവപ്പെട്ട ആളുകളുടെ ഭൂമി ഒഴിപ്പിക്കുകയും പാർട്ടിക്കാർക്ക് പുറമ്പോക്കുഭൂമി കൈവശം കൊടുക്കുകയും പതിച്ചുകൊടുക്കുകയും ചെയ്യുന്ന നടപടി വളരെ വ്യാപകമായി തുടർന്നുവരുകയാണ്. സർ, മതസ്ഥാപനങ്ങൾക്കും മത സംഘടനകൾക്കും ഭൂമി പതിപ്പിച്ചുകൊടുക്കുന്ന നടപടിയില്ലേ? അതിനെപ്പറ്റി അധികമൊന്നും പറയുന്നില്ല. കൊല്ലം ജില്ലയിൽ ഇരവിപുരം വില്ലേജിൽ ശ്രീനാരായണ വനിതാ സമാജത്തിന് സെന്റിന് 250 രൂപ വില നിശ്ചയിച്ച് 75 സെന്റു സ്ഥലം പതിപ്പിച്ചുകൊടുത്തു. 18,750 രൂപയ്ക്കാണ് ഗവൺമെന്റ് പതിച്ച് കൊടുത്തത്. അവിടെ പതിനായിരം രൂപ സെന്റിന് വിലയുണ്ട്. അപ്പോൾ 7,50,000 രൂപ കിട്ടേണ്ട സ്ഥാനത്തു പതിനെണ്ണായിരം രൂപയ്ക്ക് പതിപ്പിച്ച് കൊടുത്തു. ഇങ്ങനെ ഓരോ കാര്യങ്ങൾ പറയുകയാണെങ്കിൽ നിരവധിയുണ്ട്. പത്രങ്ങളിൽ വന്ന കാര്യങ്ങളാണ്. നിഷേധിക്കാൻ കഴിയുകയില്ല. മനോരമയിലും മാതൃഭൂമിയിലും വന്നതാണ്. തെരുവീഥിയിലെ ഓരങ്ങളിൽ ഓലമടൽ ചാരിയും പെട്ടിക്കട നിർമ്മിച്ചും, ഓറഞ്ചും, മാങ്ങയും, മുന്തിരിയും, ബീഡിയും, സോഡയും, തീപ്പെട്ടിയും വിറ്റ് കഴിയുന്നവരെ നിങ്ങൾ അടിച്ചിറക്കുന്നു. പാർട്ടിക്കാർക്ക് നിങ്ങൾ ഭൂമി പതിച്ചു കൊടുക്കുന്നു. ഇതല്ലേ നിങ്ങൾ എടുത്തിട്ടുള്ള നടപടി.

സർ, ഞാൻ പട്ടയത്തെക്കുറിച്ച് ഒന്നുകൂടി പറയാം. എന്താണ് പട്ടയം 'ആന അമ്പാരി ആകാശവാഹിനി കൊട്ടും കുരവയും എന്നുവേണ്ട, പട്ടയമേളം പൊടിപൊടിച്ചങ്ങനെ ഭണ്ഡാരമൊക്കെയും കൊള്ള ചെയ്തു.' അങ്ങനെയല്ലേ ശ്രീ. ജോസഫിന്റെ പട്ടയം കൊടുക്കൽ. എവിടെ പോയി നോക്കിയാലും 'ഞാൻ ഇപ്പോൾ പട്ടയം കൊടുക്കുന്നു പട്ടയം കൊടുക്കുന്നു' എന്ന് പറയും. ഖജനാവ് കാലിയാക്കി. സംഖ്യ ചെലവാക്കി. ഒറ്റയാൾക്കും പട്ടയം ഇല്ല. അതാണ് എനിക്ക് പട്ടയത്തെ സംബന്ധിച്ച് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ജില്ലാ ഭരണ ബില്ലിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. അഡ്മിനിസ്ട്രേഷൻ ബിൽ അട്ടത്തു ഇരിക്കുകയാണ്. അധികാരവി കേന്ദ്രീകരണത്തിനുവേണ്ടി പാസാക്കിയ ആ നിയമം ഇന്നും നടപ്പാക്കിയി ട്ടില്ല. മന്ത്രി ഇതിലേറെ കൊട്ടിഘോഷിച്ചുകൊണ്ട് ഒരു പരിഷ്കാരം കൊണ്ടുവന്നു. ഒരു പുതിയ പരിഷ്കാരം. 'അഹമ്മദ് നഗർ പരിഷ്കാരം'. അതിന്ന് അനാവശ്യനഗർ പരിഷ്കാരമായി അധഃപതിച്ചിരി ക്കുന്നു. നിരവധി ജില്ലകളിൽ ഈ അഹമ്മദ് നഗർ പരിഷ്കാരം നടപ്പി ലാക്കി. പാലക്കാട് ജില്ലയിലും നടപ്പിലാക്കി. മിനിഞ്ഞാന്ന് ഞാൻ അവിടെ പോയി അന്വേഷിച്ചു. അവിടത്തെ പരിഷ്കാരം എന്താണെന്ന് അറിയാമോ? കാലൊടിഞ്ഞൊരു കസേര, ഒരു മേശ, ഒരു മേശവിരി, രണ്ടുമണിക്കൂർ കൂടുമ്പോൾ കളക്ടറേറ്റിൽനിന്നും മാറിമാറിവരുന്ന ഒരു ഉദ്യോഗസ്ഥൻ, ഇതാണ് മന്ത്രിയുടെ പാലക്കാട്ട് ജില്ലയിലെ അഹമ്മദ് നഗർ പരിഷ്കാരം. ഫയൽ സിസ്റ്റം, പ്രത്യേക സംവിധാനം, പരാ തികളും കിട്ടുമ്പോൾ അന്നേക്കന്നെ തീരുമാനം, ചുവപ്പുനാട കടിച്ചു മുറിക്കും ഈ മന്ത്രി പറഞ്ഞതാണ്. അങ്ങനെ ചുവപ്പുനാട മാറിത്തീർക്കു ന്നതിനുവേണ്ടി എല്ലാ ആളുകൾക്കും പരാതികൊടുത്താൽ തീരുമാനം മണി ക്കൂറിനകം കൈയിൽകിട്ടുന്നതിനുവേണ്ടി നടപ്പിലാക്കിയ അഹമ്മദ് നഗർ പരിഷ്കാരം ഒരു അഴിമതിയെന്ന് ഞാൻ ഇപ്പോഴും പറയുന്നില്ല. അതൊരു അനാവശ്യനഗർ പരിഷ്കാരമായി അവിടെ അധഃപതിച്ചിരിക്കുകയാണ്. അത് നന്നാക്കുന്നതിന് യാതൊരു നടപടികളും എടുക്കുന്നില്ല. അതു കൊണ്ട് ഈ പാച്ച പരിഷ്കാരം അവസാനിപ്പിക്കണം എന്നാണ് എനിക്ക് ഇത് സംബന്ധിച്ചു പറയാനുള്ളത്.

ഇവിടെ ജില്ലകളുടേയും താലൂക്കുകളുടേയും കാര്യം പറഞ്ഞു. ഒറ റപ്പാലം താലൂക്ക് 30 പഞ്ചായത്തുകളും ചേർന്നതാണ്. പട്ടാമ്പി കേന്ദ്രമാക്കി ഒരു താലൂക്ക് രൂപീകരിക്കണം. ഇ. പി. ഗോപാലനും എം. പി. ഗംഗാ ധരനും, കെ. ഇ. ഇസ്മയിലും ഞങ്ങളും മറ്റു സർവ്വ കക്ഷിക്കാരും പറഞ്ഞ താണ് പട്ടാമ്പി താലൂക്ക് വേണമെന്ന്. ഇന്ന് പല സ്ഥലത്തും താലൂക്ക് ആവശ്യമാണ്. 100 കിലോമീറ്റർ നടന്നിട്ട് താലൂക്ക് കേന്ദ്ര ത്തിലേക്ക് പോകുകയെന്ന് പറയുന്നത് ശരിയല്ല. അതുകൊണ്ട് അടിയ ന്തിരമായി പട്ടാമ്പി താലൂക്ക് രൂപീകരിക്കണം. ജില്ലയൊന്നും ആവശ്യ മില്ല. വില്ലേജുകളും വിഭജിക്കണം താലൂക്കുകളും രൂപീകരിക്കണം. അതു പോലെതന്നെ ഒറ്റപ്പാലം കേന്ദ്രമാക്കിക്കൊണ്ട് ഒരു റവന്യൂ ഡിവിഷൻ രൂപീകരിക്കണം. ഇങ്ങനെ ആകെ എടുത്തു പരിശോധിച്ച് ഇത്തരം പ്രശ്ന ങ്ങളും പരിഹരിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കണം.

സർ, ഭവനനിർമ്മാണത്തെ സംബന്ധിച്ച് ഒരു വാക്കു പറയട്ടെ. ഇവിടെ സി. എഫ്. തോമസ് പ്രസംഗിച്ചപ്പോഴും പറഞ്ഞു. വീടുകളുടെ പ്രവർത്തനം സുഗമമായി നടക്കുന്നുഎന്ന്. ഞാൻ പ്രസിഡൻറായിട്ടുള്ള വായനശാലവഴി 50 വീടുകളും നിർമ്മിച്ചുവരുന്നുണ്ട്. ഞാൻ സബ്ജക്ട് കമ്മിറ്റി ഏഴിൽ അംഗമാണ്. ഇവിടെ മന്ത്രിപറയുന്നതൊക്കെ വിശ്വസി ച്ചാണ് വീടുകൾ കൊടുത്തത്. ഞാൻ അടുത്ത ദിവസം അവിടെനിന്നും ഇങ്ങോട്ട് വരുന്നതുവരെ 50 ആളുകൾക്ക് രണ്ടാം ഗഡു കിട്ടിയിട്ടില്ല. വണ്ടി ച്ചെക്കാണെന്ന് പറഞ്ഞാൽ മന്ത്രി ആക്ഷേപിക്കും. ഇപ്പോഴും അവധിച്ചെക്ക് കൊടുത്തിരിക്കുകയാണ്. ബാങ്കിൽ പോകുമ്പോഴും പണം ഇല്ലാതെ ആളു കളും തിരിച്ചുവരികയാണ്. ഇത് വെറുതെ പറയുന്നതല്ല. ആലപ്പുഴ ജില്ലയിൽ 16,200-ൽ പകുതി ആളുകൾക്ക് രണ്ടാം ഗഡു സംഖ്യ കൊടുത്തി ട്ടില്ല. എറണാകുളത്ത് 10,000-ൽ പകുതി ആളുകൾക്ക് കൊടുത്തിട്ടില്ല. കോട്ടയത്ത് 10,000-ൽ പകുതി ആളുകൾക്ക് കൊടുത്തിട്ടില്ല. ഇതാണ്

LIBRARY ARCHIVES Kerala Legislative Assembly

സന്നദ്ധ സംഘടനകളും മുഖേന നിർമ്മിക്കുന്ന വീടുകളുടെ സ്ഥിതി: ലക്ഷം വീടുകളുടെ ശോചനീയാവസ്ഥ എന്താണ്? 233 ലക്ഷംവീടുകളും കോഴിക്കോടു ജില്ലയിൽ വീണു. ആമിന എന്നു പറയുന്ന ഒരു മുസ്ലീം സ്ത്രീ മരണപ്പെട്ടു. ലക്ഷംവീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടിവേണം. അവിടെ വെള്ളവും വെളിച്ചവും എത്തിക്കുന്നതിന് ആവശ്യമായ നടപടികളും അടിയന്തിരമായി സ്വീകരിക്കണമെന്നാണ് അതു സംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

സഹകരണത്തെ സംബന്ധിച്ചുകൂടി ഒരു വാക്കു പറയട്ടെ. സഹകരണസംഘങ്ങളിൽ ആഡിറ്റ് കഴിഞ്ഞിട്ട് എത്രകൊല്ലമായി. മൂന്നുകൊല്ലമായി. ആഡിറ്റ് പരിശോധിക്കാതെ അവിടെ അഴിമതിയാണ് നടക്കുന്നത്. അതുകൊണ്ട് ആഡിറ്റ് വിഭാഗത്തെ പുനഃസംഘടിപ്പിച്ച് ആഡിറ്റ് നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കണം. വിള ഇൻഷ്വറൻസ് എന്ന് പറഞ്ഞു ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൃഷിക്കാരെ നശിപ്പിക്കുന്നതാണ് അത്. ഒരാൾ ഇൻഷ്വറൻസിൽ ചേർന്നാൽ അയാൾ മരിച്ചാൽ അയാളുടെ ബന്ധുക്കൾക്ക് പണം കിട്ടണം. ഈ പുതിയ നിയമത്തിൽ ഒരു കൃഷിക്കാരൻ ഇൻഷ്വർ ചെയ്താൽ ഒരു താലൂക്കോ, ഒരു പഞ്ചായത്തോ, 100 ഏക്കർ ഒന്നിച്ചോ നശിക്കണം, കുടുംബത്തിലുള്ള മുഴുവൻ ആളുകളും മരിച്ചാലേ പോളിസിയിൽ ചേർന്ന ഒരാൾക്ക് പണം കിട്ടൂ എന്ന് പറയുന്നത് ശരിയല്ല. അതുകൊണ്ട് ഈ ഇൻഷ്വറൻസ് പദ്ധതി പിൻവലിക്കണം. അത് ആളുകൾക്ക് ആവശ്യമില്ലാത്തതാണ്. പണം അടച്ചവർക്ക് പണം കൊടുക്കാനുള്ള നടപടികളും സ്വീകരിക്കണം. സഹകരണപ്രസ്ഥാനം ആകെ അഴിമതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. സഹകരണപ്രസ്ഥാനത്തിൽ പ്രതിപക്ഷത്തുനിന്നുള്ളവർക്ക് അംഗത്വം നൽകുന്നില്ല. നഷ്ടത്തിലാണ് സകല സഹകരണ സംഘങ്ങളും. പാലക്കാട് ജില്ലയിൽ ആറ് സംഘം മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. ബാക്കിയെല്ലാം നഷ്ടത്തിലാണ്. ഇത് പരിശോധിച്ച് അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കണം. ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്ജ്: സർ, കേരളാ കോൺഗ്രസ്സിന്റെ ചെയർമാനായ ശ്രീ. പി. ജെ. ജോസഫ് റവന്യൂമന്ത്രിയായതുകൊണ്ട് കേരളാ കോൺഗ്രസ്സുകാരും അവരുടെ ബന്ധുക്കളും വനഭൂമി കൈയേറുവാനും നശിപ്പിക്കുവാനുമുള്ള സാഹചര്യം ഉണ്ടാക്കിയിരിക്കുന്നുവെന്നുള്ളതിന് തെളിവായി ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട മെമ്പർ ഈ സഭയിൽ പറഞ്ഞത് ഞാൻ ഏതോ മരം വെട്ടി എന്നും അനധികൃതമായി വസ്തു

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

പതിപ്പിച്ച് എടുത്തുവെന്നുമാണ്. സത്യം പറയട്ടെ, എന്റെ നിയോജകമണ്ഡലത്തിൽ ഒരിഞ്ചു വനഭൂമിപോലും ഇല്ല. ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട മെമ്പർ പറഞ്ഞ മരംവെട്ടുപ്രശ്നം എങ്ങനെയുണ്ടായതാണെന്ന് ഞാൻ പറയാം.

കഴിഞ്ഞ വരൾച്ച കാലഘട്ടം. ആ കാലഘട്ടത്തിൽ ഈരാറുപേട്ട പഞ്ചായത്തിൽ, ഞാൻ ജനിച്ചുവളർന്ന പഞ്ചായത്താണ്, എന്റെ പഞ്ചായത്താണ് ഈരാറുപേട്ട, വരൾച്ച ഏറ്റവും രൂക്ഷമായിരുന്നു. കുടിവെള്ളം കിട്ടാതെ ജനങ്ങൾ ബുദ്ധിമുട്ടുകയായിരുന്നു. അന്നത്തെ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. പി. ഗംഗാധരന്റെ അടുത്തുവന്ന് ഒരു സ്പെഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly

ഓർഡർ വാങ്ങിച്ചു; കുഴൽക്കിണർ കുഴിക്കുന്നതിനുവേണ്ടി. കുഴൽക്കിണർ കുഴിക്കുന്നതിന് ആവശ്യമായ റിഗ്ഗും ഈരാറ്റുപേട്ടയിൽ കൊണ്ടുവന്നു. അതിന്റെ ഉദ്യോഗസ്ഥൻമാർ പരിശോധിച്ചപ്പോഴാ വെള്ളം ലഭിക്കുന്നതിനുള്ള സ്ഥലമായി ആ പഞ്ചായത്തു മുഴുവൻ തപ്പിനടന്നിട്ട് കണ്ടെത്തിയതാ ഞാൻ താമസിക്കുന്ന എന്റെ പുരയിടത്തിലെ ഒരു മൂലയിലുള്ള സ്ഥലമാണ്. അഞ്ചു സെന്റു സ്ഥലം ഇതിനുവേണ്ടി വെറുതെ കൊടുക്കേണ്ട ഗതികേടാണ് എനിക്കുണ്ടായത്. ഈ റിഗ്ഗു കൊണ്ടുവന്നപ്പോഴാ, ഈ റിഗ്ഗു ഞങ്ങളുടെ നാട്ടുകാർ ആരും കണ്ടിട്ടില്ല; ഞാൻ പോലും ആദ്യമായാണ് കാണുന്നത്, ഏകദേശം ആയിരത്തോളം ആളുകൾ റിഗ്ഗു കാണുന്നതിനുവേണ്ടി അവിടെ ഓടിക്കൂടി. ചെറിയ കുന്നിലേക്ക് കയറ്റിവേണം ഈ റിഗ്ഗ് (പടം വരച്ചു കാണിക്കുന്നതിന് ഇവിടെ കഴിയില്ല) ഈ സ്പോട്ടിലേക്ക് കൊണ്ടുവന്നു വയ്ക്കാൻ. വലിയ വാഹനമാണിത്. റിഗ്ഗ് കയറ്റുവാൻ തുടങ്ങിയപ്പോഴാ അതിന് നേരെ എതിർവശത്തായി ഒരു പ്ലാവ് മരം നിൽപ്പുണ്ടായിരുന്നു—അവിടെയുള്ള സ്ഥലം ആറര സെന്റാണ്. 24 സെന്റല്ല. നാല്പതു അമ്പതുകൊല്ലം പഴക്കമുള്ള തെങ്ങുനിൽക്കുന്ന സ്ഥലമാണ്—ആ പ്ലാവ് മരം നിൽക്കുന്നതുകൊണ്ട് ഈ റിഗ്ഗു കയറ്റാൻ കഴിഞ്ഞില്ല. ആയിരത്തോളം ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ ആ മരം വെട്ടിക്കളയാൻ ഒരു എം. എൽ. എ. എന്നുള്ള നിലയിൽ ഞാൻ പറഞ്ഞുപോയതു ഒരു തെറ്റാണോ? തെറ്റാണെങ്കിൽ അതേൽക്കാൻ ഞാൻ തയ്യാറാണ്. ആ പ്ലാവ് മുറിച്ചുകളഞ്ഞു. അതിനു ശേഷമാണ് റിഗ്ഗ് കേറ്റുവാൻ കഴിഞ്ഞത്. റിഗ്ഗ് കേറ്റി അവിടെ കുഴൽക്കിണർ കുഴിച്ചു. കേരളത്തിൽ ഒരു മണിക്കൂറിൽ ഏറ്റവും അധികം ജലം അടിക്കാൻ കഴിയുന്ന കുഴൽക്കിണർ അതാണെന്ന് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. ഇങ്ങനെയാണ് ആ മരം മുറിച്ചുകളഞ്ഞത്. ഇത് കഴിഞ്ഞപ്പോഴാ ഒരു വിജിലൻസ് റിപ്പോർട്ട് വന്നു. അത് സത്യമാണ്. ഞാൻ തിൽ പ്രതിയാണ് എന്നുള്ള അർത്ഥത്തിൽ റിപ്പോർട്ട് വന്നു. ഞാൻ പറഞ്ഞു അത് പുറമ്പോക്കായിരുന്നുവെന്ന് എനിക്ക് അറിയില്ലായിരുന്നു എന്ന്. സത്യം പറയുകയാണ്. അതിന് നിയമപരമായ നടപടികൾ സ്വീകരിക്കാൻ പറഞ്ഞു. അതിന് എൽ.സി. കേസ് ബുക്കു ചെയ്തു. നിയമമനുസരിച്ചുള്ള ശിക്ഷ എത്ര രൂപയാണെങ്കിലും അതടയ്ക്കാൻ ഞാൻ തയ്യാറായി. ഗവൺമെന്റ് അന്വേഷിക്കട്ടെ. അങ്ങ് അന്വേഷിക്കണം. ഗവൺമെന്റിൽ പണം കെട്ടിവച്ചു.

ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ മറ്റൊരു ആരോപണം അവിടെയൊരു കെട്ടിടം ഞാൻ വച്ചിരിക്കുന്നു, കെട്ടിടത്തിന് ടാക്സ് ഞാൻ കൊടുത്തിരിക്കുന്നു എന്നാണ്. സർ, ഞാൻ 1980—ൽ ആണ് എം. എൽ. എ. ആയത്. 1978—ൽ പണിത കെട്ടിടമാണ് അത്. ആ സ്ഥലം എന്നു പറയുന്നത് ഈരാറ്റുപേട്ട പഞ്ചായത്തിലെ ഹൃദയഭാഗമാണ്. ഇത് വനഭൂമിയൊന്നുമല്ല. അവിടെയുള്ള ആ ആറര സെന്റു സ്ഥലത്തിലെ തെങ്ങ് 40 കൊല്ലത്തിൽക്കൂടുതൽ പഴക്കമുള്ളവയാണ്. ഞങ്ങളുടെ കൈവശമാണ്. എന്റെ കുടുംബത്തിന്റെ കൈവശമാണ് അത്. ആ ആറര സെന്റു സ്ഥലം 1200 രൂപവച്ചാണ് പതിപ്പിച്ചിരിക്കുന്നത്. അത് എങ്ങനെ ഒരു അഴിമതിയാകും. എനിക്ക് ഒന്നു മാത്രമേ പറയാനുള്ളൂ. ഈ രീതിയിലുള്ള ആരോപണങ്ങളും, ഞാൻ 1980 മുതൽ ഈ സഭയിൽ വന്ന അന്നു മുതൽ എന്റെ എതിരാളികളല്ല, ഒരുപറ്റം സുഹൃത്തുക്കൾ എന്നെ വേട്ടയാടുന്നതിനുവേണ്ടി എന്റെ പുറകേ നടക്കുകയാണ്. എനിക്ക് യാതൊരു വിരോധവുമില്ല. ആരോ ആകട്ടെ എനിക്ക് വിരോധമില്ല. ഈ ആരോപണം അത് ഏതു രീതിയിലാണ് വന്നത് എന്നും എനിക്കറിയാം.

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് ഒറ്റ ദുഃഖം മാത്രം. ഈ പറയുന്നതിൽ ഒറ്റ ദുഃഖം മാത്രം. 1980 മുതൽ ഈ സഭയിലേക്ക് വന്നിട്ട് ഞാൻ ആരോപണം കേട്ടിട്ടുണ്ട്. ഞാൻ അനുഭവിക്കാൻ തയ്യാറാണ്. എനിക്ക് വേദനയുണ്ട്. സർ, എനിക്ക് ജന്മം നൽകി. എന്നതിന്റെ പേരിൽ എന്റെ പിതാവിനെതിരായിക്കൂടി ഈ സഭയിലെ ഒരംഗം ആരോപണം ഉന്നയിക്കുന്നുവെങ്കിൽ അതിൽ ഹൃദയ വേദനയുണ്ട്. ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. താഴ്മയായി അപേക്ഷിക്കുന്നു. ഇതിന്റെ പുറകിൽ കളിച്ചവർ ആരോ ആകട്ടെ, ഭവർ എന്റെ സുഹൃത്തുക്കളാണ്. ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. ഈ സഭയിലേക്ക് ഞാൻ ഇനി വരുന്നില്ല. ഞാൻ തയ്യാറാണ്. ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട മെമ്പർ പറഞ്ഞ വസ്തുതകളും അന്വേഷിച്ചിട്ട് ഞാൻ കുറ്റക്കാരനാണെങ്കിൽ എനിക്കെതിരെ ശിക്ഷണ നടപടി നടത്തണം. ഞാൻ സഭയിൽനിന്നും രാജിവയ്ക്കാം. എനിക്ക് വിരോധമില്ല. സത്യമാണെങ്കിൽ ഞാൻ രാജിവയ്ക്കാൻ തയ്യാറാണ്. സത്യമല്ലെങ്കിൽ അദ്ദേഹം രാജിവയ്ക്കേണ്ട. അങ്ങ് ഈ സംസ്ഥാനത്തിലെ ജനങ്ങളെ അറിയുന്നതിനുവേണ്ടി ഇത് അന്വേഷിക്കണം. കഴിഞ്ഞ അഞ്ചാറുവർഷക്കാലമായി ഞാൻ അനുഭവിക്കുന്നു. ഞാൻ മടുത്തു. ഞാൻ വേദനയോടെ പറയുന്നു. ഞാൻ മടുത്തു. എന്റെ പുറകെക്കൂടിയിരിക്കുന്ന എന്റെ ഈ ശത്രുക്കളെ എന്റെ സുഹൃത്തുക്കളാണ്. അവരുടെ കുത്തുംവെട്ടുമേറ്റ് ഞാൻ മടുത്തു. ഞാൻ തിരഞ്ഞെടുപ്പിൽ നിൽക്കേണ്ട എന്നാണെങ്കിൽ നിൽക്കുന്നില്ല. ഇനി തിരഞ്ഞെടുപ്പിൽ പരാജയപ്പെടുത്താൻ കഴിവില്ലാത്തെയാണ് ഇങ്ങനെയുള്ള കള്ള ആരോപണങ്ങളും കൊണ്ടുവന്ന് എന്നെ തകർക്കാൻ ശ്രമിക്കുന്നതെങ്കിൽ എനിക്ക് വേദനയുണ്ട്. അങ്ങയോട് ഒരു അപേക്ഷ മാത്രം. അങ്ങ് എന്നോട് ക്ഷമിക്കണം. ഈ സഭയിൽ ഇങ്ങനെ വന്നുനിന്ന് പറയേണ്ടി വന്നതിൽ വേദനയുണ്ട്. അങ്ങ് ഇത് അന്വേഷിക്കണം. നിയമവിരുദ്ധമായി ഞാൻ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ എന്നെ ശിക്ഷിക്കണം. അങ്ങ് അതിനു തയ്യാറാകണം. ഇല്ലെങ്കിൽ ഒരു ഉപകാരം ചെയ്യുക. ഇത് കള്ളമാണ്, ഇത് തെറ്റാണ്, ഇതിൽ ഞാൻ കുറ്റക്കാരനല്ലായെന്ന് ഈ രാജ്യത്തെ ജനങ്ങളോട് പറയുവാൻ അങ്ങ് തയ്യാറാകണമെന്ന് വിനീതമായി ഈ സഭയിലെ ഒരംഗം എന്ന നിലയിൽ ഒരു പൊതുപ്രവർത്തകനെന്ന നിലയിൽ വളരെ താഴ്മയായി അങ്ങയോട് അപേക്ഷിക്കുകയാണ്.

സഹകരണവകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, സഹകരണവകുപ്പിലേയ്ക്കുള്ള ധനാഭ്യർത്ഥനയിൻമേൽ ഈ സഭയിൽ പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും, ഉന്നയിച്ച നിർദ്ദേശങ്ങളും വളരെ നിർമ്മാണാത്മകമായ വിമർശനങ്ങളും ഞാൻ സ്വാഗതം ചെയ്യുകയാണ്. സഹകരണമേഖലയുടെ അടിത്തറ പാകിയിട്ടുള്ളത് കാർഷിക വായ്പാ മേഖലയിലാണ്. 7864 സംഘങ്ങൾ സഹകരണവകുപ്പു രജിസ്ട്രാറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുണ്ട്. ഈ വായ്പാമേഖലയുടെ ശക്തമായ സംവിധാനങ്ങൾ സംസ്ഥാന സഹകരണബാങ്കും 13 ജില്ലാബാങ്കുകളും, നമ്മുടെ സംസ്ഥാനത്തുള്ള 1570—ഓളം പ്രൈമറി ബാങ്കുകളും കേന്ദ്ര ഭൂവികസന ബാങ്ക് അതിന്റെ ശാഖകളും ആയിട്ടുള്ള 37 കാർഷികവികസന ബാങ്കുകളും 71 അർബൻ ബാങ്കുകളും 594 എംപ്ലോയീസ് സംഘങ്ങളുമാണ്. ഈ വായ്പാമേഖല ഇന്ന് സംസ്ഥാനത്ത് ശക്തിയായി പ്രവർത്തിച്ചുവരികയാണ്. ഈ വായ്പാമേഖല ശക്തമായി നിൽക്കണമെങ്കിൽ, ബാങ്കുകളും സുരക്ഷിതമായിരിക്കണം, ബാങ്കുകളുടെ അടിത്തറ മൗലികമായി ഭദ്രമായിരിക്കണം. ഈ ഉദ്ദേശത്തോടുകൂടിയാണ് നമ്മൾ ഡെപ്പോസിറ്റ് മൊബിലൈസേഷൻ നടത്തുന്നത്: ഇപ്പോൾ നമ്മുടെ 8—ാം ഡെപ്പോസിറ്റ് മൊബിലൈസേഷൻ ഈ വർഷം റെക്കോർഡ് സൃഷ്ടിച്ചിട്ടുണ്ട്. 60 കോടിരൂപയുടെ ടാർജറ്റ് വച്ചിട്ട് മൊത്തം 137.72 കോടിരൂപ

LIBRARY ARCHIVES Kerala Legislative Assembly

സമാഹരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതിൽ 55.65 കോടി രൂപ ഫിക്സഡ് ഡെപ്പോസിറ്റായിട്ടാണ് സംഭരിച്ചിട്ടുള്ളത്. ഇതിന്റെ അർത്ഥം ഈ മേഖലയിലുള്ള പ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ച് ഭദ്രമായി മുന്നോട്ടുപോകുന്നുവെന്നുള്ളതാണ്. കർഷകർക്കുള്ള പല ആനുകൂല്യങ്ങളും ഈ സർക്കാർ തുടർന്നുകൊണ്ടുപോകുന്നുണ്ട്. പുതിയ പല പദ്ധതികളും ആരംഭിച്ചിട്ടുമുണ്ട്. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡിയായി 5% നൽകുന്നുണ്ട്. അതിൽ അല്പം കുടിശ്ശിക വന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിക്കുകയുണ്ടായി. അത് കൊടുക്കുന്നതിനുള്ള സംവിധാനങ്ങളും ഈ ഗവൺമെന്റ് കാര്യമായി ആലോചിച്ചുവരികയാണ്. കാർഷിക വികസനബാങ്കിനെക്കുറിച്ച് ഇവിടെ പറഞ്ഞു. 3-ാം തവണയും ദേശീയ അവാർഡ് വാങ്ങിച്ചതും 1 കോടി രൂപ ലാഭത്തിൽ നടക്കുന്നതുമായ നമ്മുടെ കാർഷികവികസന ബാങ്ക്, സെൻട്രൽ ലാൻഡ് മോർട്ട്ഗേജ് ബാങ്ക് വളരെ ഭംഗിയായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. ഈ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം അവർക്ക് രണ്ടരക്കോടി രൂപയോളം ഗവൺമെന്റിൽനിന്ന് കുടിശ്ശികയായി കൊടുക്കുവാനുണ്ട്. ഈ കുടിശ്ശിക നബാർഡ് ഒരു കുടിശ്ശികയായി കണക്കാക്കരുതെന്നും ഗവൺമെന്റിൽനിന്നും കൊടുക്കുവാനുള്ള പണം കഴിച്ചിട്ട് ബാക്കി കണക്കാക്കണമെന്നും ഗവൺമെന്റ് നബാർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പലിശ സബ്സിഡിയെക്കുറിച്ച് ഞാൻ പറഞ്ഞു. അത് ഇപ്പോഴും തുടർന്നുകൊണ്ടുപോവുകയാണ്. ഈ രംഗത്തുള്ള ബാലൻസായിട്ടുള്ള പണം തിരിച്ചു കൊടുക്കുന്നതിനുള്ള ഏർപ്പാടും ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. ചെറുകിട നെൽക്കൃഷിക്കാർക്കുള്ള സഹായധനം, 2 ഹെക്ടറിൽ താഴെ കൃഷിയുള്ള ചെറുകിട കർഷകർക്കുള്ള സഹായ പദ്ധതികളെക്കുറിച്ചാണ് ഞാൻ പറഞ്ഞുകൊണ്ടുവരുന്നത്. 31-5-1986-ന് മുൻപ് കുടിശ്ശിക തീർത്ത് അടച്ചിട്ടുള്ള കൃഷിക്കാർക്ക് 50% പലിശ ഇളവ് കൊടുക്കുവാനുള്ള സംവിധാനം ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. അത് തുടർന്നുകൊണ്ടുപോകുന്നുണ്ട്. ഇപ്രകാരം 50% പലിശ ഇളവ് കൊടുക്കുന്നതിനുവേണ്ടി 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മറ്റൊരാനുകൂല്യം കൊടുത്തിട്ടുള്ളത് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമാണ്. ക്രോപ്പ് ഇൻഷ്വറൻസ് പദ്ധതി ഇൻഡ്യാഗവൺമെന്റിന്റെ പദ്ധതിയാണ്. ദേശവ്യാപകമായും മറ്റ് സംസ്ഥാനങ്ങളിലും നടന്നു വരുന്ന ഒരു പദ്ധതിയാണിത്. ഈ കേന്ദ്ര പദ്ധതി നമ്മുടെ സംസ്ഥാനത്തിലും ആരംഭിച്ചിട്ടുണ്ട്. അതിലെ ചില അപാകതകളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കടമെടുക്കുന്ന സംഖ്യയുടെ 3% പ്രീമിയമായിട്ട് അടയ്ക്കണം. അതിൽ ഒന്നര ശതമാനം സാധാരണ സ്മാം ആൻറ് മാർജിനൽ ഫാർമേഴ്സിന് ഗവൺമെന്റ് കൊടുക്കുന്നതും അങ്ങനെ അടയ്ക്കുന്ന പ്രീമിയത്തിന്റെ അടിസ്ഥാനത്തിലുള്ള ഇൻഷ്വറൻസ് വിള നഷ്ടപ്പെടുകയോ നശിച്ചുപോവുകയോ ചെയ്താൽ അതിന്റെ പൂർണ്ണമായും നഷ്ടം കൊടുക്കുന്നതിനുള്ള ഒരു സംവിധാനമാണ്. പഞ്ചാബിലും കർണ്ണാടകയിലുമൊക്കെ മുടക്കിയതുകയേക്കാൾ എത്രയോ വലിയ സംഖ്യ നാശനഷ്ടമുണ്ടായപ്പോൾ കർഷകർക്ക് ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഉണ്ടാകുന്ന അപാകത അതു വ്യക്തികൾക്ക് ലഭിക്കുന്നില്ല, അത് ലോക്കലായിട്ട് കുറെ ഏരിയായെ അടിസ്ഥാനമാക്കിക്കൊണ്ടുള്ളതാണെന്നാണ് ഇവിടെ മെമ്പർമാർ ഉന്നയിച്ചവാദം. ആദ്യമായി ഏർപ്പെടുത്തിയ ഒരു പദ്ധതി അത് പ്രായോഗികതലത്തിൽ നടപ്പിലാക്കുമ്പോൾ വരുന്ന വിഷമങ്ങൾ പരിശോധിച്ച് തീർച്ചയായും കേന്ദ്രഗവൺമെന്റിൽ അഭിപ്രായങ്ങൾ അറിയിക്കുന്നതാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ക്രോപ്പ് ഇൻഷ്വറൻസ്

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി വളരെ നല്ല ഒരു പദ്ധതിയാണ്. അഗ്രിക്കൾച്ചർ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ട് നമ്മുടെ മുൻപിലുണ്ട്. ഇത് ഒരു ഏരിയായിൽ വെള്ളപ്പൊക്കം കൊണ്ടോ വരൾച്ചകൊണ്ടോ കാർഷികനാശം ഉണ്ടാകുകയാണെങ്കിൽ വിളവ് നശിച്ചുപോവുകയാണെങ്കിൽ കളക്ടർ അക്കാര്യം ഡിക്ലയർ ചെയ്യണം, ആ പ്രദേശത്ത് വിളനശിച്ചിട്ടുണ്ടെന്ന്. അതിന്റെ കാരണം ഡ്രൗട്ടോ അല്ലെങ്കിൽ ഫ്ളഡ്ഡോ ആണെന്നും കാണിക്കേണ്ടതുണ്ട്. അങ്ങനെയുള്ള സന്ദർഭത്തിൽ 75% ഗ്രാന്റും 25% വായ്പയും കൊടുത്തുകൊണ്ട്, കൃഷിക്കാരെ സഹായിക്കുന്ന ഒരു പദ്ധതിയാണ്. ഈ പദ്ധതികളെല്ലാം തന്നെ വിജയപ്രദമായി മുന്നോട്ടു നീങ്ങുന്നുണ്ടെന്ന് സഭയെ അറിയിക്കാൻ എനിക്ക് സന്തോഷമുണ്ട്.

വിപണനമേഖലയെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ പറയുവാനുണ്ട്. കർണ്ണാടകവും കേരളവുംകൂടി സഹകരിച്ച് നടത്തുന്ന വാംപ്കോ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആ സ്കീമിന് 150 ലക്ഷം രൂപയാണ് നമ്മൾ കൊടുക്കേണ്ടത്. അതിൽ 68 ലക്ഷം രൂപയോളം ഇതിനകം തന്നെ കൊടുത്തുകഴിഞ്ഞു. അടയ്ക്കാ, കൊക്കോ തുടങ്ങിയ സാധനങ്ങൾ സംഭരിച്ച് വിപണനം നടത്തുകയും സംസ്കരിക്കുകയും ചെയ്യുന്ന ഒരു സ്ഥാപനമാണിത്. അതിന്റെ പ്രവർത്തനം ഭംഗിയായി നടന്നുവരുന്നു. ഇതിടെ ഉണ്ടായ നാളികേര വിലയിടിവിലും ചുക്ക് കൃഷിക്കാരുടെ കഷ്ടപ്പാടിലും നമ്മുടെ മാർക്കറ്റിംഗ് ഫെഡറേഷൻ അനുവർത്തിച്ചിട്ടുള്ള സേവനങ്ങൾ വിലപ്പെട്ടവയാണ്. ഗവൺമെന്റ് തക്കസമയത്ത് രംഗത്ത് വരികയും നമ്മുടെ വിപണന മേഖല ശക്തമായി പ്രവർത്തിക്കുകയുമുണ്ടായി. നമ്മുടെ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഈ വർഷം 29,17,00,000 രൂപയുടെ റബ്ബർ വിപണനം നടത്തിയിട്ടുണ്ട്. അത് നമുക്ക് അഭിമാനിക്കാവുന്ന ഒരു കാര്യമാണ്. റബ്ബർ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അത് വളരെ വലിയൊരു അനുഗ്രഹമാണ്. 12,782 മെട്രിക് ടൺ റബ്ബർ വിപണനം ചെയ്യുവാൻ നമ്മുടെ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന് സാധിച്ചിരിക്കുകയാണ്. വളം വിപണന മേഖലയെ സംബന്ധിച്ചിടത്തോളം 1986–87–ൽ സഹകരണസംഘങ്ങൾ മുഖേന 55 കോടിരൂപയുടെ വളം വിറ്റഴിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. 7–ാം പദ്ധതി പൂർത്തിയാകുമ്പോഴേയ്ക്കും 80 കോടിരൂപയുടെ വിപണനം ചെയ്യുവാൻ നമുക്ക് കഴിയുമെന്നാണ് ഇന്നത്തെ സ്ഥിതി വച്ചു കണക്കാക്കിയിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് 1984–85–ലും 1985–86–ലുമായി 82 ഗോഡൗണുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. 7–ാം പദ്ധതി അവസാനിക്കുമ്പോഴേക്കും 3 ലക്ഷം മെട്രിക് ടൺ ഗോഡൗൺ ശേഷി നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകും എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഭവനനിർമ്മാണരംഗത്തും സഹകരണമേഖല വളരെ നന്നായി പ്രവർത്തിച്ചുവരികയാണ്. കഴിഞ്ഞവർഷം 10 കോടിരൂപ ചെലവഴിച്ചു. ഈ വർഷം 18.34 കോടി രൂപ ചെലവഴിച്ചുകൊണ്ട് ആറായിരം വീടുകൾ പണിതുകൊടുക്കുവാനാണ് ഈ മേഖലയിൽ ഉദ്ദേശിച്ചിട്ടുള്ളത്. ഹൗസിംഗ് ബോർഡ് ആരംഭിച്ചിട്ടുള്ള ഭവന നിർമ്മാണ മേഖലയിൽ 20,000 വീടുകളുടെ പണി പ്രൈമറി സംഘങ്ങൾ ഏറ്റെടുത്ത് നടത്തുവാനുള്ള തീരുമാനം ഗവൺമെന്റിന്റെ മുൻപിൽ വന്നിട്ടുണ്ട്. അത് 10 കൊല്ലത്തേയ്ക്ക് പതിനൊന്നര ശതമാനം പലിശനിരക്കിൽ വായ്പ കൊടുക്കുവാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ട്. 25,000 വീടുകൾ പ്രൈമറി സംഘങ്ങൾ മുഖേന പണിയുവാൻ ഉദ്ദേശിക്കുന്നു. 1500 രൂപ ഗവൺമെന്റ് ഗ്രാന്റ് കൊടുക്കും. 4500 രൂപ സഹകരണസംഘങ്ങൾ മുഖേന കൊടുക്കും. കൂടാതെ ജില്ലാ സഹകരണ ബാങ്കുകൾ 25 ലക്ഷം രൂപവീതം ഹൗസിംഗ് ബോർഡിലേയ്ക്ക് കൊടുക്കുന്നതിലേയ്ക്കായി ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അനുമതി നൽകിയിട്ടുണ്ട്. പ്രൈമറി സംഘങ്ങൾക്കും പണമില്ലെങ്കിൽ ജില്ലാ ബാങ്കുകൾ മുഖേന പ്രൈമറി സംഘങ്ങൾക്ക് വായ്പാസഹായം നൽകുവാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. കൺസ്യൂമർ മേഖലയെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിക്കുകയുണ്ടായി. അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. തീർച്ചയായും ഗ്രാമതലത്തിലുള്ള 10,000 കണക്കിനുള്ള സംഘങ്ങൾ, പ്ലാൻറേഷൻ രംഗത്തുള്ള കൺസ്യൂമർ സ്ഥാപനങ്ങൾ, സഹകരണമാവേലിസ്റ്റോറുകൾ ഇവയിൽ ചിലതെല്ലാം നഷ്ടമില്ലാതെ ലാഭകരമായി നടക്കുമ്പോൾ നമ്മുടെ മൊത്തവ്യാപാരസംഘങ്ങൾക്കും കൺസ്യൂമർ ഫെഡറേഷനുകൾക്കും ഒക്കെയുള്ള ബുദ്ധിമുട്ടുകൾ നമ്മുടെ മുൻപിലുണ്ട്. ഇതിന് ചില പോംവഴികൾ ഗവൺമെൻറ് ആരായുന്നുണ്ട്. ഒരു വർക്കിംഗ് ഗ്രൂപ്പിനെ നിയമിച്ച് വിദഗ്ദ്ധമായി അതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഗവൺമെൻറ് മുൻകൈ എടുത്തിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിൻെറ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ തീർച്ചയായും ആവശ്യമായ നടപടികൾ കൈക്കൊള്ളും. റീ-വൈറലൈസേഷൻ സ്കീം ഗവൺമെൻറ് കൊണ്ടുവരികയാണ്. 250 ലക്ഷം രൂപ കൺസ്യൂമർ സ്ഥാപനങ്ങൾ സെയിൽസ്ടാക്സിനത്തിൽ കൊടുത്തിട്ടുണ്ട്. ഈ 250 ലക്ഷം രൂപ ഒരു സെയിൽസ് ടാക്സ് ലോണായോ, അതല്ലെങ്കിൽ ഓഹരി മൂലധനമായോ മറേറതെങ്കിലും തരത്തിലോ ഈ സ്ഥാപനങ്ങളെ സഹായിക്കുവാൻ സാധിക്കുമോ എന്ന് ഗവൺമെൻറ് പരിശോധിച്ചു വരികയാണ്. ധനകാര്യവകുപ്പിൻെറ മുൻപിൽ ഞങ്ങളുടെ നിർദ്ദേശങ്ങൾ വച്ചിട്ടുണ്ടെന്നു കൂടി ഞാൻ സഭയെ അറിയിക്കുകയാണ്. തീർച്ചയായും ഇതു രക്ഷിക്കേണ്ട മേഖലയാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പട്ടികജാതി-പട്ടിക വർഗ്ഗ മേഖലയിൽ വളരെ വൻപിച്ചനേട്ടങ്ങൾ ഈ വർഷത്തിലും വരാനിരിക്കുന്ന വർഷങ്ങളിലും നേടുവാൻ പോവുകയാണ്. നമ്മുടെ ഹരിജനഗിരിജന മോട്ടോർ ട്രാൻസ്പോർട്ട് സൊസൈറികൾ 10 ജില്ലകളിൽ ബസ്സുകൾ വാങ്ങിച്ച് നിലവിൽ വന്നിരിക്കുകയാണ്. വളരെ ഭംഗിയായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണിവയെല്ലാം. ഹരിജനഗിരിജന ഫെഡറേഷൻ നമ്മുടെ മുൻപിലുണ്ട്. 26 ലക്ഷംരൂപ ചെലവഴിച്ചുകൊണ്ട് ഗോഡൗണും 2 ലോറികളും വാങ്ങിക്കാനുള്ള നബാർഡിൻെറ സഹായം, ഹരിജന-ഗിരിജന ഫെഡറേഷന് ലഭിച്ചിട്ടുണ്ട്. ഒരു ഓഫീസും ഗോഡൗണുമടക്കമുള്ള ഒരു കോംപ്ലക്സ് ആയിട്ട് 800-ഓളം വരുന്ന സഹകരണസംഘങ്ങൾ, ശേഖരിക്കുന്ന സാധനസാമഗ്രികൾ കളക്ഷൻ ചെയ്യാനും അത് വിപണനം നടത്താനും ഷോറൂം അടക്കമുള്ള വലിയൊരു പ്രസ്ഥാനത്തിന് ഈ 14-ാം തീയതി തറക്കല്ലിടുകയാണ്. ഈ മേഖലയിലും വൻപിച്ച പുരോഗതി കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടെന്നേ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മറെറാരു കാര്യം എനിക്കുപറയുവാനുള്ളത് ജീവനക്കാർക്കുള്ള ആനുകൂല്യങ്ങളെപ്പററിയാണ്. സഹകരണമേഖലയുടെ എല്ലാവിധത്തിലുള്ള ശക്തിയും തീർച്ചയായും അതിലെ ജീവനക്കാരാണ്. മററ് ഗവൺമെൻറ് ജീവനക്കാരുമായി താരതമ്യം ചെയ്യുമ്പോൾ പരിമിതികൾ ധാരാളമുള്ള മേഖലയാണെങ്കിലും അവർക്കു വേണ്ടി ആരംഭിച്ചിട്ടുള്ള ക്ഷേമനിധി എടുത്തുപറയാവുന്ന ഒരു കാര്യമാണ്. ഗവൺമെൻറ് സഹകരണമേഖലയിലുള്ള ജീവനക്കാർക്ക് ക്ലാർക്ക് മുതൽ മേൽപ്പോട്ടുള്ളവർക്ക് 7 രൂപയും അതിന് താഴെയുള്ളവർക്ക് 5 രൂപയും നിരക്കിൽ ഈ ക്ഷേമനിധിയിലേക്ക് നിക്ഷേപിക്കേണ്ടതാണ്. അവിചാരിതമായി മരണമടഞ്ഞ് പോകുമ്പോൾ ക്ലാർക്കുമുതൽ മേൽപ്പോട്ടുള്ളവർക്ക് അവരുടെ കുടുംബങ്ങൾക്ക് 10,000 രൂപയും അതിന് താഴെയുള്ളവർക്ക് 7,000 രൂപയും കൊടുക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു പദ്ധതിയാണ് ഇതുകൊണ്ട് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. 1968 ഏപ്രിൽ മുതൽ ഈ പദ്ധതി പ്രാബല്യത്തിൽ വരാൻ പോവുകയാണ്.

സർ, വയനാട്, പത്തനംതിട്ട ജില്ലാ ബാങ്കുകളിൽ ഇത് പ്രാബല്യത്തിൽ വന്നു, കാസർകോട് ജില്ലാ ബാങ്കിൽ വരാൻപോകുന്നു. തൊവത്തിരി, നെടുമങ്ങാട്, മഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിൽ ഭൂവികസനബാങ്കുകൾ നിലവിൽവന്നുകഴിഞ്ഞു. കാർഷിക വികസന ബാങ്കിൻെറ നിയമം ഈ സർക്കാരാണ് കൊണ്ടുവന്നത്. പ്രായോഗിക മായും ലഘുവായും നിയമങ്ങൾ കൈകാര്യം ചെയ്ത് കർഷകരെ സഹായിക്കുന്നതിനാണ് ഈ പദ്ധതി കൊണ്ടുവന്നത്.

വലയും വഞ്ചിയും മേടിക്കാനും കാർഷികേതര തൊഴിലുകൾ ചെയ്യുന്നതുമുള്ള പദ്ധതികൾക്ക് വളരെ വിപുലമായ തോതിൽ സഹായധനം കൊടുക്കുന്നതിന് കഴിയുമാറ് ഈ രംഗത്ത് മാറ്റങ്ങൾ വരുത്താൻ ഈ ഗവൺമെൻറ് ശ്രമിക്കുന്നുണ്ട്. വയനാട് ജില്ലയിൽ രണ്ടുകോടി രൂപ ചെലവഴിച്ചുകൊണ്ട് എൻ. സി. ഡി. സി. യുടെ സഹായത്തോടുകൂടി ഒരു ശ്രമകരമായ സഹകരണവികസന പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. ആ പ്രവർത്തനം നിലവിൽ വരാൻ പോവുകയാണ്. അതിൻെറ പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. മറെറാരുകാര്യം എനിക്ക് പറയാനുള്ളത് ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ച ചില കാര്യങ്ങളാണ്. ബഹുമാനപ്പെട്ട മജീദ് വായിച്ച ഒരു കാര്യത്തെക്കുറിച്ച് പറയുകയാണ്. സഹകരണമേഖലയിലെ കേസുകൾ കേൾക്കുന്നതിന് ജുഡീഷ്യറി സ്വഭാവമുള്ള ഒരു കോടതിവേണമെന്നായിരുന്നു ആവശ്യം. ഇന്ന് അഞ്ഞൂറോളം ഉദ്യോഗസ്ഥൻമാർ ഒരു സിവിൽകോടതിയുടെ അധികാരത്തോടുകൂടി ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അതുകൂടാതെ അപ്പീൽ കേൾക്കുന്നതിന് ഒരു ട്രൈബ്യൂണലും നിലവിലുണ്ട്. അങ്ങ് സമയം നിയന്ത്രിച്ചതുകൊണ്ടാണ്, എനിക്ക് മണിക്കൂറുകൾ പറഞ്ഞാൽ തീരാത്ത കാര്യങ്ങളുണ്ട്. തൊളിക്കോട് കൺസ്യൂമർ സൊസൈറ്റിയിലെ ഭരണപ്രശ്നങ്ങളെക്കുറിച്ചും അവിടത്തെ അഴിമതിയെക്കുറിച്ചുമൊക്കെ ശ്രീ. പങ്കജാക്ഷൻ ഇവിടെ പറയുകയുണ്ടായി. അതിനെക്കുറിച്ച് അന്വേഷിച്ച്, നാലു മെമ്പർമാർക്ക് ഡിസ്ക്വാളിഫിക്കേഷൻ ആയി, അവർ രാജിവച്ചുപോയി. അവിടെ ഭൂരിപക്ഷം നഷ്ടപ്പെട്ടിരിക്കുകയാണ്. 13-6-1986-ൽ നെടുമങ്ങാട് യൂണിറ്റ് ഇൻസ്പെക്ടർക്ക് ചാർജ് കൊടുത്തു. അദ്ദേഹം ചാർജെടുക്കാൻ മടിച്ചുനിൽക്കുകയാണ്. തീർച്ചയായും ചാർജെടുക്കും. അഴിമതി നടന്നിട്ടുണ്ടെങ്കിൽ സെക്ഷൻ 64 പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് ആരോപണങ്ങളൊന്നും പറഞ്ഞുകേട്ടില്ല. സ്വാഗതാർഹങ്ങളായ അഭിപ്രായങ്ങളാണ്. പലരും മുന്നോട്ട് വച്ചിട്ടുള്ളത്.

ഞാൻ നേരത്തെതന്നെ വിള ഇൻഷ്വറൻസിനെക്കുറിച്ച് പറയുകയുണ്ടായി. അതിൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ അത് കേന്ദ്രഗവൺമെൻറാണ് നിറവേറേണ്ടത്. കേന്ദ്രഗവൺമെൻറിൻെറ ഒരു പദ്ധതിയാണിത്, സ്റേറ്റ് ഗവൺമെൻറിൻെറ പദ്ധതിയല്ല. അതുകൊണ്ട് നമുക്ക് ഇഷ്ടംപോലെ പിൻവലിക്കാൻ സാധിക്കുന്ന ഒന്നല്ല ഈ വിള ഇൻഷ്വറൻസ് പദ്ധതി. ഞങ്ങൾ ഇതിൻെറ വിഷമങ്ങൾ കേന്ദ്രഗവൺമെൻറിന് എഴുതി ശ്രദ്ധയിൽപെടുത്തി പരിഹാരങ്ങൾ കണ്ടെത്തു. ഈ സഭയുടെ സഹകരണത്തിന് ആത്മാർത്ഥമായി നന്ദിപറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഈ സഭയുടെ എല്ലാഭാഗത്തുനിന്നും ഉയർന്നുവന്ന ക്രിയാത്മകങ്ങളായ വിമർശനങ്ങൾക്കും നിർദ്ദേശങ്ങൾക്കും ഞാൻ ആദ്യമായി നന്ദി പറയുകയാണ്. റവന്യൂവകുപ്പിലെ അടിസ്ഥാനപരമായ ചില കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട കെ. ചന്ദ്രശേഖരൻ ഇവിടെ സംസാരിക്കുകയുണ്ടായി. അദ്ദേഹം ഈ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരുടെ പ്രൊമോഷനിലുള്ള അനിശ്ചിതത്വത്തിലേയ്ക്ക് ആണ് പ്രത്യേകമായി വിരൽചൂണ്ടിയത്. ബുദ്ധിമുട്ടുണ്ടാകുന്ന ജീവനക്കാർ കാലാകാലങ്ങളിൽ കോടതിയെ സമീപിക്കും. കോടതിയിൽനിന്നുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പല പ്രൊമോഷനുകളും നിരുത്തിവയ്ക്കേണ്ടതായിട്ട് വരും. അടുത്തകാലത്ത് ഇതിന്റെ പേരിൽ കുറെ നടപടികൾ സ്വീകരിച്ചിട്ടുള്ളത് അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ടെന്ന് ഞാൻ കരുതുകയാണ്. ഏറ്റവും ഒടുവിലുണ്ടായിട്ടുള്ള നിർദ്ദേശങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് പുതിയതായി സ്പെഷ്യൽ റൂൾസിന് രൂപം നൽകിയിട്ടുണ്ട്. ആ സ്പെഷ്യൽ റൂൾസ് പ്രാബല്യത്തിൽ വരികയും അതിന്റെ അടിസ്ഥാനത്തിൽ ഒഫീഡ്ക്ലാർക്ക്, യു. ഡി., എൽ. ഡി., ഡപ്യൂട്ടി തഹസീൽദാർ, തഹസീൽദാർ എന്നിവരുടെ സീനിയോറിറ്റി നിശ്ചയിക്കുകയും ചെയ്തു. അതിനെ സംബന്ധിച്ചുള്ള ഉത്തരവുകൾ ജൂൺ മാസത്തിൽത്തന്നെ പുറത്തിറക്കിയിട്ടുണ്ട്. ഇപ്പോഴും അവരുടെ ഒബ്ജക്ഷൻ കേൾക്കേണ്ടതായിട്ടുണ്ട്. കുറേക്കാലം കൂടി പ്രൊവിഷണൽ പ്രൊമോഷൻ മാത്രമേ സാദ്ധ്യമാകുകയുള്ളൂ. പക്ഷേ ഏതാനും മാസങ്ങൾക്കുള്ളിൽ അതിനൊരു അവസാനമുണ്ടാകും. ഹൈക്കോടതിയിൽ നിന്ന് പറഞ്ഞിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും കണക്കിലെടുത്തുകൊണ്ട് ആണ് ഇതിന് രൂപം കൊടുത്തിട്ടുള്ളത്. അതുകൊണ്ട് ഇത്തവണ കഴിഞ്ഞ തവണത്തെപ്പോലെ സ്റേ കൊടുത്തിട്ടില്ല. അവർ ചില കാര്യങ്ങൾ ഇങ്ങോട്ട് ആവശ്യപ്പെടുകയും അതിന്റെയടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും ഈ ലിസ്റ് പത്രത്തിൽ പ്രസിദ്ധീകരിക്കണമെന്ന് പറഞ്ഞ് അതിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയുമാണ്. അതെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിൽ പ്രൊവിഷണൽ പ്രൊമോഷൻ എന്നുള്ളത് അവസാനിപ്പിക്കാൻ കഴിയും. രണ്ടോ മൂന്നോ മാസങ്ങൾക്കുള്ളിൽ ഇതിനെക്കുറിച്ച് ഒരവസാന തീരുമാനമെടുക്കാൻ കഴിയും. ഈ സ്പെഷ്യൽ റൂൾസിന് രൂപം കൊടുക്കാൻ തന്നെ വളരെ ശ്രമകരമായി ജോലി ചെയ്യേണ്ടിവന്നു. പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം വാങ്ങിച്ചുകൊണ്ടാണ് അത് ചെയ്തിട്ടുള്ളത്.

ഇവിടെ വില്ലേജ് ജീവനക്കാരെ സംബന്ധിച്ച് ചില കാര്യങ്ങൾ പറഞ്ഞു. ഏറ്റവും പ്രാഥമികമായ ഒരു ഓഫീസ് എന്നുള്ള നിലയിൽ ജീവനക്കാരുടെ ജോലി ലഘൂകരിക്കാൻ ആദ്യമായി ഒരു വില്ലേജ് മാനുവൽ രൂപീകരിച്ചിട്ടുണ്ട്. ഈ വില്ലേജ് മാനുവലിന്റെയടിസ്ഥാനത്തിൽ ജീവനക്കാർക്ക് ജോലിതീർക്കാൻ കഴിയും. എല്ലാ വില്ലേജുകൾക്കും ബാധകമായിട്ടുള്ള ഒരു വില്ലേജ്മാനുവൽ കേരളത്തിലാദ്യമായിട്ടാണ് പ്രസിദ്ധീകരിച്ചത്. അവരുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഡിമാൻറായിരുന്നു അത്. അടുത്തകാലത്താണ് അത് പ്രസിദ്ധീകരിച്ചത്. അതുപോലെ വരുമാനസർട്ടിഫിക്കറ്റുകൾക്കുള്ള വ്യക്തമായ മാനദണ്ഡത്തെ സംബന്ധിച്ചിടത്തോളം അടുത്തകാലത്ത് ചില നിർദ്ദേശങ്ങളുണ്ടായിട്ടുണ്ട്. എങ്കിലും സർവ്വീസിനെ സംബന്ധിച്ചിടത്തോളം പല കാര്യങ്ങളിലും ഇനിയും പരിഹാരം തേടേണ്ടതായിട്ടുണ്ട്. റവന്യൂ വില്ലേജ് ജീവനക്കാരുടെ സർവ്വീസ് സംയോജിപ്പിക്കാനുള്ള ഒരു നിർദ്ദേശം എത്രയോ വർഷങ്ങളായി ഇവിടെയുണ്ടായിരുന്നു. എന്നാൽ ഏതാനും

LIBRARY ARCHIVES Kerala Legislative Assembly

നാളുകൾക്ക് മുമ്പ് രണ്ടുവിഭാഗത്തിലുള്ള ജീവനക്കാരെയും വിളിച്ച് ചർച്ചനടത്തി അതിന്റെയടിസ്ഥാനത്തിൽ തീരുമാനമെടുത്ത് ഗവൺമെന്റ് അതിനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചു. അതിനുശേഷം രണ്ടു ഭാഗത്തുനിന്നും ചില അഭിപ്രായങ്ങളും പരാതികളും ഉയർന്നുവന്നിട്ടുണ്ട്. അതിന് വില്ലേജു ജീവനക്കാരും റവന്യൂ ജീവനക്കാരുമായി ചർച്ചനടത്തി ഈ സംയോജനം ഒന്നുരണ്ട് മാസങ്ങൾക്കുള്ളിൽ നടപ്പിലാക്കും. പത്തു പതിനാറു വർഷങ്ങൾ പഴക്കമുള്ള ഒരു വിഷയമാണിത്. ഏകദേശം അവർക്ക് സ്വീകാര്യമായ ഒരു തീരുമാനം ഉണ്ടാക്കുന്നതാണ്. വളരെ ചെറിയ അഭിപ്രായ വ്യത്യാസങ്ങളേയുള്ളൂ.

സർ, 'അഹമ്മദ് നഗർ' പരിഷ്കാരത്തെ സംബന്ധിച്ച് ഇവിടെ ചില വിമർശനങ്ങൾ നടത്തുകയുണ്ടായി. 'അഹമ്മദ് നഗർ' മഹാരാഷ്ട്രയിലെ ഒരു കളക്ടറേറ്റിൽ മാത്രം നടപ്പാക്കിയ ഒരു പരിപാടിയാണ്. കേരളത്തിൽ ഇത് നടപ്പിലാക്കിയത് ലാക്കിനാ എന്ന ഐ. എ. എസ്. ഓഫീസറാണ്. അദ്ദേഹം കേരളത്തിൽ വന്നു പഠിച്ചതിനുശേഷം റവന്യൂ ഡിപ്പാർട്ടുമെന്റിലെ എല്ലാ തലത്തിലുമുള്ള ഓഫീസുകളുമായി ബന്ധിപ്പിച്ച്, കേരളത്തിൽ മാത്രമാണ് ഇത് നടപ്പിലാക്കിയിട്ടുള്ളതെന്ന് അദ്ദേഹം പറയുകയുണ്ടായി. കളക്ടറേറ്റിൽ ഫെന്ന് ശരിയായി പരിശോധിക്കുകയാണെങ്കിൽ അതിന്റെ വ്യത്യാസം ബോദ്ധ്യപ്പെടും. ഇതു വരുന്നതിനുമുൻപുള്ള ഫയലുകളുടെ എണ്ണമെത്ര? ഇപ്പോഴുള്ള ഫയലുകളുടെ എണ്ണം എത്ര? 30 ശതമാനമോ 40 ശതമാനമോ എണ്ണം ഫയലുകളുടെ കാര്യത്തിൽ ഒരു കൊല്ലം കൊണ്ട് കുറവു വന്നിട്ടുണ്ട്. ഇത് വ്യക്തമായി കാണാൻ കഴിയുന്നതാണ്. കൊല്ലത്ത് ഒരു വർഷം പരീക്ഷണം നടത്തിയതിനുശേഷമാണ് മറ്റു സ്ഥലങ്ങളിലേക്ക് വ്യാപിപ്പിച്ചിട്ടുള്ളത്. വലിയ പരിഷ്കാരമാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. ഇത് ജോലി ചെയ്യുന്നതിനുള്ള എളുപ്പ മാർഗ്ഗമാണ്. 4-ാം ഗ്രേഡു ജീവനക്കാർ മുതൽ കളക്ടർ ഉൾപ്പെടെയുള്ള ഒരു ഇംപ്രിമെന്റേഷൻ കമ്മിറ്റിക്ക് രൂപം കൊടുത്ത്, ആഴ്ചയിൽ ഒരിക്കൽ കമ്മിറ്റി യോഗം ചേർന്ന് ഓരോ ആഴ്ചയും ചെയ്തു തീർക്കേണ്ട കാര്യങ്ങൾക്ക് രൂപം കൊടുത്ത് അത് വിലയിരുത്തി മുന്നോട്ട് നീങ്ങണം. വലിയ പുരോഗതി ഉണ്ടായിട്ടുണ്ട്. പഴക്കത്തിന്റെ അടിസ്ഥാനത്തിൽ ഫയലുകൾ തിരിച്ചുവച്ചതിന്റെ അടിസ്ഥാനത്തിൽ പഴക്കമുള്ള ഫയലുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ധാരാളം സ്ഥലസൗകര്യങ്ങൾ ഉണ്ടായിട്ടുണ്ട്. കൊല്ലം ജില്ലയിൽ നടത്തിയ പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 13 കളക്ടറേറ്റുകളിലും ഇത് വ്യാപിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. കളക്ടറേറ്റിൽ വരുന്ന എഴുത്തും വായനയും അറിയാൻ പാടില്ലാത്ത ആളുകൾക്ക് അല്ലെങ്കിൽ അപേക്ഷ ശരിക്ക് തയ്യാറാക്കാൻ അറിയാത്ത ആളുകൾക്ക് കൗണ്ടറിൽവച്ചുതന്നെ അപേക്ഷ എഴുതി കൊടുക്കുന്ന ഒരു സംവിധാനം ഇന്ന് ഉണ്ടായിരിക്കുന്നു. പാലക്കാട് ജില്ലയിൽ നൂറോളം ആളുകൾ കൗണ്ടറിൽ നിൽക്കുന്നത് ഞാൻ കാണുകയുണ്ടായി.

ശ്രീ. സി. ടി. കൃഷ്ണൻ: ഇതിന് അവിടെ പ്രത്യേക ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടില്ല.

ശ്രീ. പി. ജെ. ജോസഫ്: പുതിയതായി ഉദ്യോഗസ്ഥരെ നിയമിക്കാതെ ഉള്ള ഉദ്യോഗസ്ഥൻമാരെ വച്ചുതന്നെ ചെയ്യുന്നതാണ് അതിന്റെ വിജയം. ആ കൗണ്ടറിൽ എപ്പോഴും ആളുകൾ ഉണ്ട്. ആ കൗണ്ടറിൽ വരുന്ന ആളുകൾക്ക് അപേക്ഷ എഴുതി കൊടുക്കാനുള്ള സംവിധാനത്തിന്റെ ഭാഗമായി ചെറിയ ലഘുരേഖകൾ വച്ചിട്ടുണ്ട്. നിയമപരമായ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾക്കും അവിടെനിന്ന് ഉപദേശം ലഭിക്കുന്നതാണ്. ഇത് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായി എന്നു ഞാൻ പറയുന്നില്ല. ഫയലുകളുടെ എണ്ണം കുറക്കാനും കുറെക്കൂടി വേഗതയിൽ കാര്യങ്ങൾ നീക്കാനുമുള്ള അവസരം ഉണ്ടായിട്ടുണ്ട്. സെക്രട്ടറിയേറ്റും കളക്ടറേറ്റും ബന്ധപ്പെട്ടു വന്നിട്ടുള്ള ചില കാര്യങ്ങളുണ്ട്. കളക്ടറേറ്റുകളിലെ ചില ഫയലുകൾക്ക് തീരുമാനം ഉണ്ടാകണമെങ്കിൽ സെക്രട്ടറിയേറ്റിൽ എത്തണം. അതുപോലെ തന്നെ റവന്യൂ വകുപ്പു മന്ത്രി ഒരു കാര്യത്തിന് റിപ്പോർട്ടയച്ചു കഴിഞ്ഞാൽ അത് സെക്രട്ടറിയേറ്റിൽ കിട്ടാതെ തീരുമാനം എടുക്കാൻ കഴിയുകയില്ല. അങ്ങനെ കെട്ടിക്കിടക്കുന്ന കാര്യങ്ങൾക്ക് സെക്രട്ടറിയേറ്റിൽ നിന്നും കഴിഞ്ഞവർഷം വരെ പ്രതിദിനം 100 റിമൈൻറുകൾ വീതം പോയി കൊണ്ടിരുന്നു. അപ്പോൾ രണ്ടു കൊല്ലവും മൂന്നു കൊല്ലവും പഴക്കമുള്ള കേസ്സുകൾ ഉണ്ടായിരുന്നു. ഒരു നിശ്ചിത ദിവസം തന്നെ റിപ്പോർട്ടു മുഴുവൻ തയ്യാറാക്കണമെന്നും ജില്ലാ കളക്ടറേറ്റിൽ അറിയിക്കുകയും ഇവിടെനിന്ന് ഏതെങ്കിലും ഒരു ഡെപ്യൂട്ടി സെക്രട്ടറിയോ ജോയിൻറ് സെക്രട്ടറിയോ ജില്ലാ കളക്ടറേറ്റുകളിൽ ചെല്ലുമെന്നും നിർദ്ദേശിക്കുകയും ചെയ്തതിൻെറ അടിസ്ഥാനത്തിൽ അവിടെ ചെന്നപ്പോൾ 95 ശതമാനം കേസ്സുകളുടെ റിപ്പോർട്ടുകൾ തയ്യാറാക്കി വച്ച് സെക്രട്ടറിയേറ്റിൽ എത്തിക്കാൻ കഴിഞ്ഞു. ഇപ്പോൾ റിമൈൻറുകൾ അയയ്ക്കുന്നില്ല. അത് നിറുത്തിവച്ചിരിക്കുകയാണ്. ഇപ്പോൾ 3 മാസത്തിലൊരിക്കൽ ആവശ്യം റിപ്പോർട്ട് കൊടുത്തയക്കാമെന്ന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. സെക്രട്ടറിയേറ്റിലും മറ്റു ഓഫീസുകളിലുമെല്ലാം ഫയലുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു. പോക്കുവരവിനെ സംബന്ധിച്ച് ശ്രീ. കുറിയാനി ഉൾപ്പെടെയുള്ള പല ആളുകളും ഇവിടെ പറയുകയുണ്ടായി. വില്ലേജുകളിൽ കെട്ടിക്കിടക്കുന്ന കാര്യങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാൻ റവന്യൂ ക്യാമ്പുകളും ഉണ്ടാക്കിയിട്ടുണ്ട്. ഞാൻ കളക്ടറുമൊന്നിച്ച് ശ്രീ. തച്ചടി പ്രഭാകരൻെറ മണ്ഡലമായ പത്തിയൂർ ഗ്രാമത്തിൽ പോയിരുന്നു. ഒരു വില്ലേജിൽ തീരുമാനമാകാതെ കിടന്ന കേസ്സുകൾ 7000—ത്തിൽപരമാണ്. അത് ഒരു കൊല്ലം മുതൽ 15 കൊല്ലം വരെ പഴക്കമുള്ള കേസ്സുകളാണ്. അവിടെ രണ്ടു മാസം കേന്ദ്രീകരിച്ചു പ്രവർത്തിച്ചതിൻെറ ഫലമായി തീരുമാനം എടുത്തതിൻെറ ഫലം കിട്ടിയത് 98 ശതമാനം ആളുകൾക്കാണ്. സർട്ടിഫിക്കറുകൾ കൊടുക്കുവാനും അതിനാവശ്യമായ രേഖകൾ മാറികൊടുക്കുവാനും പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തു കൊടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഇത് കേരളത്തിലെ മുഴുവൻ വില്ലേജുകളിലുമായി എന്നു ഞാൻ പറയുന്നില്ല. ഇത് ക്രമമായി വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. 22 താലൂക്കാഫീസ്സുകളിലും ഇത് തുടങ്ങിയിരിക്കുകയാണ്. താലൂക്കാഫീസ്സുകളിൽ ഈ കാര്യത്തിനുവേണ്ടി ചെന്ന പ്രതിപക്ഷത്തുള്ള എം. എൽ. എ. മാർ ഉൾപ്പെടെ പല ആളുകളും ഇവിടെ ഉണ്ട്. താലൂക്കാഫീസ്സുകളിൽ ഇപ്പോൾ എത്രയോ സ്ഥലസൗകര്യങ്ങളുണ്ട്. ഏറ്റവും ഒടുവിൽ തളിപ്പറമ്പ് താലൂക്കിലാണ് ഇത് നടത്തിയത്. ഇപ്പോൾ അവിടെ എത്രയോ സ്ഥല സൗകര്യം ഉണ്ടായിരിക്കുന്നു. എല്ലാം അടുക്കിപ്പെറുക്കി ആവശ്യമില്ലാത്ത ഫയലുകളൊക്കെ മാറി മനോഹരമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കാനുള്ള അവസരം ഉണ്ടായിരിക്കുന്നു. ഇപ്പോൾ 22 താലൂക്കുകളിൽ തുടങ്ങിയിട്ടുണ്ടെങ്കിലും ബാക്കിയുള്ള മുഴുവൻ താലൂക്കുകളിലും ഇത് തുടങ്ങണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇത്രയും വിജയകരമായി, ജനങ്ങൾക്ക് പ്രയോജനപ്രദമായി നടത്തുന്ന ഒരു പരിപാടി ശ്രീ. സി. ടി. കൃഷ്ണൻ നിറുത്തിവയ്ക്കണമെന്ന് പറഞ്ഞതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. ഇത് തുടർന്നും നടക്കേണ്ട പരിപാടി ആണ്. കാലവിളംബം ഒഴിവാക്കാനും കാര്യക്ഷമത കൈവരുത്താനും ഇത് സഹായിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ശ്രീ. സി. ടി. കൃഷ്ണൻ തന്നെ പട്ടയത്തിനെപ്പറ്റി ചോദിക്കുകയുണ്ടായി. പട്ടയക്കേസ്സുകളിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം കിട്ടേണ്ടതാണ് ഇതുവരെ നടക്കാതെ ഇരുന്നിട്ടുള്ളത്. അതിലുണ്ടായ പുരോഗതിയെക്കുറിച്ചാണെങ്കിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയ റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇന്നത്തെ മാതൃഭൂമി പത്രത്തിൽവന്ന ഒരു കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ–ഇത്ര ഏക്കറിൽ കൂടുതലുള്ളവരുടെ ലിസ്റ്റാണ് അയച്ചത്. ആളുകളുടെ ലിസ്റ്റ് അയച്ചിട്ടില്ല. ആ നിലയിൽ വനഭൂമി അല്ലാതെ കൃഷിഭൂമിയായി മാറിയിട്ടുള്ള മേപ്പാണ് അയച്ചിട്ടുള്ളത്. സർ, ലാന്റ് അസൈൻമെന്റ് നൂംസ് ഉണ്ട്. അതിൽ ഇത്ര ഏക്കർസ്ഥലമേ ഒരാൾക്ക് ആകാൻ പാടുള്ളൂ എന്നുണ്ട്. ഭൂമി അധികമുള്ളവർക്ക് കൊടുക്കാൻ കഴിയുകയില്ല. നിയമവിരുദ്ധമായി ഒരാൾക്കും ഭൂമികൊടുക്കുകയില്ല. അതിൽ പറഞ്ഞിട്ടുള്ള പരിധിയിൽ കവിഞ്ഞ് ഒറ്റയാൾക്കും ഭൂമി കൊടുക്കുകയില്ല. ബാക്കിയുള്ള ഭൂമി തിരിച്ചെടുക്കുകയും ചെയ്യും. ഇത് വ്യക്തമായി പറഞ്ഞിട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഏതെങ്കിലും വിധത്തിൽ മുന്നോട്ടു പോകുമ്പോൾ തടസ്സം ഉണ്ടാക്കുന്ന ഒരു വാദഗതി ഉന്നയിക്കരുത്. പട്ടയം കൊടുക്കണമെന്ന് ഒരു വശത്തു പറയുകയും അതല്ലാ അർഹതയില്ലാത്തവരാണെന്ന് മറുവശത്ത് പറയുകയും ചെയ്യുന്നത് മനഃപ്പൂർവ്വമല്ല എങ്കിലും ഇതു വസ്തുതകൾക്ക് നിരക്കാത്തതാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തന്നെ ഒരു ലക്ഷത്തിൽപ്പരം ആളുകൾക്ക് പട്ടയം കൊടുത്തിട്ടുണ്ട്. തൃക്കാക്കരപോലെ കളക്ടറേറ്റിരിക്കുന്ന ഒരു വില്ലേജിൽ ഇത്ര അധികം പട്ടയം കൊടുക്കാനുണ്ടെന്ന് ആരും കരുതിയില്ല. 1000-ത്തിൽപ്പരം ആളുകൾക്കും 5 സെന്റ്, 6 സെന്റ്, 10 സെന്റ് എന്നീ ക്രമത്തിൽ പട്ടയം കൊടുത്തിട്ടുണ്ട്. ഇതുപോലെ തൃശ്ശൂരിലെ തലപ്പള്ളി താലൂക്കിൽ ഒരൊറ്റ പരിപാടിയിൽ വച്ച് 2200 പേർക്ക് അടുത്തകാലത്ത് പട്ടയം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. 2 സെന്റ്, 3 സെന്റ്, 5 സെന്റ് വീതം പരിധിവച്ച് ഒരു ലക്ഷത്തോളം ആളുകൾക്ക് പട്ടയം കൊടുത്തു. 10–22 കൊല്ലമായിട്ട് എടുത്ത കളമശ്ശേരിയിലെ എച്ച്. എം. ടി. കോളനി എന്നു പറയുന്ന സ്ഥലത്ത് വളരെയധികം പട്ടയം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് ശ്രീ. മുഹമ്മദാലിക്കും അറിയാവുന്ന കാര്യമാണ്. ശ്രീ. ദിനകരൻ തന്നെ ഇതിനെക്കുറിച്ചു ഇവിടെ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ തന്നെ എത്ര മൽസ്യത്തൊഴിലാളികൾക്ക് പട്ടയം കിട്ടിയിട്ടുണ്ടെന്നു ചോദിക്കണം. എന്റെ ഓർമ്മ ശരിയാണെങ്കിൽ 1000–ത്തിൽപ്പരം മൽസ്യത്തൊഴിലാളികൾക്ക് ശ്രീ. ദിനകരന്റെ മണ്ഡലത്തിൽ മാത്രം പട്ടയം കൊടുത്തിട്ടുണ്ട്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ മാത്രമായി 15,000-ഓളം മൽസ്യത്തൊഴിലാളികൾക്ക് പട്ടയം കൊടുത്തിട്ടുണ്ട്. ശ്രീ. സി. ടി. കൃഷ്ണൻ പട്ടയം ആർക്കും കിട്ടിയില്ലായെന്ന് പറയുമ്പോൾ ഞാൻ അദ്ദേഹത്തിന്റെ വികാരം മനസ്സിലാക്കുന്നു. അദ്ദേഹത്തിന്റെ പഞ്ചായത്തിലെ പ്രശ്നം ഇതുവരെ തീർന്നിട്ടില്ല. അവിടെ നടത്തിയിട്ടുള്ള ശ്രമങ്ങൾ അദ്ദേഹത്തിന് അറിയാവുന്നതാണ്. പാലക്കാട് പോയി ഇതിനെക്കുറിച്ച് ചർച്ച നടത്തിയിട്ടുണ്ട്. ഇത് നിയമ പ്രശ്നങ്ങൾ പറഞ്ഞ് പോവുകയാണ്. എന്നാൽ അതല്ല മൊത്തത്തിലുള്ള സ്ഥിതി എന്ന് ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ശ്രീ. സിറിയക് ജോൺ സംസാരിച്ചപ്പോൾ വില്ലേജ് രൂപീകരണത്തെക്കുറിച്ച് പറയുകയുണ്ടായി. 206 വില്ലേജുകൾ വിഭജിക്കാൻ തീരുമാനിച്ചത് ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. വിസ്തീർണ്ണവും ജനസംഖ്യയുടെ അടിസ്ഥാനത്തിലുമാണ്. വില്ലേജുകൾ വിഭജിക്കാൻ തീരുമാനിച്ചത്. 206 വില്ലേജുകൾ

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിക്കാൻ തീരുമാനിച്ചതിൽ 203 വില്ലേജുകളും രൂപീകരിച്ചുകഴിഞ്ഞു. അതിൽ യാതൊരുവിധമായ പക്ഷഭേദവും കാണിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിൽ 14 പുതിയ വില്ലേജുകളും രൂപീകരിച്ചു. കൊല്ലം ജില്ലയിൽ 27 പുതിയ വില്ലേജുകളും രൂപീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ 16 പുതിയ വില്ലേജുകളും രൂപീകരിച്ചിട്ടുണ്ട്. ഇങ്ങനെ കേരളത്തിന്റെ എല്ലാ ഭാഗത്തും രൂപീകരിച്ചിട്ടുണ്ട്. ഇനിയും വിസ്തൃതിയുടെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ വിഭജിക്കേണ്ട വില്ലേജുകളും ഉണ്ട്. ഞാൻ ചാലക്കുടിയിൽ ചെന്നപ്പോൾ ഒരു പ്രത്യേക വില്ലേജിന്റെ കാര്യം അവർ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അതുപോലെ ശ്രീ. സിറിയക് ജോണും അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ഒരു വില്ലേജിന്റെ കാര്യം ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. വില്ലേജു ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുന്നതിനും ആളുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും വേണ്ടി ഈ മാനദണ്ഡത്തിൽ ഇനിയും വിഭജിക്കാൻ അവശേഷിക്കുന്ന മുഴുവൻ വില്ലേജുകളും ഈ വർഷത്തിൽത്തന്നെ വിഭജിക്കുന്നതാണ്. ഇവിടെ താലൂക്കുകളുടെ കാര്യം പറയുകയുണ്ടായി. യഥാർത്ഥത്തിൽ വലിപ്പമുള്ള, വിസ്തീർണ്ണമുള്ള, ജോലിഭാരം കൂടുതലുള്ള, പ്രവർത്തിക്കാൻ ബുദ്ധിമുട്ടുള്ള എത്രയോ താലൂക്കുകൾ ഇനിയും ഉണ്ട്. ഈ പ്രശ്നം എത്രയോ കൊല്ലമായിട്ട് ഇവിടെ പറയുന്ന വിഷയമാണ്. അത് നയപരമായ ഒരു കാര്യമാണ്. വീണ്ടും ആ കാര്യം ഗവൺമെന്റ് ഒന്നുകൂടി പരിശോധിക്കുന്നതാണ്. ഇവിടെ വില്ലേജ് പുനർവിഭജനത്തെക്കുറിച്ച് ശ്രീ. കെ. പങ്കജാക്ഷൻ ഒരു കാര്യം പറയുകയുണ്ടായി. വില്ലേജുകളും പഞ്ചായത്തുകളും ഒരേ പരിധിയിൽ ആക്കണമെന്നുള്ളതാണ് അദ്ദേഹത്തിന്റെ അഭിപ്രായം. മന്ത്രിസഭാ യോഗം ആ കാര്യത്തെപ്പറ്റി ആലോചിക്കുകയുണ്ടായി. അത് അങ്ങനെതന്നെ ചെയ്യണമെന്നാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഇനിയുള്ള വില്ലേജുകൾ വിഭജിക്കുമ്പോൾ വില്ലേജുകളും പഞ്ചായത്തുകളും ഒരേ പരിധിയിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സർ, ഇവിടെ റീസർവ്വേയെക്കുറിച്ച് പറഞ്ഞു. 18 താലൂക്കുകളിൽ റീസർവ്വേ പൂർത്തിയാക്കി. പൂർത്തിയാക്കിയ സ്ഥലങ്ങളിൽ സർവ്വേ റിക്കോർഡുകൾ റവന്യൂ റിക്കോർഡുകളാക്കി മാറുന്ന ജോലി അടുത്ത കാലത്ത് ആരംഭിച്ചിട്ടുണ്ട്. അങ്ങനെ റവന്യൂ റിക്കോർഡുകളാക്കി മാറുന്ന സ്ഥലങ്ങളിൽ ഭൂവുടമകൾക്ക് മുഴുവൻ പട്ടാ പാസ് ബുക്ക് കൊടുക്കുവാനുള്ള ഒരു നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. നാല് വില്ലേജുകളിലാണ് അത് ആദ്യം നടപ്പാക്കാൻ തീരുമാനിച്ചത്. പാലക്കാട്, കോട്ടയം, ഇടുക്കി, തിരുവനന്തപുരം—ഈ നാലു ജില്ലകളിൽ ഓരോ വില്ലേജുകളിലാണ് ഇത് നടപ്പാക്കുന്നത്. വില്ലേജുകളിലെ പട്ടാ പാസ് ബുക്ക്, ഇവിടെ പലരും നിർദ്ദേശിച്ചപോലെ ആവശ്യമായ വിവരങ്ങൾ—ഭൂമിയെ സംബന്ധിച്ച് മാത്രമല്ല, വായ്പ എടുത്തിട്ടുള്ള കാര്യങ്ങളെക്കുറിച്ചും ഒക്കെ—വളരെയധികം പേജുകളുള്ള ഒരു ബുക്കാണ്. അത് എല്ലാ ഭൂവുടമകൾക്കും കൊടുക്കുവാനും അങ്ങനെ വായ്പ ലഭിക്കുന്ന കാര്യങ്ങൾ എളുപ്പമാക്കാനും സഹായിക്കുന്ന ഒന്നായി ഈ പട്ടാ പാസ് ബുക്ക് കൊടുക്കുവാൻ ഉദ്ദേശിക്കുന്നു. അതിനാവശ്യമായ നിയമനിർമ്മാണത്തിന്റെ ഡ്രാഫ്റ്റ് ബില്ല് ആയിക്കഴിഞ്ഞിട്ടുണ്ട്. അടുത്ത നിയമസഭയിൽ അത് പാസ്സാക്കാൻ കഴിയുമെന്നാണ് എന്റെ പ്രതീക്ഷ.

സർ, ഇവിടെ ശ്രീ. സി. ടി. കൃഷ്ണൻ വേറൊരു കാര്യം പറയുകയുണ്ടായി. പാർട്ടി ആഫീസിന് എറണാകുളം ജില്ലയിൽ സണ്ണി മണ്ണത്തൂർക്കാരൻ സ്ഥലം പതിച്ചുകൊടുത്തുയെന്നുള്ളതിനെ സംബന്ധിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം ജില്ലയിൽ സണ്ണിമണ്ണത്തൂർക്കാരനാണ് മൂന്നു സെന്റു സ്ഥലം പതിച്ചുകൊടുത്തത്. പാർട്ടി ആഫീസിന് സ്ഥലം പതിച്ചുകൊടുക്കുന്നത് തെറ്റായ കാര്യമാണെന്ന് എനിക്ക് തോന്നിയിട്ടില്ല. പക്ഷെ ഒരു കാര്യം പറയട്ടെ, നാലു കൊല്ലത്തിനിടയിൽ—ഇപ്പോൾ അഞ്ചാം കൊല്ലത്തിലേക്ക് കടന്നിരിക്കുകയാണ്—പാർട്ടി ആഫീസിന് സ്ഥലം പതിച്ചു കൊടുക്കുവാൻ ഞങ്ങളുടെ പാർട്ടി രണ്ടായിരുന്നപ്പോഴും യോജിച്ചപ്പോഴും അപേക്ഷ കിട്ടാഞ്ഞിട്ടല്ല. പക്ഷേ പല പാർട്ടികൾക്കും ഭൂമി പതിച്ചു കൊടുത്തിട്ടുള്ളത് മന്ത്രിസഭായോഗത്തിൽ വന്ന്, ഫ്രീ ഓഫ് കോസ്റ്റായിട്ടാണ്—ഒറ്റ പൈസ കൊടുക്കാതെയാണ്. അങ്ങനെ ഒരു സെന്റു സ്ഥലം പോലും കേരളാ കോൺഗ്രസ്സ് പാർട്ടിക്ക് ഇതുവരെ പതിച്ചു കൊടുത്തിട്ടില്ല. എറണാകുളം ജില്ലയിൽ മൂന്നു സെന്റു സ്ഥലം കെ. എം. ജോർജ്ജ് മെത്രോറിയത് ജില്ല കമ്മിറ്റി ഓഫീസിന് അപേക്ഷിച്ച് അവിടെ നിന്ന് നിർദ്ദേശിച്ചു. അതിന് അവിടെ വാല്യൂ നിശ്ചയിച്ച് 49,000 രൂപ അടച്ച് എടുത്തോളാൻ പറഞ്ഞു. മന്ത്രിസഭാ യോഗത്തിൽ പോയി അത് അനുവദിച്ച് കിട്ടാഞ്ഞിട്ടല്ല. രൂപ് അടച്ച്, മാർക്കറ്റ് വാല്യൂ അടച്ച് എടുത്തോളാൻ പറഞ്ഞു. അത് വില കുറവായിരിക്കാം. പക്ഷെ മൂന്നു ലക്ഷമെന്നു പറഞ്ഞാലും നാലു ലക്ഷമെന്നു പറഞ്ഞാലും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിക്ക് ഉൾപ്പെടെ മന്ത്രിസഭാ യോഗങ്ങൾ ഭൂമി പതിച്ചു തന്നിട്ടുണ്ട്, ഇല്ലേ! പക്ഷേ നാലു കൊല്ലമായി ഇങ്ങനെ ഒരു നിർദ്ദേശം മന്ത്രിസഭാ യോഗത്തിലേക്ക് ഞാൻ കൊണ്ടുപോയിട്ടില്ല. രണ്ടു കൊല്ലമായ ജില്ലാ കളക്ടർമാരെയെല്ലാം മാറ്റി. അങ്ങനെ ആറോ ഏഴോ കളക്ടർമാരെ മാറ്റുന്ന കൂട്ടത്തിൽ ഒരാളെ മാറ്റിയത് ഈ കാരണത്താലാണെന്ന് പത്രത്തിൽ വാർത്തയെഴുതിയാൽ അത് വിശ്വസിക്കണോ? ഇവിടെ പറയുന്നതുകേട്ടാൽ പാർട്ടി ആഫീസിനുവേണ്ടി ഇങ്ങനെ നിരന്തരമായി ഭൂമി പതിച്ചു കൊടുക്കുന്നുവെന്നു തോന്നും. അങ്ങനെ ഒരു സെന്റു ഭൂമിപോലും കൊടുത്തിട്ടില്ല.

സർ, ഇവിടെ ശ്രീ. സിറിയക് ജോൺ, ഭൂമി പതിക്കാൻ അപേക്ഷ കൊടുക്കുന്ന കാര്യം പറഞ്ഞു. പെട്രോൾ പമ്പ് നടത്താൻ ജേക്കബ് ചേട്ടന്റെ മകനു ഭൂമി പതിക്കാൻ അപേക്ഷ കൊടുത്ത കാര്യം പറഞ്ഞു. എറണാകുളത്തു തന്നെ പലർക്കും ഭൂമി ലീസിന് കൊടുത്തിട്ടുണ്ട്. അങ്ങനെ ഒരപേക്ഷ കിട്ടി. 'For necessary action' എന്നു പറഞ്ഞ് കളക്ടർക്ക് അയച്ചുകൊടുത്തു. ഇതിനകത്ത് എന്താണ് തെറ്റ്. അത് പരിശോധിച്ചുകൊണ്ടിരിക്കുന്നു എന്നാണ് പത്രവാർത്ത വന്നത്. അങ്ങനെ ജോലിയില്ലാത്ത ചെറുപ്പക്കാർക്ക് ഭൂമി ലീസിന് കൊടുത്ത് പലയിടത്തും ചെയ്യാമെങ്കിൽ നിയമപരമായി കിട്ടേണ്ടത് ജേക്കബ് ചേട്ടന്റെ മകനും ആകാം എന്നു മാത്രമേയുള്ളൂ. ഇതിനകത്ത് നിയമവിരുദ്ധമായിയാതൊന്നും ചെയ്തിട്ടില്ല. പ്രത്യേകമായി ഒരു കേസ് എടുത്തു പറഞ്ഞത് ഇതാണ്. സാധാരണ നിലയിൽ കിട്ടിയ ഒരപേക്ഷ താഴത്തേക്ക് അയച്ചുകൊടുത്തതേയുള്ളൂ.

സർ, വെള്ളപ്പൊക്ക ദുരിതാശ്വാസ പരിപാടിക്കുള്ള ഫണ്ട്, കൃഷിക്കാർക്ക് കൊടുക്കുവാനുള്ള ഫണ്ട്, വില്ലേജ് ആഫീസ് പണിയാൻ ഉപയോഗിച്ചു എന്ന് ശ്രീ. സി. ടി. കൃഷ്ണൻ പറഞ്ഞു. അതിനു കിട്ടിയ അഞ്ചു കോടിയിൽപ്പരം രൂപ ഒരു പൈസ പോലും മാറ്റിവയ്ക്കാതെ മുഴുവനും കൃഷിക്കാർക്കു വേണ്ടി വിതരണം ചെയ്തു. അല്ലാതെയാതൊന്നും ചെയ്തിട്ടില്ല. ഇതിൽ ബിൽഡിംഗ് റിപ്പെയറിനു കിട്ടിയ പൈസ ബിൽഡിംഗ് റിപ്പെയറിനു വേണ്ടി ഉപയോഗിക്കുവാൻ പാടില്ലേ? Food for Work programme-ൽ റോഡ് നിർമ്മിക്കാമെങ്കിൽ, റോഡ് പണിക്കുള്ള ലേബർ എംപ്ലോയ്മെന്റ് ജനറേഷനായി കണക്കാക്കാമെങ്കിൽ,

LIBRARY ARCHIVES Kerala Legislative Assembly

വില്ലേജ് ആഫീസ് പണിയാൻ വേണ്ടി ഉപയോഗിക്കുവാൻ പാടില്ലേ? ആ നിലയിൽ പെർമനൻറ് അസ്സസ്മെന്റ് ഉണ്ടാക്കുക്കു കിട്ടിയ പണം കൊണ്ട് പെർമനൻറ് അസ്സസ്മെന്റ് ഉണ്ടാക്കുകയെന്നുള്ള മാന്ദണ്ഡത്തിന്റെ ഉള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് കോളത്തിൽ ഇതിനോടകം ആകെ തീർത്തത് 600 വില്ലേജ് ആഫീസ് കെട്ടിടമാണെങ്കിൽ ഈ ഒറ്റ വർഷം 600 കെട്ടിടം തീർത്തിരിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ: വരൾച്ചക്കും വെള്ളപ്പൊക്കത്തിനും വേണ്ടി കേന്ദ്ര ഗവൺമെൻറ് തന്നിട്ടുള്ള പണത്തിൽ നിന്ന് അതിനല്പാതെ മറ്റു ഒരു ഡിപ്പാർട്ടുമെൻറിലേക്കും മാറ്റി ചെലവു ചെയ്തിട്ടില്ലെന്ന് ഈ അസ്സംബ്ലിയിൽ നിന്നുകൊണ്ട് ഉറപ്പിച്ചു പറയാൻ തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, കേന്ദ്ര ഗവൺമെൻറ് നൽകിയിട്ടുള്ള നിർദ്ദേശങ്ങളം അതേപടി നടപ്പാക്കിയിട്ടുണ്ടെന്നുള്ളതിന് വ്യക്തമായ രേഖകളുണ്ട്. ആരുടെ മുമ്പിലും പറയത്തക്കവണ്ണമുള്ള കാര്യങ്ങളാണ് ഈ ഗവൺമെൻറ് ചെയ്തിട്ടുള്ളത്. വേറൊന്നും ചെയ്തിട്ടില്ല. ഇവിടെ ഓരോന്നും എടുത്തു പറയാൻ കഴിയും.

ശ്രീ. കെ. പി. പ്രഭാകരൻ: വെള്ളപ്പൊക്ക ദുരിതാശ്വാസഫണ്ടിൽ നിന്ന് വില്ലേജ് ആഫീസ് പണിയാനെന്നും പറഞ്ഞ് കേന്ദ്ര ഗവൺമെൻറിൽ നിന്ന് വല്ല പണവും നീക്കിവച്ചിട്ടുണ്ടോ? അതോ വെള്ളപ്പൊക്കം മൂലം മാറിത്താമസിക്കുന്ന ആളുകൾക്ക് ഷെൽട്ടർ പണിയാൻ വേണ്ടി അലോട്ട് ചെയ്ത പണം എടുത്തിട്ടല്ലേ ഈ വില്ലേജ് ആഫീസ് പണിതത്?

ശ്രീ. പി. ജെ. ജോസഫ്: ആൻറി ഡിസാസ്റ്റർ ഷെൽട്ടർ, സ്കൂൾ കോമ്പൗണ്ടുകളിൽ പണിത് ആളുകളെമാറ്റി താമസിപ്പിക്കേണ്ട സമയത്തു മാത്രം ആളുകളെ പാർപ്പിക്കുകയും ബാക്കി സമയത്ത് ക്ലാസ് നടത്താൻ ഉപയോഗിക്കുകയും ചെയ്യുന്നു. സ്കൂൾ കെട്ടിടങ്ങളിൽ പിള്ളേരെ പഠിപ്പിക്കുന്നത് തെറ്റാവുമോ? രണ്ടാഴ്ച മാറ്റിപ്പാർപ്പിക്കേണ്ടിവരും. അല്ലെങ്കിൽ നിലവിലുള്ള സ്കൂളുകളിൽ മാറ്റി പാർപ്പിച്ചുകൊണ്ടിരിക്കയാണ്. ബിൽഡിംഗ് റിപ്പെയറിനുവേണ്ടിയുള്ള തുക Food for work programme-ൽ റോഡു നിർമ്മിക്കുന്നതുപോലെയുള്ള ലേബർ കണ്ടൻറ് മാത്രം എടുത്തുകൊണ്ടുള്ള തുക, ഇങ്ങനെയെല്ലാം പദ്ധതികൾ ഉണ്ടാക്കിയിട്ടുതന്നെയാണ് നടപ്പാക്കിയിട്ടുള്ളത്. പെർമനൻറ് അസ്സസ്മെന്റ് ഉണ്ടാക്കിക്കൊണ്ട് ഈ രംഗത്ത് തീർച്ചയായും സംസ്ഥാനത്ത് നേട്ടങ്ങൾ തന്നെയാണ് ഉണ്ടാക്കിയിട്ടുള്ളത്. റോഡ് നിർമ്മാണത്തിന്റെ കാര്യം പറയുകയാണെങ്കിൽ റോഡിന്റെ ക്വാളിറ്റിയിൽ എത്രയോ മാറ്റമുണ്ടായിരിക്കുന്നു. കുറച്ച് സമയം കൊണ്ടാണ് ചെയ്തതെങ്കിലും വളരെയധികം സൂപ്പർവിഷൻ എടുത്തുകൊണ്ടും, പ്രത്യേകമായി ഒരു ആഫീസറെ സംസ്ഥാന തലത്തിൽ നിയമിച്ചുകൊണ്ടും വളരെ ഭംഗിയായി സമയത്ത്. ആ പരിപാടി തീർത്തിരിക്കുന്നു. അതുപോലെ കൃഷിക്കാർക്കുള്ള സഹായം, ഇതിനു മുമ്പ് വരൾച്ച ഉണ്ടായാൽ വെള്ളപ്പൊക്കമുണ്ടായാൽ കൃഷിക്കാർക്ക് സഹായമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ? 1983-ലും കഴിഞ്ഞിട്ടില്ല. അതിനുശേഷമാണ് ഈ സംസ്ഥാന ഗവൺമെൻറ് ഇത് ഏറ്റവും വലിയ ആവശ്യമാണെന്നു പറഞ്ഞിട്ടാണ് കഴിഞ്ഞ തവണ ആറു കോടി രൂപയോളം inputs അനുവദിച്ചിരിക്കുന്നത്. പിന്നെ കൃഷിക്കാർക്ക് തെങ്ങിൻ തൈകളും റബ്ബർ തൈകളും ഒക്കെ കൊടുക്കുവാൻ കഴിഞ്ഞു. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

വിത്തു കൊടുക്കുവാനും കഴിഞ്ഞു. തെങ്ങു നഷ്ടപ്പെട്ട ഒരാൾക്ക് 125 രൂപയും കമുക് നഷ്ടപ്പെട്ട ആൾക്ക് 25 രൂപയും വാഴ കാറ്റത്ത് ഒടിഞ്ഞു പോയാൽ—കുലച്ച വാഴയ്ക്ക് പന്ത്രണ്ടര രൂപയും കുലയ്ക്കാത്ത വാഴയ്ക്ക് പത്തു രൂപയും—ഈ നിലയിലുള്ള നഷ്ടപരിഹാരം കൊടുക്കുവാൻ കഴിഞ്ഞു. ആറു കോടി രൂപ നഷ്ട പരിഹാരം കൃഷിക്കാർക്ക് കൊടുക്കുവാൻ കഴിഞ്ഞുയെന്നുള്ളത് ചെറിയ കാര്യമല്ല. ഇനിയും മുഴുവൻ ആളുകൾക്ക് കിട്ടിയെന്ന് ഞാൻ അവകാശപ്പെടുന്നില്ല. ഇപ്പോൾ 600 കോടി, 700 കോടി രൂപ നഷ്ടം വന്നിട്ടുള്ളത് കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. പക്ഷേ ആദ്യമായിട്ടാണ് ഇങ്ങനെ കൊടുക്കുന്നതെന്നുള്ളത് ഒരു വസ്തുതയാണ്.

സർ, ഇവിടെ പാലക്കാട്ടെ വരൾച്ചയെപ്പറ്റിപ്പറഞ്ഞു. വരൾച്ചയുടെ ഫലമായി പാലക്കാടു ജില്ലയിൽ കുടിവെള്ളമെത്തിക്കാനും മറ്റു കാര്യങ്ങൾക്കുമായി ഇതിനോടകം ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ദിവസം മറുപടി പറഞ്ഞതിൽ 55 ലക്ഷം രൂപയാണെങ്കിൽ അതിനുശേഷം വന്ന പ്രൊപ്പോസലുകളും അംഗീകരിച്ചിട്ടുണ്ട്. അനുവദിച്ചുവെന്നു പറയുന്നത് ഉത്തരവാദിത്വത്തോടുകൂടിത്തന്നെയാണ്. കാശ് കിട്ടുന്നത്, ഈ പദ്ധതിയൊക്കെ ചെലവായിക്കഴിഞ്ഞ് പലർക്കും കോൺട്രാക്ടർമാർക്ക് കൊടുക്കാനാണ്. അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്തു കഴിഞ്ഞാൽ ഗവൺമെൻറിന് കാശ് കൊടുക്കാൻ ബാദ്ധ്യതയുണ്ട്. ഒരു കോടി രൂപയോളം അനുവദിച്ചുകഴിഞ്ഞു. കൃഷിക്കാർക്ക് സഹായം കൊടുക്കുന്നതിനെപ്പറ്റി ചർച്ച ചെയ്യാനും എടുത്ത തീരുമാനം നടപ്പിലാക്കാനുമാണ് കഴിഞ്ഞ ദിവസം പാലക്കാട് ഉദ്യോഗസ്ഥൻമാരെയും എം. എൽ. എ. മാരെയും വിളിച്ചിരുന്നത്. അവിടെ വച്ച് കൃഷിവകുപ്പു മന്ത്രിയുമായും കൃഷിവകുപ്പ് ഉദ്യോഗസ്ഥൻമാരുമായും ഇക്കാര്യങ്ങൾ ചർച്ച ചെയ്തു. പാലക്കാട്ടുള്ള കർഷകർക്ക് സഹായം കൊടുക്കുന്ന കാര്യങ്ങൾ അവിടെവച്ച് ചർച്ച ചെയ്തു തീരുമാനിക്കുകയുണ്ടായി. ഹ്രസ്വകാല വായ്പ ദീർഘകാല വായ്പയാക്കി മാറ്റുന്ന കാര്യവും ചർച്ചാവിഷയമായി. സഹകരണസ്ഥാപനങ്ങൾ എല്ലാംതന്നെ അതിനുള്ള സമ്മതം നൽകിയിട്ടുണ്ട്. റവന്യൂ റെക്കവറിയെല്ലാം നിറുത്തിവച്ചിരിക്കുന്നു. സഹകരണസംഘങ്ങൾക്കും ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും കൊടുത്തുകഴിഞ്ഞിരിക്കുകയാണ്. പാലക്കാട് ജില്ലയിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളും അവരുടെ ജപ്തി നടപടികൾ നിറുത്തിവയ്ക്കാൻ കഴിഞ്ഞ ദിവസം തീരുമാനിച്ചു. എല്ലാ സ്ഥാപനങ്ങളും അതായത്, സർവ്വീസ് കോ—ഓപ്പറേറ്റീവ് ബാങ്കുകളും, ലാൻഡ് മോർട്ടുഗേജ് ബാങ്കുകളും കമേർസ്യൽ ബാങ്കുകളും അങ്ങനെ തീരുമാനിച്ചിരിക്കുകയാണ്. അതാണ് ചർച്ചാവേളയിൽ എടുത്ത തീരുമാനം. ഇനി ഒരു ഷോർട്ടു ടേം ലോൺ മീഡിയം ടേമാക്കാനുള്ള നടപടികളുമായി മുന്നോട്ടു പോകുകയാണ്. ക്രോപ്പ് ഇൻഷ്വറൻസിന്റെ സഹായം എങ്ങനെ കർഷകർക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. സർ, മിച്ചഭൂമി വിതരണത്തിനുള്ള ടാർജറിൽ ഈ ഗവൺമെൻറ് എത്തിയിരിക്കുകയാണ്. ഹൈക്കോടതിയിൽനിന്നും സ്റ്റേയുള്ള കേസുകൾ വെക്കേറ്റ് ചെയ്യുവാൻ സ്പെഷ്യലായിട്ട് ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിരിക്കുകയാണ്. അങ്ങനെ വെക്കേറ്റു ചെയ്ത കേസുകളിൽ, പീരുമേടിൽ ഒരു 1400 ഏക്കർ വെക്കേറ്റു ചെയ്തിട്ടുണ്ട്. ശ്രീ. പങ്കജാക്ഷൻ ഇവിടെ കുറെ അപാകതകളെക്കുറിച്ച് പറയുകയുണ്ടായി. അതിനെപ്പറ്റി വിജിലൻസ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ആ റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാലുടൻ തന്നെ അനന്തര നടപടികൾ സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

വേന നിർമ്മാണ രംഗത്ത് ഈ വർഷം ഒരു പദ്ധതിയിൽ, റിഹാബി ലിറേഷൻ ഹൗസിംഗ് സ്കീമിൽ ഒരു ലക്ഷത്തോളം വീടുകൾ കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. അപേക്ഷകൾ ക്ലോസ് ചെയ്തത് ജനുവരി 31—നാണ് എന്നു ഞാൻ ഇവിടെ പറയുകയുണ്ടായി. ഒരു പദ്ധതിയും ഒരു വർഷത്തിനകം പൂർത്തിയാക്കാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. പ്രത്യേകിച്ച് ഇതിൽ 60 കോടി രൂപയിൽ 45 കോടിയും വായ്പയായി ലഭിക്കേണ്ടതാണ്. വായ്പ തരുന്ന സ്ഥാപനങ്ങൾക്ക് തറ തീർന്ന സർട്ടിഫിക്കറ് കൊടുത്തുകഴിഞ്ഞാൽ, ഹഡ്കോയുടെ ഉദ്യോഗസ്ഥൻമാർ ഡൽഹിയിൽനിന്നും ഇവിടെ വന്ന് 14 ജില്ലകളിലും കുറെകേസുകൾ പരിശോധിച്ച് റിപ്പോർട്ടു കൊടുത്തശേഷമേ അടുത്ത തവണ കിട്ടുകയുള്ളു. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അപ്പോൾ തറ തീർന്ന സർട്ടിഫിക്കറ് കിട്ടിയാൽ തന്നെ ചുരുങ്ങിയതു 3 മാസം എടുക്കും അവരുടെ സഹായം ലഭിക്കുവാൻ. എങ്കിലും മഴക്കാലമായതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഒന്നാം ഗഡു ഒരു മാസം കൊണ്ട് മുഴുവൻ അപേക്ഷകർക്കും കൊടുത്തു. അധികാര വികേന്ദ്രീകരണം നടത്തിക്കൊണ്ടു തന്നെയാണ് കൊടുത്തത്. ഹൗസിംഗ് ബോർഡിൽ പരിശോധിക്കുന്നതിനു പകരം 14 ജില്ലകളിലും അപേക്ഷകൾ പരിശോധിക്കാൻ കളക്ടറേറ്റിൽ ഏർപ്പാടുണ്ടാക്കി. അപേക്ഷകൾ വില്ലേജാഫീസിൽ കൊടുത്താൽ മതിയെന്നുള്ള ഏർപ്പാടുണ്ടാക്കി. ഒരു മാസം കൊണ്ട് മുഴുവൻ കേസുകളും പരിശോധിച്ചു. ഒരു ലക്ഷത്തി രണ്ടായിരം കേസുകളിൽ ഒന്നാം ഗഡു കൊടുത്തു. സർ, ഏറ്റവും ഒടുവിൽ കിട്ടിയ കണക്കുകൾ ഞാൻ ഇവിടെ പറയുകയാണ്. ഏറ്റവും കൂടുതൽ ധനസഹായം തരുമെന്നു പറഞ്ഞിട്ടുള്ള ഹഡ്കോയിൽ നിന്നും 27 കോടിയിൽ 15 കോടിയേ കിട്ടിയിട്ടുള്ളു. ബാക്കി 12 കോടി കിട്ടാനുണ്ട്. ബാങ്കുകൾ കുറെ തന്നിട്ടുണ്ട്. സഹകരണസ്ഥാപനങ്ങൾ കുറെ ബ്രിഡ്ജ് ലോൺ തന്നിട്ടുണ്ട്. എച്ച്. ഡി. എഫ്. സി. എന്ന ഒരു സ്ഥാപനം ഇതുവരെ ഇൻഡ്യയിൽ വീക്കർ സെക്ഷൻ ഇങ്ങനെയുള്ള ലോൺ തന്നിട്ടില്ല. എന്നാൽ അവർ ഇതിനോടകം ഒന്നരക്കോടി രൂപയുടെ സഹായം തന്നു. ഇനിയും തരുമെന്ന് പ്രതീക്ഷിക്കുന്നു. സർ, ഒരു ലക്ഷത്തി രണ്ടായിരത്തി എഴുന്നൂറ്റി എഴുപത്തേഴു കേസുകളിലാണ് ഒന്നാം ഗഡു കൊടുത്തത്. ഒന്നാം ഗഡു കൊടുത്തശേഷം തറ തീർന്ന സർട്ടിഫിക്കറു വന്നതിനുശേഷമേ രണ്ടാം ഗഡുവായ 2500 രൂപ കൊടുക്കൂ. അതിന്റെ സർട്ടിഫിക്കറ് കിട്ടിയത് എൺപത്തൊൻപതിനായിരത്തി അൻപത്തിയെട്ടു കേസുകളിലാണ്. ഇന്നലെ കിട്ടിയ സർട്ടിഫിക്കറും ഇതിലുൾപ്പെടും. ഇന്നലെ കളക്ടറേറ്റുകളിൽനിന്നും ശേഖരിച്ച വിവരങ്ങളാണ്. അതിൽ എൺപത്തിരണ്ടായിരത്തി എഴുന്നൂറ്റി ഇരുപത്തിരണ്ടുപേർക്കും രണ്ടാം ഗഡു കൊടുത്തു കഴിഞ്ഞു. ഞാൻ കഴിഞ്ഞ തവണ 80% എന്നാണ് പറഞ്ഞത്. പക്ഷേ 90% കൊടുത്തുകഴിഞ്ഞു.

ശ്രീ. ഇ. കെ. നായനാർ: സർ, എന്റെ നിയോജകമണ്ഡലമായ മലമ്പുഴയിലെ ഒരു സംഗതിയെപ്പറ്റിയാണ് ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്. ഇതേ മന്ത്രി രണ്ടു തവണ ഇവിടെ ഉറപ്പുതന്ന പ്രശ്നത്തെപ്പറ്റിയാണ് ഞാൻ പറയുന്നത്. 20 ആദിവാസികളുള്ള തോണി മലവാരത്തിൽ, രണ്ടു തവണയും അവർക്ക് ഭൂമി എടുത്ത് വീട് നിർമ്മിച്ചു നൽകുമെന്ന് ഉറപ്പ് തന്നിട്ട് കൊല്ലം ഒന്നു കഴിഞ്ഞു. ഞാൻ രണ്ടു തവണ അവിടെ പോയപ്പോൾ കളക്ടറുമായി ബന്ധപ്പെട്ടു. കാശില്ലാത്തതുകൊണ്ട് ഭൂമി എടുത്തില്ല, ഉടനെത്തന്നെ അത് ശരിയാക്കുമെന്നാണ് കളക്ടർ എന്നോട് പറഞ്ഞത്. രണ്ട് മൂന്നു മാസത്തിനിടയ്ക്ക് ഞാൻ സംസാരിച്ചു. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി സുന്ദരം അവിടം സന്ദർശി

LIBRARY ARCHIVES Kerala Legislative Assembly

ച്ചതാണ്. ഇന്നുവരെ അവിടെ വീടുകളായിട്ടില്ലായെന്നു അദ്ദേഹത്തിനറിയാം. അവർ ആദിവാസികളാണ്. ദുരഹിതരാണ്. അവർ അടിമകളായി ജീവിക്കുകയാണ്. ഇപ്പോഴും അവ് ആയിട്ടില്ല. മന്ത്രി സുന്ദരത്തിനു് എല്ലാക്കാര്യങ്ങളുമറിയാം. കോടിരണക്കിനു് രൂപ ചെലവു് ചെയ്യുമ്പോഴാ ഒരു പതിനായിരക്കണക്കിനുള്ള രൂപ ചെലവു് ചെയ്തു് ആ വീടുകളും ഒന്നു് ശരിപ്പെടുത്തിക്കൊടുത്തുകൂടെ?

ശ്രീ. പി. ജെ. ജോസഫ്: സർ, ഇതിനു് ഹൗസിംഗിനു് സൈറ്റു് എടുത്തുകൊണ്ടു് അവർക്കു് വീടു് വച്ചുകൊടുക്കേണ്ടകാര്യമാണ്. പാലക്കാടു് ജില്ലയിൽത്തന്നെ കുറെ സ്ഥലങ്ങളിൽ ചെയ്തിട്ടുണ്ടു്. ഇതു് എങ്ങനെയാണു് വിട്ടുപോയിട്ടുള്ളതെന്നുള്ളതു് ഒന്നുകൂടി പരിശോധിക്കാം. യഥാർത്ഥത്തിൽ കളക്ടർക്കു് വ്യക്തമായ നിർദ്ദേശം കൊടുത്തിരുന്നതാണു്. അതിനു് കാലതാമസം ഉണ്ടായതിൽ ഞാനും ഖേദം രേഖപ്പെടുത്തുന്നു. അതിനു് പ്രത്യേകമായ നിർദ്ദേശം കൊടുക്കുന്നതാണു്.

സർ, ഇവിടെ ഞാൻ ഭവന നിർമ്മാണത്തിനു് രണ്ടാം ഗഡു കൊടുത്ത കാര്യമാണു് പറഞ്ഞതു്. സർട്ടിഫിക്കറു് കിട്ടിയ കേസുകളിൽ ഇനി ആറായിരം കേസുകളൊഴിച്ചു് ബാക്കി മുഴുവൻ കേസുകളിലും രണ്ടാം ഗഡു കൊടുത്തുകഴിഞ്ഞിരിക്കുന്നു. ആകെ 89,000 കേസുകളാണു് വന്നതു്. ശ്രീ. സി. ടി. കൃഷ്ണൻ ഇവിടെ പരാതി പറയുകയുണ്ടായി. പാലക്കാട്ടിൽ ആകെ ഒന്നാം ഗഡു കൊടുത്തിട്ടുള്ളതു് 4596 പേർക്കാണു്. രണ്ടാം ഗഡുവിനു് സർട്ടിഫിക്കറു് കിട്ടിയിട്ടുള്ളതു് 4320 ആണു്. രണ്ടാം ഗഡു 2500 രൂപ വച്ചു കൊടുത്തിട്ടുള്ളതു് 4320 ആണു്. ഒറ കേസും ബാക്കിയില്ല. സർ, ഇവിടെ ആലപ്പുഴയുടെ കാര്യം പറയുകയുണ്ടായി. ആലപ്പുഴയിൽ ആകെ ഏറെടുത്തിട്ടുള്ളതു് കഴിഞ്ഞ തവണത്തെക്കാൾ 200 വീടുകൾ കൂടുതലാണു്. 16488 വീടുകൾക്കു് ഒന്നാം ഗഡു കൊടുത്തു. തറ തീർന്ന സർട്ടിഫിക്കറു് ലഭിച്ചതു് 15,690 ആണു്. അതിൽ 15,200 പേർക്കും രണ്ടാം ഗഡു കൊടുത്തുകഴിഞ്ഞു. ശ്രീമതി ഗൗരിയമ്മയ്ക്കറിയാം. കഴിഞ്ഞ ദിവസം ആലപ്പുഴയിൽ ഞങ്ങൾ ഒരുമിച്ചുണ്ടായിരുന്നു. ബാക്കി കൊടുക്കാനുള്ളതു് 490 പേർക്കാണു്. 15,200—ം കൊടുത്തുകഴിഞ്ഞു. ഈ നിലയിൽ കാസർക്കോടു് ജില്ലയിൽ ഒട്ടും കുടിശ്ശികയില്ല. എല്ലാ ഭാഗത്തും കൊടുത്തിട്ടുണ്ടു്. മലപ്പുറത്തു് 7,500 വീടുകളാണു് എടുത്തിട്ടുള്ളതു്. അതിൽ 6,800 കേസുകളിൽ സ്റ്റേറേജു് സർട്ടിഫിക്കറു് കിട്ടി. 6,800—നും രണ്ടാം ഗഡു കൊടുത്തു കഴിഞ്ഞിട്ടുണ്ടു്. കോഴിക്കോട്ടു് ജില്ലയിൽ 10,000 വീടുകളാണു് ഏറെടുത്തിട്ടുള്ളതു്. പതിനായിരത്തിൽ I സ്റ്റേറേജു് സർട്ടിഫിക്കറു് കിട്ടിയിട്ടുള്ളതു് 8,300—നാണു്. 7,940—നും കൊടുത്തുകഴിഞ്ഞു. കൊല്ലത്തു് 7,000 വീടുകളാണു് ഏറെടുത്തിട്ടുള്ളതു്. അവിടെയും 500 കേസുകളും ഒഴിച്ചു് ബാക്കി മുഴുവൻ രണ്ടാം ഗഡു കൊടുത്തു കഴിഞ്ഞിരിക്കുകയാണു്. തൃശൂരിൽ 12,000 കേസുകളിൽ അനേകം വീടുകളും പൂർത്തിയായിട്ടുണ്ടു്.

ഇനി അടുത്ത സ്റ്റേറേജിലേക്കു് കടക്കുകയാണു്. മൂന്നാം ഗഡു നൽകുന്നതിനു് ഉത്തരനിരപ്പുവരെ എത്തിയിട്ടുള്ള സർട്ടിഫിക്കറു് കിട്ടിയിരിക്കുന്നതു് 44,238 ആണു്. സർ, അതിൽ 24,511 കേസുകളിൽ കൊടുത്തുകഴിഞ്ഞിരിക്കുകയാണു്. ബാക്കി 19,000 ഉണ്ടു്. ആകെ 40 കോടി രൂപ ഇതിനോടകം വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ടു്. ഞാൻ ആദ്യം പറഞ്ഞതുപോലെ അടുത്ത രണ്ടാഴ്ചയ്ക്കകം സർട്ടിഫിക്കറു് കിട്ടുന്ന കേസുകൾക്കു് മൂന്നാം ഗഡു കൊടുക്കാനുള്ള എല്ലാ ഏർപ്പാടുകളും ഉണ്ടാക്കിയിട്ടുണ്ടു്. സെപ്റ്റംബർ 30—നകം ഒരു ലക്ഷം വീടുകളും പൂർത്തി

LIBRARY ARCHIVES Kerala Legislative Assembly

യ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. ഈ ഒരു ലക്ഷം വീടുകളും മാത്രമല്ല കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ 20 ഇന പരിപാടിയിൽ ഓരോ ഇനത്തിനും സംസ്ഥാനത്തിനകത്ത്.....

ശ്രീ. സി. ടി. കൃഷ്ണൻ: സർ, എൻ. ആർ. ഇ. പി. യിൽ വീട് നിർമ്മിക്കുന്നതിന് 6,000 രൂപ 10,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോഴും 6,000 രൂപ ഘട്ടം ഘട്ടമായി കൊടുക്കുന്നതുകൊണ്ടും സാധനങ്ങളുടെ വില വർദ്ധിച്ചതുകൊണ്ടും ഇതു പൂർത്തിയാക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഈ സംഖ്യ പതിനായിരമായി വർദ്ധിപ്പിക്കാൻ നടപടി യെടുക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: ഈ സംസ്ഥാനത്ത് എല്ലാ ഏജൻസികളും കൂടി ദുർബ്ബല ജനവിഭാഗങ്ങൾക്കുവേണ്ടി ആകെ ഏറെറടുത്ത വീടുകളുടെ എണ്ണം പതിനയ്യായിരമാണ്. പതിനയ്യായിരം പോലും ഒരു വർഷം പൂർത്തിയായിരുന്നില്ല. അത് ഒരു ലക്ഷമായി ഉയർത്തുമ്പോൾ തുക വർദ്ധിപ്പിക്കണം. നമുക്ക് വായ്പ കിട്ടാൻ ബുദ്ധിമുട്ടുണ്ട്. വായ്പയുടെ പലിശ കൂടും. ഇത്രയും കാലാവധി കിട്ടുകയില്ല. ഗ്രാമപ്രദേശങ്ങളിൽ വീടുകൾ നിർമ്മിക്കുന്നതിന് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക ആറായിരമാണ്. മുഴുവൻ തുകയും കൊടുക്കുന്നില്ല. സഹായം മാത്രമാണ് ചെയ്യുന്നത്. ഇതിൽത്തന്നെ 4,500 രൂപ മടക്കി അടയ്ക്കേണ്ടതാണ്. മടക്കി അടച്ചാൽ മാത്രമേ വരുന്ന വർഷങ്ങളിൽ ലക്ഷ്യമെത്താൻ കഴിയുകയുള്ളൂ. ഒരു വർഷം ദുർബ്ബല ജനവിഭാഗങ്ങൾക്കുവേണ്ടി രണ്ടു ലക്ഷം വീടുകൾ നിർമ്മിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. പതിനയ്യായിരത്തിൽ തുടങ്ങി 1,30,000 ആക്കാൻ കഴിഞ്ഞു. ഒക്ടോബർ രണ്ടാം തീയതി ഒന്നരലക്ഷം വീടിന്റെ പരിപാടി തുടങ്ങും. ഈ വർഷം തന്നെ രണ്ടു ലക്ഷമെത്തും. സഹകരണ മേഖലയിൽ വൻതോതിലുള്ള സഹായം പ്രതീക്ഷിക്കുകയാണ്. നാഷണൽ സേവിംഗ്സ് മുഖാന്തിരം ഒരു ടാർജറിനപ്പുറത്ത് കളക്ട് ചെയ്യുന്ന തുക പാവപ്പെട്ട വർക്ക് ക്ഷേണം, വസ്ത്രം, പാർപ്പിടം മുതലായവ കൊടുക്കുന്നതിനുവേണ്ടി തരാമെന്നു ധനകാര്യമന്ത്രി സമ്മതിച്ചിരിക്കുകയാണ്. ആ നിലയിൽ വൻതോതിൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. ശ്രീ. വരദനും കെ. കെ. തോമസ്സും തോട്ടം തൊഴിലാളികളുടെ ഭവന നിർമ്മാണത്തെ സംബന്ധിച്ച് പറയുകയുണ്ടായി. തോട്ടം തൊഴിലാളികളുടെ ഭൂമി അവരുടെ സ്വന്തമല്ല. ആ ഭൂമി സ്വന്തമാക്കാനുള്ള ഏർപ്പാടുണ്ടാക്കണം. ഹൗസ് സൈറ്റ്സിന്റെ കാര്യത്തിൽ ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. കേരളത്തിൽ ഭൂമിയുടെ വില വളരെയധികം വർദ്ധിച്ചിരിക്കുന്നതുകൊണ്ട് എല്ലാ ആളുകൾക്കും ഭൂമി കൊടുക്കാൻ കഴിയുന്നില്ല. ഹൗസ് നിർമ്മാണത്തിനുവേണ്ടി എടുത്ത സ്ഥലങ്ങളിൽ ഗ്രൂപ്പ് ഹൗസിംഗ് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. വീടുകൾ നിർമ്മിച്ചുകൊടുക്കുന്ന അവസരത്തിൽ സാധന സാമഗ്രികളുടെ വില വളരെയധികം വർദ്ധിച്ചിരിക്കുന്നതുകൊണ്ട് ബിൽഡിംഗ് മെറ്റീരിയൽസ് എല്ലാവർക്കും കിട്ടത്തക്കവണ്ണം ഏർപ്പാടു ചെയ്യണം. പാലക്കാട് ഒരു ക്യാമ്പ് നടത്തുന്നുണ്ട്. 86 വീടുകൾ കുന്നുമ്പുറത്ത് തീർക്കുന്നു. സ്ട്രക്ച്ചറൽ എഞ്ചിനീയറിംഗ് റിസർച്ച് സെന്ററുകാർ വന്ന് അവിടെ ക്യാമ്പുനടത്തുകയാണ്. കൽപ്പണിക്കാരേയും മരപ്പണിക്കാരേയും പരിശീലിപ്പിക്കുന്നതുകൊണ്ടുമാത്രമേ, ഗ്രാമപ്രദേശത്ത് ഈ പ്രശ്നത്തിനു പരിഹാരം കണ്ടെത്താൻ കഴിയുകയുള്ളൂ. മൂന്നു നാലു രീതിയിലുള്ള വീടുകൾ അവിടെ ഉണ്ടാക്കുന്നുണ്ട്. അടുത്തമാസം കൊല്ലത്ത് ക്യാമ്പ് നടത്തുന്നുണ്ട്. കേരളത്തിലെ 14 ജില്ലകളിലും ബിൽഡിംഗ് സെന്ററുകൾ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു. കഴുക്കോൽ തുടങ്ങിയ സാധനങ്ങളും ഫൈറോ സിമൻറിൽ ഉണ്ടാക്കാമെന്നു വിജയകരമായി തെളിയിച്ചിരിക്കുന്നു. കട്ടളയും ജനാലകളും കതകിൻറെ പാളികളും എല്ലാം ഈ നിലയിൽ ശേഖരിച്ചു കുറഞ്ഞ വിലക്ക് കൊടുക്കുന്നതിന് ഗവൺമെൻറ് ആലോചിച്ചു വരുകയാണ്. ഓടിൻറെ വില കുറേയൊക്കെ നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇവിടെ ചില മെമ്പർമാർ ചോദിച്ചു ഏതെല്ലാം സന്നദ്ധ സംഘടനകളാണെന്ന്. 400-ൽപ്പരം സന്നദ്ധസംഘടനകളാണ് മുന്നോട്ടു വന്നിരിക്കുന്നത്. 300 കോളേജുകളിൽ നിന്ന് എൻ. എസ്. എസ്. യൂണിറ്റ്സ് വഴി മുപ്പതിനായിരം വീടുകൾക്ക് അപേക്ഷ തന്നിട്ടുണ്ട്. അവർ ഗ്രാമപ്രദേശത്തുപോയി സർവ്വേ നടത്തി അപേക്ഷ തയ്യാറാക്കിയിരിക്കുകയാണ്. രാഷ്ട്രീയ പാർട്ടികളുടെ സന്നദ്ധ സംഘടനകളും, മഹിളാസമാജങ്ങളും മുതലായവയുടെയൊക്കെ സഹകരണം തേടിക്കൊണ്ട് ഈ വീടിൻറെ പണി എളുപ്പമാക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. സഹകരണ മേഖലയും നാഷണൽ സർവ്വീസ് മേഖലയും അടുത്ത പദ്ധതിക്ക് കാര്യമായി സഹായിക്കും എന്നുള്ള വിശ്വാസത്തോടുകൂടി ക്രിയാത്മകമായ നിർദ്ദേശങ്ങൾക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഇന്നു കാലത്ത് ബഹുമാനപ്പെട്ട മാവേലിക്കര മെമ്പർ ഉന്നയിച്ച പ്രശ്നത്തിൻറെ മറുപടി ഞാൻ പറഞ്ഞതായിരുന്നു ശരി. ഞാനത് പരിശോധിച്ചു. അദ്ദേഹത്തിനെ അതു പറഞ്ഞു മനസ്സിലാക്കി. ആ ഓവർ ബ്രിഡ്ജിനുവേണ്ടി പണം നീക്കി വയ്ക്കാനോ ബഡ്ജറിൽ വക കൊള്ളിക്കാനോ കഴിഞ്ഞിട്ടില്ല. പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇനി പ്രയോറിറ്റി പുതുക്കുന്ന സമയത്ത് അത് ഉൾപ്പെടുത്തുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ VI—മൂന്നികുതി

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച ഒന്നാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച, മൂന്നാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച നാലാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ. കെ. പത്മനാഭൻ അവതരിപ്പിച്ച അഞ്ചാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ആറാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. സിറിയക് ജോൺ അവതരിപ്പിച്ച 9-ാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ അവതരിപ്പിച്ച പത്താം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും.

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച രണ്ടാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച മൂന്നാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച നാലാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച അഞ്ചാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള അവതരിപ്പിച്ച ആറാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ജി. വരദൻ അവതരിപ്പിച്ച എട്ടാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ധനാഭ്യർത്ഥന നമ്പർ XXII—ഭവന നിർമ്മാണം

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച രണ്ടാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച മൂന്നാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച അഞ്ചാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള അവതരിപ്പിച്ച ആറാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. മൂസ്സക്കുട്ടി അവതരിപ്പിച്ച എട്ടാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ജി. വരദൻ അവതരിപ്പിച്ച 9—ാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ഭൂനികുതി എന്ന VI—ാം നമ്പർ ധനാഭ്യർത്ഥനയുടേയും ജില്ലാഭരണവും പലവകയും എന്ന XI—ാം നമ്പർ ധനാഭ്യർത്ഥനയുടേയും ഭവന നിർമ്മാണം എന്ന XXII—ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരേ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 1986—87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XXVIII—സഹകരണം

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച രണ്ടാംനമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച മൂന്നാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ. കെ. പത്മനാഭൻ അവതരിപ്പിച്ച നാലാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനംരാജേന്ദ്രൻ അവതരിപ്പിച്ച അഞ്ചാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ആറാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഏഴാം നമ്പർ ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

സഹകരണം എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986-87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ടു പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8. 30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1986 ജൂലൈ 9-ാം തീയതി ബുധനാഴ്ച രാവിലെ 8. 30-ന് വീണ്ടും സമ്മേളിക്കുന്നതിനുവേണ്ടി സഭ ഉച്ചതിരിഞ്ഞ് 3. 07-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 593 (758) കാണുക]

കേസ്സിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പേര് വിവരം

കോട്ടയം ജില്ല

1. സുബ്ബറെഡ്ഡി മകൻ പാർത്ഥസാരഥി
2. റവ. എ. ബാബു
3. ത്രേസ്യാമ്മ സൈമൺ
4. റവ. സി. ഫാർമ, പ്രൊപ്രൈറ്റർ

കൊല്ലം ജില്ല

5. ജഗന്നാഥപിള്ള, തിരുനൽവേലി, തമിഴ്നാട്
6. സാക്കി മകൻ തമ്പി ,, ,,
7. പുന്നസ്വാമി മകൻ കുമാർ, നന്താർകോട് ജില്ല, തമിഴ്നാട്
8. രാമസ്വാമി മകൻ ചിത്തിരവൻ, മധുര, തമിഴ്നാട്.

മലപ്പുറം ജില്ല

9. ജോസഫ് മകൻ തോമസ്സ്
10. അഗസ്റ്റിന്റെ മകൻ പി. തോമസ്, അമരമ്പലം
11. തോമസ് മകൻ ജോസഫ്, ഹോസ്ദുർഗ്ഗ്
12. ഇതനയ മകൻ അമബ, മംഗലാപുരം
13. അബ്ദുള്ള മകൻ ഇസ്മയിൽ, മംഗലാപുരം

പാലക്കാട് ജില്ല

14. ഖലീൽ ഭായ്
15. ഭയാലൻ
16. ജയറാം
17. ഇസ്മയിൽ
18. ത്യാഗരാജൻ
19. രാജേന്ദ്രൻ
20. തങ്കവേലു

വയനാട് ജില്ല

21. രാഗേഷ്കുമാർ ബി. ചൌഹാൻ, ഗോഖലെ നഗർ
22. രാമചന്ദ്രജി, ഭുമാൽ, പൂന
23. റവ. കൃഷ്ണമൂർത്തി, ബാംഗ്ലൂർ
24. രാമചന്ദ്ര, ബാംഗ്ലൂർ
25. സി. ത്യാഗരാജൻ, ബാംഗ്ലൂർ
26. മുഹമ്മദ് ഹൈദർ, ബാഗ്ലൂർ

കണ്ണൂർ ജില്ല

27. ഇ. ജി. കിരാത്, പൂന
28. കൃഷ്ണ യാദവ്, മഹാരാഷ്ട്ര
29. സുരേഷ്, മഹാരാഷ്ട്ര
30. സി. ജെ. പട്ടേൽ, ബോംബെ
31. ബാബുരാജ്, പൂന
32. രാജ്ജുൻസിംഗ്, പൂന

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ല

33. ജോർജ്ജ്, അമ്പ്കാരി കോൺട്രാക്ടർ
34. മുഹമ്മദ് ഗുലാബ്, സെക്കന്തരാബാദ്
35. സിയാവുദ്ദീൻ, സെക്കന്തരാബാദ്
36. എൻ. എസ്. ശിവാജി, സെക്കന്തരാബാദ്
37. എസ്. പി. ശിവൻ, സെക്കന്തരാബാദ്
38. നരി. വി. സുനിൽ, തലശ്ശേരി

തിരുവനന്തപുരം ജില്ല

39. ശ്രീകണ്ഠൻ തമ്പി, വിളവൻകോട്
40. ജി. വിക്രമൻ
41. ഇന്ദിര
42. പി. വി. വർഗ്ഗീസ്, ഗഗരികുണ്ടാ, മാംഗ്ലൂർ, കർണ്ണാടക
43. എം. ഗോപാല, വലിയടുക്ക, പുത്തൂർ, കർണ്ണാടക.

അനുബന്ധം II

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 614 (821) കാണുക]

District	NREP-District-wise-Expenditure			
	1982-83	1983-84	1984-85	1985-86
		(Rs. in Lakhs)		
Thiruvananthapuram	100.42	197.29	317.35	180.54
Kollam	89.61	95.61	205.59	102.43
Alappuzha	117.77	109.44	120.15	146.99
Pathanamthitta	..	78.30	69.79	120.00
Kottayam	82.03	60.11	126.99	101.39
Idukki	20.11	43.38	110.98	181.41
Ernakulam	96.83	130.42	131.83	169.08
Thrissur	101.11	131.94	264.45	182.10
Palakkad	135.29	309.33	281.44	186.90
Malappuram	95.54	164.70	171.62	163.31
Kozhikode	99.96	67.65	64.01	54.90
Wayanad	92.95	67.05	123.30	64.11
Kannur	84.47	163.27	220.46	95.66
Kasaragode	..	..	14.06	59.71
C.C.F	149.48	117.41	256.11	..
Total	1265.57	1785.90	2578.18	1808.53

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 615 (822) കാണുക]

ജില്ല	എൻ.ആർ.ഇ.പി.		ആർ.എൽ.ഇ.ജി.പി.	
തിരുവനന്തപുരം	244.430	കി.മീ.	25.270	കി.മീ.
കൊല്ലം	232.190	,,	14.250	,,
പത്തനംതിട്ട	140.340	,,	62.680	,,
കോട്ടയം	68.260	,,	61.300	,,
ഇടുക്കി	46.200	,,	..	
ആലപ്പുഴ	വിവരം ശേഖരിച്ചുവരുന്നു.			
എറണാകുളം	314.037	കി.മീ.	75.628	,,
തൃശൂർ	401.050	,,	92.600	,,
മലപ്പുറം	506.110	,,	85.340	,,
പാലക്കാട്	വിവരം ശേഖരിച്ചുവരുന്നു.			
കോഴിക്കോട്	228.470	കി.മീ.	190.000	,,
വയനാട്	79.360	,,	68.450	,,
കണ്ണൂർ	342.217	,,	66.349	,,
കാസർകോഡ്	73.280	,,	21.750	,,
	2676.444	,,	750.117	,,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

(1986 ജൂലായ് 8-ാം തീയതിയിലെ കാര്യപരിപാടി കാണുക)

ബഡ്ജറ്റ് എസ്റ്റിമേറ്റ് 1986—87

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	26-3-1986-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട്		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക		
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	ആകെ രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
VI	മൃനികൃതി	5,61,89,500	....	11,23,79,100	....	11,23,79,100
XI	ജില്ലാഭരണവും പലവകയും	3,19,75,300	....	6,39,51,600	....	6,39,51,600
XXII	വന നിർമ്മാണം	1,79,42,300	1,91,71,200	3,58,84,500	3,83,42,500	7,42,27,000
XXVIII	സഹകരണം	4,73,28,300	4,40,83,500	9,46,57,800	8,81,66,900	18,28,24,700